# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 18 | 1114 ചിങ്ങം, കന്നി, തുലാം | ലക്കം 1, 2, 3 |
|---|---|---|

വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം.

| | | |
|---|---|---|
| 1. | സ്വന്തം പ്രസ്താവന ... | 1 |
| 2. | സെച്ചോസ്ലോവാക്കിയ യുദ്ധത്തിനു മുമ്പും പിമ്പും ... | 2 |
| 3. | ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ ... | 6, 50, 124 |
| 4. | രാജമോഹനന്റെ ഭാര്യ ... | 10, 54, 93 |
| 5. | ദക്ഷിണേന്ത്യയിലെ പാവനസരിത്തുകൾ ... | 21 |
| 6. | രണ്ടു ശാകുന്തളങ്ങൾ ... | 27, 75, 114 |
| 7. | വിദ്യാഭ്യാസസമ്പ്രദായം ... | 35 |
| 8. | ഓമാർ ... | 40 |
| 9. | ബിത്തൂരിലെ നാന[illegible]ാഹിബ[illegible] അന്ത്യദശ ... | 45 |
| 10. | സാങ്കേതിക സംജ്ഞാനിമ്മ[illegible] ... | 62 |
| 11. | ആംഗ്ലോ ഇൻഡ്യയെക്കുറിച്ചു[illegible] ഒ[illegible] വീക്ഷണം ... | 71 |
| 12. | പൌരൻ എന്ന നിലയിൽ അന്തർഹ[illegible]മായ സദ[illegible]്ടചിന്ത ... | 79, 111 |
| 13. | ഇററലിയും അബ്സീനിയയും തമ്മിലുള്ള [illegible]ുദ്ധം ... | 82 |
| 14. | ജന്മാന്തരത്തിൽ ... | 89 |
| 15. | പാഠശാലയിൽ ... | 90 |
| 16. | ഒരു പ്രാത്ഥന ... | 91 |
| 17. | അനന്തപുരമാഹാത്മ്യം കുമ്മി ... | 102 |
| 18. | വിദ്യാലയവിനോദങ്ങൾ ... | 121 |
| 19. | അബ്സീനിയൻയുദ്ധം ... | 134 |

# REDUCED PRICE.

**BLACKIES LARGE TYPE**

**Concis English (DICTIONARY)** PAGES—888.

**CHARLES ANNANDALE M. A., L. L. D.**

**Four Rupees Only.**

## ആശാന്റെ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 0 | 6 | 0 | കുയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

**അദ്ധ്യാപനസാഹ്യം**

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വില അണ 8.

**അദ്ധ്യാപനാങ്കുരം**

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

103857

Tm 2082

പുസ്തകം 18 | 1114 ചിങ്ങം | ലക്കം 1

## സ്വന്തം പ്രസ്താവന.

ഇക്കൊല്ലത്തിൽ ഗ്രഹപ്പിഴകൊണ്ടു് മാസിക കുറെ കുടിശികയായിപ്പോയി എന്നു് സവ്യസനം രേഖപ്പെടുത്തിക്കൊള്ളട്ടെ. അനിവാര്യങ്ങളായി വന്നുകൂടിയ അനിഷ്ടങ്ങൾ മൂലവും അരിഷ്ടതകൾ മൂലവും അങ്ങിനെ വന്നുകൂടിയതു സ്നേഹിതന്മാരും ബന്ധുക്കളും പൊറുക്കുമെന്നും അനുകമ്പയോടുകൂടി ഞങ്ങളെ സഹായിക്കുമെന്നും വിശ്വസിക്കുന്നു. ഈ അവശത — അഥവാ മാസികയ്ക്കു് വന്നുകൂടിയ ആപത്തു് — "ഭാവിയിലിരിക്കുവതായ ഭാഗ്യദീപത്തിനുള്ള" നിഴലാണെങ്കിൽ ഞങ്ങൾക്കു് അല്പം സമാധാനമുണ്ടു്. അപ്രകാരമുള്ള ആശാദീപത്തിന്റെ അവലംബത്തിൽ ഗുരുനാഥൻ തന്റെ 18-ാംവയസ്സിൽ പ്രവേശിച്ചുകൊള്ളുന്നു.

മോടിയിലും ധാടിയിലും കുറെ പിന്നോക്കമാണെന്നു ഞങ്ങൾക്കു തന്നെ അറിയാം. പക്ഷെ "ആത്മന്യേവ വിലീയന്തേ ദരിദ്രാണാം മനോരഥാഃ" എന്നാണല്ലൊ ആപ്തവാക്യം. എന്നാൽ സമ്പന്നന്മാർക്കു എപ്പോഴും സമത്വത്തിലാണു് സഹകരണം. സാധുക്കൾക്കു് മറിച്ചും. ഇതു് ഭരണയന്ത്രങ്ങളെ സംബന്ധിച്ചും ആശാസ്യമായിരിക്കുന്നു. ന്യായം പൊക്കത്തിലാണു്; മനസ്സാക്ഷി പോക്കറ്റിൽ; ദൃഷ്ടി വക്രതയിൽ; ഈ പ്രകൃതം ഇവിടെ നിൽക്കട്ടെ.

ഗുരുനാഥനു് യൗവനാരംഭമാണു്. യൗവനസഹജമായ ദൃഢബുദ്ധിയും, തന്റേടവും, ധീരതയും, ഞങ്ങൾ കാണിക്കുന്നതാണു്. എന്നാൽ ഇതു് ബാഹ്യത്തേക്കാൾ ആഭ്യന്തരമായിരിക്കുന്നതാണു്.

ഞങ്ങളെ സഹായിച്ചിട്ടുള്ള എല്ലാ ലേഖകന്മാർക്കും പത്രബന്ധുക്കൾക്കും ഞങ്ങൾ ഭാവുകം ആശംസിച്ചുകൊള്ളുന്നു. ഇവിടെ സമാരംഭിച്ചിട്ടുള്ള പുതിയ സർവ്വകലാശാലക്കും – അതിന്റെ ഗതിവിഗതികളെക്കുറിച്ചു് ഞങ്ങൾക്കു് ശരിയായ ഒരഭിപ്രായദൃഢത വന്നിട്ടില്ല.—ഞങ്ങൾ ശോഭനഭാവിയെ ആശംസിക്കുന്നു.

ഈ മാസികയുടെ ജനനംമുതൽ അതിനെ പിതാവെന്നോണം വളർത്തി പുലർത്തിവരുന്ന മഹാനായ ഗുരുനാഥൻ ഈശ്വരപിള്ള അവർകൾക്കും ഞങ്ങൾ ഈ അവസരത്തിൽ ദീർഘായുസ്സിനെ പ്രാർത്ഥിക്കുന്നു.

# സെച്ചോസ്ലോവാക്കിയ യുദ്ധത്തിനു മുമ്പും പിമ്പും

C. G.

സെച്ചോസ്ലോവാക്കിയൻ റിപ്പബ്ളിക് വെഴ്സെയിൽസ് ഉടമ്പടിമൂലം 1919 ജാനുവരിയിൽ സ്ഥാപിതമായി. 1920 ജൂലായിൽ വിവിധ സ്ഥാനാപതികളുടെ യോഗത്തിൽ അതിൻെറ സീമയും സ്ഥാപിതമായി. ആ വഷത്തിൽതന്നെ ഒക്ടോബറിൽ സെവേഴ്സ് ഉടമ്പടിമൂലം ഈ വ്യവസ്ഥകളെ സാധൂകരിക്കയും ചെയ്തു. പൂവ്കാലബൊഹിമിയൻരാജധാനിയിൽ ചേന്ന ബൊഹിമിയ, മൊറേവിയ, സെലീഷ്യ ഇവയും ഹംഗേറിയായിൽ ചേന്ന സ്ലോവാക്കിയ, കാർപേതിയൻ റൂതേനിയ ഇവയും ഈ പുതിയ രാജ്യത്തിൽ ഉൾപ്പെടുന്നു. ഇവയത്രെ ചരിത്രപ്രസിദ്ധമായ പ്രോവിൻസുകൾ. ജർമ്മനിയുടെ വിഭാഗമായ ഹലൂസിയൻ (Hlucin) ഡിസ്ട്രിക്ടും ആസ്ത്രിയയുടെ വിഭാഗമായ വാൾട്ടിസ്, വിറേററാസ് എന്നീ ഡിസ്ട്രിക്ടുകളും ഇതിനോടു ചേക്കപ്പെട്ടു. ആകെ ഈ പുതിയ രാജ്യത്തിൻെറ വിസ്തീണ്ണം 54244 ചതുരശ്രമൈലാണ്. നീളത്തിൽ അധികരിച്ചിരിക്കുന്ന ഈ രാജ്യം പല രാജ്യങ്ങളേയും സ്പശിച്ചുകിടക്കുന്നു. ഈ രാജ്യത്തിനുള്ള ഏററവും കൂടിയ നീളം 625 മൈലും വീതി 190 മൈലുമാണ്. ഭൂവിഭാഗങ്ങൾ സുസംഘടിതമല്ല. കാർപേതിയൻ പവ്വതം, ബൊഹിമിയ ഉന്നതതടം, മൊറേവിയൻ സമതലം എന്നീവിധത്തിലാണു ഭൂസ്ഥിതി. പൂവ്വകാലസ്ഥിതികൊണ്ടുകൂടി തീവണ്ടിപ്പാതയ്ക്കു തടസ്സം നേരിട്ടിട്ടുണ്ട്. അന്നുള്ള ഗതാഗതമാഗ്ഗത്തിൻെറ കേന്ദ്രം വിയന്നായും ബുഡാപെസ്ററുമായിരുന്നു. ഇവിടത്തെ ജനങ്ങൾ അത്യന്തം വൈവിധ്യമുള്ളവരാണ്. 1936 ലെ താഴെ കാണുന്ന കണക്കുകൊണ്ടു ഈ വൈവിധ്യ വിശദമാകും.

| | | |
|---|---|---|
| സെക്ക്സ് — | 7·34 | മില്യൻ |
| സ്ലോവാക്സ് — | 2·35 | ,, |
| ജർമ്മൻ — | 3·23 | ,, |
| മാഗിയാഴ്സ് — | ·69 | ,, |
| റൂത്തനിസ്, റഷ്യൻസും യുക്രേണിയൻസും — | ·55 | ,, |
| ജൂസ് (രണ്ടിനം) — | ·55 | ,, |
| പോൾസ് | ·08 | ,, |
| മററുവഗ്ഗം | ·05 | ,, |
| വൈദേശികർ | ·25 | ,, |
| ആകെ. | 14·73 | ,, |

ഈ കണക്കനുസരിച്ചു നോക്കുമ്പോാം ആകെയുള്ള ജനസംഖ്യയിൽ നാലിൽ ഒരുപങ്കു ജമ്മൻകാരെന്നു കാണാം. ഈ കൂട്ടർ രാജ്യത്തിൻെറ വിസ്തൃതിയിൽ‌അഞ്ചിൽ ഒരുഭാഗത്തെ അധിവസിക്കുന്നുമുണ്ട്. ബൊഹീമിയ, മൊറേവിയ, സെലീഷ്യ എന്നീ വിഭാഗങ്ങളുടെ സീമയാണ് ഇവരുടെ സങ്കേതസ്ഥാനം.

ജമ്മൻകാർ പൂർവദിങ്മുഖമായി സ്വരാജ്യവിസ്തൃതി വരുത്താതിരിക്കുന്നതിനു ഫ്രഞ്ചുരാജ്യതന്ത്രജ്ഞന്മാർ കൗശലവും നയവും പ്രയോഗിച്ചു സ്ഥാപിച്ച ഒരു പ്രതിബന്ധമാണ് ഈ റിപ്പബ്ളിക്കെന്നു് ചിലർ പറയാറുണ്ട്. ഈ അഭിപ്രായശൈഥില്യത്തെ വിശദീകരിക്കുന്നതിന് യുദ്ധത്തിനുമുമ്പ് ആ രാജ്യചരിത്രം എന്തായിരുന്നു എന്നു പരിശോധിക്കേണ്ടതാണ്. 1620-ൽ വൈററ്മൗണ്ടൻ യുദ്ധത്തിനുശേഷം ഹാബ്സ് ബർഗ് കുടുംബം രണ്ടു ശതാബ്ദകാലം പരിപൂർണ്ണവും നിരുപദ്രവവും ആയ അധികാരത്തോടെ ഈ രാജ്യം മുഴുവൻ ഭരിച്ചിരുന്നു. 1848ൽ ജനകീയഭരണമെന്നു വാത്യ്യൂറോപ്പൊട്ടുക്കു പ്രസരിച്ചു. ആ ഇളക്കം ആസ്ട്രിയായിലും ഉണ്ടായി. പക്ഷെ പതിനെട്ടുവയസ്സുമാത്രം പ്രായമുള്ള ഒരു ചക്രവർത്തി— ഫ്രാൻസിസ് ജോസഫ്— ഭരണരഥത്തിൻെറ കടിഞ്ഞാൺ മുറുകെ പിടിച്ചു മുമ്പൊരിക്കലും കാണാൻ കഴിയാത്തവിധത്തിൽ അത്യുക്കശമായി ഭരണം നടത്തി. അന്നത്തെ മന്ത്രിയുടെ നാമസ്മരണയെ നിലനിൎത്തുന്ന ആഭരണക്രമത്തിനു "ബാച്ച് ആബ്സല്യൂട്ടിസം" (Bach Absolutism) എന്നുപേരും വന്നു. പ്രാദേശികമായി "എസ്റ്റേററു"ണ്ടായിരുന്നതു തീരെ നിറുത്തി. പൂർണ്ണാധികാരത്തിൽ വിപുലമായ രാജ്യഭരണം ആരംഭിച്ചു. വിവിധവർഗ്ഗങ്ങളിൽപെട്ട "പർട്ടിക്കുലാറിസ്റ്റ് - Particularist"കളോടു ദയാഹീനമായി യുദ്ധംനടത്തി. പാഠശാലകളേയും പൊതുജീവിതത്തേയും ജമ്മൻരീതിയിൽ വരുത്തുവാൻ വേണ്ട ശ്രമം ചെയ്തു. ഇവയുടെ ഉദ്ദേശം ഒരു ആസ്ട്രിയൻ ജനതയേയും അഭിമാനത്തേയും സൃഷ്ടിക്കണമെന്നുള്ളതായിരുന്നു.

1860-ൽ അതിദൂനമായ ഒരു യുദ്ധം ഇററലിയുമായി ചെയ്യേണ്ടിവന്നു. അന്നു ; ബാച്ച് ആബ്സല്യൂട്ടിസം നശിച്ചു. പണ്ടത്തെ എസ്റ്റേററുകളെല്ലാം വിട്ടുകൊടുത്തു. ഹങ്കേറിയൻ ഡയററിനുമാത്രം അധികാരവും സ്വാതന്ത്ര്യവും പൂർണ്ണമായി നൽകി. പക്ഷെ ഹങ്കറി ഇതുകൊണ്ടു തൃപ്തിപ്പെട്ടില്ല. ഒരിക്കൽക്കൂടി ഭയങ്കരയുദ്ധമൊന്നുണ്ടായി. ഇത്തവണ പ്രഷ്യയുമായിട്ടാണ്. അതിൽ വാദം ഏററതാണ്ടവസാനിച്ചു. 1867-ൽ ഹങ്കറിയ്ക്കു ഒരു പ്രത്യേകഭരണഘടന ഏപ്പെട്ടുത്തി. ആസ്ട്രിയൻ സാമ്രാജ്യത്തിൻെറ ഏകൈകഭാവം അവസാനിച്ചു. പഴയ ഹാബ്സ്ബർഗ്‌രാജധാനി ദ്വിഭരണമായി. അന്നുമുതൽ ആസ്ട്രിയാഹങ്കറി എന്ന പേരും നട

പ്പിൽ വന്നു. സെക്കകാർ ഈ നിലബൊഹീമിയായ്ക്കും കിട്ടണമെന്നു നിർബന്ധിച്ചുതുടങ്ങി. ബൊഹീമിയായിൽ വച്ചു നടന്ന പ്രഷ്യൻയുദ്ധത്തിൽ പ്രഷ്യാക്കാരുടെ സകലവിധ പ്രലോഭനങ്ങളും ചക്രവർത്തിയോടുള്ള വിശ്വാസംനിമിത്തം സെക്കകാർ നിരസിച്ചു. രാഷ്ട്രീയമായ അവരുടെ ആവശ്യങ്ങളെ നിറവേററാമെന്നു വാഗ്ദാനവും ഉണ്ടായിരുന്നു. ഇതു സെക്കകാരുടെ അഹിതത്തിനു കാരണമായി. ബൊഹീമിയയ്ക്കുള്ള രാഷ്ട്രാവകാശത്തെ അവർ ഒരു പ്രഖ്യാപനംമൂലം പ്രസിദ്ധം ചെയ്തു. ഉടനെ പൈശാചികമായ ചില കർമ്മംകൊണ്ടു ബൊഹീമിയായെ ദ്രോഹിച്ചു. പ്രസ്സുകൾക്കുള്ള സ്വാതന്ത്ര്യം ഹനിച്ചു. പ്രസംഗങ്ങളെ നിരോധിച്ചു. ബൊഹീമിയയിലെ പ്രാതിനിധ്യഭരണത്തെ റദ്ദാക്കി. പോലീസ്സുകാരുടെ നിഷ്ഠുരവും നീചവുമായ കർമ്മങ്ങൾ തുടർന്നു. സെക്കകാർ സഹനസമരം ആരംഭിച്ചു. അവർ സ്വപ്രതിനിധികളെ പാർലമെൻടിലേക്കയച്ചില്ല. ഡയററിന്റെ നടപടികളിൽ ഒന്നിലും ഭാഗഭാക്കുകളുമായില്ല.

കൗണ്ട് ടാഫിയുടെ ഗവൺമെൻറ് അനുഭാവപൂർവ്വകമായി. സെക്കകാർ അന്നു റിച്ച്സറാട്ടിൽ പ്രവേശിച്ചു. ബൊഹീമിയയ്ക്കുള്ള [illegible]വകാശവാദം ആരംഭിക്കയും ചെയ്തു. ഇതു് 1879-ൽ ആണ്. സെക്ക് [illegible]പ്യൂട്ടികൾ ബൊഹീമിയായിലെ പുരാതന പ്രഭുകുടുംബത്തോടു യോ[illegible] പ്രവർത്തിച്ചു. അപ്പോൾ കൺസർവേറ്റീവ് (യാഥാസ്ഥിതിക)സംഘ[illegible]ന് ബലം സിദ്ധിക്കയും കൗണ്ട് ടാഫി ആ പക്ഷത്തോടു യോജിച്ചു [illegible]മാറുകയും ചെയ്തു. അന്നു സെക്കകാർ ചില ആനുകൂല്യങ്ങൾ സ്വാധീനപ്പെടുത്തി. 1882-ൽ സെക്ക് യൂണിവേഴ്സിററി പുനസ്ഥാപിച്ചു. ഭാഷയ്ക്ക് അഭിവൃദ്ധിവരുത്തി. പൊതുജനങ്ങളുടെ ഇടയിൽ ഉൽബോധമായ സ്വാതന്ത്ര്യചിന്തയ്ക്ക് ഇവയൊന്നും ശാന്തത വരുത്തിയില്ല. സെക്കകാരുടെ ഇടയിൽ ഒരു യുവജനപ്രസ്ഥാനം ആരംഭിച്ചു. 1889-ൽ ബൊഹീമിയൻ ഡയററിലേക്കുള്ള തിരഞ്ഞെടുപ്പിലും 1891-ൽ റിച്ച്സറാട്ടിലേക്കുള്ള തിരഞ്ഞെടുപ്പിലും യുവജനങ്ങൾക്കു പൂർണ്ണവിജയം സിദ്ധിച്ചു. പ്രഫ്സർ ടി. ജി. മാസറിക്, കെയിസൽ (Kaizl) ഡാക്ടർ ക്രേമർ (Dr. Kramar) എന്നിവർ അതിലെ നേതാക്കന്മാരായിരുന്നു. ഏറെത്താമസിയാതെ മാസറിക് ഇതിൽനിന്നൊഴിഞ്ഞു് ഒരു പുതിയ സംഘടന ഏർപ്പെടുത്തി. ഇതിന്റെ പേർ പീപ്പിൾസ് പാർട്ടി എന്നായിരുന്നു. യുവജനപ്രസ്ഥാനക്കാർ ബൊഹീമിയൻ സ്വാതന്ത്ര്യത്തെയല്ല ലക്ഷ്യമാക്കിയിരുന്നതു്. ഉദ്യോഗത്തിലും നിയമസമിതിസ്ഥാനങ്ങളിലും ജനസംഖ്യാനുപാതികാവകാശം സിദ്ധിക്കണമെന്നായിരുന്നു അവരുടെ വാദം. വോട്ടവകാശം വിപുലമാക്കണമെന്നും അവർ വാദിച്ചിരുന്നു. ഈ അവകാശം അനവധിനാളത്തെ പ്രക്ഷോഭ

ണംകൊണ്ടു മാത്രമെ സാധിച്ചുള്ളു. ഈ സംരംഭം സാമാന്യജനതയെ ദൃഢബന്ധത്തിൽ വരുത്തുകയും യുദ്ധകാലത്തു ഉദ്ദേശസിദ്ധി വരുത്തുന്നതിനുള്ള മാർഗ്ഗത്തെ തെളിയിക്കുകയും ചെയ്തു.

ലോകമഹായുദ്ധം സെക്കുകാരെ സംബന്ധിച്ചിടത്തോളം ഒരു ദൈവാനുഗ്രഹമായിട്ടാണു കലാശിച്ചതു്. പക്ഷെ ഈ അനുഗ്രഹം അവർ അർഹിക്കുന്ന ഒന്നെന്നു പറയാതെ കഴികയില്ല. അവർ ഇതിനുവേണ്ടി തീവ്രയത്നം ചെയ്തു. അരശതാബ്ദത്തിൽ കൂടുതൽകാലം ബലീയസിയായ ഹാബ്സ്ബർഗ്ഗരാജാധികാരത്തോടു നിരന്തരം അവർ എതിർത്തുനിന്നു. സാമാന്യജനതയെ ഉൽബുദ്ധരും അഭ്യസ്തവിദ്യരുമാക്കുവാൻ നിരന്തരം വേല ചെയ്തു. സാമ്പത്തികവും സാംസ്കാരികവുമായ ഉയർച്ചയ്ക്കു് അന്നവരാൽ കഴിയുന്നതു ശ്രമിച്ചു. വ്യവസായവും കൃഷിയും അത്ഭുതപൂർവ്വമായി വർദ്ധിച്ചു 1861-ൽ നാറോബിനിലിസ്റ്റി (Narobni Listy) സ്ഥാപിക്കപ്പെട്ടു. രാഷ്ട്രീയവിഷയങ്ങളുടെ മുദ്രണസ്വാതന്ത്ര്യം പ്രഖ്യാപിതമായി. സാകോൾ 1862-ൽ സ്ഥാപിച്ചു. സാമുദായികവും കായികവുമായ പല പ്രസ്ഥാനങ്ങൾക്കും അഭിവൃദ്ധിയുണ്ടായി. സാഹിത്യത്തിനും കലകൾക്കും ഉന്നമനമുണ്ടായി. യൂണിവേഴ്സിററിയുടെ ശക്തിയാൽ ശാസ്ത്രീയബോധം ഉളവായി. പല അന്ധവിശ്വാസങ്ങളേയും ദൂരീകരിച്ചു നാട്ടുകാരുടെ അധീനതയിൽ പാഠശാലകൾ വർദ്ധിച്ചു. ശാസ്ത്രം സാഹിത്യം, കല എന്നിവയ്ക്കുള്ള സെക്കു് അക്കാഡമി 1888-ൽ ഹ്ലാവക Hlavka എന്ന മഹാന്റെ ജനക്ഷേമതല്പരതയിൽനിന്നുളവായി. അല്പംകഴിഞ്ഞുനാഷനൽ തിയേററർ സ്ഥാപിച്ചു.

സ്ലോവാക്കുകൾ ഇത്രതന്നെ അനുഗൃഹീതരായിരുന്നില്ല. ഇവർ ഹംഗേറിയൻ ഭരണത്തിൻകീഴിലും സെക്കുകൾ ആസ്ത്രീയൻ ഭരണത്തിൻ കീഴിലുമായിരുന്നു. സ്ലോവാക്സ്കൂളുകളെല്ലാം നിറുത്തൽ ചെയ്തു.

സെക്കുകാർക്ക് ഹാബ്സ്ബർഗ്ഗു സാമ്രാജ്യത്തിൽനിന്നു വേർപിരിയണമെന്നുണ്ടായിരുന്നില്ല. രാജസ്ഥാനത്തിനുതന്നെ ഭംഗം വന്നേക്കുമെന്നു സംശയിച്ചിരുന്ന ജർമ്മൻസഖ്യത്തെ സെക്കുകാർ വെറുത്തിരുന്നു. ഈ സഖ്യംനിമിത്തം ബൊഹീമിയവാസികളായ ജർമ്മൻകാരോടുള്ള ബന്ധവും വിഷമപ്രശ്നമായി.

# ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ

(P. R.)

"ഇൻഡ്യയിലെ അത്യുൽകൃഷ്ടസന്താനം" എന്നിങ്ങനെ മാക്സ്മുള്ളർ ബ്രഹ്മാനന്ദകേശവചന്ദ്രസേനനെക്കുറിച്ച് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ശതാബ്ദത്തിൽ ഈ ഭാരതഭൂമിയിലെ ഒരു ഒന്നാംന്തരം വാഗ്മി എന്ന പേരിന് അർഹനായ ഇദ്ദേഹം സമുദായപരമായും മതപരമായും അനവധി പരിഷ്കാരങ്ങൾ വരുത്തീട്ടുള്ള ആളാണ്. പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞിട്ട് അൻപത്തിനാലു കൊല്ലം കഴിഞ്ഞ ഇദ്ദേഹത്തിൻെറ ശതവാഷികജന്മദിനം നവംബറിലാണ്.

ഈ നവയുഗത്തിൽ ആ ദീർഘദർശി ഇൻഡ്യയ്ക്കും ലോകത്തിനും എന്തൊരു സന്ദേശമാണു നൾകിയിരിക്കുന്നത്? ഐക്യം, സാമരസ്യനില എന്ന രണ്ടു ശബ്ദം അതിൽ മുഴങ്ങിയിരുന്നു. അന്ന് ഇൻഡ്യ വർഗ്ഗീയവിദ്വേഷത്തിലും സാമുദായികപാരവശ്യത്തിലും അടിപെട്ടിരുന്നു. ലോകം മത്സരത്തിലും ഭിന്നിപ്പിലും കലങ്ങിയിരുന്നു. വിവിധമതങ്ങളെ—ജാതിയെ—വർഗ്ഗത്തെ ഐക്യതയിലും സൗമനസ്യത്തിലും കഴിഞ്ഞുകൂടുവാൻ മാർഗ്ഗദർശനം ചെയ്യാനദ്ദേഹം സന്നിഹിതനായി. "നിങ്ങൾ ഒരു മതത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നു എങ്കിൽ നിങ്ങളുടെ സഹജീവിയെ സഹോദരനെന്ന നിലയിൽ സ്നേഹിക്കാതിരിപ്പാൻ സാധിക്കയില്ല. ദൈവവും നിങ്ങളും തമ്മിലുള്ള ബന്ധത്തിൽ ഒരു ഘടകം സർവ്വസാധാരണമത്രെ. ഏകപിതാവിൻെറ സന്താനങ്ങളെന്ന ഭാവനതന്നെ അതു്."

ആത്മസാഹോദര്യം (Spiritual Fellowship) ഈ സ്ഥാപനത്തിൻെറ ആവിർഭാവത്തിനുവേണ്ടി 1880-ൽ ഇദ്ദേഹം 'നവിധാനം' പ്രസിദ്ധം ചെയ്തു. അതായതു് ഒരു പുതിയ പദ്ധതി അഥവാ സർവ്വജനീനമായ ആരാധനാസ്ഥാനം. ചന്ദ്രസേനൻ അതിനെക്കുറിച്ച് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "പ്രാചീന വിജ്ഞാനഭണ്ഡാരം—ആധുനിക ശാസ്ത്രസിദ്ധാന്തങ്ങളെ ഉൾക്കൊള്ളുന്ന ഒരു സങ്കേതം—സമദൃഷ്ടികളായ ദീർഘദർശികളും സന്ന്യാസിമാരും അറിയുന്ന സമഭാവന—എല്ലാ വേദങ്ങളിലും കാണുന്ന ഐക്യം; എല്ലാ മതസ്ഥാപനങ്ങളുടേയും ഒരനുബന്ധം—ഭിന്നിപ്പിക്കുന്നതും വിഭജിക്കുന്നതുമായ സർവ്വത്തേയും വെറുക്കുന്നതു്—യുക്തിയും വിശ്വാസവും ഇണങ്ങിച്ചേരുന്നതു്—ഭക്തിയും യോഗവും ഒന്നാകുന്നതു്—ആസ്തിക്യവും കർത്തവ്യവും ഭിന്നമല്ലാത്തതു്—ഐക്യവും ശാന്തതയും ബൃഹത്താകുന്നതു്."

ഈ സ്ഥാപനംവഴി സർവ്വലോകസാഹോദര്യം സമ്പാദിക്കാമെന്ന് അദ്ദേഹമുറച്ചു. ഇതിൻെറ പരമപദപ്രാപ്തിക്ക് സ്വജീവനെ അർപ്പിച്ചു. വശ്യശക്തിയുള്ള അദ്ദേഹത്തിൻെറ വാക്കും പ്രവൃത്തിയും മററു പലരേയും ഈ മാർഗ്ഗത്തിൽക്കൂടി മുന്നോട്ടു നയിച്ചു. ജഡതത്വവിശ്വാസവും നാസ്തിക ബുദ്ധിയും കയറി അലയടിച്ചു നമ്മുടെ ചുററുമുള്ള യുവാക്കന്മാരേയും യുവ തികളേയും കൊണ്ടുപോകുന്നതു കാണുമ്പോൾ ഇങ്ങനെയുള്ള ആദർശങ്ങളും ബ്രഹ്മാനന്ദകേശവനെപ്പോലെ ഒരു ഗുരുവും അവരെ രക്ഷിപ്പാനുണ്ടാകണെ എന്നു തോന്നിപ്പോകുന്നു.

ഒരു വലിയ കുടുംബത്തിൻെറ മദ്ധ്യത്തിൽ ഗൃഹസ്ഥാശ്രമിയായിട്ടാണ് ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ കഴിഞ്ഞിട്ടുള്ളതെങ്കിലും ഈശ്വരാർപ്പിതചിത്തവൃത്തിയോടും പത്തൊൻപതാം നൂററാണ്ടിലെ സമുദായസ്ഥിതയുടെ ആഹ്വാനത്തെ അനുസരിച്ചും, സകല കർമ്മങ്ങളും ഈശ്വരാർപ്പണം ചെയ്തും അദ്ദേഹംജീവിച്ചു. ഒരു ഹിന്ദുവിൻെറ ബാഹ്യവേഷം ധരിച്ചിട്ടാണ് കാണപ്പെട്ടുന്നതെങ്കിലും എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുള്ള മഹാത്മാക്കളുടെ ശിഷ്യഭാവന വരിച്ചും, തത്വശാസ്ത്രാഭ്യസനത്തിൽ കുതുകിയെങ്കിലും വിശ്വാസത്തിലും ഭക്തിയിലും അദ്ദേഹം ജീവിതം നയിച്ചു.

മതാസക്തി മൂഴത്ത ചില മഹാത്മാക്കൾ ലോകകാര്യങ്ങളിൽനിന്നു. വിരമിക്കുന്ന സമ്പ്രദായം പരക്കെ ആചരിച്ചുപോരുന്ന ഒരു രാജ്യത്ത് ഇഹപരങ്ങളിൽ ഒന്നിച്ചു ജീവിക്കുന്നതു് സുഖസാദ്ധ്യമെന്ന് അദ്ദേഹം വിശദീകരിച്ചു. മതം ബാഹ്യചടങ്ങുകളിൽ മാത്രം വിലീനമായി അഭിപ്രായഭേദത്താൽ പല അവാന്തരവിഭാഗങ്ങൾ ഉണ്ടായി. അവ തമ്മിൽ പരസ്പര സ്പദ്ധികളായിരുന്ന ഒരു കാലത്തു മതം മനുഷ്യൻെറ ആത്മീയസ്ഥിതിയെ കാണിക്കുന്ന ഒന്നാണെന്നു അദ്ദേഹം ലോകത്തോടു് ഉപദേശിച്ചു. വിശ്വാസഭേദത്താൽ പലവിധ വിഭാഗങ്ങളായി പിരിഞ്ഞു മാത്സര്യബുദ്ധിയും പരസ്പരസ്പദ്ധയും വദ്ധിച്ച ഒരു കാലത്തു സൗഹാർദ്ദവും മൈത്രിയും ജനമനോമണ്ഡലത്തിൽ അദ്ദേഹം പ്രതിഷ്ഠിച്ച സാഹോദര്യം ഉളവാക്കി.

ഏഷ്യയ്ക്കു യൂറോപ്പിനു നല്കേണ്ട ഒരു സന്ദേശമുണ്ടെന്നു് അവകശപ്പെട്ടതും അതിനെക്കുറിച്ചു ലോകരെ ഉൽബോധിപ്പിച്ചതും ആയ ആളുകളിൽ പ്രാഥമ്യം വഹിക്കുന്നവരിൽ ഒരുവനാണ് ചന്ദ്രസേനൻ. പരസ്പര ബഹുമാനവും സഹായവും മാത്രമാണ് ഇൻഡ്യ ബ്രിട്ടനോട്ട് ആവശ്യപ്പെടുന്നതു് എന്ന പരമാത്ഥം ആദ്യം പ്രസ്താവിച്ചതും ഇദ്ദേഹമാണ്.

## കേശവചന്ദ്രസേനന്റെ കുടുംബജീവിതം

1838 നവംബർ 19-ാംതീയതി കേശവചന്ദ്രസേനൻ കൽക്കട്ടയിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പുരാതനകുടുംബം ഗാറിഫ് എന്ന ഗ്രാമത്തിലാണ്. കൽക്കട്ടയിൽനിന്ന് ഇരുപത്തിനാലു മൈൽ അകലെ ഗംഗാതീരത്ത് ഈ ഗ്രാമം സ്ഥിതിചെയ്യുന്നു. ഈ കാലത്ത് ഇതിന്റെ രൂപംതന്നെ പാടെ മാറിയിരിക്കുന്നു. ഉദ്യാനങ്ങൾ, സരോവരങ്ങൾ ഗ്രീഷ്മകാലത്തു ചന്ദ്രികയിൽ പ്രശോഭിക്കുന്ന നദീതീരകാഴ്ചകൾ എന്നിവ തീരെ ഇക്കാലത്തു നശിച്ചിരിക്കുന്നു. വ്യവസായശാലകളും അവയെ അനുഗമിക്കുന്ന മററു സ്ഥാപനങ്ങളും പ്രകൃതിരമണീയകതയെ തീരെ ധൂസരമാക്കീട്ടുണ്ട്. കേശവന്റെ ബാല്യകാലത്തിൽ അധികവും കൽക്കട്ടയിലാണു വ്യയം ചെയ്തിരിക്കുന്നതു്. ഒരു നൂററാണ്ടിനു മുമ്പുള്ള കൽക്കട്ട ഇന്നത്തെ കൽക്കട്ടയിൽനിന്ന് അത്യന്തം വിഭിന്നമായ ഒന്നാണ് എന്ന പരമാർത്ഥം ഇവിടെ വിസ്മരിക്കരുതു്.

ബങ്കാളത്തിലെ സേനരാജാക്കന്മാരുടെ പരമ്പരയെന്ന് അവകാശപ്പെടുന്നതും വൈദ്യപാരമ്പര്യമുള്ളതുമായ ഒരു വലിയ കുടുംബം കൽക്കട്ടയിൽ കലുതോല എന്ന സ്ഥലത്തുണ്ടായിരുന്നു. അതു് ഒരു കൂട്ടുകുടുംബവുമത്രെ. അവിടത്തെ ഒരംഗമാണ് കേശവചന്ദ്രസേനൻ. ഇദ്ദേഹത്തിന്റെ പിതാമഹൻ രാമകമാൽസേനനാണ്. പാശ്ചാത്യവിദ്യാഭ്യാസത്തെ അഭിനന്ദിച്ചിരുന്ന ഏതാനും ആളുകളിൽ ഇദ്ദേഹം ഒരുവനാണ്. അക്കാലത്ത് ആ വിദ്യാഭ്യാസം അത്ര പ്രചരിച്ചിരുന്നില്ലെങ്കിലും അതു രാമകമാലിനു പല ഗുണങ്ങൾക്കും സംഗതിയായി. ഒരു മാന്യനിലയിൽ ജീവിക്കുന്നതിനും നല്ല സമ്പാദ്യത്തിനും ഇടവന്നു. ഏഷ്യാററിക് സൊസൈററിപ്രസ്സിൽ ഒരു ടൈപ്പ്സെററർ ആയിട്ടാണ് ജീവിതമാരംഭിച്ചതു്. നിരന്തരശ്രമംകൊണ്ടും ബുദ്ധിസാമർത്ഥ്യംകൊണ്ടും അദ്ദേഹം ആ സൊസൈററിയുടെ ഇൻഡ്യൻസെക്രട്ടറി ആയി. അനന്തരം ആ കൌൺസിലിൽ ഒരു അംഗവുമായി. ഇങ്ങനെ ഒരു നില അദ്ദേഹത്തിനു സിദ്ധിച്ചു. കൽക്കട്ട മിൻറിലെ ഒരു ട്രഷർ ആയി കമാൽ നിയമിക്കപ്പെട്ടു. അടുത്തുതന്നെ അദ്ദേഹം ബാങ്ക് ആഫ് ബങ്കാളിന്റെ ഡിവാണുമായി. ഇദ്ദേഹത്തിന്റെ പ്രസിദ്ധിക്ക് ഇതുമാത്രമല്ല കാരണമായതു്. ഹിന്ദുകാളേജും, സംസ്കൃതകാളേജും സ്ഥാപിക്കുന്നതിൽ പല സഹായവും ഇദ്ദേഹം ചെയ്തിട്ടുണ്ട്. ഒരു ഇംഗ്ലീഷുബങ്കാളിനിഘണ്ടുവും ഇദ്ദേഹം ഉണ്ടാക്കി. അതു് അക്കാലത്ത് അതിവിശേഷമായ ഒരു കമ്മമായിരുന്നു.

കമാലിന്റെ ഒരു പ്രിയ പൌത്രനായിട്ടാണ് കേശവനെ സങ്കല്പിച്ചിരുന്നതു്. ഒരു ചെറിയ കുട്ടി ആയിരുന്ന കാലത്തുതന്നെ "കേശവൻ ഒരു

യോഗ്യനായിത്തീർന്ന് എന്റെ കുടുംബത്തിന്റെ പ്രശസ്തി നിലനിർത്തു"മെന്നു കമാൽ പറയാറുണ്ടു്. രാമകമാൽസേനൻ ഈ കുട്ടിക്കു് അഞ്ചുവയസ്സു പ്രായമായപ്പോൾ ഈ ലോകം വെടിഞ്ഞു. പിതാമഹന്റെ ആശയും അനുഗ്രഹവും അക്ഷരംപ്രതി കേശവൻ നിറവേററിയെന്നതു സന്തോഷപ്രദം തന്നെ.

കേശവന്റെ പിതാവിന്റെ പേരു് പിയറിമോഹനസേനൻ എന്നായിരുന്നു. പുത്രനു പത്തുവയസ്സു പ്രായമായപ്പോൾ പിതാവും മരിച്ചു. കുട്ടിയുടെ ശിക്ഷണം മുഴുവനും വിധവയായ മാതാവിൽ നിക്ഷിപ്തമായി. ഈ അമ്മ വളരെ സമർത്ഥയായ ഒരുവളായിരുന്നു. ഹിന്ദുവിധവകളുടെ തീവ്രമായ സ്വാർത്ഥത്യാഗവ്രതം സാമാന്യബുദ്ധിയോടു് ആ സ്ത്രീ സംഘടിപ്പിച്ചു. അവളുടെ പ്രകൃതിതന്നെ ഭക്തിപാരമ്യതയോടുകൂടിയതാണു്. ഒരു ശിശു എന്ന നിലയിലും അനന്തരം ഒരു മഹാൻ എന്ന നിലയിലും സ്വപുത്രനെ അവർ സവിശേഷം അറിഞ്ഞിരുന്നു. ഹൈന്ദവസിദ്ധാന്തങ്ങളെ അവർ സശ്രദ്ധം ആചരിച്ചുപോന്നു. പക്ഷെ അപ്രധാനങ്ങളും അന്ധവിശ്വാസപ്രേരിതങ്ങളും ആയ പല ചടങ്ങുകൾ അവരെ അസ്വതന്ത്രയാക്കിയില്ല. മതത്തിന്റെ ആത്മീയവശം അവർ നല്ലപോലെ ധരിച്ചിരുന്നു. മാതാവിന്റെ വാത്സല്യം, ബുദ്ധി, ഈശ്വരവിശ്വാസം എന്നിവ പുത്രന്റെ ബാല്യശിക്ഷണത്തിന് ഒന്നാന്തരം ഉപകരണമായി. കേശവനു മാതാവിനോടുള്ള ഭക്തി അദ്ദേഹത്തിന്റെ ജീവിതാവധി നിലനിന്നിരുന്നു.

പൊക്കം അല്പമധികമെങ്കിലും സുമുഖനായ കേശവൻ, വെളുത്ത നിറമുള്ള ഒരു കുട്ടിയായിരുന്നു. ഇദ്ദേഹം ബുദ്ധിയേറിയ ഒരു കുട്ടിയെങ്കിലും അക്കാലത്തു മിതഭാഷിയായിരുന്നു. 1845-ൽ ഹിന്ദുകാളേജിൽ ചേർന്നു. സഹപാഠികളുടെ ഇടയിലെന്നല്ല, പാഠശാലയിലുള്ള മററു സഹപ്രവർത്തകരുടെ ഇടയിലും ചന്ദ്രസേനനു് ഒരു നേതൃത്വശക്തി ജന്മസിദ്ധമായിട്ടുണ്ടായിരുന്നു. പുതിയ ചില വിനോദങ്ങൾ സ്വന്തബുദ്ധിയിൽനിന്നുത്ഭവിച്ചിട്ടുണ്ടു്. അതിന്റെ പ്രധാനഭാഗം കേശവൻ കൈയേറെറടുത്തിട്ടുമുണ്ടു്

ശാരീരികമായ ശുചിത്വത്തിൽ കേശവൻ അത്യന്തം ശ്രദ്ധാലുവാണു്. ഇതു മതനിഷ്ഠയിൽനിന്നുളവായ ഒരു ശീലവുമായിരുന്നു. ദിവസവും ഗംഗയിൽ സ്നാനംചെയ്യാൻ താല്പൎയ്യമുള്ളവനും വൈഷ്ണവസിദ്ധാന്തങ്ങളിൽ പ്രത്യേക പ്രതിപത്തിയുള്ളവനും ആയ ഒരു കുട്ടിയായിരുന്നു ചന്ദ്രസേനൻ. കേശവന്റെ കൂട്ടുകാരിൽ പലരും സംശയാസ്പദമായ ശീലമുള്ളവരായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. അവരുടെ സാഹചൎയ്യം ബാധകമാകാത്തവണ്ണം കേശവൻ അത്ര ഉയർന്നനിലയിൽ കഴിവാൻ കരുത്തുള്ളവനായിരുന്നു. മനഃശുദ്ധിയിലും സത്യഭാഷണത്തിലും പൂർണ്ണവികസനം അയാൾക്കു സിദ്ധി

ച്ചു. കായികബലത്തെ അപേക്ഷിച്ചു സാന്മാൎഗ്ഗികനിഷ്ഠക്കുള്ള ബലം വളരെ അധികമായിരുന്നു. സഹപ്രവൎത്തകരായ വിദ്യാൎത്ഥികൾ ഇദ്ദേഹത്തെ ഭയപ്പെടുകയും ബഹുമാനിയ്ക്കുയും ചെയ്തിരുന്നു. കേശവൻ അല്പം ഒതുങ്ങിക്കഴിയുന്ന ശീലമുള്ളവനാണ്. പക്ഷെ അതു് അഹങ്കാരത്തിന്റെ ബാഹ്യസൂചനമായിരുന്നില്ല. ലജ്ജയുടെ ഒരു ബാഹ്യചിഹ്നമായിരുന്നു. അല്ലെങ്കിൽ യുവപ്രായത്തിന്റെ വികസനം എന്നും പറയാം. ശീലത്തിന്റെ വിപുലശക്തിയെ ആവരണം ചെയ്യുന്ന ഒരു ആച്ഛാദനമാണ് ഈ കാലത്തു കാണുന്ന ആ ശീലം.

( തുടരും )

# രാജമോഹന്റെ ഭാൎയ്യ

## അദ്ധ്യായം 1.

മധുമതീരത്തു് ഒരു ചെറിയ ഗ്രാമം സ്ഥിതിചെയ്യുന്നു. കുബേരന്മാരായ ഏതാനും സെമിന്ദാരന്മാർ അധിവസിക്കുന്നതുകൊണ്ടു് ഇതിനു പ്രശസ്തിസിദ്ധിച്ചു. ഒരു ചൈത്രസായാഹ്നത്തിൽ ഗ്രീഷ്മാതപശക്തി ക്രമേണ കുറഞ്ഞുവരുന്നു. ഉഗ്രപ്രതാപി ആയിരുന്ന സൂൎയ്യന്റെ കിരണങ്ങൾ ക്ഷീണസത്വങ്ങളായി. മന്ദമാരുതൻ പ്രസരിച്ചുതുടങ്ങി. വയലിൽ നിരന്തരം വേലചെയ്യുന്ന കൃഷീവലന്റെ നെററിത്തടത്തിൽ പററിനില്ക്കുന്ന സ്വേദബിന്ദുക്കൾ മാഞ്ഞു കാണപ്പെട്ടു. മദ്ധ്യാഹ്നവേളയിൽ ചൂടിൽനിന്നു രക്ഷപ്പെടുവാൻ സ്വല്പമൊന്നുറങ്ങുന്ന ഗ്രാമീണനാരിമാരുടെ നനഞ്ഞ കബരീഭാരത്തിൽ മാരുതൻ കളിയാടുന്നു.

ഈവിധമൊരുറക്കം കഴിഞ്ഞെഴുന്നേററ ഒരു സ്ത്രീ വെളിയിലേക്കിറങ്ങുവാനുള്ള വേഷമോടിക്കൊരുങ്ങുന്നു. ഒരു ചെറിയ കുടിലിൽ താമസിക്കുന്ന ഇവൾക്കു മുപ്പതിലധികം വയസ്സു ചെന്നിട്ടില്ല. വേഷവിധാനത്തിൽ എത്ര സമയം എടുത്താലും മതിവരാത്തവരാണു സ്ത്രീകളെങ്കിലും ഇവൾ വളരെ കുറച്ചുസമയംകൊണ്ടു് അതവസാനിപ്പിച്ചു. ഒരു പാത്രത്തിൽ കുറെ വെള്ളം, തകരക്കൂടിട്ട ഒരു ചെറിയ കണ്ണാടി, ഒരു ചീപ്പു് ഇത്രയും ഉപകരണമേ അവൾക്കാവശ്യമുള്ളു. സിന്ദൂരംകൊണ്ടു് ഒരു പൊട്ടുതൊട്ടു. അധരോഷ്ഠങ്ങൾക്കു് അരുണനിറം സിദ്ധിപ്പാൻ വെററില മുറുക്കയും ചെയ്തു.

ലോകവിജയത്തിന്ന ശക്തമായ ഒരു വൎഗ്ഗത്തിന്റെ നേതൃസ്ഥാനാൎഹ ഇങ്ങനെ ആയുധസജ്ജീകരണവും ചെയ്തു് അവിടെനിന്നും പുറപ്പെട്ടു. അവളുടെ കൈയിൽ ഒരു കുടമുണ്ടു്. അടുത്ത വീട്ടിന്റെ പടിവാതൽ തള്ളിത്തുറന്നു് അകത്തുകടന്നു.

ഇവൾ കടന്നുചെന്ന വീടു് ഒരു നാലുകെട്ടോടുകൂടിയ ഭവനമത്രെ. അവയുടെ തറയെല്ലാം മണ്ണുകൊണ്ടു മെഴുകിയതും ഭിത്തികളെല്ലാം മുളകൊണ്ടു പണിഞ്ഞിട്ടുള്ളതുമാണു്. ദാരിദ്ര്യത്തിന്റെ ചിഹ്നം അവയൊന്നിലും കാണ്മാനില്ല. വളരെ ശുചിയോടും സൌഷ്ഠവത്തോടും അവയെ റൂക്ഷിക്കുന്നുണ്ടു്. നാലുകെട്ടുകളും ഒരു അങ്കണത്തിന്റെ നാലുവശത്തായി പണി ചെയ്യിച്ചിരിക്കുന്നു. ഇവയിൽ മൂന്നൊണ്ണത്തിന്റെ വാതൽ അങ്കണത്തിലേക്കാണു്; ഒന്നിന്റെ മാത്രം പുറത്തേക്കു വച്ചിട്ടുണ്ടു്. ഒടുവിൽ പറഞ്ഞ ആ കെട്ടു് ആതിഥ്യത്തിന്നുള്ളതത്രെ. മററുള്ളവ മൂന്നും നല്ലപോലെ മറച്ചിട്ടുണ്ടു്. അവ അന്തഃപുരങ്ങളായി ഗണിച്ചിരിക്കയാണു്. മുൻവശത്തായി വഴുതന, ചീര മുതലായ ചില സസ്യങ്ങൾ നട്ടുവളൎത്തീട്ടുണ്ടു്. പുരയിടത്തിന്നു ചുററും വേലിയും മുളകൊണ്ടു് ഒരു പടിവാതലും കാണാം. ആഗതയായ സ്ത്രീ നിഷ്പ്രയാസം അകത്തുകടന്നു.

അവൾ നേരെ അന്തഃപുരത്തിലെത്തി. അവിടെ രണ്ടുപേരെ മാത്രമെ കാണുന്നുള്ളു. മററുള്ളവർ ഉറക്കവും കഴിഞ്ഞു പുറത്തേയ്ക്കു പോയിരിക്കാം. ഇവിടെയുള്ള രണ്ടുപേരിൽ ഒരാൾ പതിനെട്ടുവയസ്സു മാത്രം പ്രായമുള്ള ഒരു യുവതിയാണു്. മറേറതു നാലുവയസ്സുപോരുന്ന ഒരു കുട്ടിയുമത്രേ. യുവതി തയ്യൽവേലയിലും കുട്ടി കളിയിലും നിമഗ്നരാണു്. കുട്ടിയുടെ മൂത്തസഹോദരൻ മഷിക്കുപ്പി ഇവിടെ വച്ചിട്ടാണു പാഠശാലയിലേക്കു പോയതു്. ഇവൻ അതുകണ്ടെടുത്തു മഷിമുഴുവനും മുഖത്തുതേച്ചു. ജ്യേഷ്ഠൻ തിരിച്ചുവന്നു മഷിക്കുപ്പികൊണ്ടുപോയെങ്കിലൊ എന്നു സംശയിച്ചാണു മഷി മുഴുവൻ കളഞ്ഞതു്. ആഗതയായ സ്ത്രീ യുവതിയുടെ അടുത്തു തറയിൽതന്നെ ഇരുന്നു് ഇങ്ങനെ ചോദ്യംചെയ്തു.

"എന്താ ജോലിയിൽപ്പെട്ടിരിക്കയാണോ?"

യുവതി ചിരിച്ചുംകൊണ്ടു്:— അല്ല, ഇതു ചേച്ചിയല്ലെ. ഇതുദയ ആൎക്കുണ്ടു്?. ഇന്നു ഞാനാരേയാണു കണികണ്ടതു്!"

അതിഥി ചിരിച്ചുകൊണ്ടു പ്രത്യുത്തരം പറഞ്ഞു:— "ദിവസവും കാലത്തേ കാണുന്ന ആളേ അല്ലാതേ മററു ആരേയാണു നീ കാണുന്നതു്."

ഇതു കെട്ടപ്പോൾ യുവതിയുടെ മുഖം അല്പം ഒന്നു കറുത്തു. മറേറവൾ അല്പമായി ചിരിക്കയും ചെയ്തു. ഇവരുടെ ആകൃതിവിശേഷം ഇവിടെത്തന്നെ പ്രസ്താവിച്ചുകൊള്ളാം.

ആഗതയ്ക്കു മുപ്പതുവയസ്സു കാണുമെന്നു നാം മുമ്പേ കണ്ടുവല്ലോ. അവൾ കറുത്തനിറമുള്ളവളല്ല. നല്ല വെളുപ്പുമല്ല. മുഖം സുന്ദരമെന്നു തീൎത്തുപറവാൻ സംഗതിയില്ലെങ്കിലും കണ്ണിനു വെറുപ്പുതോന്നിക്കുന്ന വൈരൂപ്യം ഇല്ലതാനും. സദാ തുള്ളിക്കളിയാടുന്ന ഒരു പ്രസന്നഭാവം അവളിൽ കാണ്മാനുണ്ടു്. സജീവമായ കണ്ണുകൾ ഈ ഭാവത്തെ കാത്തുരക്ഷിക്കുന്നതിനു ശക്തങ്ങളാണു്. അവളുടെ അംഗങ്ങളിൽ അണിഞ്ഞിരിക്കുന്ന ആഭരണങ്ങൾ എണ്ണത്തിലധികമില്ലെങ്കിലും ഒരു നല്ല ചുമട്ടുകാരനുവേണ്ട ഭാരം അവയ്ക്കുണ്ടു്. ശംഖുകൊണ്ടുള്ള വള നിൎമ്മിച്ച ആ ശില്പി വിശ്വകൎമ്മാവിന്റെ പിൻവാഴ്ചക്കാരനാണു്. ഈ വക ആഭരണങ്ങളും തടിച്ച ശരീരത്തെച്ചുററി ഒരു പരുക്കൻസാരിയും അവൾ ധരിച്ചിട്ടുണ്ടു്. രജകനും സാരിയും തമ്മിലുള്ള മൈത്രിക്കു് ഇതുവരെ ഭംഗംവന്നിട്ടില്ല.

പതിനെട്ടുവയസ്സു പ്രായമുള്ള മററെ യുവതിയുടെ സുഷ്ഠുവും സുന്ദരവുമായ അവയവങ്ങളെ ആഭരണബാഹുല്യംകൊണ്ടു് അസ്വസ്ഥമാക്കീട്ടില്ല. കിഴക്കെ ബങ്കാളത്തുള്ള സംഭാഷണരീതിയും സ്വരവും അവളിൽനിന്നു പിരിഞ്ഞിട്ടുമില്ല. മധുമതീതീരത്തു മുളച്ചുവളൎന്ന ഒരു ചെടിയുടെ പൂവല്ല ഈ സുരഭിലകുസുമം. ഭാഗീരഥിയുടെ തീരത്താണു്—തലസ്ഥാനനഗരിക്കുസമീപം—അവൾ ജനിച്ചുവളൎന്നിട്ടുള്ളതു്. മനോദൂനതയൊ ചിന്താദുരന്തമൊ അവളുടെ സുന്ദരമായ കാന്തിക്കു് ഒരു മ്ലാനത വരുത്തീട്ടുണ്ടു്. എങ്കിലും മദ്ധ്യാഹ്നസൂൎയ്യന്റെ തീക്ഷ്ണകിരണങ്ങളേററു് അല്പം ഗ്ലാനിയോടെങ്കിലും വികസിതസരോജമെന്നപോലെ അവളുടെ യൗവ്വനം പ്രഫുല്ലമായി കാണപ്പെടുന്നു. നീണ്ടുചുരുണ്ട കാൎക്കുന്തൽ അശ്രദ്ധയോടെ ബന്ധിച്ചു ചുമലിൽ ഇട്ടിരിക്കുന്നു. എങ്കിലും ബന്ധനത്തിൽ പെടാത്തവയിൽ ചിലതു് അവളുടെ ഫാലത്തിലും കപോലത്തിലും സ്വച്ഛന്ദം കളിയാടുന്നു. പ്രഗത്ഭതയോടെ വൎത്തുളാകൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന പുരികക്കൊടികൾ വിശാലഫാലത്തിനടിയിൽ മന്ദാക്ഷപ്രേരിതമായി ചലിച്ചുകൊണ്ടിരിക്കുന്നു. കൺപോളകളുടെ ലംബതനിമിത്തം സാധാരണയായി കണ്ണുകളുടെ അല്പാംശമെ കാണാറുള്ളൂ. പക്ഷെ വീക്ഷണാൎത്ഥം അവയെ ഉയൎത്തുമ്പോൾ ശരദഭ്രശാതയായ തടിൽ പ്രഭപോലേ അവ ശോഭിക്കുന്നു. യൗവനദശയിലെ ഉജ്ജ്വലത നോട്ടത്തിൽ സംക്രമിച്ചിട്ടുണ്ടെങ്കിലും ചിന്താദുരന്തം അതിനെ ഗ്രസിച്ചുകളയുന്നു; ചെറിയ അധരപുടങ്ങൾ അവളുടെ ഹൃദയത്തിൽ വളരുന്ന ദൂനതയുടെ സാക്ഷികളെന്നോണം കാണപ്പെടുന്നു. ആകാരമോടിയും അംഗസൗഷ്ഠവവും ബാഹ്യപീഡയാലോ, ആന്തരദൂനതയാലോ ക്രമേണ ശിഥിലീഭവിക്കുന്നു. അവൾ ധരിച്ചിരുന്ന ശുദ്ധസാരിയാൽ അൎദ്ധോന്മീലിതമായ വപുസ്സിന്റെ ആകാരസൗഷ്ഠവം ഒരു ശില്പിയു

ടെ കലാപാടവത്തെ അപൂൎണ്ണമാക്കി ചെയ്തിട്ടേ ഉള്ളു. പ്രകൃത്യാ സുന്ദരമായ അവളുടെ അംഗങ്ങളിൽ ആഭരണമൊന്നുമില്ലാതിരിക്കുന്നതുതന്നെ ഒരനുഗ്രഹമാണ്.

യുവതി തയ്യൽ അവസാനിപ്പിച്ച് അതിഥിയോടു കുശലപ്രശ്നം തുടങ്ങി. ആഗത കുടുംബസംബന്ധമായ പല ശല്യങ്ങളും പ്രസംഗിച്ചുതുടങ്ങി. അവയിൽ പലതും സങ്കല്പമാത്രങ്ങളാണ്. പൊടിയും ചളിയും പുരണ്ട സാരിയുടെ തുമ്പുകൊണ്ടു പലപ്രാവശ്യവും അവൾ കണ്ണുതുടച്ചു. പക്ഷെ, കണ്ണുകൾക്ക് അങ്ങനെ ഒരാവശ്യം അപ്പോൾ അപേക്ഷിതമല്ലായിരുന്നു. കൂടക്കൂടെ സാരിത്തുമ്പുകൊണ്ട് കണ്ണു തുടച്ചതുകൊണ്ടു ക്രമേണ കണ്ണിൽനിന്നു വെള്ളം വന്നുതുടങ്ങി. ഒടുവിൽ കണ്ണുനീർ ധാരയായി വൎഷിപ്പാൻ സന്നദ്ധമായപ്പോൾ മഷി പുരട്ടിയ മുഖവുംകൊണ്ടു ആ കുട്ടി പ്രത്യക്ഷനായി. അവൾ ഈ വിശേഷരൂപം കണ്ടു പൊട്ടിച്ചിരിച്ചുപോയി. ഈ നേരമ്പോക്കു ദുഃഖത്തെ തീരെ മാച്ചുകളഞ്ഞു.

കണ്ണുനീർകൊണ്ടുള്ള ആറാട്ടു കഴിഞ്ഞപ്പോൾ സൂൎയ്യൻ വിശ്രമത്തിനായി പടിഞ്ഞാറോട്ടു താണു. ഇതു കണ്ട ഉടനെ ഇവൾ യുവതിയെ വെള്ളം കോരുവാനായി ക്ഷണിച്ചു. ഇവൾ അവിടെ വന്നതുതന്നെ ഈ ക്ഷണനത്തിനായിരുന്നു. ചെറുപ്പക്കാരി ഇവളുടെ അപേക്ഷയെ നിരസിച്ചു. നിൎബ്ബന്ധം കൂടുതലായി. അപ്പോൾ യുവതി—"മധുമതിയിൽ ചീങ്കണ്ണിയുണ്ട്. അതു് എന്നെ പിടിച്ചുകൊണ്ടുപോകും."

ഇതുകേട്ടു മററവൾ പൊട്ടിച്ചിരിച്ചു. ഇതു സമ്മതിക്കയില്ലെന്നു കണ്ടപ്പോൾ യുവതി വീണ്ടും ഇങ്ങനെ പറഞ്ഞു. "കനക, നിങ്ങൾ പൊയ്ക്കോളൂ. നേരം അധികമായി".

കനക സൂൎയ്യനെ ചൂണ്ടിക്കാണിച്ചുകൊണ്ട് "ഇപ്പോൾ ഉച്ച ആയതേ ഉള്ളൂ" എന്നു പറഞ്ഞു.

ഇതുകേട്ടപ്പോൾ യുവതി അല്പം ഗൌരവത്തോടെ പറഞ്ഞു. "കനക ചേച്ചി ഞാൻ ഒരിക്കലും വെള്ളം കോരുക പതിവില്ലെന്നു നിങ്ങൾക്കറിയരുതേ."

കനക:— "അതുതന്നെയാണു ഞാൻ നിൎബ്ബന്ധിക്കുന്നതു്. നിങ്ങൾ എന്തിനാണിങ്ങനെ കൂട്ടിൽ അടച്ച പക്ഷിയേപ്പോലെ കഴിയുന്നതു്. മറെറല്ലാ കുടുംബിനിമാരും വെള്ളം കൊണ്ടുവരാറില്ലേ".

യുവതി: —"അതു വാലിയക്കാരികളുടെ ജോലിയാണു്".

"നിങ്ങൾക്കാരാണു വെള്ളം കൊണ്ടുവരുന്നതു്. ഇവിടെ എത്ര വേലക്കാരികളുണ്ടു്?"

"താക്കൂർജി ഞങ്ങൾക്കു വേണ്ട വെള്ളം കൊണ്ടുവരും."

"മകൾക്കു വാലിയക്കാരിയുടെ വേല ചെയ്യാം. മകൻെറ ഭാൎയ്യയ്ക്കു് അതു ചെയ്തുകൂട, അല്ലേ".

യുവതി നിശ്ചിതസ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "എനിക്കു് ഇക്കാൎയ്യത്തിൽ വാഗ്വാദം ചെയ്വാൻ കഴികയില്ല. എൻെറ ഭൎത്താവു വിലക്കീട്ടുള്ള ഒരു കാൎയ്യമാണിതു്. നിങ്ങൾക്കു് അദ്ദേഹത്തെ നല്ലപോലെ അറിയാമല്ലോ".

കനക:— "നിങ്ങൾക്കു കണ്ണുണ്ടായിരുന്നു എങ്കിൽമാത്രം—"

യുവതി ഇവളുടെ വാക്കു കേൾക്കുന്നതിനുതന്നെ ഇച്ഛിച്ചില്ല. ഇനി ഒന്നും പറയരുതേ എന്നു ഭാവംകൊണ്ടു കാണിച്ചിങ്ങനെ പറഞ്ഞു. "മതി, മതി, നിങ്ങൾ പറവാൻ ഭാവിക്കുന്നതു് എനിക്കു മനസ്സിലായി".

കനക:— "നിങ്ങൾ അങ്ങനെ ചെയ്തിരുന്നു എങ്കിൽ ഇപ്പോൾ എന്തു ചെയ്വാനാണു പോകുന്നതു്."

യുവതി അല്പനേരത്തേക്കു മൌനം അവലംബിച്ചു. തുടനം ചെയ്യുന്ന അവളുടെ അധരവും അരുണവൎണ്ണംപെടുന്ന മുഖവും അവളുടെ പൂൎവ്വനിശ്ചയത്തെ ഭംഗംചെയ്തു. അവളുടെ അവയവങ്ങൾക്കുണ്ടായ ഒരു ചലനം അവളിൽ ഉളവായ വികാരത്തെ തെളിയിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ അവൾ ഇങ്ങനെ പറഞ്ഞു. "നമുക്കു പോകാം. പക്ഷെ ഇതു അപരാധമല്ലെ."

കനകം ചിരിച്ചിങ്ങനെ പറഞ്ഞു. "അപരാധം. ഞാൻ അഷ്ടിപ്രിയനായ ഒരു ഭട്ടാചാൎയ്യനല്ല. എനിക്കു ശാസ്ത്രവുമായി ബന്ധമൊന്നുമില്ല. പക്ഷെ എനിക്കു അൻപതുപേരുണ്ടായിരുന്നാലും ഞാൻ പോകതന്നെ ചെയ്യും.

* * * *

മാധവൻെറ മുഖം അല്പമൊന്നു ചുവന്നു. ഉടനെ വിഷയംമാററി ഇങ്ങനെ പറഞ്ഞു. "കനകം എന്തുമാതിരി സ്ത്രീയാണു്. അനവധി ദുഃഖം അവളെ ബാധിച്ചിരിക്കുമ്പോഴും അവൾക്കു ചിരിക്കാൻ ഒരു വിഷമവുമില്ല.

മാത്തൂർ:— "അവളുടെകൂടെ കാണുന്ന ആ സ്ത്രീ ഏതാണു്."

മാധവൻ:— "ഞാൻ എങ്ങിനെ പറയും. വസ്ത്രത്തിനിടയിൽകൂടി അവളുടെ മുഖം കാണ്മാൻ കഴിയുമോ? അവൾ മുഖാവരണം ധരിച്ചിരിക്കുന്നതു കാണരുതെ."

കനകവും അവളുടെ കൂട്ടുകാരിയും ഒന്നിച്ചു കുടത്തിൽ വെള്ളവും കൊണ്ടുവരികയാണെന്നു വായനക്കാർ ധരിച്ചിരിക്കുമല്ലൊ. കനകത്തെ അറിയാത്തവർ ആ ദിക്കിൽ ആരുംതന്നെയില്ല. പക്ഷെ വൎണ്ണിപ്പാൻ അസാദ്ധ്യമായ ആ സൗന്ദൎയ്യധാമത്തിൽനിന്നുണ്ടായ മോഹനചേഷ്ടാവിശേഷങ്ങൾ ആദ്യം മാധവൻെറയും അടുത്തു മാത്തൂരിൻെറയും നയനങ്ങളെ ആകൎഷിച്ചു. അവരുടെ കണ്ണുകൾ ആ വിഗ്രഹത്തിൽ പതിഞ്ഞു. മുരളീനാദം മാൻപേടകളെ എങ്ങനെ നിശ്ചഞ്ചലമാക്കി നിറുത്തുമോ. അതുപോലെ ഈ കാഴ്ച ഇവരേയും വശീകരിച്ചു. മാധവൻെറ സംഭാഷണത്തിൽ ഒടുവിലത്തെ വാക്ക് ഉച്ചരിച്ചതോടുകൂടി ആ സ്ത്രീകളുടെ തലയ്ക്കുമീതെ ഒരു കാററടിച്ചു. വെള്ളം കോരിക്കൊണ്ടു നടന്നു ശീലമില്ലാത്ത യുവതി കുടമൊന്നു കൈമാറണമെന്നു നിശ്ചയിച്ചു മുഖാച്ഛാദനത്തെ വിട്ടു മറുകൈ എടുത്തപ്പോൾ കാററിൻെറ ശക്തികൊണ്ടു മുഖാച്ഛാദനം ഒന്നു മാറി. അത്ഭുതപാരമ്യതയിൽ മാധവൻെറ ഭ്രുകുടി ഒന്നു ത്രസിച്ചു.

മാത്തൂർ:— "അങ്ങനെ, നിങ്ങൾ അറിയുമല്ലെ."

"ഉവ്വ്, അറിയും"

"നിങ്ങൾ അവളെ അറിയും, ഞാനറികയുമില്ല. എൻെറ ജീവിതം തന്നെ ഇവിടെയാണു കഴിച്ചതു്. നിങ്ങൾ ഇവിടയ്ക്കു് ഒരു പുതിയ ആളുമാണു്. ആട്ടെ, കൊള്ളാം. പറയു അവളേതാണു്."

"എൻെറ ഭാൎയ്യയുടെ സഹോദരിയാണു്."

"നിങ്ങളുടെ ഭാൎയ്യാസഹോദരിയോ? രാജമോഹൻെറ ഭാൎയ്യ."

"അതെ."

"രാജമോഹൻെറ ഭാൎയ്യ. കഷ്ടം, ഞാനിതുവരെ അവളെ കണ്ടിട്ടില്ല."

"എങ്ങനെ സാധിക്കും. അവർ ഒരിക്കലും വീടുവിട്ടു് ഇറങ്ങാറില്ല."

"പിന്നെ ഇന്നു് ഇങ്ങനെ ആവാൻ കാരണം."

"എനിക്കറിഞ്ഞുകൂട."

"അവൾ എന്തു തരക്കാരിയാണു്."

"നിങ്ങൾ കണ്ടില്ലെ. അവൾ നല്ല സുന്ദരിയാണു്."

"ഒ, പരഹൃദയജ്ഞാനി, സംശയമില്ല. ഞാനതല്ല ചോദിച്ചതു്. അവൾ ഒരു നല്ലപെണ്ണാണോ എന്നാണു്."

"നല്ലപെണ്ണു് എന്നുള്ളതു് എന്തൎത്ഥത്തിലാണു നിങ്ങൾ ചോദിച്ചതു്."

മാത്തൂർ:— "ഒ, കാളേജിലെ പഠിപ്പു പുറത്തുചാടി. അവിടെ ചെന്നു വെള്ളക്കാരുടെ ഭാഷ അല്പം പഠിച്ചാൽ പിന്നെ അവരോടു സംസാരിപ്പാൻ വിഷമമായി. ഞാൻ ഉദ്ദേശിച്ചതു......അവൾ........."

മാധവൻെറ മുഖത്തുണ്ടായ ഭാവഭേദം മാത്തൂരിൻെറ നാവിൽ ഉദിച്ച അസംബന്ധഭാഷണത്തെ പെട്ടെന്ന് ഉപസംഹരിപ്പിച്ചു.

മാധവൻ അല്പം നിന്ദാഭാവത്തോടെ "ഇത്ര മര്യാദ ഇല്ലാത്തവണ്ണം സംസാരിക്കരുതു്. വഴിയേപോകുന്ന ഒരു പെണ്ണിനെക്കുറിച്ച് അസംബന്ധം പുലമ്പുന്നതു മാനമാണോ?

മാത്തൂർ:— "ഞാൻ പറഞ്ഞില്ലെ. നാലക്ഷരം ഇംഗ്ലീഷുപഠിച്ചുപോയാൽ അവർ കോപിഷ്ഠരായ സായിപ്പന്മാരാകും. ഭാര്യാസഹോദരിയെക്കുറിച്ച് ഒന്നും പറവാൻ വയ്യത്രെ. പിന്നെ അമ്മൂമ്മയെക്കുറിച്ചാവാമോ? പോട്ടെ അതു കളയു. നിങ്ങളുട കറുത്ത മുഖം മാററുക. ഏതായാലും രാജമോഹൻ ഒരു ഭാഗ്യവാൻതന്നെ. അയാൾക്ക് ഇങ്ങനെ ഒരു ഭാര്യയെ കിട്ടിയോ."

മാധവൻ:— വിവാഹം ഷോടതിയല്ലെ.

ഇത്രയുംകഴിഞ്ഞു രണ്ടുപേരും പിരിഞ്ഞു.

## അദ്ധ്യായം II

കനകമയിയും അവളുടെ കൂട്ടുകാരിയും മൗനമായി വീട്ടിലേക്കു നടന്നു. പുരുഷന്മാരുടെ മുമ്പിൽപെട്ടതോർത്തു യുവതി അത്യന്തം ലജ്ജിച്ചു. അവൾ മൌനഭംഗം ചെയ്യാതിരുന്നതുകൊണ്ടു കനകവും മൗനംതന്നെ അവലംബിച്ചു. സ്വജിഹ്വയെ പടവെട്ടാൻ ഉപയോഗിക്കാത്തതുകൊണ്ടു കനകത്തിന് അസ്വാസ്ഥ്യമുണ്ട്. വീട്ടിനോടടുത്തുള്ള വഴി ജനസഞ്ചാരമധികമുള്ളതല്ല. യുവതി ആദ്യമായിങ്ങനെ തുടങ്ങി:— "എന്തു വികൃതിക്കാററു്, എന്നെ ഉപദ്രവിച്ചു."

കനകം ചിരിച്ചുകൊണ്ട്:— "എന്താ നിങ്ങളുടെ അനുജത്തിയുടെ ഭർത്താവ് ഇതുവരെ നിങ്ങളെ കണ്ടില്ലെ." "ആ ആളേക്കുറിച്ചല്ല ഞാൻ പറഞ്ഞതു്. വേറെ ഒരാളും ഉണ്ടായിരുന്നല്ലോ."

"അദ്ദേഹം മാത്തൂർ ബാബുവാണ്. ഇതുവരെ അദ്ദേഹത്തെ കണ്ടിട്ടില്ലേ."

"ഇല്ല, ഇതാണൊ മാത്തൂർ ബാബു. എൻെറ അനുജത്തിയുടെ ഭർത്താവും ഇദ്ദേഹവും ഒരു വീട്ടുകാരാണ് അല്ലേ"

"അതെ"

"കുറച്ചില്; ഇതാരോടും പറയരുതേ."

"ഇല്ലാപിന്നെ, നിങ്ങൾ അവരെക്കണ്ടപ്പോൾ മനഃപൂർവ്വം മുഖാവരണം എടുത്തതാണെന്നു ഞാൻ എല്ലാവരോടും പറയും" എന്നു കനകം പറഞ്ഞു പരിഹസിച്ചു തുടങ്ങി.

യുവതി:— അത്ഭുതം. എന്തു ധൈര്യം. അൻപതൊ, അത്രയും പോരെ നിങ്ങൾ ഇച്ഛിക്കുന്നോ?

കനക പുഞ്ചിരി തൂകി ഇങ്ങനെ പറഞ്ഞു. "ഇങ്ങനെ പറയുന്നതുതന്നെ പാപം. ദൈവേച്ഛകൊണ്ടു് എനിക്കു സിദ്ധിച്ച ഒന്നുപോലെയുള്ളതാണു് അൻപതുമെങ്കിൽ സാരമൊന്നുമില്ല. ആരേയും കണ്ടുമുട്ടുവാൻ ഇടവന്നില്ലെങ്കിൽ ഞാൻ പതിവ്രതതന്നെയാണു്.

"കുലീനകന്യകമാരുടെ വിധി. കഷ്ടം" എന്നുപറഞ്ഞു യുവതി അടുക്കളയിൽചെന്നു ഒരു കുടവുമെടുത്തു പുറപ്പെട്ടു. കുടം അവൾക്കനുരൂപവുമത്രെ. രണ്ടുപേരുമൊന്നിച്ചു നദീതീരത്തേക്കു പുറപ്പെട്ടു. കനകം ചിരിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:— "വരികതന്നെ, വലിപ്പക്കാരി, ഒളിച്ചുനോക്കുന്ന കഴുതകളെ, നമ്മുടെ സൌന്ദര്യം ഒന്നു കാണിക്കാം."

യുവതി:— "കുരങ്ങെ നിന്നെ തൂക്കിക്കൊല്ലും" എന്നുപറഞ്ഞു. മുഖാച്ഛാദനംകൊണ്ടു മുഖം തീരേ മൂടി.

## അദ്ധ്യായം III.

അസ്തമയസൂര്യന്റെ കിരണങ്ങൾ കേരവൃക്ഷങ്ങളുടെ അഗ്രഭാഗത്തു നിഷ്ക്രാന്തങ്ങളായി. പക്ഷെ നിശ ഭൂതലത്തിൽ പ്രവേശിച്ചു കഴിഞ്ഞിട്ടില്ല. ഓരോ കുടം വെള്ളവുമെടുത്തു കനകമയിയും കൂട്ടുകാരിയും വീട്ടിലേക്കു തിരിച്ചിരിക്കുന്ന അവസരമാണിതു്. കിഴക്കെ ബങ്കാളത്തിൽ അത്രസാധാരണമായി കാണാനില്ലാത്തവണ്ണം ഒരു ഉദ്യാനം ആ വഴിക്കരുകിലുണ്ടു്. മനോഹരമായ ഒരു ഇരുമ്പുവേലിക്കകത്തുള്ള പുരയിടത്തിൽ ആ വഴിയെ പോകുന്നവരുടെനേത്ര വിനോദനത്തിനു റോസ, മല്ലിക മുതലായ കുസുമങ്ങൾ കളിയാടുന്നു. ആ തോട്ടത്തിന്റെ മദ്ധ്യത്തിൽ ഒരു കുളമുണ്ടു്. അതിന്റെ തീരങ്ങൾ മനോഹരമായി പുല്ലുവളൎന്നു കാണുന്നു. അതിന്റെ ഒരുവശത്തു ഇഷ്ടിക പടുത്തിട്ടുള്ള ഒരു കടവുമുണ്ടു്. ഇതിനഭിമുഖമായി ഒരു കെട്ടിടമുള്ളതിന്റെ വരാന്തയിൽ രണ്ടാളുകൾ സംഭാഷണംചെയ്തു നില്പുണ്ടു്.

ഇവരിൽ മൂത്ത ആൾക്കു മുപ്പതുവയസ്സിൽ കവിഞ്ഞ പ്രായം ഉണ്ടു്. ഈ ആൾ നീണ്ടുതടിച്ച ഒരുവനാണു്. ശരീരപുഷ്ടിയുടെ വൈപുല്യം സുരൂപനല്ലാതാക്കിത്തീൎത്തിരിക്കുന്നു. നിറം ഒരു മങ്ങിയ കറുപ്പാണു്. അയാളുടെ മുഖത്തിന്റെ ആകാരവിശേഷംകൊണ്ടു് ഒരിക്കലും സുന്ദരൻ എ

ന്നു പറഞ്ഞുകൂടാ. നേരേമറിച്ച് അയാളുടെ മുഖം ആകർഷണത്തിനല്ല വികർഷണത്തിന്നുതന്നെ പര്യാപ്തമത്രെ. പരമാർത്ഥത്തിൽ അയാളുടെ മുഖം ഒരു സാധാരണ മട്ടുള്ളതല്ല. എളുപ്പത്തിൽ വർണ്ണിക്കാവുന്നതുമല്ല. ഒരു ദോത്തി ചുററിയിട്ടുണ്ട്. നീളമേറിയ മറെറാന്നുകൊണ്ട് ഒരു തലപ്പാവും ഉണ്ട്. കറുത്തു തടിച്ച ശരീരം മുഴുവനും കാണത്തക്കവണ്ണമുള്ള ഒരു നേരിയ ഷർട്ട മസിലിൻകൊണ്ടു നിർമ്മിച്ചതും ധരിച്ചിരിക്കുന്നു. രക്ഷാമന്ത്രംകൊണ്ടു സാധിച്ചിട്ടുള്ള ഒരു സ്വർണ്ണ ഏലസ്സും അതോടുചേർത്തു ധരിച്ചിട്ടുണ്ട്. കഴുത്തിൽ അണിഞ്ഞിരിക്കുന്ന സ്വർണ്ണച്ചങ്ങല ഷർട്ടിന്നു വെളിയിൽ കാണാം. സ്വർണ്ണചങ്ങലയോടു ചേർത്ത സ്വർണ്ണബട്ടൻസാണു ഷർട്ടിന്നു ഇട്ടിരിക്കുന്നതു്. എല്ലാ വിരലുകൾക്കും മോതിരം അലങ്കാരമാക്കിയിരിക്കുന്നു. ഒരു നല്ല വടിയും കൈയിലുണ്ട്. ചെറിയ പാദങ്ങളെ ഇംഗ്ലീഷ് ഷൂസു കൊണ്ട് ആവരണം ചെയ്തിരിക്കുന്നു.

ഇദ്ദേഹത്തിൻെറ കൂട്ടുകാരൻ ഇരുപത്തിരണ്ടു വയസ്സു മാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരനാണ്. ആകൃതിയിൽ സുരൂപനുമത്രെ. വ്യായാമക്കുറവുകൊണ്ടോ, അമിത സുഖാനുഭവംകൊണ്ടോ, സുന്ദരമായ മുഖത്തിന് അല്പം മാന്ദ്യം കാണുന്നുണ്ട്. വസ്ത്രങ്ങൾ ശുദ്ധമെങ്കിലും വില അധികം വരുന്നതല്ല. ഒരു ദോത്തി, തലപ്പാവ്, കട്ടിയേറിയ ഒരു ഷർട്ട് ഇത്രയും ധരിച്ചിട്ടുണ്ട്. പാദുകകളുമുണ്ട്. ഒരു വിരലിന്മേൽ ഒററ മോതിരമേ കാണുമാനുള്ളു. ഏലസ്സോ കണ്ഠാലങ്കാരമോ ഇല്ല. പ്രായംകൂടിയ ആൾ മറേറ ആളോട് ഇങ്ങനെ സംഭാഷണം തുടങ്ങി. "മാധവ, നിങ്ങൾ പിന്നേയും കൽക്കട്ടയ്ക്കു പുറപ്പെടുക ആയി അല്ലേ. ഇതെന്തൊരു ഭ്രമമാണ്."

മാധവൻ:— "ഭ്രമമോ, ഞാൻ കൽക്കട്ടയ്ക്കു പോകുന്നതു ഭ്രമമാണെങ്കിൽ നിങ്ങളുടെ താമസം രാധാഗഞ്ചിൽ ആക്കിയിരിക്കുന്നതും ആ പേരിന് അർഹമല്ലേ"

മാത്തൂർ:— "എന്തുകൊണ്ട്."

മാധവൻ:— "എന്തുകൊണ്ടെന്നൊ. നിങ്ങൾ രാധാഗഞ്ചിലേ ചൂതവനങ്ങളിൽ വിശ്രമിച്ചു ജീവിതം കഴിക്കുന്നു. രാധാഗഞ്ചിനെ നിങ്ങൾ അധികംസ്നേഹിക്കുന്നു. ഞാനെൻെറ ജീവിതം കൽക്കട്ടയിലേ ദുർഗ്ഗന്ധവും ഏററുകഴിക്കുന്നു. എന്നാലും ഞാൻ കൽക്കട്ടയെ സ്നേഹിക്കുന്നു."

മാത്തൂർ:— "ദുർഗ്ഗന്ധം മാത്രമൊ. ചവറും പൊടിയും എന്നുവേണ്ട സർവ്വത്ര വൃത്തിഹീനതതന്നെ."

മാധവൻ:— "ഞാൻ വിനോദത്തിനൊ സുഖത്തിനൊ മാത്രമല്ല കൽക്കട്ട യിൽ പോകുന്നത്. എനിക്കവിടെ ചില ജോലികളുണ്ട്."

മാത്തൂർ:— "ഓ ജോലിയൊക്കെ എനിക്കറിയാം. പുതിയവണ്ടി, നല്ല കുതിര, പട്ടണം മുഴുവൻ ചുററി കൂട്ടരുമൊന്നിച്ചു നടന്നു നശിക്കുത ന്നെ. നിങ്ങളെന്താ ആ വഴിയിലേക്ക് ഇത്ര സൂക്ഷിച്ചു നോക്കുന്നത് നിങ്ങഠം കനകത്തിനെ ഇതുവരെ കണ്ടിട്ടില്ലെ. ഒരു പെൺകുട്ടി അ വളുടെക്കൂടെ കാണുന്നത് ഇപ്പോഠം ആകാശത്തുനിന്നു വന്നതാവാം ആരാണ് അവളുടെക്കൂടെ."

യുവതി:— "ഇതറിഞ്ഞിരുന്നു എങ്കിൽ നിൻെറക്കൂടെ വരികയില്ലായിരുന്നു. കനകം പിന്നെയും ചിരിച്ചുതുടങ്ങി."

യുവതി വീട്ടിലേക്കുനോക്കി അല്പമൊന്നു ഭയപ്പെട്ടുകൊണ്ട് ഇങ്ങ നെ പറഞ്ഞു:— "നേരംപോക്കു കളയു."

അപകടമായി. "ദൈവം എന്നെ രക്ഷിക്കട്ടെ."

അവർ രണ്ടുപേരും ആ വീട്ടിൻെറ പടിക്കൽ എത്തി. തീപ്പൊ രി ചിതറുന്ന കണ്ണുകളോടു വാതൽപടിയിൽ രാജമോഹൻ നിൽക്കുന്നതു കന കണ്ടു. അയാളുടെ ആകൃതി പൈശാചികമായി കാണപ്പെട്ടു. കനകം ഇങ്ങനെ കൂട്ടുകാരിയോടു മന്ത്രിച്ചു:— "എന്തോ ഒരാപത്തുണ്ട്. ഞാ നും നിങ്ങളുടെ കൂടെ വരണമോ? വല്ല സഹായവും എന്നെക്കൊണ്ടു സാ ധിച്ചെങ്കിലോ?"

രാജമോഹൻെറ ഭാര്യ വളരെ പതുക്കെ "വേണ്ട, വേണ്ട, എനി ക്കതു നല്ലതഴമ്പായി. നിങ്ങളുംക്കൂടി ഉണ്ടായാൽ അധികം വഷളാകും. നി ങ്ങഠം പൊയ്ക്കൊഠംക."

കനകം അവളുടെ വഴിക്കുപോയി. ഭാര്യ വീട്ടിലേക്കു കടന്നപ്പോഠം രാജമോഹൻ ഒരക്ഷരംപോലും മിണ്ടിയില്ല. കുടം വയ്ക്കുവാൻ അവഠം അടുക്കളയിലേക്കു പോയി അവൻ മൌനമായി അവളെ പിന്തുടന്നു. അ വഠം കുടം അവിടെ വച്ചു ഉടനെ അവൻ ഇങ്ങനെ തുടങ്ങി: "അല്പം അ വിടെ നില്ക്കു"എന്നു പറഞ്ഞു വെള്ളം മുഴുവനും കളഞ്ഞു. രാജമോഹന ന് ഒരു അമ്മായി ഉണ്ട്. അവരാണ സാധാരണ അടുക്കളപ്പണി നടത്താ റുള്ളത്. രാജമോഹനനെ ശകാരിച്ചുകൊണ്ടു അവർ രംഗത്തെത്തി. "എന്തിനാണീവെള്ളമെല്ലാം കളഞ്ഞത്. ഇവിടെ ധാരാളം വാലിയക്കാ രുണ്ടല്ലൊ അല്ലെ."

"മുതുശവം, മിണ്ടരുത്" എന്നു പറഞ്ഞു രാജമോഹൻ കുടം വലി ച്ചെറിഞ്ഞു. അനന്തരം ഭാര്യയുടെ നേരെ തിരിഞ്ഞു ശാന്തമെങ്കിലും മമ്മ

ച്ഛേദകമായി ഇങ്ങനെ തുടങ്ങി:— "കൊള്ളാം, രാജ്ഞി എവിടെയ്ക്കാണു എഴുന്നള്ളിയിരുന്നതു."

ആ സ്ത്രീ ശാന്തമായി ഇങ്ങനെ മറുപടി പറഞ്ഞു. "ഞാൻ വെള്ളംകൊണ്ടുവരുവാൻ പോയി." ഭർത്താവു ആജ്ഞാപിച്ച സ്ഥലത്തുനിന്നും ഒരടിപോലും മാറാതെ ഒരു ശിലാവിഗ്രഹംപോലെ അവിടെ അവൾ നിന്നു.

രാജമോഹൻ:— "വെള്ളം കൊണ്ടുവരുവാനോ? ആരുടെ അനുവാദത്തോടുകൂടിയാണു പോയതു്?"

"ആരുടേയും അനുവാദത്തോടെയല്ല."

രാജമോഹനനു് ഇതിലധികം നിയന്ത്രണത്തിനു സാദ്ധ്യമല്ല.

രാജമോഹൻ;— "ആരുടേയും അനുവാദത്തോടെയല്ല. ഞാൻ ഒരു ആയിരംതവണ വിലക്കീട്ടില്ലെ."

അവൾ ശാന്തസ്വരത്തിൽ;— "ഉണ്ടു്."

"അസത്തെ, പിന്നെ എന്തുകൊണ്ടുപോയി."

യുവതി സാഭിമാനം.— "ഞാൻ അങ്ങയുടെ ഭാര്യയാണു്."

അവളുടെ മുഖം ചുവന്നു. ശബ്ദം ഇടറി. "പോകുന്നതു് ഒരപരാധമെന്നു എനിക്കു തോന്നിയില്ല. അതുകൊണ്ടാണു ഞാൻ പോയതു്."

ഇങ്ങനെ ധീരതയോടെ അവൾ പറഞ്ഞപ്പോൾ രാജമോഹൻെറ കോപാഗ്നി ജ്വലിച്ചു. "ഞാൻ പലപ്രാവശ്യം വിലക്കിട്ടില്ലെ." എന്നു പറഞ്ഞു മുന്നോട്ടു ചാടി ഒരുകൈകൊണ്ടു് അവളുടെ രണ്ടുകൈയ്യും കൂട്ടിപ്പിടിച്ചു് അടിക്കാൻ മറെറക്കൈ ഉയത്തി.

നിസ്സഹായയായ ഇവൾ ഇതൊന്നും അറിയുന്ന ഭാവമേയില്ല. ഒരു ചുവടുപൊലും അവൾ പിന്നോട്ടു മാറിയില്ല. പക്ഷെ ദീനമായ അവളുടെ നോട്ടം മന്ത്രശക്തികൊണ്ടെന്നപോലെ അയാളുടെ കൈയ്യിനെ ചലനരഹിതമാക്കി. അല്പം മൌനം ദീക്ഷിച്ചതിനുശേഷം കൈവിട്ടു് അയാൾ ഇങ്ങനെ ഒന്നലറി. "നിന്നെ ഞാൻ ചവുട്ടിക്കൊല്ലും." അധിക്ഷിപ്തയായ യുവതി ഇതിനും ഒരുത്തരവും പറഞ്ഞില്ല. കണ്ണുനീർ ധാരധാരയായി മാത്രം ഒഴുകി. മൌനമായി അവൾ അനുഭവിക്കുന്ന ദുരിതംകണ്ടു് ദുഷ്ടനായ അവൻ അല്പം ശാന്തനായി. പിന്നെ തല്ലാൻ ഒരുങ്ങിയില്ല. എങ്കിലും ശകാരവർഷം കുറച്ചില്ല. വായനക്കാരുടെ ശ്രദ്ധ പരീക്ഷിപ്പാൻ അവയെല്ലാം പകുത്തുന്നില്ല. ക്ഷമാവതിയായ അവൾ അവയെല്ലാം മൌനമായി സഹിച്ചു. ഒടുവിൽ രാജമോഹൻെറ കോപമെല്ലാം ശോന്നുപോയി. അപ്പോൾ അ

മ്മായിക്ക് അല്പം ധൈര്യമുണ്ടായി. മരുമകന്റെ ഭാര്യയുടെ കൈക്കുപിടിച്ച് ഒരു മുറിയിലേക്ക് അവളെ കൊണ്ടുപോയി. ആ നേരത്തെല്ലാം അവൾ രാജമോഹനെ ശകാരിക്കതന്നെ ചെയ്തു. അതുതന്നെ ചുററുംനോക്കിക്കൊണ്ടാണ്. രാജമോഹന്റെ കോപമാസകലം ശാന്തമായെന്നു കണ്ടപ്പോൾ മരുമകനു പലിശയും കൂട്ടി ശകാരം, മുതൽ മടക്കിക്കൊടുത്തു. രാജമോഹൻ തന്റെ സങ്കടങ്ങളെ ഓർത്തു വിഷമിക്കയായിരുന്നു. അമ്മായിയുടെ ശകാരംതന്നെ എന്തോ പുലമ്പുന്നു എന്നേ അയാൾ ധരിച്ചുള്ളു. അതിനു ഒരു പുതുമയൊന്നുമില്ലെന്നും അയാൾക്കറിയാം. ഇതിനുമുമ്പിലും അങ്ങനെ കേൾക്കാറുണ്ട്. അവർ രണ്ടുപേരും പിരിഞ്ഞു. അമ്മായി ഭാര്യയെ ആശ്വസിപ്പിക്കാനും രാജമോഹൻ ആരേയാണു നശിപ്പിക്കേണ്ടതെന്നാലോചിപ്പാനും പുറത്തേക്കു പോയി.

# ദക്ഷിണേന്ത്യയിലെ പാവനസരിത്തുകൾ

ഭക്തനായ ഒരു ഹിന്ദുവിനു് ഇവിടത്തെ നദികൾ ആരാധനയ്ക്കും തപസ്സിനും വിഷയമെന്ന് എണ്ണപ്പെടുന്നതു് സാധാരണമാണ്. വരണ്ടു് ഊഷരമായ പ്രദേശത്തേക്കു ജീവനംനൽകുന്നതിവയല്ലെ? ഇവയുടെ അഭാവത്തിൽ ജീവിതം സാദ്ധ്യമല്ല. മററുരാജ്യങ്ങളിൽ എന്നപോലെ ഇവ വലിയ നൗകകളെ ഉൾക്കൊള്ളുന്നില്ല. എങ്കിലും പിപാസാപീഡിതമായ ഒരു രാജ്യത്തെ ആശ്വസിപ്പിക്കുന്നു; രാജ്യത്തെ സമ്പന്നമാക്കുന്നു; അതിനെ ഫലഭൂയിഷ്ഠമാക്കുന്നു. നദിക്കുണ്ടാകുന്ന പരാജയം ജനങ്ങളുടെ നാശത്തിനുതന്നെ കാരണമാകുന്നു. തെക്കുപടിഞ്ഞാറൻ വർഷപാതക്കാററടിച്ചു നദികളെല്ലാം പെരുകി വയലുകളെ സേചനം ചെയ്തില്ലെങ്കിൽ വിളവുകളെല്ലാം ശൂന്യമാകയും തന്മൂലം ക്ഷാമദേവതയുടെ കരാളദംഷ്ട്രത്തിന്റെ ദംശനം സർവ്വജനങ്ങൾക്കും പററുമെന്നും അറിയാവുന്ന തദ്ദേശവാസികൾ നദീവിജൃംഭണത്തെ സദാ പ്രതീക്ഷിച്ചുതന്നെ കഴിയുന്നു. ഇൻഡ്യയുടെ ജീവനും ഓജസ്സും നദികൾതന്നെയാണ്. പരിസരപ്രദേശങ്ങളിൽ കാണുന്ന ജഡവസ്തുക്കളെക്കൂടി ദേവതാസങ്കല്പത്തിൽ ആചരിച്ചുപോരുന്ന ഒരു രാജ്യത്തു് അത്യന്തമഹിമയുള്ള നദികളെ ആരാധിക്കുന്നതു് അശേഷവും അസ്ഥാനത്തല്ല. ഈ നദികളിൽ ചിലതു മററുള്ളവയെ അ

പേക്ഷിച്ച് ആരാധനയ്ക്ക് അധികം അഹ്മെങ്കിലും പ്രായേണ എല്ലാ നദികളേയും ഭക്ത്യാദരങ്ങളോടെ വീക്ഷിച്ചുപോരുന്നുണ്ട്. എല്ലാ നദികളേയും സംബന്ധിച്ച് ഓരോസ്ഥലത്തും ആരാധനാപൂർവ്വകമായ ഉത്സവം നടത്തിവരാറുണ്ട്. ഗംഗ, ഗോദാവരി, കൃഷ്ണ, കാവേരി എന്നിവയിൽ അനവധി ഭക്തന്മാർ തീർത്ഥസേവനത്തിനായി എത്തുന്നുണ്ട്. നദീതീരങ്ങളിൽ പല സ്ഥലത്തും നദിദേവതയെ ആരാധിക്കുന്നതിനായി ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ക്ഷേത്രാധികാരികൾ ഇവയിലെ പൂജാദികൾ ക്രമമായി നടത്തിപ്പോരുന്നുമുണ്ട്. മാഹാത്മ്യമേറിയ ഈ നദികളിൽ മതപരമായ ആഘോഷം നിശ്ചിതകാലങ്ങളിൽ നടത്തിപ്പോരുന്നു. ഇതിൽ പങ്കുകൊള്ളുവാൻ ദീർഘയാത്രാപരിശ്രമവും സഹിച്ചു ലക്ഷക്കണക്കിന് ആളുകളെത്തുന്നു. ഈ കാലത്തു നദീസ്നാനം പാപഹരമെന്ന് ഇവർ പൂർണ്ണമായി വിശ്വസിക്കുന്നു. പാവനതയിൽ ഗംഗയ്ക്കാണ് അധികം പ്രാമാണ്യമുള്ളതു്. ഇതിൽ പക്ഷാന്തരവുമില്ല. ശുദ്ധാന്തഃകരണത്തോടെ ഗംഗയിൽ സ്നാനം ചെയ്യുന്നവർ അവർക്കുള്ള മഹിമ ഗംഗയുടെ അദൃശ്യപ്രഭാവംകൊണ്ടു സിദ്ധിച്ചതെന്നു വിശ്വസിക്കാറുമുണ്ട്. ഈ പരിശുദ്ധനദികളിൽ തീർത്ഥാടകരുടെ സ്നാനത്തിനു പുറമെ അല്പം ചില വിശ്വാസവും മററുപ്രകാരത്തിലും ഇവിടെ നിക്ഷിപ്തമത്രെ. ശരീരമനസ്സുകളുടെ ക്ഷീണദൂനതകൾക്കും ഈ തീർത്ഥങ്ങൾ പരിഹാരമാണ്. സന്താനലാഭം പ്രതീക്ഷിക്കുന്ന പല സ്ത്രീകളും നദീദേവതയെ അഭയംപ്രാപിക്കുന്നു. ശരീരാസ്വാസ്ഥ്യമുള്ള പലരും മതപരമായി നടത്തുന്ന മഘത്തിൽ ആരോഗ്യദായകമായ രഹസ്യമുണ്ടെന്നു വിശ്വസിക്കുന്നു. കച്ചവടക്കാർ വ്യാപാരവിജയത്തിന് ഈ അവസരത്തിൽ വഴിവാടുകഴിച്ചുപോരുന്നുണ്ട്. മഹാപാപശക്തികൊണ്ടു വലയുന്നു എന്നു വിശ്വസിക്കുന്നവർ മന്ത്രപൂർവ്വകമായി സ്നാനംചെയ്തു വിശുദ്ധിനേടുന്നു. ജീവിതം കലാശിക്കാറായ ചിലർ ആയുഃശേഷം ഗംഗാതീരത്തു കഴിക്കുന്നതിനു മോഹിക്കുന്നു. പാവനോല്പത്തിയേക്കുറിച്ചും ആതുരസംരക്ഷണശക്തിയെക്കുറിച്ചും ഉള്ള പല കഥകളും ഈ നദികളെക്കുറിച്ചുണ്ട്.

ജനങ്ങളുടെ അത്യധികമായ വിശ്വാസത്തിനും ഭക്തിക്കും വിഷയമായ പല നദികളും ദക്ഷിണേൻഡ്യയിലുണ്ട്. ഇവയിൽ കാവേരിയാണ് അതിപ്രധാനം. കൊടകിലുള്ള ഒരു ഉന്നതപർവ്വതത്തിൽനിന്നും കീഴോട്ടു പ്രവഹിക്കുന്ന ഒരു അരുവിയായിട്ടാണു തുടങ്ങുന്നതെങ്കിലും തഞ്ചാവൂരിൽ ചേന്ന ഒരു ത്രികോണസ്ഥലത്ത് അതിമന്ദമായി ഒഴുകുന്ന ഒരു നദിയാണു കാവേരി. കുടകുപർവ്വതത്തിൽനിന്നും പുറപ്പെട്ടു ബങ്കാൾ ഉൾക്കടലിൽ ചേരുന്നതിനിടയ്ക്കു മൈസൂർ രാജ്യത്തിൻെറ ദക്ഷിണപ്രദേശത്തെ

ധനാഢ്യമാക്കുകയും മദ്രാസ് പ്രസിഡൻസിയിൽ അനവധി ജനങ്ങൾക്കു ജീവനം നൾകുകയും ചെയ്യുന്നു. ഈ നദിയിൽനിന്നും ഒരുതുള്ളി വെള്ളം പോലും വ്യർത്ഥമായി വ്യയം ചെയ്യരുതെന്നുദ്ദേശിച്ചു മലയിൽനിന്നു വരുന്ന വെള്ളത്തെ നിയന്ത്രിച്ചു മരുഭൂമിയായി പോകുമായിരുന്ന പല സ്ഥലങ്ങളും ഫലാഢ്യമാക്കിത്തീർത്തിരിക്കുന്നു. കൃഷിക്കുപയുക്തമായ തോടുകൾ കൊണ്ടു മാത്രം തൃപ്തിപ്പെടരുതെന്നു കരുതി മൈസൂർ ഗവൺമേൻറു മഴക്കാലത്തുണ്ടാകുന്ന വെള്ളംപോലും സമുദ്രത്തിലേക്കു പോകാതെ ഒരു തടാകം നിർമ്മിച്ച് അതിൽ സംഗ്രഹിച്ചിരിക്കുന്നു. കണ്ണംബാഡിയിൽ ഉള്ള ഒരു അണകാവേരിയിലെ ജലം അധികോപയോഗമുള്ളതാക്കിയിരിക്കുന്നു. കാവേരിയെ ആശ്രയിച്ചുതന്നെ അനവധി ജനങ്ങൾ കഴിഞ്ഞുകൂടുന്നു. ഹൃദയപൂർവ്വം വിശ്വസിച്ചിട്ടുള്ള ആളുകളെ ചതിച്ചതായി കാവേരിയുടെ ചരിത്രത്തിൽ കാണുകയില്ല. അനിശ്ചിതപ്രവാഹമുള്ളതെങ്കിലും വർഷപാതം കൊണ്ടുള്ള ജലസമൃദ്ധി ഒരിക്കലും പരാജയപ്പെടാറില്ല. സകല വർഗ്ഗക്കാരും ഈ നദിയെ ആരാധിക്കാറുണ്ട്. കാവേരിയുടെ ഉല്പത്തി ദേവാംശസംഭവമെന്നു വിശ്വസിച്ചിരിക്കുന്നു. ആഗ്നേയപുരാണത്തിലും സ്കന്ദപുരാണത്തിലും അതിവിപുലമായി മനോഹരമായി വർണ്ണിച്ചിട്ടുണ്ടെങ്കിലും ഇവിടെ അങ്ങനെ ചെയ്യുന്നതു് അനുചിതമെന്നു കരുതി അതിൻെറ ഒരു ചുരുക്കം മാത്രം ചേർക്കാമെന്നു വിചാരിക്കുന്നു. ബ്രഹ്മാവിൻെറ പുത്രിയായ വിഷ്ണുമായ പിതൃരാജ്ഞയാൽ ലോപാമുദ്രയെന്ന പേരിൽ ഭൂലോകത്തിൽ അവതരിച്ചു. അനന്യസാധാരണമായ സൗന്ദര്യം ഈ ദേവിയിൽ കണ്ടിരുന്നു. വനസ്ഥലീസതങ്ങളുടെ ഉൽകൃഷ്ടാംശംകൊണ്ടാണിവളുടെ സൃഷ്ടിയെന്നു പറയപ്പെടുന്നു. സൗന്ദര്യം വർണ്ണനാതീതമെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഈ മനോഹരിയെ കാവേരിമുനിക്കു ദത്തുകൊടുത്തു. ഈ മുനി ബ്രഹ്മാവിനെ തപസ്സുചെയ്തു സ്വാധീനമാക്കി ഇച്ഛാനുസരണം ഏതു വരവും വരിക്കാൻ അർഹനായി. ഇങ്ങനെ ലോപാമുദ്ര ഈ മുനിയുടെ പുത്രിയായി. അതിനാൽ ലോപാമുദ്രയ്ക്കു കാവേരിയെന്നു പേർ സിദ്ധിച്ചു. പാപമോചനവും ശാന്തിയുമത്രെ മഹർഷി പ്രാർത്ഥിച്ച രണ്ടു വരങ്ങൾ. ഇതിനായി ബ്രഹ്മാവ് ഇങ്ങിനെ കല്പിച്ചനുഗ്രഹിച്ചു. "അല്ലേ, മകളെ, ഭാഗ്യവതി, നീ ഈ യോഗിയുടെ പുത്രിയായി ഭവിക്കും. നീ ഒരു നദിയായും ഭവിക്കും. നീ കാവേരിയെന്നറിയപ്പെടുകയും ചെയ്യും. അതിനാൽ നീ ലോകത്തേ പാപവിമുക്തമാക്കി പാവനമായ അനുഗ്രഹംകൊണ്ടു കൃതാർത്ഥമാക്കും. നിൻെറ ദേവാംശത്തെ രണ്ടായി വിഭജിച്ച് ഒന്നിനു ലോപാമുദ്രയെന്നും മറേറതിനു കാവേരിയെന്നും ഉള്ള പേർകൊണ്ട് ലോകം അറിയട്ടെ. ലോപാമുദ്രയെ വിന്ധ്യാടവീവാസിയായ അഗസ്ത്യൻ വേൾക്കട്ടെ. കാവേരി ലോകത്തെ ഭരിക്കട്ടെ." ഇങ്ങനെ മനുഷ്യാംശമായ ലോപാമുദ്രയെ

വിന്ധ്യനിൽ തപസ്സുചെയ്യുന്ന അഗസ്ത്യമഹർഷി വിവാഹം ചെയ്തു. ദേവാംശമായ കാവേരിനദിയായും പ്രവഹിച്ചു. ഇങ്ങനെ തുടൎന്നുപോകുന്ന കഥയുടെ അന്ത്യത്തിൽ ഇങ്ങനെ കാണുന്നു. ബ്രഹ്മാവു് ഒരിക്കൽകൂടി പ്രത്യക്ഷനായി ഇങ്ങനെ അരുളിച്ചെയ്തു. "അഹോ, കാവേരി, നിന്റെ ഭാഗ്യതാരം സമുദയം ചെയ്തിരിക്കുന്നു. ആസമുദ്രം പ്രവഹിക്കാനുള്ള ശുഭകാലമത്രെ ഇതു്. ഇന്നുമുതൽ ദക്ഷിണ ഗംഗയെന്നു നീ അറിയപ്പെടും. ബ്രഹ്മാവിന്റെ തീൎത്ഥകുണ്ഡികയിൽനിന്നു പുറപ്പെട്ടു വിഷ്ണുപാദങ്ങളെ സേചനം ചെയ്തു സ്നാനക്കാൎക്കു മോക്ഷവുമരുളി ചിരംജീവിയായി വാഴ്ക." സമുദ്രസംഗംകൊണ്ടു നെടുമംഗല്യയായി തീൎന്നു. അന്നു ദേവകൾ ദുന്ദുഭി മുഴക്കി, പുഷ്പവൃഷ്ടിചെയ്തു.

ഈ നദി പ്രവഹിക്കുന്ന സ്ഥലം രസാവഹമായ പല കഥകൾക്കും വിഷയമത്രെ. മതഭക്തന്മാൎക്കും ചരിത്രസക്തന്മാൎക്കും ഒരുപോലെ ഹൃദയസ്പൃൾകങ്ങളായ പല സ്ഥലങ്ങളും ഈ നദിയുടെ തീരത്തുണ്ടു്. ഈ നദിയുടെ അന്ത്യഘട്ടത്തെ സമീപിച്ചു തീരവൎത്തിയായ ശ്രീരംഗം തീൎത്ഥാടകരുടെ ഒരു മുഖ്യ സങ്കേതമാണു്. ഇതുപോലുള്ള മററനവധി സങ്കേതങ്ങളുമുണ്ടു്. ചരിത്രപ്രസിദ്ധമായ സെറിങ്ങപട്ടണവും തൃച്ചിനപ്പിള്ളിയും ഇതിന്റെ തീരത്തുതന്നെയാണു്. ഈ നദിയിൽ പല വെള്ളച്ചാട്ടങ്ങളുമുണ്ടു്. അവയിൽ പ്രധാനം ശിവസമുദ്രമത്രെ. ഇവിടെ വിദ്യുത്പ്രവാഹത്തിനു വേണ്ട സജ്ജീകരണം ചെയ്തിരിക്കുന്നു. പോഷകനദികൾ കാവേരിയോളം അത്ര പാവനമല്ലെങ്കിലും ഭക്തലോകം അവയേയും ആരാധിച്ചുപോരുന്നുണ്ടു്.

കാവേരിയെക്കുറിച്ചു ജനങ്ങളുടെയിടയിൽ കാണുന്ന ഭക്തിവിശേഷം തികച്ചും കൃഷ്ണയെക്കുറിച്ചുണ്ടെന്നു പറവാൻ തരമില്ല. എങ്കിലും അതിന്റെ തീരത്തു അനവധി പുണ്യസ്ഥലങ്ങളുണ്ടു്. ഒരു വ്യാഴവട്ടം ഇടവിട്ടുവരുന്ന പുഷ്കരം എന്ന മഹോത്സവത്തെ ആദരിച്ചു ഈ നദിയുടെ പ്രവാഹസ്ഥാനങ്ങളിലെല്ലാം ആരാധന നടത്തുന്നുണ്ടു്. കൃഷ്ണാനദി പശ്ചിമഘട്ടത്തിൽ മഹബലീശ്വരത്തിനു സമീപത്തുനിന്നുത്ഭവിക്കുന്നു. ആദ്യം ദക്ഷിണാഭിമുഖമായി പ്രവഹിക്കും. അനന്തരം കിഴക്കോട്ടുതിരിഞ്ഞു ബങ്കാൾ ഉൾക്കടലിൽ ചേരുകയും ചെയ്യുന്നു. ഇതിനു് അനവധി പോഷകനദികളുണ്ടു്. ഏതാണ്ടൊരു പാവനസങ്കല്പം ഇവ ഓരോന്നിലും ആചരിച്ചുപോരുന്നു. തുംഗഭദ്ര എല്ലാവിധത്തിലും ഇവയിൽ പ്രാധാന്യമേറിയതുമത്രെ. പോഷകനദി പ്രധാനനദിയോടു് സംബന്ധിക്കുന്ന എല്ലാ സ്ഥാനങ്ങളും പാവനമെന്നു സങ്കല്പിച്ചുപോരുന്നു. യീനകൃഷ്ണയോടു സന്ധിക്കുന്ന മഹുളി എന്ന സ്ഥലത്തു ഒരു ക്ഷേത്രമുണ്ടു്. ചില അവസരങ്ങളിൽ അവിടെ ബഹുജനങ്ങൾ സന്ധിച്ചുപോരുന്നു. ഇതുപോലു

ലുള്ള സ്ഥാനങ്ങൾ വേറേയുമുണ്ട്. കൃഷ്ണാനദിയുടെ പ്രവാഹം വിവിധരൂപത്തിലത്രെ. ചിലപ്പോൾ അതിവേഗത്തിൽ ഒഴുകി തീരപ്രദേശങ്ങളെ കരത്തി മറിക്കുന്നു. ചില ദിക്കിൽ വളരെ ശാന്തമായി പ്രവഹിക്കുന്നു. ഫലശൂന്യമായ ദിക്കുകളെ ഉർവ്വരമാക്കുന്നതിന് ഇതിൽ അണകെട്ടി ജലസേചനം നടത്തുന്നുണ്ട്. നദീതീരത്തുള്ള ഒരിടം അതിമനോഹരമായ പ്രകൃതിവിലാസത്തോടുകൂടിയതാണ്. കൃഷ്ണാനദി ദക്ഷിണോന്നതതടത്തെ പിന്നിടുന്ന സ്ഥാനത്തുള്ള ഒരു നീർച്ചാട്ടത്തെ കണ്ണൽമിഡോടെയിലർ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു. "ഏകദേശം മൂന്നുമൈൽ അകലത്തിനിടയിൽ ഈ നദി നാന്തുറ് അടിയോളം പതിക്കുന്നു. ഈ ജലപാതം ലംബരൂപത്തിലല്ല. നദിയിൽ വെള്ളപ്പൊക്കമുണ്ടാകുന്ന കാലത്തു അരമൈൽ വീതിയുള്ള ഒരു ജലപാതമായിത്തീരുന്നു. ഈ ഘട്ടത്തിൽ ഇവിടത്തെ കാഴ്ച അതിമനോഹരമെന്നേ പറവാനുള്ളു. മുപ്പതുമൈൽ അകലത്തുനിന്നാൽ വ്യക്തമായി കേൾക്കത്തക്ക ആരവത്തോടെ ചരിഞ്ഞുകിടക്കുന്ന പാറമേൽ കൂടി ധാരാളമായി ഒഴുകുന്നു, പാറമേൽ അടിച്ചുണ്ടാകുന്ന പത ആകാശത്തിൽ ഉയൎന്ന മേഘമെന്നോണം കാണപ്പെടുന്നു. വിഷമരൂപത്തിൽ സ്ഥിതിചെയ്യുന്ന ചരിവും വലിയ പാറകളും അവിടെ ഉണ്ടായിട്ടുള്ള വിലങ്ങളും ഈ പതനത്തിൻെറ അത്ഭുതകാഴ്ചയെ വൎദ്ധിപ്പിക്കുന്നു. കാററിൻെറ ഗതിഭേദത്താൽ വിവിധരൂപത്തിലുള്ള മഴവില്ലുണ്ടാകുന്നു, വെള്ളപ്പൊക്കമുണ്ടാകുന്നകാലത്ത് ഇത്ര ഭംഗിയുള്ള ഒരു വെള്ളച്ചാട്ടം ഭൂലോകത്തെങ്ങും തന്നെ കാണുകയില്ല." കൃഷ്ണയുടെ ഏററവും പ്രധാനമായ പോഷകനദി തുംഗഭദ്രയെന്ന് മുൻപേ പറഞ്ഞിട്ടുണ്ടല്ലോ. തുംഗ എന്നും ഭദ്ര എന്നും പ്രത്യേകം പേരുള്ള രണ്ടു നദികൾ ചേൎന്നാണു ഈ പോഷകനദി ഉണ്ടായിട്ടുള്ളതു്. ഇവ രണ്ടും പശ്ചിമഘട്ടത്തിൽനിന്നും ഉത്ഭവിക്കുന്നു. ഷിമോഗയ്ക്കടുത്തു കൂഡലി എന്ന ദിക്കിലാണു ഇവ സന്ധിക്കുന്നതു്. ഇവയുടെ ആദ്യഘട്ടം പല കഥകൾക്കും വിഷയമാണ്. ഒരു പുരാണത്തിൽ ഇങ്ങനെ ഒരു കഥയുണ്ട്:— ഒരു മഹൎഷിയുടെ പുത്രൻ ഭൂമിയെ മുഴുവൻ ചുരുട്ടിയെടുത്തു പാതാളത്തിലേക്കുപോയി. യാഗാദികൎമ്മങ്ങൾക്ക് ഇടമില്ലാതായതുകൊണ്ടു ബ്രാഹ്മണർ വിഷമിച്ചു. ദേവന്മാൎക്കും ഹവിർഭാഗം കിട്ടാതായി. ഇവരെല്ലാംകൂടി വിഷ്ണുവിൻെറ അടുക്കൽപോയി സങ്കടനിവേദനം ചെയ്തു. വിഷ്ണു ഇവരിൽ പ്രീതനായി ഹിരണ്യാക്ഷനിൽനിന്നു ഭൂമി വീണ്ടെടുപ്പാൻ പാതാളത്തിൽ പോയി. വരാഹരൂപം ധരിച്ച ഭഗവാൻ ദേവന്മാൎക്കു ദുഷ്കരമായ ഈ കൎമ്മംചെയ്തു ഭൂമിയെ വീണ്ടെടുത്തു. സ്വേദം അദ്ദേഹത്തിൻെറ തേററവഴി ഒലിച്ചുതുടങ്ങി. പൎവ്വതോപരി സ്ഥിതിചെയ്ത വരാഹത്തിൻെറ ഇടത്തേ തേററ വഴി പ്രവഹിച്ചതു തുംഗയും വലതുതേററവഴി പ്രവഹിച്ചതു ഭദ്രയുമെന്നാണു കഥ. ഇവയുടെ തീരത്തിലുള്ള പ്രകൃതിയുടെ ഭംഗി

അത്ത്യാകൎഷമത്രെ. തുംഗയുടെ തീരത്തുള്ള പാവനസ്ഥലം ശൃംഗേരിയാണ് കാവേരിതീരത്തുള്ള ശ്രീരംഗത്തോടു ഇതിനു സാമ്യമുണ്ടു്. പുരാതനപ്രസിദ്ധമായ വിജയനഗരരാജധാനിയുടെ വടക്കുവശത്തുകൂടി ഒഴുകുന്ന തുംഗഭദ്ര വെറും വനസ്ഥസൗന്ദൎയ്യത്തിനു പാത്രമാണ്. അതിനുശേഷം അധികദൂരത്തല്ലാതെ കൃഷ്ണയോടു ചേരുന്നു.

ഗോദാവരി കാവേരിയോടു പാവനതയിൽ ഒട്ടും കുറവുള്ളതല്ല. ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചു നാസിക്കിൽ നടത്തുന്ന ഉത്സവാഘോഷം അതിപ്രശസ്തമാണ്. ഗംഗയുടേയും ഗോദാവരിയുടേയും ഉത്ഭവസ്ഥാനം ഒന്നാണെന്നുജനങ്ങളുടെ ഇടയിൽ വിശ്വാസമുണ്ടു്. പക്ഷെ ഗോദാവരി ഇവിടെ എത്തുന്നതുവരെ അന്തൎവാഹിനിയാണത്രെ. ചിലപ്പോൾ ഇതിനു വൃദ്ധഗംഗ എന്നും പേരുണ്ടു്. ഈ നദിയുടെ എല്ലാ വിഭാഗവും ആരാദ്ധ്യമാണ്. പുഷ്കരം തുടങ്ങിയാൽ അന്നത്തെ ഗോദാവരീതീൎത്ഥം സകല മഹാപാതകത്തേയും ക്ഷാളനം ചെയ്യും. തീൎത്ഥാടനക്കാർ പതിവായി എത്തുന്ന സ്ഥലങ്ങൾ:— ഉത്ഭവസ്ഥാനം, ഇതു ട്രിംബക്കിനു സമീപമാണ്. ഇടതുകരയിൽ ഭദ്രാചലം, രാജമന്ത്രിയിൽനിന്നു നൂറുമൈൽ മുകളിൽ സ്ഥിതിചെയ്യുന്നു. ഇവിടെ ഒരു മഹാക്ഷേത്രമുണ്ടു്. രാജമന്ത്രി കൊട്ടിപള്ളി ഇവയും പുണ്യസ്ഥലങ്ങളാണ്. ഈ നദിയുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കി പറയാം.

ബ്രഹ്മാവു വാമനന്റെ കാൽ കഴുകുന്നതിനു വെള്ളമൊഴിച്ചുകൊടുത്തു. അതു നാലുപാടും അനിയന്ത്രിതമായൊഴുകി. ഈ പ്രവാഹത്തെ ശിവൻ ജടയിൽ താങ്ങി. ട്രിംബക് എന്ന സ്ഥലത്തു് ഗൗതമന്റെ ആശ്രമമുണ്ടായിരുന്നു. ഗംഗയെ ഭൂലോകത്തിൽ അവതരിപ്പിക്കണമെന്നു ബ്രാഹ്മണർ ഗൗതമനോടപേക്ഷിച്ചു. പക്ഷെ അദ്ദേഹം അപേക്ഷയെ നിരസിച്ചതേ ഉള്ളു. ഗൗതമന്റെ കൃഷിസ്ഥലത്തു മേയുവാനായി പാൎവ്വതി കാമധേനുവിനെ അയച്ചു. ഗൗതമൻ ഒരു വടിയെടുത്തു പശുവിനെ അടിച്ചോടിച്ചു. അടികൊണ്ടു പശു മരിച്ചു. ഇതു് ഒരു മഹാപാപമായിത്തീൎന്നു. ഗൗതമൻ മഹാദേവന്റെ കോപത്തിൽനിന്നു രക്ഷപ്പെടാൻ തപസ്സു തുടങ്ങി. ശിവൻ ഗൗതമന്റെ തപസ്സുകൊണ്ടു പ്രീതനായി ഗംഗയെ ഭൂമിയിലേക്കു വിട്ടു.

ഈ നദീതീരത്തിൽ അനവധി നല്ല ക്ഷേത്രങ്ങളുണ്ടു്. അനവധി തീൎത്ഥാടനക്കാർ ഇവയുടെ ദൎശനത്തിനെത്താറുണ്ടു്. മററു രണ്ടു നദികളെ അപേക്ഷിച്ചു ഗോദാവരിക്കു വലുപ്പമേറും. ചെറിയ ബോട്ടുകൾക്കു വള

രെ ദൂരം ഇതിൽ സഞ്ചരിക്കാം. കൃഷികരുടെ ആവശ്യത്തിനു അനവധി തോട്ടുകൾ ഉണ്ടാക്കീട്ടുണ്ടു്. അവയെല്ലാം സഞ്ചാരക്ഷമങ്ങളുമത്രെ. വിവിധതരത്തിൽ ഉള്ള പ്രദേശങ്ങളിൽക്കൂടിയാണു് ഗോദാവരിയൊഴുകുന്നതു്. പൂർവ്വഘട്ടത്തെ കടക്കുന്ന സ്ഥലം പാറനിറഞ്ഞ പ്രദേശമാണു്. തീരത്തോടടുക്കുമ്പോൾ കൈവഴികളായിത്തിരിഞ്ഞു ത്രികോണസ്ഥലങ്ങൾ ഉണ്ടാക്കിക്കൊണ്ടാണു സമുദ്രത്തിൽ ചേരുന്നതു്. ഈ ത്രികോണസ്ഥലത്താണു യൂറോപ്യന്മാർ ആദ്യം കുടികയറിയതു്. ത്രികോണസ്ഥലത്തുള്ള തോട്ടുകൾ മണ്ണുവീണു കൂടക്കൂടെ നികന്നുപോകും. കാവേരി, കൃഷ്ണ, ഇവയുടെ പോഷകനദികൾ, ഗോദാവരി എന്നീ വലിയ നദികൾ ദക്ഷിണഇൻഡ്യയിൽ ഉള്ള ജനങ്ങൾക്കു സുഖസമൃദ്ധിയും അനുഗ്രഹവും നൽകുന്നു. അതിനാൽ ഇവയോടു ജനങ്ങൾക്കു ഭക്തിയും നന്ദിയും ഒരുപോലെ വികസിച്ചു. അതിനാലാണു് അവയുടെ പ്രവാഹസ്ഥലങ്ങൾ ആരാധനാർഹങ്ങളായതു്. ജീവസന്ധാരണം ചെയ്യുന്ന നദികളെ ഭക്തിയോടെ പൂജിച്ചുസല്ക്കരിക്കുന്ന രീതി അത്യന്തം മനോഹരംതന്നെ.

## രണ്ടു ശാകുന്തളങ്ങൾ

### (മൂന്നാമങ്കം.)

(പി. ആർ. നീലകണ്ഠൻ നായർ.)

"തതഃപ്രവിശതി കുശാനാദായയജമാനശിഷ്യഃ."

"അനന്തരം ദർഭപ്പുല്ലുമായി ഒരു യജ്വശിഷ്യൻ പ്രവേശിക്കുന്നു."

"ദർഭക്കെട്ടെടുത്തുകൊണ്ടു് യജമാനശിഷ്യൻ പ്രവേശിക്കുന്നു." ഈ അങ്കത്തിലെ വിഷ്കംഭാരംഭത്തിൽ കാണുന്ന വാക്യമാണു് മുകളിൽ കാണുന്നതു്. യജമാനശിഷ്യഃ എന്നതിനു് യജ്വശിഷ്യനെന്നായാൽ നല്ല മലയാളമായി എന്നാണോ വെച്ചിരിക്കുന്നതു്? രണ്ടാമതായിക്കാണുന്ന തജ്ജിമയിൽ 'തതഃ' എന്ന ശബ്ദം ഉപേക്ഷിച്ചുമിരിക്കുന്നു. 'കുശാനാദായ' 'ദർഭപ്പുല്ലുമായി' എന്നും 'ദർഭക്കെട്ടെടുത്തുകൊണ്ടു്' എന്നും തജ്ജിമചെയ്തിട്ടുണ്ടു്. ഒന്നാമതായിക്കാണുന്ന തജ്ജിമയിൽ ആദായ എന്നതിനു് ആയി എന്നു മാത്രമാണു്. നിസ്സാരമായ ഈ കാര്യം ഇത്ര വളർത്തി പറയേണ്ട ആവശ്യമില്ല. എന്തായാലും വിഷ്കംഭം അങ്ങനെ കഴിയട്ടെ. വിഷ്കംഭം എന്നാൽ എന്തെന്നോ അതിന്റെ രൂപാന്തരങ്ങളോ വിവരിച്ചു വായനക്കാരെ സഹായിക്കേണ്ട ഭാരം വ്യാഖ്യാതാക്കൾ ഉപേക്ഷിച്ചതു നന്നായില്ല.

"ജാനേ തപസോ വീര്യം സാബാലാ പരവതീതി മേ വിദിതം
അലമസ്മി തതോ ഹൃദയം തഥാപിനേദം:നിവർത്തയിതും".

അറിയാം തപോബലം മേ
പരവതിയാക്കൊച്ചുമങ്കയെന്നതുമേ
എങ്കിലുമിവനാളല്ലീ
യെങ്കരളിനെയവളിൽനിന്നു പിന്മാററാൻ
അറിവേൻ തപോബലം ഞാൻ
പരവതിയാപൈതലെന്നു മറിയാം മേ
പരമെങ്കിലുമാളല്ലീ
ക്കരളവിടന്നൊന്നു പിന്തിരിച്ചീടാൻ.

തപോബലവും ആ കൊച്ചുമങ്ക പരവതിയെന്നതും മേ അറിയാം ഇനിയൊരു 'മേ' കൂടിക്കാണുന്നുണ്ട്. അതു് 'ഏ' എന്ന നിപാതം ആ ണ്. അതിനു വല്ല ആവശ്യവുമുണ്ടോ? അതില്ലെങ്കിലും അർത്ഥദോഷ മില്ല. ഉള്ളതുകൊണ്ടു് വിശേഷവിധിയായി ഒന്നും കിട്ടുന്നുമില്ല. എങ്കിലും അക്ഷരം തികയാൻ ഉപകരിക്കുന്നുമുണ്ടു്. ഞാൻ തപോബലം അറിവേൻ ആ പൈതൽ പരവതി എന്നുമേ അറിയാം. ഇതല്ലെ മൂലത്തോടു് അ ധികം യോജിച്ചതു്.

"അവളിൽനിന്നു പിന്മാററാൻ" എന്നതിനു തപസ്വിയും ശകുന്തള യുടെ ഗുരുവുമായ കണ്വൻ തിരിച്ചുവരുന്നതുവരെ അടക്കി നിർത്തുവാൻ എ ന്നു മാരാരും "എങ്കിലും" എന്നതിൻെറ താല്പര്യം ഗുരുജനമായ കണ്വമഹ ർഷി വന്നതിനുശേഷം അദ്ദേഹത്തിൻെറ സമ്മതത്തോടുകൂടിയല്ലാതെ കാ ര്യം സാധിപ്പാൻ നിവൃത്തിയില്ലെന്നറിഞ്ഞിട്ടും എന്നു നമ്പൂരിയും വ്യാഖ്യാ നിച്ചിരിക്കുന്നു. എന്താണിങ്ങനെ വന്നതു്? താപസവീര്യവും ശകുന്തളയു ടെ പരവതിയെന്ന നിലയും അറിഞ്ഞവരെല്ലാം കരളു പിന്തിരിക്കയാണു വേണ്ടതു്. അതു് എനിക്കു സാദ്ധ്യമാകുന്നില്ല. എന്നായാലല്ലെ അധി കം നല്ലതു്?

"ഇതിനുശേഷം ഒരു ചെറുഗദ്യവും ഒരു മാലിനീപദ്യവുംകൂടി പു സ്തകങ്ങളിൽ കാണുന്നുണ്ടു്. സർവ്വഥാ ബാലിശങ്ങളും നട്ടുച്ചയ്ക്കു ചന്ദ്രനെ ക്കൊണ്ടുവന്നതുകൊണ്ടു് സന്ദർഭാനുചിതങ്ങളുംകൂടി ആയ ഈ വാക്യങ്ങൾ കാളിദാസൻ കൈക്കൊള്ളുന്നവയല്ല." ഇത്രയുംപറഞ്ഞ മാരാരു് ആ ഭാ ഗം തർജ്ജിമചെയ്തു വ്യാഖ്യാനത്തിനു പതിച്ചിട്ടിരിക്കുന്ന സ്ഥലത്തു് വിള വെറുക്കി. വള്ളത്തോൾ തർജ്ജിമചെയ്യുന്നതിനുമുമ്പു് ഈ പരാവർത്തനം കണ്ടിരുന്നു എങ്കിൽ അദ്ദേഹം ആ ഭാരം മുഴവനും മാരാരെ ഏല്പിക്കുമായി

ന്നു. 'സർവ്വഥാ ബാലിശങ്ങൾ' എന്നു മാരാരു കണ്ണടച്ചുപറയുന്നു. എങ്ങനെയാണു ബാലിശമായതു്. ബാലിശലക്ഷണമെന്തു്? 'നട്ടുച്ചയ്ക്കു ചന്ദ്രനെക്കൊണ്ടുവന്നു' പോലും, ആ സമയത്തു് ചന്ദ്രനെക്കാണുവാനിടയില്ല എന്നായിരിക്കാം മാരാരുടെ യുക്തി. കാമദേവനെ എപ്പോഴും കാണാമല്ലൊ. പോരയെങ്കിൽ പ്രകൃതമദ്ധ്യാഹ്നത്തിനു് അല്പം മുമ്പാണു് രാജാവിനു ശകുന്തളാനുരാഗം അങ്കുരിച്ചതു്. അതിനാൽ ചന്ദ്രസ്മരണയ്ക്കവകാശമില്ലെന്നും പറയുന്ന മാരാരുടെ ഔദ്ധത്യത്തിനു നമസ്കാരം. മി: പിഷാരടി പുസ്തകത്തിൽ കണ്ടതു തർജ്ജിമചെയ്യാതെ ചേർത്ത ഭാഗത്തെ നമുക്കിവിടെ ചിന്തിക്കതന്നെ വേണ്ട.

രാജാവു ചുററിനടന്നു തൻെറ ഇപ്പോഴത്തെ നിലയെ വിശദപ്പെടുത്തുന്നു. അനന്തരകരണീയവും ഉറയ്ക്കുന്നു. അപ്പോഴാണു് മന്ദമാരുതസ്പർശമുണ്ടാകുന്നതു്.

"ശക്യമരവിന്ദസുരഭിഃകണവാഹീ മാലിനീതരംഗാണാം
അംഗൈരനംഗതപ്തൈരവിരളമാലിംഗിതും പവനഃ"

"മതിയാവോളം പുണരാം
മലരമ്പച്ചൂടിയന്ന ഗാത്രത്താൽ
മാലിനിയലനീർത്തുള്ളിയു-
മേടലർമണവും കലന്ന തെന്നലിനെ."

"കഴിവുണ്ടിഹ മാലിനീതരംഗ-
ത്തരിചേൎന്നും നവപത്മഗന്ധമാൎന്നും.
മൃദുവായുവരുന്ന തരംഗജത്തി-
യെരിയും മെയ്യിലണച്ചു പൂണ്ടുകൊൾവാൻ."

ഒന്നാമത്തെ തർജ്ജിമശ്ലോകം വള്ളത്തോളിൻെറ രചനാസൌന്ദൎയ്യത്തിനു ഉദാഹരിച്ചിട്ടുള്ളതാണു്. ഈ സൌന്ദൎയ്യവൎണ്ണനയ്ക്കു സൎവ്വഥാ അർഹമായ ഒന്നാണു് ഈ പദ്യമെന്നതിനും സംശയമില്ല. അൎത്ഥപുഷ്ടിയാൽ അനുഗൃഹീതമാകാത്ത വെറും ശബ്ദസൌഭാഗ്യം പോരാ എന്നും അവതാരികാകാരൻ പറയുന്നുണ്ടു്. അൎത്ഥപുഷ്ടി മൂലത്തിലുണ്ടു്. കൃശവിഭവയായ കൈരളി അൎത്ഥപുഷ്ടി ചോൎന്നുപോകാതെ സൂക്ഷിച്ചാൽ മാത്രം മതി. ഇവിടെ മി: വള്ളത്തോളിനു് അല്പം തെററുപററിയോ എന്നു സംശയിക്കുന്നു. "പ്രിയാദൎശനമൊഴിച്ചു മറെറന്തുള്ളു എനിക്കു ശരണം." എന്നു പറയുന്ന രാജാവു് "മലരമ്പുച്ചൂടിയന്ന ഗാത്രത്താൽ മതിയാവോളം പുണരാൻ" ഭാവിക്കുന്നു. ഈ "തെന്നലിനെ" എത്ര പുണൎന്നാലും മലരമ്പച്ചൂടു് ഏറുകയല്ലാതെ കുറയുമെന്നു തോന്നുന്നില്ല. അപ്പോൾ മതിയാവുകയുണ്ടോ? മതിയാ

വോളം എന്ന തർജ്ജിമ 'ശക്യം' എന്ന പദത്തിനുള്ളതാണ്. ശക്യപദം കൊണ്ടു് അർത്ഥപുഷ്ടി വരുത്തിയിരിക്കുന്ന ദിക്കിൽ ശബ്ദഭംഗിക്കുവേണ്ടി മതിയാവോളം എന്നു പ്രയോഗിച്ചാൽ അവതാരികാകാരൻകൂടി സമ്മതിക്കുന്ന സൌന്ദര്യം ചോൎന്നുപോകും. അജീൎണ്ണിക്കു തൃഷ്ണയുണ്ടാകാം. വെള്ളമെത്രകുടിച്ചാലും മതിയാവുകയില്ല. അജീൎണ്ണം രോഗവും തൃഷ്ണ ഉപദ്രവവുമാണ്. അതുപോലെ ഇവിടെ കാമപീഡരോഗവും തപ്താംഗത്വം ഉപദ്രവവുമത്രെ. ഉപദ്രവത്തെ മാത്രം ലക്ഷ്യമാക്കി ചികിത്സിക്കുന്നവൻ വൈദ്യനല്ലെന്നുവരും. മതിയാവോളം മന്ദമാരുതസേവന എന്ന മരുന്നു് ഉപദ്രവത്തിനുള്ളതത്രേ. രാജാവുതന്നെ രോഗം വിധിക്കുന്നുണ്ടു്. മരുന്നും നിശ്ചയിച്ചു. മി: വള്ളത്തോൾ എന്തിനാണതു മാറിയതു്?

മി: പിഷാരടിയുടെ തർജ്ജിമ അർത്ഥഹാനിവരാതെ കഴിച്ചിട്ടുണ്ടു്. പക്ഷെ വള്ളത്തോളിന്റെ ശബ്ദസൌന്ദര്യം കിട്ടീട്ടില്ല.

മന്ദമാരുതനുമേററു് എത്രനേരം അവിടെനിന്നു എന്നൊന്നും അറിഞ്ഞുകൂടാ. ചുററിനടന്നു ശകുന്തള ഇരിക്കുന്ന ദിക്കു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. ലതാമണ്ഡപം ശകുന്തളയുടെ അഭയസ്ഥാനമെന്നു അനുമാനിക്കുന്നു.

"അഭ്യുന്നതാ പുരസ്താദവഗാഢാജഘനഗൌരവാൽ പശ്ചാൽ
ദ്വാരേസ്യപാണ്ഡുസികതേപദപംക്തിർദൃശ്യതേഭിനവാ."

"മുന്നിൽപ്പൊക്കമിയന്നും
പിന്നിൽ ശ്രോണീഫലത്തിനാൽത്താഴ്ന്നും.
കാണാകുന്നുണ്ടൊരു പുതു-
കാലടിവരിയിപ്പടിക്കൽ വെണ്മണലിൽ."
"മുന്നോട്ടുയൎന്നുകൊണ്ടും
പിന്നിൽ ശ്രോണീഭരത്തിനാൽ താണും
വെണ്മയമാമിതിനുടെ
മുന്നിൽക്കാണുന്നു പുതിയ കാലടികൾ"

"മുന്നോട്ടുയൎന്നുകൊണ്ടും" എന്ന തർജ്ജിമ ആ ഉയർച്ചയുടെ ക്രമീകൃതസ്വഭാവത്തെ—കുറച്ചു കുറച്ചു പൊങ്ങിക്കൊണ്ടു്—എന്നു് ഉദ്ദേശിച്ചിട്ടുണ്ടോ? എന്നാൽത്തന്നെ "ഉയൎന്നുകൊണ്ടും, താണും" "മുന്നോട്ടു്, പിന്നിൽ" എന്നുള്ള പ്രയോഗം ഒരുപോലുള്ള തൂക്കംനില്ക്കുന്നവയല്ല. അതു് ഭംഗിക്കുറവിനു കാരണമാണു്. "ഇതിനുടെ മുന്നിൽ"—വള്ളിക്കുടിലിനെ പരാമൎശിക്കുന്ന സർവ്വനാമമാണു് "ഇതു്." ഇവിടെയും ഒരു ഭംഗിക്കുറവോ പിഴതന്നയോ ഇല്ലേ എന്നു സംശയിക്കുന്നു. "വെൺമണൽ മയമാം" എന്ന ഭേദ

കം "ഇതിനുടെ" എന്ന സർവ്വനാമത്തിന്റെ വിശേഷണമായേ ഇരിക്കൂ. മൂന്നിൽ എന്നതിനോടാണു ചേരേണ്ടതു്. "ദ്വാരേസ്യപാണ്ഡുസികതേ" എന്നാണു് മൂലം.

ഒന്നാമത്തെ ഭാഷാന്തരത്തിൽ ഈവക ക്ലേശങ്ങളൊന്നും കാണ്മാനില്ല. "ഒരു പുതുകാലടിവരി" എന്നൊന്നുമാത്രം അല്പം അസുഖമായപ്രയോഗമാണു്. "ലബ്ധം നേത്രനിർവ്വാണം," "കണ്ണുകൾക്കു് പരമാനന്ദം ലഭിച്ചു." എന്നും 'കണ്ണിനു കുളൎമ്മകിട്ടി' എന്നും രണ്ടു തർജ്ജിമകൾ കാണുന്നു. നിർവ്വാണശബ്ദം കുളൎമ്മയേക്കാൾ വിലയേറിയ ഒന്നല്ലേ. പരമാനന്ദം മറെറാരുസംസ്കൃതശബ്ദമാണല്ലോ എന്നുവച്ചു് തനിമലയാളമാകട്ടെ എന്നുവച്ചതായിരിക്കാം. പക്ഷെ പരമാനന്ദം മലയാളഭാഷയോടു് അധികമകന്നിട്ടല്ല സ്ഥിതിചെയ്യുന്നതു് എന്നു ഓൎക്കേണ്ടതാണു്.

"സഖീ ശകുന്തളേ, അപിസുഖയതിതേ നളിനീപത്രവാതഃ"

"കിം വീജയതോ മാം സഖ്യൗ."

"ശകുന്തളേ:താമരയിലയുടെ കാററുകൊണ്ടു് നിനക്കു വല്ല സുഖം തോന്നുന്നുണ്ടോ?"

"തോഴിമാർ എന്നെ വീശുന്നുണ്ടോ?"

"സഖീ, ഈ താമരയിലകൊണ്ടു വീയുമ്പോൾ കുറച്ചു സുഖം തോന്നുന്നുണ്ടോ?"

"സഖിമാർ എന്നെ വീയുന്നുണ്ടോ?"

'താമരയിലയുടെ കാററു്,' താമരയിലയ്ക്കു കാററുണ്ടോ?

താമരയില കാററുണ്ടാക്കുവാനുള്ള ഒരു ഉപകരണമേ ആകുന്നുള്ളു. 'നളിനീപത്രവാതഃ' എന്ന സമസ്തപദത്തെ വിഗ്രഹിച്ചപ്പോൾ വന്ന ദോഷമാണിതു്. നളനീപത്രംകൊണ്ടു വീയുകയോ വീശുകയോ ചെയ്താൽ മാത്രമേ കാററുണ്ടാകയുള്ളു. ശകുന്തളയുടെ ഉത്തരംകൊണ്ടു് അങ്ങനെ ഒരത്ഥമാണു് നളിനീപത്രവാതത്തിനുദ്ദേശിച്ചിരിക്കുന്നതു് എന്നു തോന്നും. നോക്കുക; സഖിമാർ എന്നെ വീശുന്നുണ്ടോ? (വീയുന്നുണ്ടോ?) താമരയിലയുടെ കാററു് എന്നായാൽ ആ ഉദ്ദേശം സാധിക്കയുമില്ല.

സ്തനന്യസ്തോശീരം ശിഥിലിത മൃണാളൈകവലയം
പ്രിയയാഃസാബാധം കിമപി കമനീയം വപുരിദം.
സമസ്താപഃകാമം മനസിജനിദാഘപ്രസരയോർ–
നതു ഗ്രീഷ്മസ്യൈവം സുഭഗമപരാധം യുവതിഷു.

(1)

ഊരിപ്പോരും മൃണാളീവളയോടു മുലമേൽത്തേച്ച രാമച്ചവും പൂ-
ണ്ടാരോമൽ തയ്യലിൻ മെയ്യിനൊരഴൽ പെടുവോന്നെങ്കിലും മഞ്ജുളംതാൻ
മാരഗ്രീഷ്മങ്ങൾകൊണ്ടുള്ളെരിപൊരികളൊരേരീതിയിൽ തന്നെയെന്നാൽ
ചേരില്ലാ വേനലിൻ മുഷ്കിന്നു സുഭഗതയിത്രയ്ക്കു തന്വംഗിമാരിൽ

(2)

രാമച്ചം കൊങ്കമേലും ബിസവലയമയഞ്ഞിങ്ങു കൈത്തണ്ടിലും ചേ-
ർത്താമന്മെയ് പീഡ പൂണ്ടെമരുവുകിലു മഹോരമ്യമായുണ്ടിടുന്നു.
കാമം പാർത്താൽ സമം താനിഹ കുസുമശരഗ്രീഷ്മതാപങ്ങളെന്നാ-
ലീമട്ടുണ്ടാക്കിടാനല്ലഴക യുവതികൾക്കെന്നുമേ ഘർമ്മതാപം.

ആദ്യം കാണിച്ചിട്ടുള്ള മൂലത്തിൻെറ രണ്ടു തർജ്ജിമകളാണ് അടിയിൽ കൊടുത്തിരിക്കുന്നതു്. രണ്ടും വളരെ നന്നായി എന്നു പറവാൻ വഴി കാണുന്നില്ല. ശിഥിലിത, എന്നോ, പ്രശിഥില എന്നോ ഉള്ള പദം വച്ചു കൊണ്ട് "ഊരിപ്പോരു"മെന്നൊരാളും "അയഞ്ഞിങ്ങു കൈത്തണ്ടിലും" എന്നു മറേറ ആളും തർജ്ജിമചെയ്തു. ഒരാൾ കാമം എന്ന പദം വിട്ടതിനു മറേറ ആൾ "പാർത്താൽ" എന്നു കൂട്ടിച്ചേർത്തു. "പ്രിയായാഃ"എന്ന സാഭിപ്രായശബ്ദവും പാർത്താൽ എന്നു ചേർത്തുകൊണ്ടായിരിക്കാം വിട്ടുകളഞ്ഞതു്. ഇതെല്ലാം ഇങ്ങനെയിരിക്കട്ടെ. ഒന്നാമത്തെ ഭാഷാന്തരത്തിൽ കാണുന്ന "മൃണാളീവളയൊടു്" എന്ന സംയോജികാവിഭക്തിയുടെ സാക്ഷികാരകം "രാമച്ചവും" എന്നതിനോടു ചേരുമെന്നു തോന്നുന്നു. അപ്പോൾ മുലമേൽ തേച്ചതു മൃണാളീവളയവും രാമച്ചവും കൂട്ടിയരച്ചതോ അതോ അതു രണ്ടുംചേർത്തു മുലമേൽ തേച്ചോ എന്നു തോന്നുവാനാണ് ഇടയുള്ളതു്. ഈ പ്രയോഗം തീരെ ഭംഗിയായില്ല എന്നു പറയാതേ കഴിയുമോ? രണ്ടാമതു കാണിച്ച വിവർത്തനത്തിൻെറ നാലാംപദം അർത്ഥപുഷ്ടിയുള്ളതായോ എന്നു സംശയിക്കുന്നു. "നതു ഗ്രീഷ്മസ്യൈവം സുഭഗമപരാദ്ധം യുവതിഷു" "ഈ മട്ടുണ്ടാക്കിടാനല്ലഴക യുവതികൾക്കെന്നുമേഘർമ്മതാപം." ഗ്രീഷ്മാപരാധം യുവതികളിൽ ഈവിധ സുഭഗതയ്ക്കുള്ളതല്ല, നിശ്ചയം. ഈ ബോധമല്ല തർജ്ജിമയിൽ നിന്നുണ്ടാകുന്നതു്.

പ്രിയംവദ:— "അനസൂയേ, തസ്യരാജർഷേഃ പ്രഥമദർശനാദാരഭ്യ പര്യുത്സുകേവ ശകുന്തളാ (പര്യുത്സുകാ ആപന്നേവ) "അനസൂയെ, ആ രാജർഷിയെ ആദ്യം കണ്ടതുമുതൽക്കേ ശകുന്തള ഒരൗത്സുക്യത്തിൽ പെട്ടപോലെ ആയിരിക്കുന്നു."

"അനസൂയേ, ആ രാജർഷിയെ ആദ്യമായി കണ്ട അന്നുതുടങ്ങി ശകുന്തളയ്ക്കു വല്ലാത്തൊരുൽക്കണ്ഠയും ക്ഷീണവും കാണുന്നുണ്ട്."

പര്യുത്സുകയും ആപന്നയുമാണ് ശകുന്തള. ഒരൗത്സുക്യത്തിൽ പെട്ടപോലെ എന്ന തർജ്ജിമ നിർജീവമായിപ്പോയി. "ആപന്ന" എന്ന ഇല്ലാത്ത പാഠവുമുണ്ട്. എങ്കിലും "പര്യുത്സുക" എന്നതിന് ഇങ്ങനെ ആയാൽ പോര.

"വല്ലാത്ത" എന്ന വിശേഷണം ഉൽക്കണ്ഠയ്ക്ക് എന്തിന്? "പര്യുത്സുക" എന്നതിന് ഉൽക്കണ്ഠ എന്നുമാത്രം പോരേ. "ക്ഷീണം" എന്ന പദം ആപന്ന എന്നതിനായിരിക്കുമോ? "'ആപന്നാ' വസ്തുസൗന്ദര്യബലാൽ രൂഢമൂലാനുരാഗംകൊണ്ടു വിരഹപരമ്പരാജനിത സ്മൃതിർഗ്ഗുണഗണോദ്വേഗാദി അവസ്ഥകളെ ദ്യോതിപ്പിക്കുന്നു." എന്നൊരു വ്യാഖ്യാതാവ് പറഞ്ഞിരിക്കുന്നു.

"സഖി, ശകുന്തളേ, അനഭ്യന്തരാഃ ഖലു വയം (ഖലുപാവാം) മദനഗതസ്യ വൃത്താന്തസ്യ"

"സഖി, ശകുന്തളേ, നമുക്ക് മന്മഥനെപ്പററി ഒന്നും അറിഞ്ഞുകൂടല്ലോ."

"സഖി, ശകുന്തളേ, അനുരാഗത്തിൻെറ കഥകളൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ."

മദനഗതവൃത്താന്തങ്ങളാണ് അവിഷയമായിരിക്കുന്നതു്. മദനനല്ല. അനുരാഗകഥകളോ തല്ലക്ഷണങ്ങളോ നമുക്ക് അവിഷയവുമാണ്

താദൃശീം തേപശ്യാമി.

അപ്രകാരമുള്ളതു നിങ്കൽ കാണുന്നുണ്ട്.

ആ മാതിരിയാണ് നിൻെറ അവസ്ഥ കാണുന്നതു്. നിങ്കൽ എന്നാക്കിയതു് എന്തിനാണ്? അഥവാ വിഭക്തി മാറണമെന്നു തോന്നിയാൽ തന്നെ "നിന്നിൽ" എന്നു പോരേ. ആധാരികയ്ക്കു കൽപ്രത്യയം ചേർത്താൽ മി: വള്ളത്തോൾ ഉദ്ദേശിക്കുന്ന അർത്ഥം കിട്ടുകയില്ല. നിങ്കൽ എന്നു പ്രയോഗിച്ചാൽ ശകുന്തളയ്ക്കല്ല, അവളുടെ സമീപത്തു് എവിടയോ ആണ് കാണുന്നതു് എന്നു വരും.

"ക്ഷാമ ക്ഷാമ കപോലമാനനമുരഃകാഠിന്യമുക്തസ്തനം
മധ്യഃ ക്ലാന്തതരഃ പ്രകാമ വിനതാവംസൗ ഛവിഃ പാണ്ഡുരാ
ശോച്യാ ച പ്രിയ ദർശനാ ച മദനക്ലിഷ്ടേയമാലക്ഷ്യതേ
പത്രാണാമിവ ശോഷണേന മരുതാ സ്പൃഷ്ടാ ലതാ മാധവീ
ഒട്ടിപ്പോയ് കവിളേററവും മുലകളിൽ തേഞ്ഞു കടുപ്പം, ക്ലമം
പെട്ടു പേർത്തുമരയ്ക്കു തോളുകൾ തുലോം താണു, വിളർപ്പായ്നിറം.
ഇത്ഥം ശോച്യയുമീക്ഷണപ്രിയയുമായ് ശോഭിപ്പു കാമാർത്തിയാൽ
പത്രൗഘത്തെയുണക്കിടും പവനനാൽ തൂമുല്ല പോലിന്നിവൾ

ക്ഷീണംപൂണ്ട കവിൾത്തടം കുചയുഗേ കാഠിന്യമററു തുലോം
താണു തോളുകളേറെ വാടിയുദരം പാടെ വിളർത്തു നിറം
കാണെക്കാണെ വിഷാദവും കുതുകവും നൽകുന്നു കാമാർത്തയാ
മേണാക്ഷീമണി പത്രമൊക്കെയുതിരും കാറേററ വാസന്തിപോൽ"

"ക്ഷാമക്ഷാമകപോലം, ഒട്ടിപ്പോയ് കവിളേററവും." കവിൾ ഒട്ടിപ്പോയി. ക്ഷാമശബ്ദത്തിന്നു ഒട്ടി എന്നാൎത്ഥമുണ്ടെങ്കിലും ഒട്ടിയ കവിൾ വൈരൂപ്യലക്ഷണമായിട്ടു തോന്നിപ്പോകുന്നു. കൃശകപോലം ലക്ഷണവും തല്ലാലാവസ്ഥയെ വൎണ്ണിക്കുന്നതിന്നു കൃശതരകപോലവും ആക്കാം. ഒട്ടി എന്നുതന്നെയല്ല ഏററവും ഒട്ടിയെന്നാണ് ക്ഷാമക്ഷാമ എന്നതിന്നു തൎജ്ജിമ ചെയ്തിരിക്കുന്നതു്. ആനനശബ്ദം തീരെ ഉപേക്ഷിക്കയും ചെയ്തിരിക്കുന്നു.

"ക്ഷീണം പൂണ്ട കവിൾത്തടം " എന്ന തൎജ്ജിമ വെറും ഒഴുക്കനായതെ ഉള്ളു. "ക്ഷാമക്ഷാമകപോലമാനനം" എന്നതിന്ന് ഇങ്ങനെ തൎജ്ജിമ ചെയ്താൽ മതിയെന്നു എങ്ങനെ സമാധാനിച്ചു എന്നറിയുന്നില്ല.

ഉരഃകാഠിന്യമുക്തസ്തനം—"മുലകളിൽ തേഞ്ഞു കട്ടപ്പം" മുക്തശബ്ദത്തിന്നു തേഞ്ഞു എന്നായാൽ മതിയോ. കുചയുഗേ കാഠിന്യമററു സൎവ്വാവയവകാൎശ്യമുണ്ടെന്നു കാണിപ്പാനാണു "ഉരഃകാഠിന്യമുക്തസ്തനം" എന്നു വൎണ്ണിച്ചിരിക്കുന്നതു്. ഉരഃ എന്ന ശബ്ദം രണ്ടുപേരും ഉപേക്ഷിച്ചു.

മദ്ധ്യഃക്ലാന്തതരഃ "ക്ലമം പെട്ടു പേൎത്തുമരയ്ക്കു" എന്നൊരാളും "ഏറെവാടിയുദരം" എന്നു മറെറാരാളും തൎജ്ജിമ ചെയ്തു. ഉദരം വാടി എന്നു കേട്ടാൽ വിശപ്പുതുടങ്ങി എന്നു തോന്നിപ്പോകും. ശോച്യയായും പ്രിയദൎശനയായും മദനക്ലിഷ്ടയായ ഇവൾ കാണപ്പെടുന്നു എന്നുള്ളിടത്തു് ഇവൾ ശോഭിച്ചു എന്നു ചേൎത്തതെന്തിന്? ഈക്ഷണപ്രിയ എന്നു പറയുന്നുണ്ടല്ലൊ. ഇതഥം വെറുതെ ചേൎത്തതല്ലെ?

വിഷാദമാണോ നൽകുന്നതു്? അവൾ ശോചനീയയാണ്. അനുകമ്പാൎഹയായാൽ പോരേ. "കാണെക്കാണെ നൽകുന്നു" ആലക്ഷ്യതേ എന്നതിന്റെ തൎജ്ജിമയാണു്. നല്ല തൎജ്ജിമയായില്ലെന്നു പറവാനാണു തോന്നുക. രണ്ടു തൎജ്ജിമയും പൂൎണ്ണയോഗ്യതയുള്ളതായില്ല.

"കുചയുഗേ കാഠിന്യമററു" എന്നു തുടങ്ങി നാലെണ്ണമാണു ക്ഷീണത്തെ വിവരിക്കുന്നതു് എന്നു നമ്പൂരി പറയുന്നു. "ക്ഷീണംപൂണ്ട കവിൾത്തടം"എന്ന തൎജ്ജിമ വ്യഖ്യാതാവിന്നു സുഖമാകാതിരുന്നതുകൊണ്ടാണോ നാലെണ്ണം മതിയെന്നു നിശ്ചയിച്ചതു്. അഞ്ചു സംഗതിയും ക്ഷീണത്തെ കാണിക്കുന്നവയെന്നാണു തോന്നുന്നതു്.

(തുടരും)

# വിദ്യാഭ്യാസ സമ്പ്രദായം

[എൻ. പി.]

വിവിധങ്ങളും വ്യത്യസ്തങ്ങളുമായ ഉപാദാനങ്ങളാൽ, ഈ നാട്ടിലെന്നുമാത്രമല്ല, ലോകമൊട്ടുക്ക് എന്നുതന്നെ പറയാം, ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ അസംതൃപ്തി പ്രദർശിപ്പിക്കപ്പെട്ടുന്നതായി കാണാം.

ഈ ചിത്തവൃത്തി കുറെയെല്ലാം വിദ്യാഭ്യാസസ്വഭാവത്തിൽ അന്തർലീനമായി സ്ഥിതിചെയ്യുന്നു. വിദ്യാഭ്യാസം സാമാന്യരീതിയിലുള്ള ജീവിതഭാവിയുടെ സ്വരൂപരൂപീകരണവുമാണ്. ജീവിതം പ്രത്യേകരീതിയെ അവലംബിച്ചു്, വിവിധരൂപത്തിൽ ക്ഷണമാത്രംകൊണ്ടോ അവിചാരിതമായോ മാററം വരുന്നതും ആണ്. വിധേയമോ, അംഗീകൃതമോ ആയ സജ്ജീകരണം എല്ലാവിഷയത്തോടും സന്ധിക്കുന്നതിലും, കാലഗതിയോടൊത്തു നില്ക്കുന്നതിലും പ്രായേണ പരാജയപ്പെട്ടാണ് കാണുന്നതു്. ഈ വഴിയെ നിരിക്ഷിക്കുമ്പോൾ ചില പൂർവ്വപക്ഷങ്ങൾക്കവകാശമുണ്ട്. വിദ്യാഭ്യാസം 'ജീവിതത്തിനുള്ള ഒരുക്കമോ?' ഏതുതരത്തിലുള്ള ജീവിതത്തേയും തുടന്നു് കൊണ്ടുപോകുവാനുള്ള കാര്യക്ഷമത മാത്രമോ?

അസന്തുഷ്ടിക്കുള്ള ഈ മൂലകാരണമല്ലാതെ നമ്മുടെ വിദ്യാഭ്യാസ രീതിയെക്കുറിച്ചു് ചരിതാത്ഥരാകാതിരിക്കാൻ ഇനിയും അനവധി കാരണങ്ങളുണ്ട്. അവയിൽ ചിലതുമാത്രം നമുക്കിവിടെ ചിന്തിക്കാം.

ഏതൊന്നിൽനിന്നു ഒരു ഫലം സിദ്ധിക്കണമെന്നു പ്രതീക്ഷിക്കയും അതിൻെറ സ്വഭാവഗതിയനുസരിച്ചു് ആ ഫലം അപ്രാപ്യമാണെന്നു വരുകയും ചെയ്താൽ അസംതൃപ്തിയല്ലാതെ മറെറാന്നും സിദ്ധിപ്പാനിടയില്ല. ഒരു സ്ഥാപനത്തിൻെറ സ്വഭാവവും കമ്മപരിധിയും പൂണ്ണമായി ഗ്രഹിച്ചിട്ടല്ലാതെ ആശാകുടീരം അതിൽ സ്ഥാപിക്കരുതു്. ബുദ്ധിയുള്ള ചിലർക്കൂടി യൂണിവേഴ്സിററി വിദ്യാഭ്യാസത്തെ അപലപിക്കുന്നതു കേട്ടിരിക്കാൻ പലക്കും ഇക്കാലത്തു് ഇടയുണ്ട്. ആ വിദ്യാഭ്യാസസ്ഥാപനത്തിൽ ഗ്രാഡുവേററു് ചെയ്ത പലക്കും തൊഴിലില്ലാതായിരിക്കുന്നു എന്നാണവക്കു പറവാനുള്ള കാരണം. ഇതൊരിക്കലും ന്യായീകരിക്കാവുന്ന ഒന്നല്ല. എന്തെന്നാൽ യൂണിവേഴ്സിററി ഒരിക്കലും തൊഴിൽ സമ്പാദിച്ചുവച്ചിട്ടുള്ള ഒരു സ്ഥാപനമോ ഏജൻസിയോ അല്ല. യൂണിവേഴ്സിററി അഭ്യസനത്തിൻെറ സ്വഭാവമോ കൃത്യമോ വേണ്ടവിധം വ്യവച്ഛേദിച്ചു നാം ഗ്രഹിച്ചിട്ടില്ല എന്നുള്ളതാണ് വാസ്തവാപരാധം. അതിനാൽ ആ വിദ്യാഭ്യാസത്തിൽനിന്നു നാം ഇച്ഛിക്കുന്ന ഫലം സിദ്ധിപ്പാൻ അവകാശമില്ല. ഇതുപോലെ തന്നെ സെക്കൻഡറി, പ്രൈമറി വിദ്യാഭ്യാസരീതിയുടെ സ്വഭാവത്തേയും കമ്മപ

രിധിയേയും മിഥ്യാനിശ്ചായകബുദ്ധികൊണ്ടു് നിഗമനം ചെയ്തിരിക്കുന്നു. സെക്കൻഡറിസ്കൂളുകൾ യൂണിവേഴ്സിററി അഥവാ അതിനോടു് അനുബന്ധിച്ചിരിക്കുന്ന കാളേജുകൾ എന്നിവയെ അനുകരിച്ചിരിക്കുന്നു. വളരുവാൻ വളരെക്കാലം വേണ്ടതോ അല്ലെങ്കിൽ വ്യതിയാനക്ഷമമോ ആയ പ്രൈമറി വിദ്യാഭ്യാസം സെക്കൻഡറിയോടും ഒട്ടിനില്ക്കുന്നു. എല്ലാവിധ വിദ്യാഭ്യാസമാതൃകയുടേയും കർമ്മം, ഉദ്ദേശം, സത്വശക്തി ഇവയ്ക്കു് സമാനധർമ്മമുണ്ടായിരിക്കണമെന്ന മിഥ്യാബോധം ജനങ്ങളിൽ കണ്ടുവരുന്നു. അതിനാൽ സാമുദായികലക്ഷ്യത്തിൻെറ ഉപയോഗമോ, ഉദ്ദേശമോ ഭംശിച്ചുപോകുന്നു.

ഇന്നിവിടെയുള്ള വിദ്യാഭ്യാസചിന്തകരുടെ ആശയത്തിനു വല്ല സ്ഖലിതവും പററിട്ടുണ്ടെന്നു തോന്നിയാൽ യൂറോപ്പിലോ, അമേരിക്കയിലോ അഥവാ ജപ്പാനിലോ, ടർക്കിയിലോ, ഫിലിപ്പൈയിനിലോ ഉള്ളതു ശരിയായ സമ്പ്രദായമെന്നു ഇൻഡ്യാക്കാർക്കു് ഒരു വിശ്വാസമുണ്ടാകുന്നു്. ഈ പരിഷ്കാരലോകത്തെ അധിവസിക്കുന്ന നാം പരസ്പരം ആലോചിച്ചു് അബദ്ധപരിഹാരം ചെയ്യുന്നതു നല്ലതല്ലെന്നല്ല ഞാൻ പറയുന്നതു്. പക്ഷെ ഇൻഡ്യാക്കാർക്കു സ്വതന്ത്രമായ ഒരു വിദ്യാഭ്യാസചിന്തയുടെ ആവശ്യമുണ്ടെന്നാത്രെ എൻെറ സിദ്ധാന്തം.

ഇന്നുവരെ നമ്മുടെ നാട്ടിൽ (ഇൻഡ്യയിൽ) പ്രൈമറി, സെക്കൻഡറി, കാളേജു ഈ വിദ്യാഭ്യാസരീതി എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു സാമാന്യം ചിലർക്കെങ്കിലും അറിയാമെന്നു വിശ്വസിക്കുന്നു. അവയെല്ലാം ഒന്നുകൂടി ചിന്തിച്ചുവയ്ക്കണം. വിദ്യാഭ്യാസപരിഷ്കാരത്തിനുവേണ്ട പരിപാടിയും, അഭിപ്രായവും വൈദേശികർ ദോഷോന്മൂലനം ചെയ്വാൻ മാറി മാറി എത്ര പ്രാവശ്യം രൂപീകരിച്ചിട്ടുണ്ടെന്നും ഒന്നു പുനരാലോചിക്കണം.

ഏറെപ്പഴക്കംവരാത്ത ചില പരിഷ്കാരങ്ങൾ ജനങ്ങളുടെ സ്മൃതിപഥത്തിൽനിന്നു മറഞ്ഞിട്ടുണ്ടാകയില്ല. അവയാകട്ടെ:—

(a) കാളേജുവിദ്യാഭ്യാസത്തിൽ ടെക്കനോളജിയും സയൻസും, തൊഴിൽ പരിശീലനവും ഉണ്ടായിരിക്കണം.

(b) യൂണിവേഴ്സിററിയെ ഭരിക്കുന്നതിനു് ഒരു പൊതുജനയോഗം ഉണ്ടായിരിക്കണം. അതിൽ കച്ചവടക്കാർ, തൊഴിലാളികൾ, കൃഷിക്കാർ, മുതലാളന്മാർ തുടങ്ങിയ അംഗങ്ങളുമുണ്ടാകണം.

(c) സെക്കൻഡറി വിദ്യാഭ്യാസത്തിൻെറ അന്ത്യത്തിൽ യൂണിവേഴ്സിററിക്കു കൊള്ളാമോ എന്നറിവാൻ ഒരു പരീക്ഷ നടത്തണം. അതിനു് അധികൃതമായ ഒരു ബോർഡുണ്ടായിരിക്കണം.

(d) പ്രൈമറി വിദ്യാഭ്യാസത്തിനു കാളജുവിദ്യാഭ്യാസത്തോടൊത്തോ അതിൽ കൂട്ടതലായോ ധനം നീക്കിവയ്ക്കണം. സാക്ഷരത്വം സർവ്വജനീനമാക്കുന്നതിന് ഇതു കൂടിയേ തീരൂ. എന്നാൽമാത്രമെ ഡമോക്രസ സ്ഥാപിച്ച് സാക്ഷരത്വമുള്ള വോട്ടുകൊണ്ടു രാജ്യം ഭരിക്കാവൂ. ഇങ്ങനെ പലതും നമുക്ക് ഇക്കാലത്തു കേൾക്കാം.

ഇത്രയും പൂർവ്വപീഠികയായി സമർപ്പിച്ചുകൊണ്ട് വിദ്യാഭ്യാസസ്ഥാപനത്തിൽ അടങ്ങിയിരിക്കണമെന്നുള്ള ചില പ്രമാണങ്ങളെ—ശിക്ഷാസൂത്രങ്ങളെ അഥവാ സൂക്തങ്ങളെ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു. "നിന്ദന്തു, നന്ദന്തുവാ" എന്നു സമാധാനിക്കയും ചെയ്യുന്നു.

**I.** പ്രൈമറി വിദ്യാഭ്യാസം എന്നാൽ എന്തു്? അതു് വിദ്യാഭ്യാസത്തിൻെറ പ്രഥമപാദമല്ല. അതു് ശിക്ഷണത്തിൻെറ പ്രാരംഭരംഗവുമല്ല. എഴുത്തും വായനയും കണക്കുകൂട്ടലും പഠിക്കലും പഠിപ്പിക്കലുമല്ല. കുട്ടികൾ വിദ്യാഭ്യാസത്തിൻെറ ഉയൎന്ന ഒരു പടിയിൽ എത്തി യൂണിവേഴ്സിററി കവാടത്തിൽ എത്തിനോക്കാവുന്ന ഒരു കോവണിയുടെ ആദ്യത്തെ പടിയുമല്ല. അതിപ്രാധാന്യം നൽകേണ്ട ഒരു വിദ്യാഭ്യാസവുമല്ല. ഒരു സമുദായത്തിൻെറ പ്രഥമവും പ്രാധാന്യാർഹവും ആയ വിദ്യാഭ്യാസവുമല്ല. അതിനുവേണ്ടി ഭൂരിപക്ഷശ്രദ്ധയും അമിതവ്യയവും ആവശ്യമുള്ളതുമല്ല. മററുതരം വിദ്യാഭ്യാസത്തെ ഉപേക്ഷിക്കത്തക്കതുമല്ല. പ്രൈമറി എന്ന ശബ്ദത്തിനിവിടെ പ്രത്യേക അർത്ഥമാണു വിവക്ഷിച്ചിരിക്കുന്നതു്. അതിനാൽ പ്രൈമറിവിദ്യാഭ്യാസത്തിന് ഒരു വിവരണംതന്നെ ആവശ്യമായിരിക്കുന്നു. ഒരു സമുദായത്തിൻെറ പ്രഥമാവശ്യങ്ങളെ സശ്രദ്ധം നിർവ്വഹിക്കുന്ന അഭ്യാസസമ്പ്രദായമെന്നോ ജീവിതനിർവ്വഹണത്തിനുള്ള ഒരുക്കമെന്നോ പ്രൈമറി വിദ്യാഭ്യാസത്തെ നിർവ്വചിക്കാം. ഈ പ്രഥമാവശ്യങ്ങൾ എണ്ണത്തിൽ നാലുണ്ടു്:–ഉണ്ണണം, ഉടുക്കണം, പാൎക്കണം, കൂട്ടരൊത്തു പൊറുക്കണം.

പ്രൈമറി പദ്ധതിയിൽ അടങ്ങിരിക്കേണ്ടതെന്തെല്ലാമെന്നു ചിന്തിക്കാം.

(a) ആഹാരസാധനത്തേക്കുറിച്ച് സമഗ്രമായ ജ്ഞാനം ലഭിക്കണം. അതിൻെറ ഉല്പാദനം, ആവശ്യാനുസരണം ഉല്പാദിപ്പിച്ചു സൂക്ഷിക്കൽ, വിതരണം, ഉപയോഗം, സംഭരണം, പാകംചെയ്യേണ്ട വിധം, സൂക്ഷിക്കേണ്ടതെങ്ങനെ, ആഹാരത്തിൻെറ വില, ആരോഗ്യവും അനാരോഗ്യവും ഉണ്ടാകുന്ന നിയമങ്ങൾ അവയ്ക്കു് ആഹാരത്തോടുള്ള ബന്ധം, ഔഷധം, കുടിക്കുന്ന വെള്ളം, മററു പാനീയങ്ങൾ, അവയുടെ സംഗ്രഹം, നിർമ്മാണം.

(b) വസ്ത്രധാരണത്തേക്കുറിച്ചു പൂർണ്ണമായ അറിവു നൽകണം. വസ്ത്രത്തിനു വേണ്ട അസംസ്കൃതസാധനം, അവയുടെ ഉല്പാദനം, അവയുടെ

നിർമ്മാണത്തിൽ ഉള്ള പല വിടവുകൾ, ആയുധങ്ങൾ, യന്ത്രങ്ങൾ, നിർമ്മാണശാല, ആട്ടവളർത്തൽ, കൃഷി, വനവിജ്ഞാനം ഇവയ്ക്കു വസ്ത്രധാരണത്തോടുള്ള ബന്ധം, വസ്ത്രങ്ങളുടെ ഏററുമതി ഇറക്കുമതി അവകൊണ്ടുള്ള കച്ചവടം, തയ്യൽ അതിൻെറ വിവിധരൂപം, ശീതാതപങ്ങളിൽനിന്നുള്ള രക്ഷ, വിചിത്രവേലകൾ, കാലികം, പ്രാദേശികം, നടപ്പിലുള്ള മാററം ഫാഷനിലുള്ള മാററം, എന്നിവയ്ക്കു സാമുദായിക മര്യാദയോടുള്ള ബന്ധം.

(c) ഗൃഹനിർമ്മാണത്തേയും തൽസംബന്ധമായ മററുകാര്യങ്ങളേയും സവിശേഷം പഠിപ്പിക്കണം. ഗൃഹത്തിനുള്ള സ്ഥാനം, അടിത്തറ, ഗ്രാമങ്ങളേയും പട്ടണങ്ങളേയും എങ്ങനെ സജ്ജീകരിക്കണം, ഗൃഹനിർമ്മാണസാമഗ്രികൾ, പുരകളുടെ കണക്ക്, സാമഗ്രികളുടെ ഉല്പാദനവും നിർമ്മാണവും (സസ്യങ്ങൾ, ധാതുക്കൾ, ലോഹങ്ങൾ), മണ്ണിനെക്കുറിച്ചും ധാതവദ്രവ്യങ്ങളെക്കുറിച്ചുമുള്ള ശാസ്ത്രജ്ഞാനം, എൻജനീയറിങ്ങിൻെറ സാമാന്യജ്ഞാനം, ക്ഷേത്രഗണിതം, സർവ്വെ, ഡ്രായിംഗ്, ഇവയുടെ പ്രഥമപാഠങ്ങൾ, ആരോഗ്യസംരക്ഷണത്തിന് അത്യാവശ്യമായ ചില പ്രമാണങ്ങൾ, ശുദ്ധവായുവും വെളിച്ചവും കിട്ടേണ്ട ആവശ്യം, നമ്മുടെ ശ്രമഫലംകൊണ്ടുണ്ടാകുന്ന വെളിച്ചം, ഗൃഹസുഖം, മര്യാദ, ഗൃഹാലങ്കാരങ്ങൾ.

(d) വിദ്യാർത്ഥി ജീവിക്കുന്ന ഗ്രാമത്തിലെ ജനസമൂഹത്തേയൊ പട്ടണത്തിലെ സ്ഥിതിയേയൊ പഠിപ്പിക്കണം. ദേശചരിത്രം, ഭൂമിശാസ്ത്രം ഇവ വിദ്യാർത്ഥികൾ ജീവിക്കുന്ന പ്രദേശത്തിൻെറ ആയിരിക്കണം. ആ പ്രദേശത്തുള്ള സാഹിത്യം, കലകൾ, സംഗീതം, നൃത്തം, പ്രാദേശികഐതിഹ്യങ്ങൾ, ചരിത്രം, കുടുംബചരിത്രം, സന്മാർഗ്ഗബോധം, നാട്ടിലെ ഭരണഘടന, പ്രാദേശികഭരണം, സമുദായനിയമം, നാട്ടുനടപ്പ്, മതാഭ്യാസം, വിവിധമതക്കാരുണ്ടെങ്കിൽ അവർതമ്മിലുണ്ടായിരിക്കേണ്ടതും ഉള്ളതുമായ ബന്ധം, മനുഷ്യൻ എന്ന നിലയിൽ ഉണ്ടായിരിക്കേണ്ട ഐക്യം ആരാധനസ്ഥലം, ഗൃഹജീവിതം കർത്തവ്യം, സമുദായാചാരം മര്യാദ, സമുദായസംബന്ധമായ സന്മാർഗ്ഗനിഷ്ഠ ദുരാചാരങ്ങൾ, സമുദായക്ഷേമത്തിനുള്ള ശ്രമം, അതിനുള്ള സ്ഥാപനങ്ങൾ, സാധുത്രാണനം.

**II.** സെക്കൻഡറി വിദ്യാഭ്യാസമെന്നുപറയുന്നതെന്താണ്? ആ പേരുതന്നെ പിഴയാണ്. ഈ സമ്പ്രദായം ഒരു രീതിയുടേയും രണ്ടാമത്തേതല്ല. ഇതിൻെറ രീതിക്ക് മററൊന്നിനോടും സാദൃശ്യമില്ല. ഇതിൻെറ ലക്ഷ്യത്തിനും പ്രത്യേകതയുണ്ട്. ഇതു് പ്രൈമറി വിദ്യാഭ്യാസാപൂർണ്ണതയെ പരിഹരിപ്പാനുള്ള ഒന്നല്ല; യൂണിവേഴ്സിററി വാഗ്ദേവിയുടെ തോഴിയുമല്ല. ഒരു സമുദായത്തിൻെറ അപ്രധാനാവശ്യങ്ങളെ നിറവേററുന്നു എന്ന ബന്ധത്തിൽ ഇതിനു സെക്കൻഡറി എന്ന പേർ യോജിക്കുന്നുണ്ട്. ഒരു സ

മൂദായം പരിഷ്കാരാഭിവൃദ്ധിയിൽ എത്തിയ തോതനുസരിച്ച് അവിടത്തെ ആവശ്യങ്ങളുടെ എണ്ണത്തേയും സ്വഭാവത്തേയും ആശ്രയിച്ച് ഈ അഭ്യസനം നിലനില്ക്കേണ്ടതാണ്. പരിഷ്കൃതസമുദായങ്ങളുടെ ഒരു ശരാശരി പരിശോധിച്ചാൽ അവരുടെ അപ്രധാനാവശ്യങ്ങൾ ഇങ്ങനെ കാണാം. സാന്മാർഗ്ഗികവും രാഷ്ട്രീയവുമായ ജീവിതം; പലവിധതൊഴിലുകൾ അതായതു കച്ചവടം; രാജ്യത്തിന് ധനപരമായ അഭിവൃദ്ധിക്കുള്ള മാർഗ്ഗന്വേഷണത്തിൽ വ്യവസായം, കൈത്തൊഴിൽ, ഗതാഗതസൌകര്യം ഇവയുടെ വർദ്ധനവ്. അഭിവൃദ്ധമായ ഒരു സംഘത്തിന്റെ തൊഴിൽപരമായ അഭ്യസനവും പരിശീലനവും സെക്കൻഡറി വിദ്യാഭ്യാസമാണ്.

സാഹിത്യപരമായി മാത്രമൊ ശാസ്ത്രതത്വപ്രതിപാദകമായോ നടത്തപ്പെടുന്ന ഒരു സെക്കൻഡറിപാഠശാലയും ആവശ്യമില്ല. യൂണിവേഴ്സിററിയെ പോഷിപ്പിക്കാനും ഇതാവശ്യമില്ല. മറെറാന്നിനു നിപുണരെന്നു തെളിയിക്കുന്നവരൊ ഇതിൽ പരാജയപ്പെട്ടു വിശദമാക്കിയവരൊ ആയി ആശാപൂർണ്ണരോ സംശയഗ്രസ്തരോ ആയ യുവാക്കന്മാരേ യൂണിവേഴ്സിററി പ്രവേശനാർഹമാക്കുന്ന ഒരു പരീക്ഷക്കു പ്രൈമറിവകുപ്പിലും സെക്കൻഡറി വകുപ്പിലും പ്രത്യേക ക്ലാസുവച്ചു പഠിപ്പിക്കയുമാകാം. തെരഞ്ഞെടുപ്പുമൂലമോ മററുവിധത്തിലോ യൂണിവേഴ്സിററി പ്രവേശനം സിദ്ധിച്ചാൽ പ്രാരംഭംമുതൽ യൂണിവേഴ്സിററിസ്കൂളുകളിൽ പഠിപ്പിക്കണം. പക്ഷെ ഈ മാതൃക ഇപ്പോഴും ശിഥിലമായേ സ്ഥിതിചെയ്യുന്നുള്ളു. ഇതിനു വിശദമായ ഒരു അംഗീകാരം സിദ്ധിച്ചിട്ടുമില്ല.

വിദ്യാഭ്യാസപ്രാരംഭംമുതൽ മൂന്നു മാതൃകയിലുള്ള പാഠശാലകളിലും ഒരേവിഷയംതന്നെ മൂന്നു വ്യത്യസ്തരീതിയിൽ പഠിപ്പിക്കാമെന്ന സിദ്ധാന്തപക്ഷത്തിന്റെ ഉദ്ദേശം കുറച്ചു വിശദമാക്കേണ്ടതിന് അല്പം ചിലതിവിടെ പറയേണ്ടിയിരിക്കുന്നു. ഒരു കുട്ടിയെ പ്രൈമറിരീതിയിൽ, സെക്കൻഡറിരീതിയിൽ, യൂണിവേഴ്സിററിരീതിയിൽ പഠിപ്പിക്കാൻ കഴിയും. എഴുത്ത്, വായന, കണക്ക് എന്നു പ്രൈമറിക്കു വിധിച്ചിട്ടുള്ള വിഷയങ്ങളെ മൂന്നുവിധമായി എങ്ങനെ പഠിപ്പിക്കാമെന്നു നോക്കുകതന്നെ. ഇന്നു പ്രൈമറി എന്നു പറഞ്ഞുപോരുന്ന വകുപ്പിൽ വായന അഭ്യസിപ്പിക്കുവാൻ പരിചിതങ്ങളായ ചിത്രങ്ങൾ ഉപയോഗിക്കുന്നു. അതിനെ തുടൎന്നു ശബ്ദം പുറപ്പെടുവിക്കുമ്പോൾ ലിപികളെ വേർതിരിക്കാൻ ഇടവരുന്നു. സെക്കൻഡറിവകുപ്പിൽ ഈ വായനപ്രസംഗശക്തി ഉളവാകത്തക്കവണ്ണം ആക്കിത്തീക്കാം. യൂണിവേഴ്സിററിയിൽ ശബ്ദങ്ങളുടെ ഉദാത്താനുദാത്തസ്വരിതങ്ങളനുസരിച്ചു വായന പരിശീലിപ്പിക്കാം. അതിനുംപുറമെ വായനയിൽ സംഗീതകലയ്ക്കു സ്ഥാനമുണ്ടാക്കാം. രാമായണം മുതലായ കാവ്യങ്ങൾ, നാടകങ്ങൾ ഇവ അഭ്യസിക്കാവുന്ന കാലമാണിതു്

# ഓമാർ

( ടി. സുധാകരമേനോൻ എം. എസ്സ്. സി. )

## അദ്ധ്യായം ഒന്നു്.

ക്രോഷ്യ എന്ന രാജ്യത്തെ രണ്ടു സംസ്ഥാനങ്ങളായി വിഭജിച്ചിട്ടുണ്ടു്—ഒന്നു് ടക്കിയുടേയും, മറേറതു് ആസ്ട്രിയയുടേയും. അതിവിശാലമായ ആസ്ട്രിയാസാമ്രാജ്യത്തിൻെറ തെക്കേ അററത്തു് ഡാൽമേഷ്യ കഴിഞ്ഞാൽ പിന്നെ ഉള്ളതു് ക്രോഷ്യയാകുന്നു. ഏതാനും നൂററാണ്ടുകൾക്കു മുമ്പു് ഒരു പ്രഭുവിൻെറ ദേശം മാത്രമായിരുന്ന ക്രോഷ്യ ഇന്നു് ഏററവും പ്രാധാന്യമർഹിയ്ക്കുന്ന ഒരു രാജ്യമായി പരിണമിച്ചിരിക്കുന്നു. ആസ്ട്രിയൻ ക്രോഷ്യയുടെ പശ്ചിമഭാഗത്താകുന്നു അഡ്രിയാററിക്കു് കടൽ. കുന്നുകൾ നിറഞ്ഞ ഈ പ്രദേശത്തിലെ നിവാസികൾ അപരിഷ്കൃതന്മാരും യുദ്ധപ്രിയന്മാരും ഗ്രീക്കു് ക്രിസ്തുമതാനുസാരികളുമാണു്. അവർ "ഷിസ്മാട്ടിക്കു് ക്രിസ്ത്യാനികൾ"എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരാകുന്നു. അവർ ആസ്ട്രിയൻ മേൽക്കോയ്മയെ അക്ഷമരായി സഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ മേൽക്കോയ്മയെ തട്ടിത്തകർത്തു് സ്വാതന്ത്ര്യം സമ്പാദിക്കുവാൻ അവർ തരംനോക്കിക്കൊണ്ടിരിക്കുകയാണു്. ക്രോഷ്യയെ ഭരിയ്ക്കുന്നതു് ബാൻ എന്നു് സ്ഥാനനാമമുള്ള ഒരു ഗവർണ്ണരാകുന്നു; അവിടത്തെ സൈന്യങ്ങളുടെ മേലദ്ധ്യക്ഷനും അദ്ദേഹംതന്നെയാണു്. പ്രധാന നഗരങ്ങൾ കാറൽസ്ടാട്ടും അഗ്രാമും ആകുന്നു. ഇവ രണ്ടും പല കാലങ്ങളിലായി തലസ്ഥാനനഗരങ്ങളായിരുന്നിട്ടുണ്ടു്.

നമ്മുടെ കഥ ആരംഭിക്കുന്നതു് ക്രിസ്താബ്ദം 1820-ലാണു്. അന്നു് ജൂൺമാസത്തിലെ ഒരു സുപ്രഭാതമായിരുന്നു. കാറൽസ്ടാട്ടു് നഗരം മുഴുവൻ തിക്കും തിരക്കും കൊണ്ടു് സജീവമായിരിക്കുന്നു. എന്തെന്നാൽ അന്നേദിവസം ബാൻ ഒരു വിശാലമായ മൈതാനത്തിൽ വെച്ചു് ഒരു സൈനികപരിശോധന നടത്തുവാൻ ഉദ്ദേശിച്ചിരുന്നു. മററു വഷങ്ങളെ അപേക്ഷിച്ചു് ആ വഷത്തിൽ ആ സംസ്ഥാനത്തിൽ വളരെ കൂടുതൽ ആസ്ട്രിയൻ സൈന്യങ്ങളുണ്ടായിരുന്നു. ക്രോഷ്യാക്കാർ ചില പ്രകടനങ്ങൾ നടത്തിയതു കണ്ടു് തൻെറ സ്ഥാനത്തിനു് ഇളക്കം തട്ടിയേക്കുമോ എന്നു ഭയപ്പെട്ടിട്ടാണു് ബാൻ ഇത്രവളരെ സൈന്യങ്ങളെ അവിടെ സംഭരിച്ചിരുന്നതു്. അതിനാൽ അന്നേദിവസം ഒരു സൈനികപരിശോധന നടത്തുവാൻ നിശ്ചയിച്ചതു് വെറും ഒരു പ്രദർശനത്തിനുവേണ്ടി മാത്രമായിരുന്നില്ല. ആസ്ട്രിയൻ സൈന്യങ്ങളുടെ എണ്ണത്തേയും ശക്തിപരാക്രമങ്ങളേയും ക്രോഷ്യക്കാരെ ഒന്നു മനസ്സിലാക്കണമെന്നുകൂടി ബാനിന്നു് മോഹമുണ്ടായിരുന്നു. ഇപ്പോഴത്തെ ബാൻ ഒരുതരത്തിലും ജനസ്വാധീനമുള്ള ഒരാളായിരുന്നില്ല. ജനനാൽതന്നെ ഒരു തനി ആസ്ട്രിയനായിരുന്ന അദ്ദേഹം ഒരു നിഷ്ഠുരനും അരാകമ്പനഹിതനുമായിരുന്നു. ആസ്ട്രിയൻശാസനകളെ നടപ്പിൽ വരു

ത്തുവാൻ തൻെറ പൂർവ്വഗാമിയേക്കാൾ കൂടുതലായി, പുതുതായി നിയമിക്കപ്പെട്ട ഈ ബാൻ ശ്രമിച്ചിരുന്നു. അതിനാൽ ജനങ്ങൾക്കു് അദ്ദേഹത്തിനോടു വലിയ അതൃപ്തി ജനിച്ചു. നാടൻ സൈന്യങ്ങളുടെ ഇടയിൽപ്പോലും ഈ അതൃപ്തി പ്രചരിക്കുവാൻ തുടങ്ങിയെന്നു സംശയിക്കത്തക്ക ലക്ഷ്യങ്ങൾ കണ്ടുതുടങ്ങി. ഈവക കാരണങ്ങളാലാണു അദ്ദേഹം കാറൽസ്ടാട്ടിൽ ഒരു വലിയ ആസ്ട്രിയൻസൈന്യത്തെ തയ്യാറാക്കി നിർത്തുവാനും അന്നേദിവസം ഒരു ഗംഭീരമായ സൈനികപ്രദർശനം നടത്തുവാനും നിശ്ചയിച്ചതു്.

അന്നു് കാറൽസ്ടാട്ട്നിവാസികൾക്കു് ഒരു ഒഴിവുദിവസമായിരുന്നു. രാവിലെ പത്തുമണിയായപ്പോഴേയ്ക്കും ആബാലവൃദ്ധം ജനങ്ങളും, സ്ത്രീപുരുഷഭേദമെന്യേ, ആ മൈതാനത്തിലേക്കു് അണിനിരന്നു് യാത്രതുടങ്ങി. കാറൽസ്ടാട്ടിലെ പ്രഭുകുടുംബക്കാർ അവരുടെ പഴയ വണ്ടികളിൽ കയറി അനുചരന്മാരോടുകൂടി ഈ സ്ഥലത്തേയ്ക്കു യാത്രപുറപ്പെട്ടു. സുമുഖന്മാരായ പട്ടാളക്കാരേയും മനോഹരവേഷങ്ങളണിഞ്ഞ സ്ത്രീകളേയും വഹിച്ചിരുന്ന അനവധി നല്ല കുതിരകളുമുണ്ടായിരുന്നു. ദരിദ്രരായ സ്ത്രീപുരുഷന്മാർ കാൽനടയായിത്തന്നെ പുറപ്പെട്ടു. ധനികന്മാർ നാനാതരത്തിലുള്ള വേഷഭൂഷണങ്ങളണിഞ്ഞിരുന്നു. ദരിദ്രന്മാർക്കു് സാധാരണവേഷംതന്നെയായിരുന്നു. ധൈര്യവും ദൃഢനിശ്ചയവും മുഖത്തു വിളയാടുന്ന പുരുഷന്മാരും ആകർഷണീയങ്ങളായ മനോഹര നേത്രങ്ങളോടുകൂടിയ സ്ത്രീകളും ആ മൈതാനത്തിലേയ്ക്കു് ത്വരിതഗമനം ചെയ്തിരുന്ന ആ കാഴ്ച എത്ര ഹൃദയാവർജ്ജകമായിരുന്നു!!

അസംഖ്യം ശബ്ദങ്ങളാൽ വായുമണ്ഡലം ശബ്ദായമാനമായിത്തീർന്നു. ക്രോഷ്യൻ സ്ത്രീകൾ ചിരിയ്ക്കുന്ന ശബ്ദം പ്രത്യേകം ശ്രദ്ധാവഹമായിരുന്നു. അപ്പോഴേയ്ക്കും ചില കാഹളധ്വനികളും ഒരു ഗൌരവസംഗീതവും കേൾക്കാറായി. അനവധി പട്ടാളക്കാർ ബാൻറുവാദ്യങ്ങളോടുകൂടി നാനാദിക്കുകളിൽനിന്നും എത്തിത്തുടങ്ങി. പട്ടണത്തിൻെറ ഒരു ഭാഗത്തുനിന്നു് ക്രോഷ്യൻ പട്ടാളക്കാരും മറുവശത്തുനിന്നു് ആസ്ട്രിയൻ പട്ടാളക്കാരും പുറപ്പെട്ടു് മൈതാനത്തിൽ എത്തിച്ചേർന്നുകൊള്ളണമെന്നായിരുന്നു ബാനിൻെറ പ്രത്യേക കല്പന. ഇരുകൂട്ടരുടേയും ആ വരവുതന്നെ കാണികൾക്കു വിസ്മയം ജനിപ്പിക്കേണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ആസ്ട്രിയൻപട്ടാളക്കാരുടെ സംഖ്യാബലത്തെ നല്ലവണ്ണം മനസ്സിലാക്കി ക്രോഷ്യൻപട്ടാളക്കാരെ ഒന്നു ഭയപ്പെടുത്തണമെന്നും അദ്ദേഹത്തിന്നു് ആഗ്രഹമുണ്ടായിരുന്നു.

പട്ടാളക്കാർ ആ മൈതാനത്തിൽ എത്തിച്ചേർന്നു. അവർ അതിവേഗത്തിൽ അണിനിരന്നു. ആസ്ട്രിയൻ പട്ടാളക്കാർ വലത്തുവശത്തും ക്രോഷ്യൻ പട്ടാളക്കാർ ഇടത്തുവശത്തുമായിട്ടാണു് അണിനിരന്നതു്. കാണികൾ വളരെ അകലെയായിട്ടാണു നിന്നിരുന്നതു്. ആ കാഴ്ച വളരെ പ്രോത്സാഹജനകം എന്നു പറയേണ്ടതില്ലല്ലോ. സൂര്യൻ വളരെ ശോഭയോടെ പ്രകാശിച്ചിരുന്നു. സൂര്യരശ്മികൾ അവിടെ കൂടിയിരുന്ന പട്ടാളക്കാരുടെ തോക്കുകളിൽ തട്ടി പ്രതിഫലിച്ചു. കുതിരപ്പട്ടാളക്കാരുടെ കുന്തങ്ങളും

വാളുകളും വെയിൽതട്ടി തിളങ്ങിക്കൊണ്ടിരുന്നു. ബാൻറുവാദ്യങ്ങൾ ദിക്കെങ്ങും മുഴങ്ങി. പട്ടാള ഉദ്യോഗസ്ഥന്മാർ കൂട്ടംകൂട്ടമായി അവിടവിടെ കൂടിനിന്നു സംഭാഷണം ചെയ്തുകൊണ്ടിരുന്നു. കാണികൾ ഉത്സാഹഭരിതരായി കാണപ്പെട്ടു.

ക്രോഷ്യൻ സൈന്യങ്ങളിൽ ഒരു സൈന്യം മാത്രം കാണികളുടെ ശ്രദ്ധയെ വിശേഷാൽ ആകർഷിച്ചിരുന്നു. ഇതു് ഓസ്സലിൻ അതിർത്തിസൈന്യമായിരുന്നു. ദീർഘകായന്മാരായ പട്ടാളക്കാരും അവരുടെ ഭംഗിയുള്ള വേഷഭൂഷണങ്ങളും സ്വാതന്ത്ര്യത്തെ പ്രകടിപ്പിച്ചിരുന്ന അവരുടെ നോട്ടങ്ങളും ഈ സൈന്യത്തിൻെറ പ്രത്യേകതയാണു്. അതിലെ പട്ടാളക്കാർ മുഴുവൻ പർവ്വതനിവാസികളായിരുന്നു. അവർ അവരുടെ ധീരതയേയും കർമ്മകുശലതയേയും പലപ്പോഴും പ്രത്യക്ഷപ്പെടുത്തീട്ടുള്ളവരാണു്. അതിനാൽ ഈ സൈന്യം ക്രോഷ്യാക്കാരുടെ ബഹുമാനത്തിന്നും ബാനിൻെറ വെറുപ്പിന്നും പാത്രീഭൂതമായിരുന്നു.

ബാൻറുവാദ്യങ്ങൾ പെട്ടെന്നു് അവസാനിച്ചു. അനന്തരം ഒരു കാഹളധ്വനി അന്തരീക്ഷത്തിൻെറ നിശ്ശബ്ദതയെ ഭേദിച്ചു. ബാനും അനുയായികളും സ്ഥലത്തെത്തിത്തുടങ്ങി. പട്ടാളഉദ്യോഗസ്ഥന്മാർ അവരവരുടെ സ്ഥാനങ്ങളിൽ ചെന്നു നില്പായി. കാറൽസ്ടാട്ടിൽനിന്നുള്ള റോഡിൽക്കൂടി ബാനും അനുയായികളും കുതിരപ്പുറത്തു് വരുന്നതു കാണാറായി. അല്പ നിമിഷങ്ങൾക്കുള്ളിൽ അവർ രംഗസ്ഥലത്തു പ്രവേശിച്ചുകഴിഞ്ഞു.

മദ്ധ്യപ്രായക്കാരനായിരുന്ന ബാൻ ആസ്ട്രിയൻ സൈനികവേഷമാണു് ധരിച്ചിരുന്നതു്. അദ്ദേഹത്തിനു് ഒരു പട്ടാളക്കാരൻെറ നോട്ടമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മുഖത്തു് ഒരു വലിയ ഗൌരവം വിളയാടിക്കൊണ്ടിരുന്നു. അദ്ദേഹത്തിനെ കണ്ടാൽ തന്നെ ഒരു നിഷ്ഠുരനും കഠിനഹൃദയനുമാണെന്നു് ആർക്കും മനസ്സിലാക്കാം. അദ്ദേഹം കുതിരപ്പുറത്തുനിന്നിറങ്ങി. പട്ടാളക്കാരെ മുഴുവൻ ഒന്നു നോക്കി. ബാനിനോടുള്ള വെറുപ്പു് സൂചിപ്പിച്ചുകൊണ്ടു് എല്ലാവരും നിശ്ശബ്ദരായിരുന്നു. ഇതുകണ്ടപ്പോൾ അദ്ദേഹത്തിന്നു് ദ്വേഷവും വെറുപ്പും നിരാശയും സഹിക്കവഹിയാതായി. അദ്ദേഹത്തിനു് അവിടെക്കൂടിയിരുന്നവരെ മുഴുവൻ ഒന്നിച്ചു് ശിക്ഷിക്കുവാൻ നിവൃത്തിയില്ലല്ലോ.

ബാനിൻെറ കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരും ക്രോധാന്ധന്മാരായിത്തീർന്നു; അവർ മിക്കപേരും ആസ്ട്രിയക്കാരോ ആസ്ട്രിയാക്കാരോടു് അനുകമ്പയുണ്ടായിരുന്ന ക്രോഷ്യാക്കാരോ ആയിരുന്നു. ബാൻ അദ്ദേഹത്തിൻെറ കോപത്തെ മുഴുവൻ ഏതെങ്കിലുമൊരു വ്യക്തിയിൽ നിശ്ചയമായും ചൊരിയുമെന്നു് അവർക്കു് നല്ല നിശ്ചയമുണ്ടായിരുന്നു. അതിനാൽ അവർക്കു് അതിയായ ഭയവുമുണ്ടായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ബാൻ അനുയായികളുമൊന്നിച്ചു് ഒരു സൈന്യത്തിൻെറ സമീപം ചെന്നു. ബാൻറുവാദ്യം വീണ്ടും ആരംഭിച്ചു. ആ സൈന്യം മുഴുവൻ ഈ ഉദ്യോഗസ്ഥപ്രമുഖനെ അഭിവാദ്യം ചെയ്തു. ഈ സൈനികപട

ങ്ങിന്നശേഷം, ബാൻ അനുയായികളുമൊന്നിച്ച് പട്ടാളപരിശോധന തുടങ്ങി. ആദ്യമായി അദ്ദേഹം ആസ്ത്രിയൻ പട്ടാളങ്ങളെ പരിശോധിച്ചു. കലശലായ കോപം മനസ്സിൽ ഉദിച്ചുവന്നിരുന്നുവെങ്കിലും, അദ്ദേഹം തൻെറ വികാരങ്ങളെ ഒരുവിധം അടക്കിനിർത്തി, ആസ്ത്രിയൻ പട്ടാളക്കാരിൽ യാതൊരു കുററവും കണ്ടുപിടിയ്ക്കാതെ കഴിച്ചുകൂട്ടുവാൻ നന്നെ പരിശ്രമിച്ചു. അനന്തരം അദ്ദേഹം ക്രോഷ്യൻപട്ടാളങ്ങളെ പരിശോധിയ്ക്കുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ മുഖത്ത് പൂർവ്വാധികം ഗൌരവം പ്രത്യക്ഷമായി. എന്തെങ്കിലും കുററം കണ്ടുപിടിയ്ക്കുവാൻതന്നെ അദ്ദേഹം ഉററുനോക്കിത്തുടങ്ങി

കുറച്ചുകഴിഞ്ഞു് അദ്ദേഹം ഓസ്സുലിൻ അതിർത്തിപ്പട്ടാളത്തിൻെറ സമീപത്തെത്തി. അദ്ദേഹത്തിൻെറ നോട്ടം കുറെക്കൂടി ഗൌരവതരമായി. അദ്ദേഹം ആ പട്ടാളത്തിൻെറ നായകനായിരുന്ന ക്രോസ്ക്കിയുടെ വന്ദനം സ്വീകരിച്ചു. കുററം കണ്ടുപിടിയ്ക്കുവാൻ വല്ല വഴിയുമുണ്ടോ എന്ന് പിന്നെയും നോക്കിത്തുടങ്ങി. അവരെല്ലാവരും ശരിയായി തോക്കുകൾ പിടിച്ചിട്ടുണ്ട്; അവരുടെ വേഷങ്ങളിൽ യാതൊരു അഴുക്കുമില്ല; എല്ലാത്തരത്തിലും അവർ യാതൊരു കുററത്തിന്നും അർഹന്മാരായിരുന്നില്ല

എന്നാൽ എങ്ങിനെയെങ്കിലും കുററം കണ്ടുപിടിക്കുവാൻതന്നെ ബാൻ നിശ്ചയിച്ചു. ഈ പട്ടാളക്കാരുടെനേരെ അദ്ദേഹത്തിന്ന് പ്രത്യേകം അവജ്ഞയും കോപവും ഉണ്ടായിരുന്നു. ബാനിൻെറ മുഖഭാവങ്ങൾ കണ്ട് ക്രോസ്ക്കിയ്ക്കും കുറെ ഭയമുണ്ടായി.

ക്രോസ്ക്കിയെ അഭിസംബോധനചെയ്തുകൊണ്ട് ബാൻ ഇപ്രകാരം പറഞ്ഞു. “ശരിയായി നോക്കുവാൻ നിങ്ങളുടെ പട്ടാളക്കാരെ പഠിപ്പിക്കണം. ഈ ഓസ്സുലിൻ മലനിവാസികൾക്ക് തീരെ വകതിരവു കാണുന്നില്ല.”

“അവർ നല്ല യുദ്ധവീരന്മാരാണ്, അതുതന്നെ അവരുടെ ഉത്തമഗുണം”എന്ന് ക്രോസ്ക്കി മറുപടി പറഞ്ഞു.

“നിങ്ങൾ എന്നെ പഠിപ്പിക്കുവാൻ ഭാവിക്കുകയാണോ?”എന്ന് അലറിക്കൊണ്ട് ക്രോസ്ക്കിയെ പ്രഹരിയ്ക്കുമോ എന്നു തോന്നുമാറ് കയ്യിലുണ്ടായിരുന്ന വടി അങ്ങോട്ടുമിങ്ങോട്ടും വീശി.

“അല്ല. ഒരു മേലാവിയെ പഠിപ്പിക്കേണ്ട ആവശ്യമില്ലെന്ന് എനിയ്ക്കറിയാം. എനിയ്ക്ക് ഒരു പട്ടാളക്കാരൻെറ ചുമതലകളെന്തെല്ലാമാണെന്നും നല്ലവണ്ണം അറിയാം. എങ്കിലും എന്നോടു പറഞ്ഞ അഭിപ്രായത്തിന്ന് ഏററവും നല്ല ഒരു മറുപടി പറഞ്ഞുവെന്ന് മാത്രമേ ഉള്ളു.”

ബാനിൻെറ ഈ അനാവശ്യമായ കൈകടത്തൽ കണ്ടപ്പോൾ ഓസ്സുലിൻപട്ടാളക്കാരുടെ നാഡികളിൽ രക്തം തിളച്ചുകയറി. തങ്ങളുടെ പ്രിയപ്പെട്ട ഉദ്യോഗസ്ഥനെ ഇപ്രകാരം ആക്ഷേപിച്ചതു് അവക്ക് ഒട്ടുംതന്നെ രസിച്ചില്ല. ഈ നീരസഭാവപ്രകടനം ബാനിൻെറ കണ്ണിൽ പെടാതിരുന്നില്ല. “ഈ പട്ടാളത്തെ മുമ്പോട്ടു കൊണ്ടുവരു! ഞാൻ ഇവരെ ഒന്നുകൂടി സൂക്ഷ്മമായി പരിശോധിക്കട്ടെ!” എന്ന് അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞു.

കോപം സഹിയ്ക്കവഹിയാതെ, കണ്ണൽക്രോസ്കിയുടെ മുഖം വിളറി; തനിയ്ക്കും തൻെറ പട്ടാളക്കാക്കും കിട്ടിയ ഈ അധിക്ഷേപം നിമിത്തം പെട്ടെന്ന അദ്ദേഹത്തിൻെറ മുഖം രക്തവൎണ്ണമായിത്തീൎന്നു. എങ്കിലും അദ്ദേഹം പറഞ്ഞതുപോലെതന്നെ അനുസരിച്ചു. പട്ടാളത്തെ ഉദ്ദേശം ഇരുപതടി മുമ്പോട്ടു നീക്കിനിറുത്തി. കണ്ണലിൻെറ മുഖത്തുണ്ടായ ഭാവഭേദങ്ങൾതന്നെ പട്ടാളക്കാരുടേയും മുഖങ്ങളിൽ വിലസിക്കൊണ്ടിരുന്നു ബാൻ ഇതെല്ലാംകണ്ടു് രസിക്കുകയായിരുന്നു.

അദ്ദേഹം കുതിരപ്പുറത്തുകയറി അവരുടെ അടുക്കൽചെന്നു്, "മുമ്പോട്ടു് നോക്കു, എൻെറ മുഖത്തു നോക്കേണ്ട!"എന്നു് അലറി. അദ്ദേഹം വീണ്ടും തുടൎന്നു: "നിങ്ങളുടെ അനിഷ്ടഭാവങ്ങളെയൊന്നും ഞാൻ വകവയ്ക്കുകയില്ല. മേലധികാരികളെ ബഹുമാനിക്കുവാൻ ഞാൻ നിങ്ങളെ പഠിപ്പിച്ചുതരാം. നിങ്ങളെന്തിനാണു് എൻെറ മുഖത്തുനോക്കുന്നതു്? മുമ്പോട്ടു്. നോക്കുവിൻ!" അനന്തരം അദ്ദേഹം അതിലെ ഒരു പട്ടാള ഉദ്യോഗസ്ഥനെ വിളിച്ചു് ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെ പട്ടാളക്കാർ എൻെറ മുഖത്തു നോക്കുവാനേ അറിയുന്നുള്ളു. അവക്കു് പരിശീലനം പോരാ." ഇതു കേട്ടപ്പോൾ ആ ഉദ്യോഗസ്ഥൻെറ മുഖം രക്തവൎണ്ണമായി. അയാളെ നോക്കിക്കൊണ്ടുതന്നെ ബാൻ തുടൎന്നു: "നിങ്ങളുടെ ഇടയിൽ കുറച്ചു് അനിഷ്ടഭാവമുള്ളതായി എനിക്കറിയാം. കണ്ണൽ, ഈ ചെറുപ്പക്കാരൻെറ പേരെന്താണു്?"

"തിയോഡർലാറേറാസ്" എന്നായിരുന്നു കണ്ണലിൻെറ മറുപടി. ആ ചെറുപ്പക്കാരൻ അവിവേകമായി വല്ലതും പറഞ്ഞുപോകരുതെന്നു കരുതി, കണ്ണൽക്രോസ്കി തൻെറ ഈ ഉദ്ദേശത്തെ അയാളെ ആംഗ്യംകൊണ്ടു് മനസ്സിലാക്കി.

ബാൻ വീണ്ടും പറഞ്ഞു: "ഓ, ലാറേറാസ്! എന്നാൽ, ലെഫ്ടനൻറ് ലാറേറാസ്, അടുത്തപ്രാവശ്യം ഞാൻ ഈ പട്ടാളത്തെ പരിശോധിക്കുമ്പോൾ, ഇവർ ഒന്നുകൂടി വകതിരിവു് പഠിച്ചവരായി എനിക്കു് കാണണം. അല്ലാത്തപക്ഷം—."

ബാൻ മുഴുവൻ പറഞ്ഞില്ല. അദ്ദേഹം തൻെറ വടി വീശുകയും അതു് ആ ചെറുപ്പക്കാരൻെറ മുഖത്തു് പതുക്കെ ഒന്നു് കൊള്ളുകയും ചെയ്തു. തിയോഡറിൻെറ മുഖം ഒന്നുകൂടി രക്തവൎണ്ണമായി. പെട്ടെന്നു് അയാളുടെ കവിൾത്തടങ്ങളിൽ ഒരു വിളറിയ നിറം ബാധിച്ചു. അയാൾ കോപംനിമിത്തം ചുണ്ടുകടിച്ചു. അയാളുടെ ശരീരം മുഴുവൻ വിറയ്ക്കുവാൻ തുടങ്ങി. "എന്തു്, ഇവൻ എന്നെ വകവെയ്ക്കുകയില്ലെന്നോ!"എന്നു് കോപാന്ധനായി അലറിക്കൊണ്ടു്, ബാൻ തിയോഡർ ലാറേറാസിൻെറ മുഖത്തു് വടികൊണ്ടൊന്നടിച്ചു. പിന്നീടുണ്ടായ സംഭവങ്ങളെല്ലാം ഒരു നിമിഷനേരംകൊണ്ടു് കഴിഞ്ഞു. ചെറുപ്പക്കാരനായ ആ ലെഫ്ടനൻറു് അടിയുടെ വേദന സഹിക്കവഹിയാതെ, തൻെറ വാൾ താഴെയിട്ടു്, കോപാന്ധനായി, ഒരു നരിയെപ്പോലെ ബാനിൻെറ നേരെ ചാടി, അദ്ദേഹത്തെ തട്ടിത്താഴത്തിട്ടു.

(തുടരും)

ഗുരുനാഥൻ

| പുസ്തകം 18 | 1114 കനി | ലക്കം 2 |
| --- | --- | --- |

# ബിത്തൂരിലെ നാനാസാഹിബ്ബിൻെറ അന്ത്യദശ.

(ഒരു ചരിത്രാന്വേഷകൻ.)

പേഷ്വവമാരിൽ അന്ത്യപുരുഷനായ ബാജിറാവ്വ രണ്ടാമൻ 1775 ജാനുവരി 10-ാംതിയ്യതി ഭൂജാതം ചെയ്തു. നമ്മദാനദിയുടെ തെക്കവശത്ത് സ്ഥിതിചെയ്യുന്ന ധൂൽകാട്ട എന്നസ്ഥലത്തു 1818 ജൂൺ മൂന്നാം തിയ്യതി അദ്ദേഹം സർജാൺമാൽകാമിന്ന സ്വരാജധാനിയും സ്വദേഹവും അടിയറവച്ചു കീഴ്പ്പെട്ടു. കാൺപൂരിന്ന സമീപമുള്ള ബിത്തൂർ എന്ന സ്ഥലത്ത് മുപ്പത്തിമൂന്നുകൊല്ലം എട്ടുലക്ഷംരൂപ പെൻഷനുംപററി താമസിച്ചു. 76-ാമത്തെ വയസ്സു തികയുന്ന 1851 ജാനുവരി 14-ാംതിയ്യതി ഇദ്ദേഹം ചരമമടഞ്ഞു. രാജ്യഭ്രഷ്ടനാകുന്നതിന്നുമുമ്പു ഡക്കാണിൽവച്ച് അദ്ദേഹം ആറും ബിത്തൂരിൽ ചെന്നതിന്നശേഷം അഞ്ചും വിവാഹംചെയ്തു. എങ്കിലും അനന്തരാവകാശിയായി ഒരു സന്തതിപോലും ഇദ്ദേഹത്തിന്നുണ്ടായില്ല. നാലാമത്തെ ഭാൎയ്യയിൽനിന്നു 1810-ൽപൂനായിൽ താമസിക്കുന്നകാലത്തു ഒരു കുട്ടിയുണ്ടായെങ്കിലും അതു് അല്പദിവസം മാത്രമെ ജീവിച്ചിരുന്നുള്ളു. എട്ടാമത്തെ ഭാൎയ്യയിൽ നിന്നു യോഗബായി എന്നും കുസുമബായി എന്നും രണ്ടു പുത്രിമാർ ഉണ്ടായി. കുരുന്ദവാതിലെ പട്ടവദ്ധനകുടുംബത്തിലേക്കു യോഗബായിയെ വിവാഹം ചെയ്തുകൊടുത്തു. ഗ്വാളിയറിലെ ഗണപതിറാവ്വ ആപ്ടി കുസുമബായിയേയും വിവാഹംചെയ്തു. 1883ൽ കുസുമബായി വിധവയായി. ആ സ്ത്രീ ഉടനെ കാശിയിലേക്കു പുറപ്പെട്ടു. ജീവിതാവധി ആ സ്ത്രീ അവിടത്തന്നെ കഴിഞ്ഞുകൂടി. 1917 ജൂൺ 19-ാംതിയ്യതി 70-ാമത്തെ വയസ്സിൽ അവർ ഇഹലോകംവെടിഞ്ഞു. ഭക്തി, സ്വദേശാഭിമാനം എന്നീ ഗുണങ്ങൾക്കു പ്രസിദ്ധിനേടിയ ഈ സ്ത്രീരത്നം ബുദ്ധിസംസ്കാരത്തിൽ ഒരു ഉയൎന്ന സ്ഥാനം സമ്പാദിച്ചിരുന്നു. നാനാസാഹിബ്ബിൻെറ ദുരന്തദശയെക്കുറിച്ചു രാജവാദ എന്ന ചരിത്രകാരന്ന വിശ്വാസയോഗ്യമായ അറിവു സിദ്ധിച്ചതു് കുസുമബായിൽ

നിന്നാണ്. പൂനയിലെ ഭാരതഇതിഹാസമണ്ഡലമെന്ന ഗ്രന്ഥപരമ്പരയിൽ 1913-ൽ ഇദ്ദേഹം ഇതു പ്രസിദ്ധംചെയ്തിട്ടുണ്ട്.

അനന്തരാവകാശിയായി ഒരുവനെ അവരോധിക്കുന്ന വിഷയത്തിൽ പ്രകൃതിയോടു പോരാടുവാൻ ബാജി ഉറച്ചു. ഒരാളെയല്ല, മൂന്നുപേരെ ദത്തെടുത്തു. ഇതിനായി ഡക്കാണിൽനിന്നു ഒരു കുടുംബത്തെത്തന്നെ ബിത്തൂരിലേക്കു വരുത്തി. അകന്ന ഒരു ബന്ധം ഈ കുടുംബത്തോടു ഇല്ലേ എന്നു സംശയം. ഇവൎക്കു ഭട്ടൻ എന്ന സ്ഥാനപ്പേരുണ്ട്. മാധവറാവു നാരായണഭട്ടനും അദ്ദേഹത്തിന്റെ ഭാൎയ്യ ഗംഗാഭായിയും മാത്തേരനു സമീപമുള്ള വെംഗം ദേശികളാണ്. ബാജിറാവുവിന്റെ ക്ഷണമനുസരിച്ചു അവർ ബിത്തൂരിലേക്കു പുറപ്പെട്ടു. 1824-ൽ ജനിച്ച ഒരു കുട്ടി അന്നവൎക്കുണ്ടായിരുന്നു. അവന്റെ പേരു് ധണ്ഡു എന്നായിരുന്നു. ഈ കുട്ടിയെ 1827 ജൂൺ 7-ാം തിയ്യതി ബാജിറാവു ദത്തെടുത്തു. അനന്തരകാലത്തു നാനാസാഹബ്ബ് എന്നറിയപ്പെടുന്ന ആൾ ഈ കുട്ടിയത്രെ. ഗംഗാധരറാവു ബാലാസാഹിബ്ബ് എന്നൊരു സഹോദരനേയും സദാശിവറാവു ദാദാസാഹിബ്ബ് എന്നൊരു ശേഷക്കാരനേയും നാനാസാഹിബ്ബിന്റെ ബന്ധത്തിൽനിന്നു അനന്തരകാലത്തു പുത്രരായി ദത്തെടുത്തു. ഇവർ നാനാസാഹിബ്ബിന്റെ ജീവിതദശയിൽ ഭാഗഭാക്കുകളുമായിരുന്നു. ഇവരിൽ ദാദാസാഹിബ്ബ് ദത്തിനു ശേഷം അല്പകാലം കഴിഞ്ഞപ്പോൾ മരിച്ചു. റാവുസാഹിബ് എന്നൊരാളെ ദാദസാഹിബ്ബിന്റെ ഭാൎയ്യ രോഹിണി ദത്തെടുത്തു. ഈ ആളും നാനാസാഹിബ്ബിന്റെ ദുരന്തത്തെ പിന്തുടൎന്നു. ഈ യുവാക്കന്മാരെല്ലാം ഏകദേശം ഒരേപ്രായക്കാരായിരുന്നു. കുതിരസ്സവാരി, കവണിയേറു എന്നിങ്ങനെയുള്ള അഭ്യാസങ്ങളിൽ ഇവരെല്ലാം ഒരുപോലെ പരിശീലനം നടത്തിയിരുന്നു. ടാൻഷ്യടാപ്പി എന്ന ഒരുവനും ഇവരുടെ സുഹൃത്തായി സകലവൃത്തികളിലും ഹൃദയപൂൎവ്വം സഹകരിച്ചിരുന്നു. ടാൻഷ്യടാപ്പി ലഹളക്കാരുടെ ഇടയിൽ നേതൃത്വം വഹിച്ചിരുന്നതായി പലൎക്കും അറിവുണ്ടല്ലോ

ബ്രഹ്മാവൎത്തമെന്നു അറിയപ്പെടുന്നതും കാൺപൂരിൽനിന്നു പത്തുമൈൽ അകലമുള്ളതും ഗംഗാനദിയുടെ ഇടതുകരയിൽ സ്ഥിതിചെയ്യുന്നതുമായ ബിത്തൂരിൽ അനുചരരൊന്നിച്ചു ബാജിറാവുവിനു താമസിപ്പാൻ ആറുമൈൽ ചുററളവുള്ള ഒരു പ്രദേശം തിരിച്ചിട്ടു. വലിയ പൊക്കമുള്ള ആറു കൽത്തൂണുകൾകൊണ്ടു ഈ സ്ഥലത്തിന്റെ സീമ വ്യവസ്ഥിതവുമാക്കി. യാതൊരു കാരണവശാലും ബാജിറാവുവിനു ഈ അതിരുകഴിഞ്ഞു പുറത്തുവന്നുകൂട. ഇദ്ദേഹത്തിന്റെ നടപടി പരിശോധിക്കുന്നതിനും ആവശ്യങ്ങളന്വേഷിക്കുന്നതിനും ഒരു ബ്രിട്ടീഷ്റസിഡൻറ് അവിടെ താമസി

ച്ചിരുന്നു. ബാജിറാവുവിൻെറ മുപ്പത്തിമൂന്നു സംവത്സരജീവിതത്തിനിടയിൽ നാലുപേർ റസിഡൻറന്മാരായിരുന്നിട്ടുണ്ട്. കാപ്ടൻലോ, കാപ്ടൻ ബേക്കൻ, മേജർമാൻസൺ, കാപ്ടൻ മോർലണ്ടു എന്നായിരുന്നു അവരുടെ നാമം. ബാജിറാവുവിനെ ബ്രഹ്മാവത്തത്തിലേക്കു മാററിയകാലം, നെപ്പോളിയനെ സെൻറ്ഹെലീനയിലേക്കു നാടുകടത്തിയ കാലത്തിനോടു അല്പസാദൃശ്യമുണ്ട്. (1815—1821)രണ്ടുപേരുടേയും ബ്രിട്ടീഷ്സാരക്ഷകർ ലോ എന്ന പേരോടുകൂടിയവരത്രെ. ബാജിറാവുവിനോടു ചേർന്നുവസിച്ചിരുന്ന ലോ നാമസാദൃശ്യംകൊണ്ടുമാത്രമെ സെൻറ്ഹെലീന ലോവുമായി യോജിപ്പുണ്ടായിരുന്നുള്ളു. ബാജിറാവുവിൻെറ റസിഡൻറ് സൗഹാർദ്ദപരഹിതാനുവർത്തനശീലമുള്ളവനായിരുന്നു. അതിനാൽ സ്വഭാഗധേയദൂനതയെ ബാജിറാവു അറിഞ്ഞിട്ടുതന്നെയില്ല. പൂനയിൽ എങ്ങനെ സുഖലോലുപനും അശ്രദ്ധാനനും ആയിക്കഴിഞ്ഞോ അതുപോലെ ബിത്തൂരിലും കഴിഞ്ഞുകൂടിയിരുന്നു.

1857 ജൂലായി 15-ാംതിയ്യതി രാത്രി കാൺപൂരിലെ കൂട്ടക്കൊലകഴിഞ്ഞു രണ്ടുദിവസം കഴിഞ്ഞപ്പോൾ ആത്ത്ത്രാണനത്തിനു വേണ്ടു ഒരു സൈന്യത്തോടുകൂടി ജനറൽ ഹാവ്ലാക് നഗരത്തിൽ വന്നുചേന്നു. ഹാവ്ലാക് കാൺപൂരിനെ അതിത്വരയോടെ പ്രാപിക്കുന്നു എന്ന് നാനാസാഹിബ് കേട്ട ഉടനെതന്നെ അദ്ദേഹം അനുചരരോടും ബന്ധുക്കളോടുംകൂടി ബിത്തൂരിൽനിന്ന് പലായനം ചെയ്തു. അല്പസമയംകൊണ്ടു ശേഖരിക്കാവുന്നതും വില പിടിച്ചതും ആയ സാധനങ്ങളെ കൈവശപ്പെടുത്തിക്കൊണ്ടാണു യാത്രപുറപ്പെട്ടതു്. അയോധ്യയെക്കടന്നു പല വിഷമങ്ങളും സഹിച്ച് നേപ്പാളത്തെത്തി. തന്നെ പിടികൂടുന്നവരിൽനിന്നു അഭയസ്ഥാനത്തെത്തിയെന്നു ആശ്വസിച്ചതുതന്നെ ഇവിടെ എത്തിയതിനു ശേഷമാണ്. ഹാവ്ലാക്കും ബ്രിട്ടീഷ്സൈന്യവും ലക്നൗവിൽ ഒട്ടധികം താമസിച്ചു. അവർ നാനാസാഹിബ്ബിനെ പിന്തുടരണമെന്നു ഇച്ഛിച്ചിരുന്നു എങ്കിൽത്തന്നെ ഓടിപ്പോകുന്ന ഇവരെ പിടികൂവാൻ കഴികയില്ലായിരുന്നു. നാനാസാഹിബ്ബിൻെറ കൂടെ ആളുകളധികമുണ്ടായിരുന്നു. ഇദ്ദേഹത്തിൻെറ പിതാവു വിവാഹം ചെയ്തിരുന്ന സെയിബായി, മീനാബായി എന്ന രണ്ടു സ്ത്രീകളും സ്വഭാര്യ സഹോദരഭാര്യ ഇത്രയുംപേർ കൂടെ ഉണ്ടായിരുന്നു. നീപ്പാളത്തിലെ പ്രധാന മന്ത്രി എന്നല്ല വാസ്തവഭരണാധികാരി ജാങ്ങബഹദൂർ ബ്രിട്ടീഷുകാരുടെ ഒരു ബന്ധുവാണെന്നു അറിഞ്ഞിട്ടുള്ളതുകൊണ്ടു് വളരെ നാളത്തേക്കു നാനാസാഹിബ്ബ് സ്വവാസസ്ഥലം ഗോപനം ചെയ്തിരുന്നു. ഈ സംഘം ഒന്നിച്ചോ ഒരു പ്രദേശത്തോ താമസിച്ചിരുന്നില്ല. ഇവർ സ്ഥലം മാറിമാറി താമസിച്ചുവന്നിരുന്നു. കുന്നുകളേയും കാട്ടുകളേയും പ്രാ

യേണ അഭയം പ്രാപിച്ച് ഇവരുടെ പരിതസ്ഥിതികളെ ഗോപനം ചെയ്തു. ഇവരുടെ കാന്ദിശികസ്ഥിതിയെക്കുറിച്ചു നെപ്പാളാധികൃതന്മാർക്കും ബ്രിട്ടീഷുദ്യോഗസ്ഥന്മാൎക്കും പല റിപ്പോൎട്ടുകളും കിട്ടിക്കൊണ്ടിരുന്നു. നേപ്പാളതിരിനകത്തു ഇവരെ കണ്ടെത്തിയാൽ ഉടനെ ബ്രിട്ടീഷധികാരാതിൎത്തിയിലും തദ്വിപരീതരീതിയിലും ഓടി മറഞ്ഞുകൊണ്ടിരുന്നു. 1857 ജൂലായിമുതൽ 1858 സെപ്ററംബർവരെ ഈ ഒളിച്ചുകളി തുടൎന്നുകൊണ്ടിരുന്നു. ആ പതിനാലുമാസക്കാലം അവർ അനുഭവിച്ച ദുരിതങ്ങളും വിഷമങ്ങളും വാക്കുകൾക്കു അവിഷയമാണ്. നാനാസാഹിബ്ബ് അത്യന്തം ക്ഷീണനായി. നേപ്പാളത്തിൽ താഡ എന്ന സ്ഥലത്തുനിന്നു 15 മൈൽ അകലെയുള്ള ദേവഖാരി എന്ന സ്ഥലത്തു നാനാസാഹിബ്ബ് താമസിക്കുന്ന കാലത്തു അദ്ദേഹം ജ്വരബാധിതനായി. മുപ്പത്തിനാലാമത്തെ വയസ്സിൽ — 1858 ഒക്ടോബർ 6-ാംതിയ്യതി ബുധനാഴ്ച—ഈ രോഗത്താൽ അദ്ദേഹം പരലോകപ്രാപ്തനായി. ഇദ്ദേഹത്തിൻെറ സഹോദരൻ ബാലാസാഹിബ് മൂന്നുമാസത്തിനു മുമ്പുതന്നെ—1858 ജൂലായി പത്താംതിയ്യതി—ഈ രോഗത്താൽ തന്നെ മരിച്ചു. രോഗം നിമിത്തം സ്വശയ്യയിൽനിന്നുതന്നെ എഴുന്നേല്ക്കാൻ വിഷമിച്ചിരുന്ന നാനാസാഹിബ്ബിനെ നെപ്പാളത്തിലെ ഉദ്യോഗസ്ഥന്മാർ വളഞ്ഞു. അതിനാൽ നാനാസാഹിബ്ബ് ആളുകളെ രണ്ടായി വിഭജിച്ചു. ഒരുകൂട്ടത്തിൽ അധികം സ്ത്രീകളായിരുന്നു. അവരെ താഡയിൽ താമസിപ്പിച്ചു. നാനാസാഹിബ്ബും കൂട്ടരും ദേവഖാരിയിലുള്ള ഒരു കാട്ടിലേക്കും പോയി. ഇദ്ദേഹത്തിൻെറ മരണം അവിടെവച്ചാണു സംഭവിച്ചതു്. ശവദാഹാദികൎമ്മം വസതിക്കു സമീപമുള്ള ഒരു കുല്യയുടെ കരയിൽവച്ചു നടത്തി. ശവദാഹം കഴിഞ്ഞതിനുശേഷം എല്ലാവരും താഡയിൽ എത്തി സ്ത്രീകളുമൊന്നിച്ചു താമസിച്ചു. അവിടെ അന്നു പന്ത്രണ്ടുവയസ്സുമാത്രം പ്രായമുള്ള ബയബായി നാനാസാഹിബ്ബ്സംസ്കാരകൎമ്മങ്ങൾ പതിമൂന്നുദിവസം ആചരിച്ചു. രാജ്യത്തിലെ അസ്വസ്ഥസ്ഥിതിയും ശിക്ഷയിൽ ഉള്ള ഭയവുംനിമിത്തം ഈ കാൎയ്യങ്ങളൊന്നുംതന്നെ വളരെനാളത്തേക്കു പുറത്തു വന്നിട്ടില്ല. നാനാസാഹിബ്ബിൻെറ ഈഷൽച്ഛായയുള്ള പലരേയും ഇൻഡ്യയിൽ വധിക്കാനും സിഗതിവന്നു. അനവധികാലം നാനായേ പിടികൂടുവാൻ ബ്രിട്ടീഷുകാർ യത്നിച്ച് അദ്ദേഹം റഷ്യയിലേക്കു കടന്നുകളഞ്ഞു എന്നുകൂടി ചില റിപ്പോൎട്ടുകൾ ഉണ്ടായി.

നാനാസാഹിൻെറ മരണത്തിന് അല്പകാലംമുമ്പേ അദ്ദേഹത്തിൻെറ മരുമകൻ റാവുസാഹിബ്ബ് പെട്ടെന്നു മാതുലനെ ഉപേക്ഷിച്ചു സ്വഭാൎയ്യയെ കണ്ടെത്തുവാൻ ബ്രിട്ടീഷ്പ്രദേശങ്ങളിൽ സഞ്ചരിച്ചു. സെയിൽക്കാട്ടിനുസമീപം ഒരുദിക്കിൽ ആ സ്ത്രീ തിരസ്കൃതയായിരുന്നു. റാവുസാഹി

ബ്ബിനെ ബ്രിട്ടീഷുകാർ പിടിക്രടി ബ്രഹ്മാവത്ത കൊട്ടാരത്തിൻെറ പടിക്കൽ കഴുകേററി. ഈ ആളിൻെറ ഭാര്യയും ഏറെക്കുറെ ഇതേ ദുരന്തം അനുഭവിച്ചതായി അറിയപ്പെടുന്നു.

ഈ വിധത്തിൽ ഈ കുടുംബത്തിലെ നാലംഗങ്ങളും മരിച്ചു. നാനാസാഹിബ്ബ്, പത്നീസമേതനായി റാവുസാഹിബ്ബ് 'നേപ്പാളത്തിൽ ഇനി എതാനും സ്ത്രീകഠം ഇത്രയുംപേർ മാത്രമുണ്ട്. അവരാകട്ടെ ബാജിറാവുവിൻെറ രണ്ടു ഭാര്യമാർ സെയിബായിയും മീനബായിയും നാനാസാഹിബ്ബിൻെറ ഭാര്യ കൃഷ്ണബായി, ബാലാസാഹിബ്ബിൻെറ ഭാര്യ കാശിബായി, പുരുഷന്മാർ ഇവർ എല്ലാം ഒഴിഞ്ഞുപോയതു കൊണ്ടു നേപ്പാളഗവൺമെൻറിനു നിസ്സഹായകളായ സ്ത്രീകളുടെ രക്ഷയെ തടയുന്നതിനു് ഒരു കാരണവുമുണ്ടായിരുന്നില്ല. അതിനാൽ അവക്കിഷ്ടമുള്ളിടത്തു യാതൊരുപദ്രവവും കൂടാതെ താമസിച്ചുകൊള്ളുവാൻ അധികൃതന്മാർ അനുവാദം നൽകി. ടാൻഷ്യാടാപ്പിയുടെ നാലു പൗത്രന്മരും ഒരു ക്ലാക്കു ടാംബിയും സർഡിൽക്കറാവുവിൻെറ ബന്ധുവായ ദാമോദരപാണ്ഡു പട്ടവർദ്ധനനും ചില വേലക്കാരും ഈ സ്ത്രീകളുടെ കൂടെ ഉണ്ടായിരുന്നു. ടാൻഷ്യടാപ്പിയുടെ പൗത്രനായ ബവവന്തറാവു ഈ സ്ത്രീകളെ അത്യന്തഭക്തിയോടെ സേവിച്ചുപോന്നു. നാനാസാഹിബ്ബിൻെറ മരണശേഷം എല്ലാവരും കാട്ടുമാണ്ഡുവിലേക്കു പോന്നു. അവരുടെ മെയ്യാഭരണങ്ങളിൽ ചിലതെല്ലാം വിററു ടൗണിൽ ഒരു സ്ഥലംവാങ്ങി. അവിടെ ഒരു വീടുപണിയിച്ചു അതിൽ അവർ വളരെനാഠം താമസിച്ചു. മൂന്നോ നാലോ ഗ്രാമങ്ങഠം വിലക്കുവാങ്ങി. അവയിൽനിന്നും കൊല്ലത്തിൽ ഏഴായിരം രൂപയോളം ആദായം കിട്ടിയിരുന്നു. അതുകൊണ്ടു അവരുടെ ഉപജീവനം സുഖമായി കഴിഞ്ഞിരുന്നു. നേപ്പാളത്തിൽ അവർ ഒരു ചെറിയപട്ടണം സ്ഥാപിച്ചു. അതിനു് റാണിഗഞ്ച് എന്നു പേരുംകൊടുത്തു. അതിൽ രണ്ടു ക്ഷേത്രം പണികഴിപ്പിച്ചു. ഒന്നിൽ രാമപ്രതിഷ്ഠയും. മറേറതിൽ ലക്ഷ്മീനാരായണപ്രതിഷ്ഠയും കഴിച്ചു. അവിടത്തെ നിത്യനിദാനത്തിനുവേണ്ട വകയും നീക്കിവച്ചു. ഈ ക്ഷേത്രങ്ങളിൽ മഹാരാഷ്ട്രന്മാരുടെ കൊടി പ്രദൎശിപ്പിച്ചിരുന്നു. രാജകീയമായ ഒരു ആസ്ഥാനവും ഇവയിൽ ഉണ്ടു്. ഇവ ഇന്നും നിലനില്പുണ്ടു്. അന്തഃപുരസ്ത്രീകഠം എല്ലാംതന്നെ കാലയവനികയിൽ സംതൃപ്തിയോടെ തിരസ്കൃതരായി. 1896ൽ പ്രപഞ്ചത്തിരയുക്കുള്ളിൽ മറഞ്ഞതു ബാജിറാവുവിൻെറ ഭാര്യ സെയിബായിയാണു്. ഇവരാണു് ഒടുവിൽ മരിച്ചതു്. മിതവും സനാതനവും ആയ ജീവിതവൃത്തികൊണ്ടു ഇന്നും നെപ്പാളത്തിൽ ഇവരുടെ പേരിനു ശശ്ചൽഭാവമുണ്ടു്. കാൺപൂരിലെ നിന്ദ്യവും നീചവുമായ കൎമ്മംകൊണ്ടു നാനാസാഹിൻെറ നാമത്തെ മലീമസ

മാക്കീട്ടുണ്ടെങ്കിലും അദ്ദേഹം ഉൽകൃഷ്ടമനസ്ഥിതിയും ഔദാൎയ്യവും ഉള്ള ഒരുവനായിരുന്നു. പക്ഷാന്തരത്തിന്നു വകയുള്ള ഈ കാൎയ്യത്തിൻെറ പരമാൎത്ഥം എന്നും അജ്ഞാതമായിരിപ്പാനേ വഴികാണുന്നുള്ളു.

ബാജിറാവുവിൻെറ മകൾ കുസുമബായിയെ 1857ലെ ലഹളയെല്ലാം ഒതുങ്ങിയതിന്നുശേഷം കാട്ടുമണ്ടുവിൽനിന്നു ഗ്വാളിയറിലേക്കു കൊണ്ടുവന്നു. ഭൎത്തൃമരണത്തോടുകൂടി കുസുമബായി കാശിയിലേക്കു പോന്നു. ജീവിതശേഷം അവർ അവിടെ കഴിച്ചുകൂട്ടി. 19 കൊല്ലത്തിന്നു മുമ്പാണു അവർ മരിച്ചതെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലൊ. നാനാസാഹിബ്ബിൻെറ അന്ത്യദശയെക്കുറിച്ചു രാജവാഡി വളരെമുമ്പേതന്നെ പ്രസിദ്ധംചെയ്തിട്ടുണ്ടായിരുന്നു. ശിവായിലഹളകാലത്തെ ലഘുവായ ഈ ചരിത്രാംശത്തെക്കുറിച്ചുള്ള ഊഹങ്ങളേയും റിപ്പോൎട്ടുകളേയും അനിശ്ചിതമായ അഭിപ്രായങ്ങളേയും ഈ ലേഖനം ശാന്തമാക്കുമെന്നു് വിശ്വസിക്കുന്നു. പേഷ്വാമാരുടെ കുടുംബപരമ്പര ഇക്കാലത്തു നാമാവശേഷമായിട്ടുണ്ടു്. രഘുനാഥറാവുവിൻെറ ദത്തുപുത്രനായ അമൃതറാവുവിൻെറ പിൻവാഴ്ചക്കാർ ഇപ്പോഴും ബർലിയിൽ താമസിച്ചുവരുന്നുണ്ടു്.

## ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ

### II.

കേശവൻെറ പാഠശാലാജീവിതം ശാന്തവും സുന്ദരവുമായിരുന്നില്ല. ഹിന്ദുകാളേജിൽ ചേൎന്നിരുന്നകാലത്തു് നല്ല നിലയിൽ പഠിച്ചു് സമ്മാനത്തിന്നും അൎഹനായിട്ടുണ്ടു്. പതിനാലുവയസ്സുമാത്രം പ്രായമായപ്പോൾ സ്കൂൾഡിപ്പാൎട്ടുമെൻറിലെ ഉയൎന്ന ക്ലാസ്സിൽ എത്തി. ഈ സ്മരണീയമായ കാലത്തു ദൗൎഭാഗ്യദോഷത്താൽ പുരോഗതിക്കു് ഒരു ഭംഗം നേരിട്ടു. രണ്ടാമതു് ഒരു കാളേജുകൂടി തുറന്നു. അതിനെ ഒന്നു സഹായിക്കേണ്ടതായും വന്നു. ഹിന്ദു കാളേജിൽനിന്നു ചില വിദ്യാൎത്ഥികൾ അങ്ങോട്ടുപോയി. കേശവൻ അവരിൽ ഒരുവനായിരുന്നു. ഉത്ഭവത്തോടെ തന്നെ പരാജയബീജവും നിക്ഷേപിച്ചിരുന്ന ആ സ്ഥാപനം ഏറെത്താമസിയാതെ നിന്നുപോയി. അടുത്തകൊല്ലത്തിൽ കേശവൻ പഴയ കാളേജിലേയ്ക്കു തിരിച്ചുപോരേണ്ടിവന്നു. ഫൈനൽ എക്സാമിനേഷനു തോല്ക്കുവാനും കാളേജുവിട്ടു

വാനും സംഗതി ആയി. ഇങ്ങനെ കേശവന്റെ സ്കൂൾജീവിതം അവസാനിച്ചു. വിദ്യാഭ്യാസത്തിൽ അതീവതാല്പര്യം പ്രദർശിപ്പിച്ചിരുന്ന ഒരു വിദ്യാർത്ഥി അനന്തരകാലത്തും അതുപേക്ഷിച്ചിട്ടില്ല. മതം, തത്വശാസ്ത്രം ഇവ രണ്ടും ജീവാവസാനം വരെ പഠിച്ചുകൊണ്ടുതന്നെ കഴിഞ്ഞിരുന്നു.

1856-ൽ കേശവൻ വിവാഹം ചെയ്തു. രക്ഷകർത്താക്കളാണ് ഇതിനുള്ള വ്യവസ്ഥകളെല്ലാം ചെയ്തത്. വിവാഹച്ചടങ്ങുകളെല്ലാം കേശവൻ ഒരു യന്ത്രവിശേഷമെന്നപോലെ അനുഷ്ഠിച്ചു. പൂർണ്ണയൗവനം പ്രാപിച്ച ഒരു യുവാവാണ് ഇന്നു കേശവൻ. അസാധാരണവും പ്രശംസാർഹവും ആയ ഒരു യൗവനമാണ് ഇദ്ദേഹത്തിനുള്ളത്. സകല പ്രവൃത്തികളിലും കണിശം നിർബ്ബന്ധമായി വരിച്ചിരുന്നു. മത്സ്യമാംസങ്ങളെ ആഹാരോപകരണങ്ങളിൽനിന്നു ത്യജിച്ചു. ചീട്ടുകളിയും മററു യുവസഹജങ്ങളായ വിനോദങ്ങളും ഉപേക്ഷിച്ചു. കേശവമുഖം തമസ്സിനാൽ മൂടിയപോലെ തോന്നി. ഹൃദയംദൃനവുമായി. അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു. "രാവും പകലും എനിക്കു ശാന്തതയില്ല. യുവാക്കന്മാർ അനുഭവിക്കുന്ന സകല വിനോദങ്ങളേയും ഞാൻ വെറുക്കുന്നു. അവ വിഷമെന്നെനിക്കു തോന്നുന്നു. വിനോദങ്ങളെ ആത്മവഞ്ചനചെയ്യുന്ന പിശാചുക്കളെന്നു കരുതുന്നു. അതുതന്നെ പാപവുമാണ്. കാമം നരകമാണ്, അതിനെ സ്പർശിച്ചാൽ മരണം നിശ്ചയം. ശരീരം നാശത്തിനുള്ള പെരുവഴിയാണ്. അതിനെ കീഴടക്കി ഭരിച്ചില്ലെങ്കിൽ മരണം നിശ്ചയം എന്നെ ചിരിപ്പിക്കാൻ ശക്തിയുള്ള ഗ്രന്ഥങ്ങളേയും സ്നേഹിതന്മാരേയും ഞാൻ ഉപേക്ഷിക്കും. ക്രമേണ ഞാൻ മൗനിയായി. വളരെക്കുറച്ചേ സംസാരിക്കുകയുള്ളു. ഞാൻ വനവാസം വരിച്ചില്ല. സത്യംതന്നെ. പക്ഷെ ഈ ലോകം ഒരു കാടാണെന്നു തോന്നുന്നു. എന്റെ ഭാര്യ എന്നോടൊന്നിച്ചു താമസിക്കാൻ വരുന്നു. ഞാൻ അപ്പോൾ ഇങ്ങനെ വിചാരിച്ചു. എന്റെ ആത്മാവ് ഉൽകൃഷ്ടം. അതിനെ ഞാൻ ഒരു ഭാര്യക്കു കീഴ്പ്പെടുത്തണമോ? ഞാൻ ആത്മാവിനെ ലോകത്തിനു കീഴ്പ്പെടുത്തണമോ? ഭാര്യയേയൊ ലോകത്തേയൊ ഞാൻ ക്രമത്തിലധികം സ്നേഹിക്കയില്ല."

കേശവചന്ദ്രസേനൻ ഒരു യുവവൈരാഗി ആയിരിക്കുന്നു. പരിപാവനമായ ഒരു ഹോമകുണ്ഡത്തിൽ എരിയുന്ന അഗ്നിപോലെ ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ സന്മാർഗ്ഗസൌഹാർദ്ദം പ്രദീപ്തമായി. തത്വശാസ്ത്രഗ്രന്ഥങ്ങൾക്കു പുറമെ യങ്ങിന്റെ നൈററ്താട്ട് എന്ന ഗ്രന്ഥവും ഷേക്സ്പീയരുടെ ഹാംലററും അദ്ദേഹത്തിനു പ്രിയമേറിയ ഗ്രന്ഥങ്ങളാ

ണു്. ഇക്കാലത്തു് അദ്ദേഹം പല സ്ഥാപനങ്ങളേയും സംഘടിപ്പിച്ചു് അതിലെ അംഗങ്ങളുടെ ഭൗതികവും സാന്മാൎഗ്ഗികവുമായ അഭിവൃദ്ധിക്കു ശ്രമിച്ചു. വഴിയാത്രക്കാൎക്കു വായിക്കാൻതക്കവണ്ണം പുരയുടെ ഭിത്തികളിൽ പ്രാൎത്ഥനകളും ഉപദേശങ്ങളും എഴുതി ഒട്ടിച്ചു. കേശവന്റെ ഈ കാലത്തെ ജീവിതം ഏതാണ്ടു ആത്മീയാസ്വാസ്ഥ്യത്തോടുകൂടിയതായിരുന്നു.

ജീവിതദശയിൽ ഈ ഒരു ഘട്ടത്തിലാണു് കേശവനു മാൎഗ്ഗദൎശനമുണ്ടായതു്. ആ വഴിയെ മുന്നോട്ടു ചെന്നപ്പോൾ മനശ്ശാന്തിയുമുണ്ടായി. പ്രാൎത്ഥനയാണു് ഈ മാൎഗ്ഗം. ഇതിനെക്കുറിച്ചു് അദ്ദേഹംതന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "എന്റെ ആത്മീയജീവിതോദയത്തിൽ എന്റെ ഹൃദയത്തിൽ 'പ്രാൎത്ഥിക്കുക, പ്രാൎത്ഥിക്കുക' എന്നൊരു ശബ്ദം മുഴങ്ങി. എന്തുകൊണ്ടു്, എന്തിനായി പ്രാൎത്ഥിക്കണമെന്നു് വിശദമായി എനിക്കപ്പോൾ അറിഞ്ഞുകൂട. യുക്തിവാദം ചെയ്യേണ്ട ഒരവസരമല്ല അതു്. എനിക്കു സ്ഖലിതം വരുമെന്നു് ഒരിക്കലും തോന്നിയില്ല. ഞാൻ പ്രാൎത്ഥിച്ചു. ഈഷത്തായി കണ്ട ആ പ്രകാശം സൂൎയ്യോദയത്തിന്റെ പ്രാഗ്രൂപമായിരുന്നു. മുമ്പു് അന്ധകാരാവൃതമായിരുന്നതെല്ലാം വ്യക്തമായിത്തെളിഞ്ഞു കാണാറായി. പ്രാൎത്ഥനയുടെ പരിശീലനംകൊണ്ടു് അനന്തവും അപ്രതിരോദ്ധ്യവുമായ ശക്തി എനിക്കുണ്ടായി. ഇന്നത്തെ എന്റെ ശരീരമനസ്സുകൾതന്നെ അന്നത്തേതല്ല. എന്റെ മുഷ്ടിപാപത്തിന്റെ മുഖത്തു പതിച്ചു."

1857-ൽ ഇദ്ദേഹം 'സഹോദരസൌമനസ്യം' എന്നൊരു സംഘം ഏൎപ്പെടുത്തി. മതവിഷയമായി വാദപ്രതിവാദത്തിനും ഭക്തിയോഗാഭ്യസനത്തിനും ഈ സംഘം ഉപയോഗപ്പെടുത്തി. മതവിഷയമായി ഒരു വിശാലവീക്ഷണമാണു് ഇദ്ദേഹത്തിനുള്ളതു്. ഒരിക്കൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. "വൈഷ്ണവമെന്നോ ശൈവമെന്നോ ഒന്നിൽത്തന്നെ കാണുന്ന വ്യത്യസ്തബോധത്തെയോ, ഹിന്ദു, ഇസ്ലാം, ക്രിസ്ത്യൻ എന്നിങ്ങനെ മതാന്തരങ്ങളിൽ ഭേദബുദ്ധിയേയോ ക്ഷണികമായിപ്പോലും മനസ്സിൽ അങ്കുരിപ്പാൻ ഞാൻ അനുവദിക്കയില്ല. എന്റെ സ്നേഹിതന്മാരോടു് രണ്ടു തത്വങ്ങളാണു് മതപരമായി എനിക്കു പറവാനുള്ളതു്. ദൈവം നമ്മുടെ പിതാവു്. ഓരോ മനുഷ്യനും നമ്മുടെ സഹോദരൻ." ഈ കാലഘട്ടത്തിൽ കുറെ ചെറുപ്പക്കാർ ചന്ദ്രസേനനെ അനുഗമിപ്പാനുണ്ടായി. സാന്മാർഗ്ഗികവും മതപരവുമായ ഗ്രന്ഥപാരായണവും ഇടയ്ക്കിടെ ഇംഗ്ലീഷിൽ ചില പ്രസംഗങ്ങളും ഇദ്ദേഹം നടത്തിക്കൊണ്ടിരുന്നു. കേശവചന്ദ്രസേനനു് സ്വതസ്സിദ്ധമായിരുന്ന വിശ്മിത്വം ഒരു കലയായി വികസിച്ചു. ടൗൺഹാളിൽ ശ്രോ

താക്കളായിവന്നുചേരുന്ന ആളുകൾ പ്രസംഗചാതുരിയാൽ വശീകൃതരായി. ഈ വിധത്തിൽ ഒരു മതനേതാവ് എന്ന നിലയുടെ പ്രാരംഭം ചന്ദ്രസേനനിൽ ഉളവായി. ഇദ്ദേഹത്തിൻെറ പ്രാരംഭാനുയായികൾ സഹോദരസംഘത്തിലെ അംഗങ്ങളായിരുന്നു. കൽകട്ടയിലെ ബ്രഹ്മസമാജാദ്ധ്യക്ഷനായ മഹർഷി ദേവേന്ദ്രനാഥടാഗ്ഗുമായി ഒരു സന്ദർശനത്തിനു ചന്ദ്രസേനനിടവന്നു. മഹർഷി ഇവരുടെ സംഘസന്ദർശകനായി അവിടെ എത്തി. അന്നത്തെ സംഘം പ്രത്യേകസ്മരണയ്ക്കു് അർഹമത്രെ.

## ബ്രഹ്മസമാജം.

1857ൽ ചന്ദ്രസേനൻ കൽക്കട്ട ബ്രഹ്മസമാജത്തിൽ ചെന്നുചേന്നു. അതിലെ വ്യവസ്ഥയനുസരിച്ചു് ഒരു കവനൻറിൽ ഒപ്പിടുകയും ചെയ്തു. ഈ സമാജത്തേക്കുറിച്ചു് അദ്ദേഹത്തിനുള്ള അഭിപ്രായം ഇങ്ങനെയാണു്:— "ആരാധനയ്ക്കു് ഒരു സ്ഥാപനം ആവശ്യമെന്നെനിക്കു തോന്നുന്നു. ഇന്നു നിലവിലിരിക്കുന്നവ വർഗ്ഗീയബുദ്ധിപ്രസാരിതമാകയാൽ എൻെറ വിശ്വാസത്തിനു് അവ പാത്രങ്ങളല്ല. കൽക്കട്ട ബ്രഹ്മസമാജത്തിൽനിന്നു പ്രസിദ്ധംചെയ്ത ഒരു ചെറിയ പുസ്തകം കാണ്മാനിടയായി. "ബ്രഹ്മസമാജം എന്നാൽ എന്തു്?" എന്നൊരദ്ധ്യായം വായിപ്പാൻ സംഗതിവന്നു. എൻെറ ഹൃദയാന്തർലീനമായ വിശ്വാസത്തോടു അതു് അത്യന്തം അഭേദമായിരുന്നു. ആത്മാവിൽ പ്രബുദ്ധമായ നാദബ്രഹ്മം തന്നെയാണതു്." കേശവചന്ദ്രസേനനെ പിന്തുടന്നു് പല സ്നേഹിതന്മാരും ബ്രഹ്മസമാജത്തിൽച്ചേന്നു.

ഇരുപത്തിഏഴുസംവത്സരങ്ങൾക്കുമുമ്പു് സുപ്രസിദ്ധനായ രാജാ രാമമോഹനറായിയാണു് ബ്രഹ്മസമാജം സ്ഥാപിച്ചതു്. 1830 ജാനുവരി 1-ാംതിയ്യതിയെന്നു കൃത്യമായി പറയാം. ഏകദൈവവിശ്വാസത്തെ സ്ഥിരീകരിക്കണമെന്നാത്രെ രാജാവിൻെറ ലക്ഷ്യം. ഇതിനു് ഏതാനും വേദാന്തതത്വങ്ങളെ സ്വീകരിച്ചു. മനുഷ്യസാഹോദര്യം പ്രതിപാദിക്കുന്ന ഒരു സാർവ്വജനീനമതമായിരിക്കണമെന്നു അദ്ദേഹത്തിനു് അഭിപ്രായമുണ്ടായിരുന്നു. ബുദ്ധിപ്രചോദിതബോധകമോ സ്വാനുഭൂതിയൊ അല്ല രാജാവിനെ ഇങ്ങനെ ഒരു മാർഗ്ഗത്തിലേക്കു തിരിച്ചുവിട്ടതു്. വിമതഗ്രന്ഥങ്ങളെ ആധാരമാക്കി മാത്രമാണു് അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടതു് ബ്രഹ്മസമാജസ്ഥാപകൻ ഈ സത്യാന്വേഷണത്തിനു ഹൈന്ദവമതഗ്രന്ഥങ്ങളെമാത്രമല്ല പരിശോധിച്ചിട്ടുള്ളതു്. ഹിബ്രു, ക്രിസ്ത്യൻ, മഹമ്മദൻ മതഗ്രന്ഥങ്ങളേയും അദ്ദേഹം സവിശേഷം പരിശോധിച്ചു. ഇതത്രെ ഈ സമാജത്തിനുള്ള പ്രത്യേക ഗുണം. 1833-ൽ ഇദ്ദേഹം പരലോക

പ്രാപ്തനായപ്പോൾ ബ്രഹ്മസമാജത്തിൻെറ നേതൃത്വം ദേവേന്ദ്രനാഥടാഗ്രർ കൈയേററു. അന്ന് സ്വാനഭൂതി സിദ്ധിച്ച ഒരുവൻെറ ഉപദേശ; മാധു ര്യ്യം സമാജത്തിനു സിദ്ധിച്ചു. ടാഗ്രർ വളരെനാൾ ഹിമാലയത്തിൽ തപ സ്സുചെയ്തിരുന്ന ഒരാളാണ്. സമാജനടപടികളിൽ ദേവേന്ദ്രനാഥൻ ശ്ര ദ്ധാലുവായിരുന്നു എങ്കിലും അല്പയാഥാസ്ഥിതികത്വം കണ്ടിരുന്നു. സമാജ ത്തിലെ ആദ്യഅംഗങ്ങളുടെ ഭീരുത്വത്തിനും സ്വാതന്ത്ര്യമില്ലായ്മയ്ക്കും അദ്ദേഹം അ ല്പം കീഴടങ്ങി. ഈ വിധത്തിൽ രാമമോഹനറായിയുടെ ആദർശങ്ങൾക്ക് അ ല്പമൊരു മ്ലാനത പററി, കേശവനും സമാജത്തിൽച്ചേർന്ന ചില യുവമിത്ര ങ്ങളും വിശാലവീക്ഷണവും പുരോഗമനോത്സുകത്വവും ഉള്ളവരായിരുന്നു. അതിനാൽ സമാജത്തിൽ ഒരു യുവബ്രഹ്മസമാജത്തിൻെറ ബീജം അവാ പം ചെയ്തു.

1857 മുതൽ 1866 വരെ കേശവനും അദ്ദേഹത്തിൻെറ യുവമി ത്രങ്ങളും കൽക്കട്ട ബ്രഹ്മസമാജത്തിൽ അംഗങ്ങളായിത്തന്നെ കഴിഞ്ഞു കൂടിയിരുന്നു.

മഹർഷി ദേവേന്ദ്രനാഥനാൽ കേശവൻ സവിശേഷം ആകർഷിക്ക പ്പെട്ടിരുന്നു. അതനുസരിച്ചു കേശവനെ അത്യന്തം വാത്സല്യത്തോടെ സ്വീകരിക്കയും ചെയ്തു. ഇവർ തമ്മിൽ ജന്മാന്തരബന്ധമോ എന്നു തോ ന്നുംവണ്ണം മൈത്രിയിലുമായി.

## രാജമോഹൻെറ ഭാര്യ

### അദ്ധ്യായം IV.

ഒരു സെമിന്ദാർകുടുംബവും അതിൻെറ ഉത്ഭവാഭിവൃദ്ധികളുടെ ചരിത്രവും

ബങ്കാളത്തുള്ള പല വലിയ സെമിന്ദാർകുടുംബങ്ങളുടെ ഉത്ഭവ ത്തെക്കുറിച്ചു ചിന്തിക്കുന്ന ഒരുവനു പല ഹീനകർമ്മങ്ങളിലാണ് അവയുടെ പ്രതിഷ്ഠയെന്നു കാണാം.

വംശശിവാദഘോഷൻ കിഴക്കെ ബങ്കാളത്തുള്ള ഒരു സെമിന്ദാർ കുടുംബത്തിലെ വാലിയക്കാരനായി കഴിഞ്ഞിരുന്നു. ആ പ്രഭുകുടുംബത്തി ൻെറ പേരുതന്നെ ഇന്ന് അവശേഷിച്ചിട്ടില്ല. അന്ത്യജാതനായ പ്രഭു ആ

ഭ്യവിവാഹത്തിൽനിന്ന സന്താനലബ്ധി ഉണ്ടാകാതിരുന്നതുകൊണ്ട വാൎദ്ധക്യദശയിൽ മററൊരു ഭാൎയ്യയെക്കൂടി സ്വീകരിക്കുവാൻ പ്രേരിതനായി. പക്ഷെ സന്താനഹീനനായി ജീവിച്ചു മരിക്കുവാനാണ് അദ്ദേഹത്തിൻെറ തലയിൽ എഴുതിയിരുന്നതു്. വാൎദ്ധക്യദശയിൽ അദ്ദേഹത്തിനു സിദ്ധിച്ച മഹാനുഗ്രഹംയുവതിയും സുന്ദരിയുമായ ഒരു ഭാൎയ്യയെന്നു സമാധാനിച്ചിരുന്നു. സന്താനത്തോടു സമാനമോ, അടുത്തോ ഉണ്ടാകാവുന്ന വാത്സല്യം അവളിൽ ഉണ്ടായിരുന്നു. സഹധൎമ്മചാരിണികൾ തമ്മിലുള്ള അസ്വാരസ്യവും വഴക്കും ഗാൎഹസ്ഥ്യസുഖത്തിന് ഇടയ്ക്കിടെഭംഗംചെയ്യാറുണ്ടെന്നുള്ളതു പരമാൎത്ഥംതന്നെ. ഭൎത്താവിൻെറ അനുമോദനാനുകൂല്യങ്ങൾ മൂപ്പനുസരിച്ചു വേണമെന്നുള്ളതു് അവിതൎക്കിതനിയമമെന്നു മൂത്ത സ്ത്രീ ശക്തിയായും വാദിച്ചു. ഈ അവിതൎക്കിതനിയമത്തെ പ്രബ്ദ സദാവഴക്കിനു സംഗതിയാക്കി. നാൾക്കുനാൾ സംഗതികളധികമധികം കുഴപ്പത്തിലായി. അക്കാലത്തു് ഒരു മദ്ധ്യസ്ഥൻ ഈ കാൎയ്യത്തിൽ ഇടപെട്ടു. അദ്ദേഹത്തിൻെറ വിധിക്ക് അപ്പീലില്ലാത്തതുമത്രെ. മൂപ്പനുസരിച്ചുള്ള അവകാശം അപരിത്യാജ്യമെന്നു സമ്മതിച്ചു എങ്കിലും മൂത്തഭൎയ്യയെ മററൊരു ലോകത്തേക്കു മാററിത്താമസപ്പിച്ചു. വൃദ്ധനും യുവതിയായ സഹധൎമ്മചാരിണിയും സൈ്വരമായി കഴിഞ്ഞുകൂടി. പക്ഷെ ഈ സംഭവം വൃദ്ധന് ഒരു മുന്നറിവെന്നപോലെ തോന്നിത്തുടങ്ങി. അധികമകന്നിട്ടല്ലാതെ തന്നെ മൂത്തഭാൎയ്യയെ അനുഗമിപ്പാൻ കല്പന പുറപ്പെടുമെന്ന് അദ്ദേഹം ഉറച്ചു. ഒരു കുടുംബത്തെ ആശാവിഹീനമായി വിടുന്നതു തനിക്ക് അന്യന്മാരായ ചിലരുടെ സുഖത്തിനായി പരിണമിക്കുമെന്ന ഹൃദയവേദനയോടെ അദ്ദേഹത്തിനു നിശ്ചയമായി. അദ്ദേഹത്തിൻെറ സമ്പത്തു് ഭാൎയ്യയുടെ കൈവശത്തിൽ അവളുടെ ജീവിതാവധിയിരിക്കുമെങ്കിലും നിയമംകൊണ്ടു് അവളുടെ ഹസ്തംബന്ധിച്ചിരിക്കുന്നതിനാൽ ഒരു പെൻഷൻപററുന്ന ആളേക്കാൾ കവിഞ്ഞൊരധികാരവും അവൾക്കുണ്ടായിരിക്കയില്ല. യുവതിയെ ഈ സ്വത്തിൻെറ സൎവ്വാധികാരമുള്ള നായികയാക്കുന്നതിനുള്ള വൃദ്ധൻെറ മോഹം ഭാൎയ്യയുടെ ഉപദേശത്താലും അധികാരത്താലും അത്യധികമായി വളൎന്നു. ഭാവിയെക്കുറിച്ചുള്ള ഈ ചിന്ത ഉചിതമായ ചില മാൎഗ്ഗങ്ങളെ കാണിച്ചുകൊടുത്തു. വസ്തുവിന്മേലുണ്ടായിരുന്ന ബാദ്ധ്യതകളും സെമീന്ദാരികളും തരംവന്നപ്പോഴെല്ലാം കൈമാററം ചെയ്തു പണവും മററു ജംഗമങ്ങളുമാക്കി. താൻമരിക്കുന്നകാലത്തു സ്വത്തിൻെറ ഭൂരിഭാഗവും വിധവയുടെ കൈവശത്തിലിരിക്കുമെന്ന നില വന്നപ്പോൾ അദ്ദേഹത്തിൻെറ മനസ്സിനു സമാധാനമുണ്ടായി. കരുണാമയിബുദ്ധിയുള്ള ഒരു സ്ത്രീതന്നെ· സമ്പത്തിനും സൗഭാഗ്യത്തിനും അവൾ ഏകാവകാശിയെന്നു വ്യവസ്ഥാപിച്ചു കഴിഞ്ഞു. അവ രണ്ടും പരിപൂൎണ്ണമായി അനുഭവിപ്പാനുമവൾ ഉറച്ചു. ആരാധ്യയായ ഭാൎയ്യയോടുള്ള പ്രേമ

ധിക്യത്താൽ ശ്രീരാമൻ അവളെ പരിത്യജിച്ചകാലത്തു സീതാദേവിയുടെ ഒരു സ്വൎണ്ണവിഗ്രഹം നിൎമ്മിച്ചുവച്ചിട്ടല്ലെ ചിത്താശ്വാസം അനുഭവിച്ചതു്, ഈ വിധമുള്ള ഒരു പ്രാതിനിധ്യംകൊണ്ടു പരേതനായ തൻെറ പ്രേമാസ്പദ ഭൎത്താവിൻെറ സാഹചൎയ്യം തനിക്കെന്തുകൊണ്ടനുഭവിച്ചുകൂടാ എന്നായിരുന്നു അവളുടെ യുക്തി. അവൾ ആരേ ഉദ്ദേശിച്ചു സന്തപ്തചിത്തയായി കഴിയുന്നോ ആ പ്രേമഭാജനവും നഷ്ടാവശേഷനുമായ ദേഹത്തേ പ്രതിനിധീകരിക്കുന്നതിൽ ലോഹനിൎമ്മിതവിഗ്രഹത്തേക്കാൾ ഒരു മനുഷ്യനെത്തന്നെ പ്രതിനിധീകരിച്ചാൽ അതു രാമസ്വാമിയുടെ മനസ്ഥിതിയേക്കാൾ കുറച്ചുകൂടി ഉൽകൃഷ്ടമായിരിക്കയില്ലെ എന്നും അവൾ വിചാരിച്ചു. ഒരു മനുഷ്യനു് ഉൽകൃഷ്ടതയും വിയുക്തൻെറ സാദൃശ്യവും നിൎവ്വികാരമായ ഒരു ലോഹവിഗ്രഹത്തേ അപേക്ഷിച്ചു് അധികമെന്നതിനു സംശയമില്ല. ഈ സാദൃശ്യം ബാഹ്യമോടിയിൽ മാത്രമല്ല ആന്തരമായും സമാനഗുണമുണ്ടായിരിക്കുന്നതാണല്ലോ. യുക്തികൊണ്ടും പരേതനോടുള്ള ഭക്തിപ്രേമാദികളെകൊണ്ടും ഈശ്വരന്മാരുടെ ഉദാഹരണംകൊണ്ടും ദൃഢനിശ്ചയംചെയ്തു. ആ കാൎയ്യം നിൎവ്വഹിക്കുന്നതിനു് അവൾ അശേഷവും വിളംബിച്ചില്ല. ഭൎത്തൃസ്മരണയെ നിലനിറുത്തുവാൻ അവൾ കണ്ടെത്തിയ ഭാഗ്യപുരുഷൻ ഭൎത്താവിൻെറ കൂലിവേലചെയ്തു കഴിഞ്ഞിരുന്ന ആ ഭൃത്യൻ വംശിവാദഘോഷൻ ആയിരുന്നു. കുടിലബുദ്ധിയായ ഇയാൾ തനിക്കു സിദ്ധിച്ച ആനുകൂല്യത്തേ ഒരിക്കലുമുപേക്ഷിക്കുന്നതല്ലല്ലോ. തൻെറ യജമാനത്തിയുടെ ഹൃദയാധീശപദവി സിദ്ധിക്കുമ്പോൾ അവളുടെ സമ്പത്തിൻെറ സ്വാമിത്വവും അയാൾക്കു സിദ്ധിക്കാതിരിക്കുന്നതെങ്ങനെ? സുഖസാദ്ധ്യമായ ഒരു ഉൽകൃഷ്ടസ്ഥാനം, സ്ഥാനമാനം ഇവ അതിത്വരയോടെ അയാളേ പ്രാപിക്കുന്നു. ഒരു നിസ്സാരജ്വരം, അതുതന്നെ അവ്യക്തമോ അതിവ്യക്തമോ ആയ കാരണത്താൽ അതിഭയങ്കരമായ ഒരു ആപത്തായി. അതു് ആ വിധവയെ വാലിയക്കാരനേയും ലോകത്തേയും വെടിയുന്നതിനു നിൎബന്ധിച്ചു. പ്രായാധിക്യംകൊണ്ടു് അവളുടെ ദുരാചാര പ്രസക്തിയെ ശാന്തമാക്കാൻ കഴിവുവന്നില്ല. അല്പദിവസം കഴിഞ്ഞപ്പോൾ ഭൎത്താവിൻെറ അകന്ന അവകാശികളും സമ്പൽപ്രതീക്ഷരും കൈവശാവകാശത്തിനെത്തി. പക്ഷെ അവരും ഫലശൂന്യമായ ഏതാനും ദുൎഭൂമികൾ മാത്രമെ അവശേഷിച്ചിട്ടുള്ളു എന്നറിഞ്ഞു നിരാശരായിത്തീൎന്നു. അപൂൎവ്വം ചില ജംഗമസമാനങ്ങളുള്ളതു ഭൃത്യന്മാൎക്കായി അവൾ കൊടുത്തു എന്നും അവർ അറിഞ്ഞു.

താൻ കൈഅടക്കം ചെയ്ത വലിയ സമ്പത്തും കൊണ്ടു രാധാഗഞ്ചലേക്കു വംശിവാദൻ തിരിച്ചു. ഈ സ്ഥലം ഇയാളുടെ പിതാവിൻെറ ജന്മഭൂവാണു്. ഇയാൾ ഇവിടെ വളരെ വിവേകത്തോടെ പെരുമാറി. ജി

വിതാവശ്യത്തിനു വേണ്ടതു വ്യയംചെയ്ക എന്നല്ലാതെ കൈവശമുള്ള പണത്തിൻേറ ആഭാടം ഒന്നും കാണിച്ചിരുന്നില്ല. മരണകാലത്തു തൻെറ മൂന്നു പുത്രന്മാൎക്കു നല്ല ഒരു സമ്പാദ്യം ഉണ്ടാകത്തക്കവണ്ണമുള്ള മുതൽ വംഗശിവാദൻ സംഗ്രഹിച്ചരുന്നു. ഇവർ പൂൎവ്വസ്വത്തെന്ന അഭിമാനത്തോടെ സെമിന്ദാരികൾ വിലക്കുവാങ്ങി, വിശേഷരീതിയിലുള്ള വീടുകൾ പണിയിച്ചു. പണത്തിൻെറ സ്ഥിതിയിലും വലുപ്പത്തിലും ജീവിച്ചുതുടങ്ങി. മൂത്തമകനായ രമാകാന്തൻെറ നിപുണഭരണംകൊണ്ടും വിവേകജീവിതംകൊണ്ടും സമ്പത്തിന് അഭിവൃദ്ധിയുണ്ടായി. ദീൎഘായുസ്സായിത്തന്നെ ജീവിതവും കഴിച്ചു. തൻെറ ഈ വിപുലസമ്പത്ത് തന്നോടു തുല്യനോ അഥാ തന്നേക്കാൾ സമൎത്ഥനൊ ആയ പുത്രനെ ഏല്പിച്ചിട്ടാണ് ഇയാൾ ചരമം അടഞ്ഞത്. പിതാവിൻെറ സൎവ്വസ്വത്തിനും ഏകാധിപതിയായിത്തീൎന്ന മാത്തുർ എന്ന ദേഹത്തെക്കുറിച്ചാണു മാന്യവായനക്കാരെ ഇതിനുമുമ്പു പരിചയപ്പെടുത്തിയത്. പാശ്ചാത്യപരിഷ്കാരപ്രസരണത്താൽ നമ്മുടെ പുരാതനനടപടികൾക്കു വന്നുചേൎന്നിട്ടുള്ള കൈയേററം രമാകാന്തൻ, ഈഷ്യാകലുഷമായ കണ്ണുകൊണ്ടാണു വീക്ഷിച്ചിരുന്നത്. അതിനാൽ സ്വപുത്രനെ ഇംഗ്ലീഷുപഠിപ്പിക്കാൻ ഒരുങ്ങിയില്ല. ഈ വിദ്യാഭ്യാസം ഉപയോഗശൂന്യമെന്നു മാത്രമല്ല നാശകാരണവുമെന്ന് അയാൾ ഉറച്ചിരുന്നു. മാത്തുർ ബാല്യംമുതൽക്കുതന്നെ സെമിന്ദാരി ഭരണത്തിൽ പിതാവിനെ സഹായിച്ചുവന്നിരുന്നു. യൗവനമായപ്പോഴേക്കും ഛിജിഹ്വത്വം, വഞ്ചന, മൂഷണം എന്നീ വിഷയങ്ങളിൽ അത്യഗാധമായ പാണ്ഡിത്യം അയാൾ സമ്പാദിച്ചു.

വംഗശിവാദൻെറ രണ്ടാമത്തെ പുത്രനായ രാമകാനായിയുടെ ഭാഗധേയം തീരേ വ്യത്യാസപ്പെട്ടതായിരുന്നു. പ്രകൃത്യാ അലസനും ധൂൎത്തനുമായിരുന്നതിനാൽ സംഗതികളെല്ലാം അതിവേഗത്തിൽ കുഴഞ്ഞു. ഇദ്ദേഹത്തിൻെറ വീടും ഉദ്യാനവുംഅത്യന്തരമണീയങ്ങളും വസ്തുവകകൾ ഫലശൂന്യങ്ങളും ദുൎഭരണത്താൽ ക്ഷയോന്മുഖങ്ങളുമായിരുന്നു.

വാസ്തവാവാസ്തവങ്ങളന്വേഷിക്കാതെ ഒന്നിൽ വിശ്വസിക്കുന്ന ശീലം ഈ ആളിൽ ഉണ്ടെന്നറിഞ്ഞ ചില കണ്ണേജപന്മാർ അടുത്തുകൂടി ഒരു കച്ചവടം നടത്തുവാൻ ഇയാളെ ഉത്സാഹിപ്പിച്ചു. ഇവരുടെ ഉപദേശമനുസരിച്ചു വ്യാപാരം തുടങ്ങി. സൎവ്വസ്വവും കൂട്ടുകാരെ വിശ്വസിച്ചു ഇയാൾ കൽക്കട്ടയിൽ പൊറുതിയുമുറപ്പിച്ചു. എന്തിനധികം പറയുന്നു അല്പകാലംകൊണ്ടു പണം മുഴുവനും നാശിച്ചു. ദുൎഭരണംകൊണ്ടു ഫലശൂന്യമായികിടന്നിരുന്ന ഭൂസ്വത്തും അന്യാധീനപ്പെട്ടു.

കൽക്കട്ടാനഗരത്തിൽ ഉണ്ടായിരുന്ന താമസം ഒരു നല്ല ഫലത്തിന്നു സാംഗതിയാക്കി. പട്ടണവാസത്തിന്റെ ഫലമായി സ്വപുത്രനായ മാധവനു് അവിടെ സിദ്ധിക്കാവുന്ന വിദ്യാഭ്യാസം ലഭിക്കാനിടവന്നു. ഒരു പിതാവിനു പുത്രവാത്സല്യം പൂർത്തിയാക്കാനുള്ള ഒരു കർമ്മം—പുത്രനെക്കൊണ്ടു സുന്ദരിയും സുശീലയുമായ ഒരു യുവതിയെ വിവാഹം ചെയ്യിക്ക—അവിടെവച്ചുതന്നെ സാധിച്ചു. കൽക്കട്ടയ്ക്കു സമീപമുള്ള ഒരു ചെറിയ ഗ്രാമത്തിൽ ദരിദ്രനായ ഒരു കായസ്ഥൻ ഉണ്ടായിരുന്നു. ദൈവാനുഗ്രഹംകൊണ്ടു് ഒരു നല്ല സമ്പത്തു തനിക്കു സിദ്ധിച്ചിട്ടുണ്ടെന്നു് അയാൾ അഭിമാനിച്ചിരുന്നു. ലോകസുന്ദരികളായ രണ്ടു പുത്രികളാണതു്. അവരോ ശാന്തശീലരും, കർത്തവ്യബോധമുള്ളവരുമത്രെ. പക്ഷെ 'നല്ല നീരാഴിയിൽ നക്രങ്ങൾ വന്നുകൂടും' എന്നു പറയാറുള്ളതു് ഈ പിതാവിന്റെ മൂത്തമകളെ സംബന്ധിച്ചു് അക്ഷരംപ്രതി ശരിയായി. ഉൽകൃഷ്ടയും സൌന്ദര്യധാമവുമായ മാതംഗിനിയെ അതിമൂർഖനായ രാജമോഹനു വിവാഹം ചെയ്തുകൊടുത്തു. വിവാഹംനടന്ന കാലത്തും പിതാവിനു് ഈ ബന്ധം അശുഭോദർക്കമായി തോന്നിയില്ല. രാജമോഹൻ അക്കാലത്തു പുരുഷപ്രാപ്തിവന്നവനായിരുന്നു. അതു അത്ര വകവയ്ക്കാനുള്ള ഒന്നല്ല. ആകൃതിയിൽ ആൾ സുന്ദരനായിരുന്നില്ല. സൗന്ദര്യം നോക്കേണ്ടതു വരൻ ഒരു കുട്ടിയാണെങ്കിൽ മാത്രം മതിയെന്നു സമാധാനിച്ചു. ഈ ആൾ സമീപസ്ഥമായ ഒരു ഗ്രാമത്തിലാണു വസിച്ചിരുന്നതു്. പിതാവിനെ മകളിൽ നിന്നധികം മാററുന്നില്ലെന്ന ഒന്നത്രെ അയാൾക്കുള്ള ആശ്വാസം. രാജമോഹനെ അറിയുന്നവരെല്ലാം അയാളുടെ ബലിഷ്ഠകായത്തെക്കണ്ടു് അസൂയയൊ അത്ഭുതമോ അനുഭവിക്കാറുണ്ടു്. ഇയാൾ ഒരിക്കലും ഉദാസീനനല്ല. എന്തുചെയ്യാനും സന്നദ്ധനുമാണു്. സ്വാർത്ഥപരത സദാ ഇയാളെ അനുവർത്തിക്കുന്നു. രാമോഹനു പൈതൃകമായ ഒരു സ്വത്തും സിദ്ധിച്ചിരുന്നില്ല. ഒരുവക വിദ്യാഭ്യാസവും ഉണ്ടായിരുന്നില്ല. ഒരിക്കലും അയാളെ ആവശ്യങ്ങൾ വിഷമിപ്പിച്ചിട്ടില്ല. മാതംഗിനിയെ ദാരിദ്ര്യദേവതയുടെ ദംശനത്തിൽനിന്നു രാജമോഹന്റെ ഈ സ്ഥിതി രക്ഷിക്കുമെന്നു പിതാവിനുണ്ടായ തോന്നൽ സകല ശങ്കകളേയും പരിഹരിച്ചു. വിവാഹവും നടന്നു. അനുജത്തിയും ഭാഗ്യവതിയുമായ ഹേമാംഗിനിയെ മാധവനും വിവാഹംചെയ്തു.

മാധവന്റെ കാളേജുവിദ്യാഭ്യാസം പൂർത്തിയാകുന്നതിനുമുമ്പു് സ്വപിതാവു മരിച്ചു. ആരുംതന്നെ പ്രതീക്ഷിച്ചിരുന്നിട്ടില്ലാത്ത ഒരു ആനുകൂല്യം മാധവനു സിദ്ധിച്ചില്ലായിരുന്നു എങ്കിൽ അയാളുടെ സ്ഥിതി പരിതാപകരമാകുമായിരുന്നു.

വംശിവാദന്റെ മൂന്നാമത്തെ പുത്രൻ രാമഗോപാലൻ ഒന്നാമത്തെ ആളെപ്പോലെ അത്ര ഭാഗ്യവാനല്ലെങ്കിലും രണ്ടാമത്തെ ആളേപ്പോ

ലെ അത്ര ഭാഗ്യഹീനനല്ല. ഈയാറം ചെറുപ്പത്തിൽത്തന്നെ മരിച്ചു. കുട്ടികളില്ലാതിരുന്നതുകൊണ്ടു് തന്റെ സ്വത്തു മുഴുവനുമെന്നു പറയാം മാധവനു മരണപത്രികമൂലം സമർപ്പിച്ചിരുന്നു. വിധവയായ സ്വഭാര്യ മാധവന്റെ ഗൃഹത്തിൽ താമസിക്കുന്നിടത്തോളംകാലം അവരെ രക്ഷിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു.

മാധവൻ വിദ്യാഭ്യാസം പൂർത്തിയാക്കി. ആ കാലത്തും മൈനർ ആയിരുന്നപ്പോഴും വസ്തുവകയും ഒരു ഏജൻറു ഭരിച്ചിരുന്നു. പ്രായപൂർത്തി വന്നപ്പോൾ സ്വഭാര്യയോടുകൂടി രാധാഗഞ്ചിലേയ്ക്കു പുറപ്പെടുവാനുറച്ചു. രാധാഗഞ്ചിലേയ്ക്കു പോകുന്നതിനുമുമ്പു് പിതൃഗൃഹത്തിലേയ്ക്കു ഹേമാംഗിനിയെക്കൊണ്ടുപോയി മാതാപിതാക്കന്മാരുടെ അനുഗ്രഹവും അനുവാദവും വാങ്ങണമെന്നു മാധവൻ നിശ്ചയിച്ചു. മാധവന്റെ ഭാര്യയെ അവളുടെ സഹോദരി അത്യന്തം സ്നേഹിച്ചിരുന്നു. മുൻകൂട്ടി നിശ്ചയിച്ചിട്ടോ യാദൃശ്ചികമായൊ രാജമോഹനും ഭാര്യയും അക്കാലത്തു് പിതൃഗൃഹത്തിൽ എത്തി.

അല്പദിവസം ഭാര്യയോടുകൂടി അവിടെ താമസിക്കുവാൻ മാധവനുറച്ചു. ഹേമാംഗിനി മാതാപിതാക്കന്മാരേയും സഹോദരിയേയും വേർപെട്ടു എത്രകാലമാണു ജീവിക്കേണ്ടതു് എന്ന മനോവേദനയോടെ കരയാത്ത സമയമില്ലാതായി. അവൾ ഇപ്പോൾ യാത്രയൊരുങ്ങിയിരിക്കുന്ന നാടു് അത്യന്തം ദൂരമേറിയതാണു്. ജനിച്ചുവളൎന്ന ഗൃഹംതന്നെ ഒന്നു കാണ്മാൻ അവൾക്കു് എന്നു സാധിക്കും. മാതാപിതാക്കന്മാർ എപ്പോഴെങ്കിലും അവളുടെ വസതിയിൽ വരുമോ? അച്ഛൻ അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു. അമ്മയൊ, ചേട്ടത്തിയോ അവൾ സാദ്ധ്യമല്ലെന്നും പറഞ്ഞു. അവരും മൗനമായിക്കരഞ്ഞു. രണ്ടുപേരും ഹേമത്തിനെ അനുഗ്രഹിച്ചു.

മാതംഗിനി അനുജത്തിയുടെ കൈക്കുപിടിച്ചു കൂട്ടത്തിൽനിന്നു മാറി അല്പം ദൂരെ മാറി അവർ രണ്ടുപേർ മാത്രമായപ്പോൾ ഇങ്ങനെ പറഞ്ഞു:— "ഹേമ, എനിക്കു് നിന്നോടു ചിലതു് ആവശ്യപ്പെടാനുണ്ടു്." ഹേമാംഗിനി ഒന്നും പറയാതെ ചേട്ടത്തിയുടെ മുഖത്തേയ്ക്കു നീണ്ട കണ്ണുകൾകൊണ്ടു് കരുണാർദ്രതയോടെ സാകൂതമായി നോക്കിനിന്നു.

മാതംഗിനി:— "ഹേമ, നാം നാളെ വിട്ടുപിരിയും."

ഹേമാംഗിനി പൊട്ടിക്കരഞ്ഞു.

മാതംഗിനി:— "അനുജത്തി, കരയാതെ. ദൈവം നിന്നെ അനുഗ്രഹിക്കും. ഹേമ, നിനക്കു് ഒരു ഭർത്താവില്ലെ. അയാൾ നിന്നെ സുഖത്തോടെ രക്ഷിക്കും."

ഇത്രയുംപറഞ്ഞപ്പോഴേക്കും അവളുടെ കപോലങ്ങളിൽക്കൂടി തപ്തബാഷ്പം ധാരധാരയായി ഒഴുകിത്തുടങ്ങി. മൃദുകോമളമായി അവൾ ഗ്രഹിച്ചിരിക്കുന്ന ഹസ്തങ്ങളിൽ ബാഷ്പം പതിച്ചു.

ഹേമാംഗിനി:— (കണ്ണുനീർ തുടച്ച്) "എന്നോട് എന്താ പറവാനുണ്ടെ ണ്ടെന്നു പറഞ്ഞത്."

മാതംഗിനി:— "ഹേമ, ഞാൻ ആത്യന്തം ദരിദ്രയാണ്. പക്ഷെ അത് എന്നെ മാത്രമേ സംബന്ധിക്കയുള്ളു. എങ്കിൽ ഞാനിപ്പോൾ പറയുകയില്ലായിരുന്നു. എൻെറ ഭർത്താവ്—അയാൾ എങ്ങനെയുള്ളവനെന്നിരിക്കട്ടെ—ദൈവം അങ്ങനെ വരുത്തി; എൻെറ ഭർത്താവ് എന്ന നിലയിൽ ഞാൻ അദ്ദേഹത്തെ അനുവർത്തിക്കേണ്ടതല്ലെ? ഇക്കാലത്ത് അദ്ദേഹത്തിനു ഒരു ജോലിയുമില്ല. വലിയ കഷ്ടപ്പാടുമുണ്ട്. നിന്നോടു പറവാൻ എന്നോട് അദ്ദേഹം പറഞ്ഞു. നീയ്യ് ഇക്കാര്യം അനുജനോടു പറയണം."

"ഞാൻ പറയാം. എന്തുവേണമെന്നാണ് പറയേണ്ടത്."

"എന്തെങ്കിലുമൊരു ജോലി. ജീവിതം കഴിച്ചുകൂട്ടുവാനുള്ള ഒരു സമ്പാദ്യം."

"ഞാൻ പറയാം." ഇത്രയും കഴിഞ്ഞ് അവർ രണ്ടുപേരും മററു കാര്യങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നു.

എങ്ങനെ നിർവ്വഹിക്കുമെന്നറിയാതെ ചേട്ടത്തിയുടെ അവശ്യനിർവ്വണത്തിനു സ്നേഹപൂർവ്വം ഉറച്ചു. ഈവക കാര്യങ്ങൾ പറയത്തക്കവണ്ണം അത്ര ലജ്ജതീർന്ന ഒരു നില അവൾക്കു വന്നിട്ടില്ല. അവൾ മനോധൈര്യം അവലംബിച്ചു. ഭർത്താവിനെ അടുത്ത അവസരത്തിൽത്തന്നെ സഹോദരിയുമായുണ്ടായ സംഭാഷണവിഷയം അറിയിച്ചു. ഭർത്താവ് കഴിയുന്ന സഹായം ചെയ്യാമെന്നു വാഗ്ദാനവും ചെയ്തു. രാജമോഹൻ നേരിട്ടാവശ്യപ്പെടാതെ സാരി ഗവമ്മെൻറിനെ ഏജൻറാക്കി കാര്യം നിർവ്വഹിച്ചു. വിദ്യാഹീനരായ നാട്ടുംപുറത്തുകാർ ഇങ്ങനെ ഒരു മദ്ധ്യസ്ഥനെ നിറുത്തി കാര്യം നേടുന്നതു സാധാരണയാണ്. മാധവൻ നേരിട്ടുതന്നെ മറുപടി പറവാനുറച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ രാജമോഹനുമായി ഈ വിഷയത്തെക്കുറിച്ചു സംഭാഷണം തുടങ്ങി. രാജമോഹൻ എന്തൊരു പരിശ്രമത്തിലാണ് ഇപ്പോൾ കഴിയുന്നത്?. വല്ലതുമുണ്ടെങ്കിൽ അത് ഉപേക്ഷിക്കുന്നതിനു വല്ല വിരോധവുമുണ്ടോ? എന്നെല്ലാം വളരെ മര്യാദയായി ചോദ്യം തുടങ്ങി. അഹങ്കാരത്താലൊ, ലജ്ജയാലൊ മററുവല്ല ഉദ്ദേശത്താ

ലൊ രാജമോഹൻ അനുഭവിക്കുന്ന ക്ലേശങ്ങളെ അശേഷവും വെളിപ്പെടുത്തിയില്ല. എങ്കിലും ഇപ്പോൾ ജോലിയൊന്നുമില്ലെന്നു മാത്രം സമ്മതിച്ചു. അല്പം ത്രാണിയും വിശ്വസ്തതയുമുള്ള ഒരാളിൻെറ സഹായം ആവശ്യമുണ്ടെന്നും അതു് ഒരു സെമിന്ദാരിയുടെ അംശഭരണമാണെന്നും പറഞ്ഞു. രാജമോഹൻ രാധാഗഞ്ചിലേയ്ക്കു മാറിത്താമസിച്ച് അതു നിൎവ്വഹിക്കുമെങ്കിൽ തനിക്കു വലിയ സഹായമാണെന്നാം മാധവൻ പറഞ്ഞു.

രാജമോഹൻ:— "ഓ, അസാദ്ധ്യമല്ല. എൻെറ കുടുംബരക്ഷ ആരെ ഏല്പിക്കും."

മാധവൻ:— "ഞാൻ അതു ആലോചിക്കായ്കയല്ല. രാധാഗഞ്ചിൽ അവൎക്കു സുഖമായി താമസിക്കാൻ ഒരു വീടു ഏൎപ്പാടുചെയ്യാലോ?"

ഇതുകേട്ടപ്പോൾ രാജമോഹൻ അല്പം ഈൎഷ്യഭാവത്തോടെ മാധവൻെറ മുഖത്തേയ്ക്കു നോക്കി. "രാധാഗഞ്ചിലൊ, സാധിക്കയില്ല. ജയിലിൽ പാൎക്കേണ്ടതായിവന്നാൽ ഉടനെ മരിക്കുകയാണു നല്ലതു്" എന്നു പറഞ്ഞു അല്പം നീരസഭാവത്തോടെ ഇറങ്ങിപ്പോയി.

ഈ ഭാവമററം കണ്ടു് മാധവൻ അത്ഭുതപ്പെട്ടു. പക്ഷെ ഒരക്ഷരംപോലും പറഞ്ഞില്ല. രാജമോഹൻ മറെറാരു തൊഴിലന്വേഷിച്ചില്ല പോയതു്. ഭാൎയ്യപോലുമറിഞ്ഞിട്ടില്ലാത്ത ചില കാരണങ്ങളാൽ ഈ സ്ഥലം വിടുന്നതിനു് രാജമോഹനു സമ്മതമാണു്. പക്ഷെ അതു രാധാഗഞ്ചായാൽ മതിയെന്നു അയാൾ വിചാരിച്ചിരുന്നില്ല. ദാരിദ്ര്യമാണു് അപേക്ഷയ്ക്കു ഹേതുവായതു്. പക്ഷെ അപേക്ഷയ്ക്കുള്ള കാരണങ്ങളിൽ ദാരിദ്ര്യം ഒരു നിസ്സാരഹേതുമാത്രമായിരുന്നു. മാധവൻെറ അഭിപ്രായത്തോടു അത്യന്തം വെറുപ്പുമുള്ളതായി കാണപ്പെട്ടു. രാജമോഹൻ ഉടനെ അവിടംവിട്ടു പുറത്തേയ്ക്കുപോയി. നട്ടുച്ചയ്ക്കു് ഒരു മനുഷ്യനോടുപോലും മിണ്ടാതെ വയലിൽക്കൂടി ഓടുകയൊ, അതിവേഗത്തിൽ നടക്കുകയൊ ചെയ്തു. വളരെ നേരം കഴിഞ്ഞപ്പോൾ തിരിച്ചുവന്നു. അപ്പോൾ മുഖത്തിനു് അല്പമൊരു മ്ലാനത കാണ്മാനുണ്ടു്. രാധാഗഞ്ചിലേയ്ക്കു കുടുംബത്തോടുകൂടി പോകുവാനുറച്ചു. മാധവനോടു വിവരം പറഞ്ഞു. മാധവൻ കുറച്ചുദിവസംകൂടി കൽക്കട്ടയിൽ താമസിക്കാനുറച്ചു. ഇതിനിടയിൽ രാജമോഹനു വേണ്ട ഒരുക്കങ്ങൾ ചെയ്യാമല്ലൊ. അനന്തരം അവരെല്ലാവരുംകൂടി രാധാഗഞ്ചിലേയ്ക്കു പുറപ്പെട്ടു.

രാജമോഹൻെറ ഉദ്യോഗസ്വീകരണം അല്പം അസുഖത്തോടെ ആയിരുന്നെങ്കിലും മാധവൻ അതു് അശേഷവും നടിച്ചില്ല. ജീവിതാദ

ൾമൊ, മനസ്സാക്ഷിയൊ ഇല്ലാത്തവനാണ് രാജമോഹൻ എന്നു മാധവനറിയാമെങ്കിലും മാതംഗിനിയുടെ ഭാഗ്യഹീനതയെ ഓൎത്ത് അനുകമ്പയോടെ മാധവൻ അയാൾക്കു ഒരു ഗ്രാമത്തിൻെറ നാമമാത്രമായ അധികാരവും ഉചിതമായ ഒരു ശമ്പളവും നിശ്ചയിച്ചു. ഇവൎക്കുവേണ്ടി ഒരു വീടും പണിയിച്ചു. അവിടെയാണ് നമ്മുടെ കഥ ആരംഭിച്ചതു്. അവിടെ വേണ്ട കൃഷിചെയ്യുന്നതിന് കൂലിക്കാരേയും വിട്ടുകൊടുത്തു. ഈ ഒടുവിലത്തെ കാൎയ്യത്തിൽ രാജമോഹൻ ശ്രദ്ധിച്ചു. സെമിന്ദാരി ശിരസ്ഥ എന്ന നിലയിൽ ഒന്നും ചെയ്വാനുണ്ടായിരുന്നില്ല.

ഈവിധമെല്ലാം ചെയ്യുന്ന സഹായങ്ങൾക്ക് അനുഭോക്താവിൽനിന്ന് ഒരു നന്ദി പുറപ്പെടുന്നതായി കാണ്മാനില്ല. രാധാഗഞ്ചിൽ വന്നു ചേൎന്നതിനുശേഷം രാജമോഹൻ അസുഖമായിട്ടാണ് മാധവനോടു പെരുമാറിയിരുന്നതു്. അവർ തമ്മിൽ സംസാരിക്കുന്നതുപോലും വളരെ അപൂൎവ്വമായിരുന്നു. മാധവൻ ഇതു ശ്രദ്ധിച്ചതുതന്നേയില്ല. രാജമോഹനു കൊടുക്കാനുള്ള ശമ്പളത്തിനു ഒരു കുറവും വരുത്തിയിരുന്നില്ല. ഇങ്ങനെയാണെങ്കിലും ഒരു അസുഖം അപരിഹാൎയ്യമായുണ്ടു്. സഹോദരിമാർ തമ്മിൽ കണ്ടു വിശേഷം പറവാനോ സാഹചൎയ്യത്തിനൊ ഉള്ള സൌകൎയ്യംപോലും നഷ്ടമായിട്ടാണ് ഇരിക്കുന്നതു്.

(തുടരും)

## സാങ്കേതിക സംജ്ഞാനിൎമ്മാണം

(ഈ. സ. പെരുമാലിൽ ആഗസ്തി, പാററ്നാ.)

ഭാരതമൊട്ടുക്കു ഭാഷാഭിമാനികളുടെയിടയിൽ ഒരുണൎവ്വിൻെറ കാലമാണിതു്. ഹിന്ദിയുടെ ഉന്നതിക്കായി അലഹാബാദ്, ബനാറീസ് മുതലായ ദിക്കുകളിലെ ഭാഷാഭിമാനികൾ തങ്ങൾക്കുള്ള 'മനവും ധനവും' ചെലുത്തി വേലചെയ്തുകൊണ്ടിരിക്കുന്നു. ഉദാരമതികളായ ബാബു ശ്യാമ്സുന്ദർദാസ്, പണ്ഡിത് രാമ്ചന്ദ്രശുക്ല, രാമ്ചന്ദ്ര്വൎമ്മാ മുതലായവരുടെ പരിശ്രമഫലമായി സാങ്കേതികശബ്ദകോശം മാത്രമല്ല, ഹിന്ദിശബ്ദസാഗരം, സംക്ഷിപ്ത ശബ്ദസാഗരം, എന്നിവയെല്ലാം നിൎമ്മിച്ചുകഴിഞ്ഞിരിക്കുന്ന

ശാസ്ത്രീയപുസ്തകങ്ങളും അനവധി അവർ എഴുതിക്കഴിഞ്ഞു. നമ്മുടെ അയൽദേശമായ തമിഴ്നാട്ടിലും തമിഴിൻെറ ഉന്നതിക്കായുള്ള പരിശ്രമങ്ങൾ ഒട്ടും കുറവല്ലതന്നെ. മദ്രാസ് സർവ്വകലാശാലക്കാരുടെ പരിശ്രമഫലമായി അനേകായിരം രൂപാ ചെലവുചെയ്ത് ഒരു നിഘണ്ടു അവർ ഉണ്ടാക്കിത്തീർത്തു. ഇതും പോരാഞ്ഞിട്ട് ഏററവും ശാസ്ത്രീയമായവിധത്തിൽ ഒരു നിഘണ്ടുപ്രസ്ഥാനം വന്ദ്യദിവ്യശ്രീ ജ്ഞാനപ്രകാശർ അവർകൾ ആരംഭിക്കുകയും, അതിൻെറ ഒന്നാംലക്കം പുറത്താക്കുകയും ചെയ്തുകഴിഞ്ഞു. ആകപ്പാടെ ഓരോ നാട്ടുകാരും അവരവരുടെ ഭാഷയെ പോഷിപ്പിക്കുന്നതിനായി പലവിധ യത്നങ്ങളും ചെയ്തുകൊണ്ടിരിക്കുമ്പോൾ കൈരളീസന്താനങ്ങളായ നമ്മൾമാത്രം മാതൃസേവനത്തിൽ ഒരുവിധം അലസന്മാരായി കഴിച്ചുകൂട്ടുന്നുവെന്നു പറയുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

മദ്രാസ് സർവ്വകലാശാലക്കാർ മലയാളഭാഷയ്ക്ക് ഒരു നിഘണ്ടുവുണ്ടാക്കാൻ ശ്രമങ്ങൾ തുടങ്ങീട്ടുണ്ടെന്നുള്ള സംഗതി ആശ്വാസജനകംതന്നെ. എന്നാൽ അതുകൊണ്ടു മാത്രം തൃപ്തി നേടാമോ? നമ്മുടെയിടയിലും ഉദാരമതികളും ഭാഷാഭിമാനികളുമായ പലരും ഭാഷാസേവനത്തിനായി മുമ്പോട്ടിറങ്ങുന്നുണ്ട്. അവരിൽ ചിലരുടെ ഔദാര്യത്തിൻെറ ഫലമായി കൈരളിക്ക് ഒരു ശബ്ദതാരാവലിയും മററും ലബ്ധമായിട്ടുണ്ട്. സാങ്കേതിക പദനിമ്മാണത്തിനു പലരും പദ്ധതികൾ തയാറാക്കീട്ടുണ്ടെന്നു കേൾക്കുന്നു; പ്രസിദ്ധം ചെയ്തിട്ടുള്ളതായി അറിഞ്ഞുകൂടാ. വൈദ്യശാസ്ത്രനിപുണൻ ഡാക്ടർ എൽ. എ. രവിവർമ്മ അവർകളുടെ പരിശ്രമഫലമായി ഒരു പ്രവർത്തക സമിതിപോലും സ്ഥാപിക്കുകയുണ്ടായി എന്നു കേട്ടു; എങ്കിലും അവരുടെ ശ്രമങ്ങൾ ആശാജനകമായ ഫലങ്ങൾ പുറപ്പെടുവിച്ചതായി അറിവില്ല. 'കേരളം'മാസിക നടന്നുകൊണ്ടിരുന്ന കാലത്ത് ശ്രീമാൻ ഐ. സി. ചാക്കൊ സാങ്കേതികപദനിമ്മാണത്തിൽ സ്വീകരിക്കേണ്ടതായ ഒരു പദ്ധതി ചൂണ്ടിക്കാണിച്ചു. അതും അധികംപേർ സ്വീകരിച്ചതായി കാണുന്നില്ല.

ഓരോ പ്രാന്തങ്ങളിലും അദ്ധ്യയനഭാഷ മാതൃഭാഷയാക്കാൻ ശ്രമങ്ങൾ നടന്നുവരുന്നു. തമിഴർ തമിഴിൽതന്നെ അദ്ധ്യയനം നടത്തുന്നതിനാരംഭിച്ചുകഴിഞ്ഞു. ഹിന്ദിക്കാർ ബീഹാർപ്രാന്തത്തിൽ, വിദ്യാലയാധികൃതന്മാൎക്കു യുക്തമെന്നു തോന്നുന്നവിധത്തിൽ ഹിന്ദിയിലോ, ആംഗ്ലേയഭാഷയിലോ അദ്ധ്യയനം നടത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്. എന്നാൽ കേരളീയരായ നമ്മുടെ സ്ഥിതിയെന്താണ്? മലയാളഭാഷയിൽ ഉപരിപഠനം നടത്തുന്നതിനു നമ്മൾ പ്രാപ്തരാണോ? അല്ലാ എന്നു പറയുന്നതല്ലെ സത്യത്തോടടുത്തുവരുന്നത്? ഇതിനു കാരണവും അകലെയല്ല. ഭാഷയിൽ

ശാസ്ത്രഗ്രന്ഥങ്ങൾ വളരെ ചുരുക്കമായിട്ടേ ഉള്ളു. എന്നാൽ ഈ ന്യൂനതയെ പരിഹരിക്കുന്നതിനായി പരിഷത്തിൽനിന്നും ഒരു സമിതിയെ ഏൎപ്പെടുത്തീട്ടുണ്ട് എന്നറിയുന്നതു് ആശ്വാസജനകംതന്നെ. ശാസ്ത്രീയ പുസ്തകങ്ങൾ വിവൎത്തനം ചെയ്യേണ്ടതാണെന്നും, അതിനൊരുമ്പെടുന്നവരെ കഴിയുന്നിടത്തോളം സഹായിക്കേണ്ടതാണെന്നുമുള്ള പ്രമേയങ്ങളും അവസരോചിതങ്ങളായിരിക്കുന്നു.

ഈ ഘട്ടത്തിൽ സാങ്കേതികസംജ്ഞാനിൎമ്മാണത്തിനാവശ്യമായ ചില തത്വങ്ങളെ ഇവിടെ നിൎദ്ദേശിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു വിചാരിക്കുന്നു.

മുൻഗാമികളെ ആദരിക്കണം.

സാങ്കേതികസംജ്ഞാനിൎമ്മാണത്തിനുള്ള പദ്ധതികൾ ചിലരാൽ നിൎദ്ദിഷ്ടമായെന്നു ഞാൻ മുകളിൽ പറഞ്ഞുവല്ലൊ. ഇങ്ങനെ പദ്ധതികൾ നിൎദ്ദിഷ്ടമായെങ്കിലും, ആ പദ്ധതികൾ സാങ്കേതികപദനിൎമ്മാണത്തിൽ ഉണ്ടായിരിക്കേണ്ടതായ നാനാവശങ്ങളേയും പററി പ്രതിപാദിക്കാത്തതുകൊണ്ടോ എന്തൊ അധികമാരും സ്വീകരിച്ചുകാണുന്നില്ല. ഒരാൾ നിൎദ്ദേശിക്കുന്ന പദ്ധതിയെ മറെറാരാൾ അനാദരത്തോടെ വീക്ഷിക്കുന്നതായാൽ നമുക്കു് ഉന്നതി പ്രാപ്തമാകുന്നതല്ല. നമ്മുടെ മുൻഗാമികളെ നമ്മൾ ആദരിക്കതന്നെ വേണം; ഇതു പുരോഗമനത്തിനാവശ്യമായിട്ടുള്ളതാണ്. എന്നും തറ മാന്തിക്കൊണ്ടിരുന്നാൽ കെട്ടിടമുണ്ടാകുന്നതല്ല. ഓരോരുത്തരും ഓരോ പുതിയ പദ്ധതി കൊണ്ടുവന്നാൽ പ്രയോഗത്തിൽ വരുത്തേണ്ടതു് ഏതായിരിക്കണമെന്നു ചോദ്യമുത്ഭവിക്കുന്നു. ആകയാൽ ഇക്കാൎയ്യത്തിൽ നമ്മുടെ മുൻഗാമികളാൽ നിൎദ്ദിഷ്ടമായിട്ടുള്ള പദ്ധതികളിലെ നല്ല ഭാഗങ്ങളെ സ്വീകരിച്ചു് അടിത്തറയുറപ്പിച്ചുകൊണ്ടു നമുക്കു ഭാഷാസൗധത്തെ കെട്ടിപ്പൊക്കാം.

വിവേകിയായ ഒരു മനുഷ്യൻ പണം കടംവാങ്ങാൻ പുറപ്പെടുന്നതിനുമുമ്പായി തന്റെ പെട്ടിയിലൊ സഞ്ചിയിലൊ എന്തെങ്കിലുമുണ്ടോ എന്നു നോക്കുന്നു. തന്റെ ആവശ്യത്തിനു വേണ്ടതായ പണം ഇല്ലെന്നു കാണുന്നതായാൽ അയാൾ ബാങ്കിൽനിന്നു പണം പലിശയ്ക്കെടുക്കുന്നു. ഏതാണ്ടിപ്രകാരമാണ് സാങ്കേതികസംജ്ഞാനിൎമ്മാണത്തിനാരംഭിക്കുന്ന പണ്ഡിതനും ചെയ്യേണ്ടതു്. താൻ ഏതാശയത്തെ പ്രകടിപ്പിക്കുന്നതിനായി പദം തേടുന്നുവോ, ആ ആശയത്തെ പ്രകടിപ്പിക്കുന്നതിനു പൎയ്യാപ്തമായ പദം ഭാഷയിൽ ഉണ്ടോ എന്നും, തനിക്കു മുമ്പായി ആരാലെങ്കിലും നിൎദ്ദിഷ്ടമായിട്ടുണ്ടോ എന്നും അയാൾ തിരക്കണം. ഇങ്ങനെ ആരെങ്കിലും ഒരു പദം നിൎദ്ദേശിച്ചിട്ടുണ്ടെങ്കിൽ, അന്യാൎത്ഥപ്രതീതി കൂടാതെ പ്രയോഗിക്കത്തക്ക

ഒരു പദം ഭാഷയിലുണ്ടെങ്കിൽ, ആ ആദ്യപ്രയുക്തപദത്തെത്തന്നെ അയാൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ലേഖകൻെറ ഇഷ്ടത്തേയും അഭിമാനത്തേയുംകാൾ അധികമായി ഭാഷയുടെ പൊതുഗുണത്തെയാണ് ഗൌനിക്കേണ്ടതു്. ഇതുതന്നെയാണ് ശ്രീമാൻ ഐ. സി. ചാക്കോയും പറയുന്നതു്: 'ഉപജ്ഞാതാവു് അഥവാ ആദ്യപ്രയോക്താവു് ഏതെങ്കിലുമൊരു പ്രകൃതി സ്വീകരിച്ചുകഴിഞ്ഞാൽ അതിനെ സർവ്വരും അംഗീകരിക്കണം.'

ചില പദങ്ങളെ ത്യജിക്കണം.

ആദ്യപ്രയുക്തമായ പദത്തെ പിൻഗാമികളും സ്വീകരിക്കണമെന്നു പറഞ്ഞതുകൊണ്ടു് ഏതൊരു പദത്തേയും സ്വീകരിക്കണമെന്നർത്ഥമാകുന്നില്ല. പ്രചാരത്തിൽ വന്ന പദം അന്യാർത്ഥപ്രതീതിയെ ഉണ്ടാക്കുന്നതാണെങ്കിൽ, ആശയത്തെ ശരിയായവിധത്തിൽ പ്രകാശിപ്പിക്കാത്തതാണെങ്കിൽ, ആ പദത്തെ ത്യജിക്കതന്നെ ചെയ്യണം. എന്നാൽ ഇങ്ങനെ ത്യജിക്കുന്നതിനു തക്ക കാരണമുണ്ടായിരിക്കണം; ത്യജിക്കുന്ന ആളിൻെറ വെറും ഇഷ്ടം മാത്രമായിരിക്കരുതു്. നിഷ്ടിഷ്ടമായിട്ടുള്ള പദത്തെ തക്ക കാരണംകൂടാതെ ത്യജിക്കുന്ന സമ്പ്രദായം ഭാഷയുടെ പൊതുഗുണത്തെ കാംക്ഷിക്കുന്ന ഏവനും വെറുക്കേണ്ടതാണ്. എൻെറ ഈ അഭിപ്രായത്തെ ഒന്നുരണ്ടുദാഹരണങ്ങൾകൊണ്ടു വ്യക്തമാക്കാം. മലയാളത്തിൽ അരൂപി എന്ന ശബ്ദം Spirit എന്ന ആംഗ്ലേയശബ്ദത്തിനു തർജ്ജമയായി പ്രയോഗിക്കപ്പെട്ടുന്നുണ്ടു്. എന്നാൽ ദർശനശാസ്ത്രപ്രകാരം ആ തർജ്ജമ തെററായിട്ടുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ അരൂപി എന്നു പറഞ്ഞാൽ രൂപമില്ലാത്തതു് എന്നാണല്ലൊ അർത്ഥം. എന്നാൽ Spirit ശബ്ദംകൊണ്ടു വിവക്ഷിക്കപ്പെട്ടുന്ന സത്തു് (being) രൂപമാണ്. മനുഷ്യനിൽ ആത്മാവു ശരീരത്തിൻെറ രൂപമാകുന്നു (forma corporis). അപ്പോൾ രൂപമായിരിക്കുന്നതിനെ അരൂപി (രൂപമില്ലാത്ത)യെന്നു വിളിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നില്ല. ഈ ആശയത്തെ ഇങ്ങനെ പ്രകടിപ്പിക്കാം. Soul is a spirit; but the form of the body is the Soul. Therefore the form is a Spirit. ആത്മാവു് അരൂപിയാണ്; എന്നാൽ ശരീരത്തിൻെറ രൂപം ആത്മാവാകുന്നു. ആകയാൽ രൂപം അരൂപിയാണ്. ഇങ്ങനെ രൂപം അരൂപിയാണ്, അതായതു രൂപം രൂപമില്ലാത്തതാണ് എന്നു പറയുന്നതു് എത്രയോ വലിയ വിരോധാഭാസമായിരിക്കും! ആകയാൽ അരൂപിശബ്ദം Spirit എന്ന അർത്ഥത്തിൽ ദാർശനികഗ്രന്ഥങ്ങളിൽ പ്രയോഗിക്കത്തക്കതല്ല. അരൂപിയെ ത്യജിച്ചുകൊണ്ടു വേറൊരു പദം നിഷ്പാദനം ചെയ്യേണ്ടിയിരിക്കുന്നു. വ്യുൽപത്തിപ്രകാരം 'അനിതൻ' എന്ന ശബ്ദം Spirit ന് തക്ക തർജ്ജമയായിരിക്കുന്നതാണ്. "ഭാഗങ്ങളാൽ സംഘടിതമല്ലാത്തതും (കേവല

വും), തൻെറ ഉൽപത്തിയിലും, അസ്തിത്വത്തിലും, ക്രിയകളിലും ഭൂതത്തെ (matter) ആന്തരികമായി (intrinsically) ആശ്രയിക്കാത്തതുമായ സത്ത് അനിതൻ (Spirit) ആകുന്നു".

ഇനി വേറൊരുദാഹരണമെടുക്കാം. ആംഗ്ലേയഭാഷയിലെ cell ശബ്ദത്തിനു ചിലർ ജീവാംശമെന്നും, ജീവാണുവെന്നും, അണുവെന്നും തർജ്ജമ കൊടുത്തുകാണുന്നുണ്ട്. എന്നാൽ ഈ തർജ്ജമകൾ തെററാണ്. കാരണം, ഒന്നാമതായി ജീവന് അംശങ്ങൾ ഇല്ലെന്നുള്ളതാണ്. ജീവൻ അഥവാ ജീവതത്വം (vital principle) ഒരു ചെടിയുടേതായിരുന്നാലും, ജന്തുവിൻേറതായിരുന്നാലും, മനുഷ്യൻേറതായിരുന്നാലും അതു ശരീരത്തിൻെറ (corporis) അഥവാ ഭൂതത്തിൻെറ രൂപമാണ്. ഈ രൂപം വിഭാജ്യമായ ഭൂതത്തിൻെറ സംയോജകതത്വമാകയാൽ, ഭാഗങ്ങളാൽ സംഘടിതമായിരിക്കാൻ പാടില്ലാത്തതിനാൽ, കേവലമാണ് (simple). കേവലമാകയാൽ അംശങ്ങളൊ, അണുക്കളോ അതിനില്ല. ആകയാൽ തർജ്ജമകൾ തെററാണ്. കൂടാതെ, 'സെൽ' ജീവൻെറ അംശമല്ല, സജീവമായ ശരീരത്തിൻെറ അംശമാണ്. ഇനിയും സെൽശബ്ദത്തെ dead cell, living cell എന്നു വിശേഷണങ്ങൾ ചേർത്തും പ്രയോഗിക്കാറുണ്ട്. അപ്പോൾ നിർജ്ജീവമാകുന്ന സെല്ലിനെ നിർജീവജീവാംശമെന്നു പറയാൻ നിവൃത്തിയില്ല. ഇനി സെൽശബ്ദത്തിനു ശാലം എന്നു തർജ്ജമ നിർദ്ദിഷ്ടമായിട്ടുണ്ട്. ശാലം എന്നാൽ മുറിയെന്നോ, അറയെന്നോ അർത്ഥമാകാം. പക്ഷെ ജീവശാസ്ത്രത്തിലെ സെൽ, അറയൊ മുറിയൊ ആയിരിക്കണമെന്നില്ല. ആകയാൽ തർജ്ജമ ത്യാജ്യമായിത്തോന്നുന്നു. എന്നാൽ സെൽശബ്ദത്തിനു കണമെന്ന തർജ്ജമ യോജിക്കും. കണത്തിൻെറ അർത്ഥം ഏററം ചെറുതായ ഒരു വസ്തുഭാഗം എന്നാണല്ലൊ. ഇതനുസരിച്ചാണ് വാലുകാകണം (മണൽത്തരി) ജലകണം എന്നൊക്കെ നമ്മൾ പറയുന്നതു്. ഈ കണശബ്ദം പൊള്ളയല്ലാത്ത ഘനവസ്തുക്കളെ കുറിക്കാൻ ഉപയോഗിക്കപ്പെടുന്നു. എങ്കിലും വാലുകാകണത്തിൽ ചിലപ്പോൾ വളരെ സൂക്ഷ്മമായ പഴുതുകൾ, അഥവാ ശൂന്യകങ്ങൾ (vacuole) കണ്ടുവെന്നു വരാം. പക്ഷെ അക്കാരണത്താൽ നമ്മൾ ആ പേരിനെ മാററാറില്ല. സെല്ലിൻേറയും സ്ഥിതി ഇതുതന്നെയാണ്. അതു ശ്യാനസമാനമായ (jelly-like) പ്രാഗസക്കട്ട (mass of protoplasm) യാണ്; എങ്കിലും ചിലപ്പോൾ അതിലും ശൂന്യകങ്ങൾ ഉള്ളതായിക്കാണാം. സെൽ സജീവമായാലും നിർജീവമായാലും കണശബ്ദം അർത്ഥവത്താണ്. ആകയാൽ കണമെന്ന ശബ്ദം cell ന് തക്ക തർജ്ജമയായിരിക്കും. ഇങ്ങനെ ആശയങ്ങളെ അന്യാർത്ഥപ്രതീതി കൂടാതെ പ്രകാശിപ്പിക്കത്തക്ക പദങ്ങളെ തിരഞ്ഞെടുക്കേണ്ടതാകുന്നു.

പുതിയ പദങ്ങൾ.

ഭാഷയിൽ പദമില്ലാതിരിക്കുകയൊ, ഉണ്ടായിരുന്ന പദം ത്യജിക്കപ്പെട്ടുകയൊ ചെയ്യുമ്പോൾ പുതിയ പദം നിഷ്പാദനം ചെയ്യേണ്ടതായി വരുന്നു. ഇങ്ങനെ നിഷ്പന്നമാകുന്ന പദം അന്യഭാഷകളിൽനിന്നു കടംവാങ്ങിയതൊ, വ്യാകരണ നിയമമനുസരിച്ചു തർജ്ജമ ചെയ്യപ്പെട്ടതൊ ആയിരിക്കും. പണം കടംവാങ്ങാൻ പോകുന്ന മനുഷ്യൻ കുറഞ്ഞ പലിശയ്ക്കു കടമെടുക്കാൻ ശ്രമിക്കുന്നതുപോലെ, കുറഞ്ഞ പലിശയാകുന്ന ഉച്ചാരണസൗകര്യമുള്ള ഭാഷകളിൽനിന്നുവേണം പദങ്ങൾ സ്വീകരിക്കാൻ. സാധാരണമായി സംസ്കൃതഭാഷാപദങ്ങൾ മലയാളത്തിൽ ധാരാളമുള്ളതിനാൽ സംസ്കൃതപദങ്ങൾ മലയാളിക്കു സാധാരണമായി ഉച്ചാരണസൗകര്യമുള്ളവയായിരിക്കും. ആകയാൽ പ്രധാനമായി സംസ്കൃതത്തിൽനിന്നും പദങ്ങളെ എടുക്കുകയൊ, വ്യാകരണനിയമമനുസരിച്ചു നിഷ്പാദനം ചെയ്യുകയൊ ചെയ്യാം. എന്നാൽ മററു ഭാഷകളും ചിലപ്പോൾ ഉച്ചാരണസൗകര്യമുള്ളതും അർത്ഥപുഷ്ടിയുള്ളതുമായ ശബ്ദങ്ങളെ പ്രദാനം ചെയ്തുവെന്നു വരാം. അങ്ങനെയുള്ള അവസരങ്ങളിൽ ആ പദങ്ങളെ സ്വീകരിക്കുന്നതും നന്നായിരിക്കും. ഉദാഹരണമായി പ്ലാൻ, സൈക്കിൾ, കാർ, ബസ്, മാനേജർ മുതലായ ശബ്ദങ്ങൾ ഭാഷയിൽ ഇണങ്ങിച്ചേരുന്നവയും, ജനസാമാന്യത്തിനു പരിചിതങ്ങളും ആകയാൽ സ്വീകാര്യങ്ങൾതന്നെ. എങ്കിലും ഇൻസ്പെക്റ്റർ, കളക്റ്റർ മുതലായ ക്ലിഷ്ടസ്വരങ്ങളോടുകൂടിയ ശബ്ദങ്ങൾ മലയാളഭാഷയ്ക്കു ചേരുന്നവയായി തോന്നുന്നില്ല. ഇങ്ങനെയുള്ള ക്ലിഷ്ടശബ്ദങ്ങളെ സ്വീകരിച്ചുകൊണ്ട് സാധാരണജനങ്ങൾക്ക് ഉച്ചാരണവൈഷമ്യമുണ്ടാക്കാതിരിക്കുകയാണ് വേണ്ടതു്.

വ്യുൽപത്തി അനുസരിച്ചുള്ള തർജ്ജമ.

പുതിയ പദം നിഷ്പാദനം ചെയ്യേണ്ടിവരുമ്പോൾ മൂലഭാഷാപദത്തിൻെറ പ്രചാരത്തിലിരിക്കുന്ന അർത്ഥത്തെയാണ് നമ്മൾ പ്രധാനമായി ഗൗനിക്കേണ്ടതു്. ഇന്നു പ്രചാരത്തിലുള്ള അർത്ഥവും, ധാത്വർത്ഥവും തമ്മിൽ സാമാന്യബന്ധമെങ്കിലുമുള്ളതാണെങ്കിൽ മൂലധാതു കണ്ടുപിടിച്ചു പദം നിഷ്പാദനം ചെയ്യേണ്ടതാണ്. ഇവിടെ ഒരു സംഗതി വിശേഷവിധിയായി ശ്രദ്ധിക്കേണ്ടതുണ്ട്. ഭാഷാപദങ്ങളുടെ ആകാരത്തിലും അർത്ഥത്തിലും വ്യാകരണത്തിനു ചെയ്യേണ്ടതായ ഒരു പ്രധാന ജോലിയുണ്ട്. പദങ്ങൾ, ശാസ്ത്രീയപദങ്ങൾ ഒട്ടുമിക്കപ്പോഴും, ശതൃപ്രത്യയാന്താർത്ഥത്തേയൊ, നിഷ്ഠാർത്ഥത്തേയൊ, കാരകകൃദർത്ഥത്തേയൊ, കൃത്യപ്രത്യയാന്താർത്ഥത്തേയൊ കുറിക്കുന്നവയായിരിക്കും. ഉദാഹരണമായി ആംഗ്ലേയഭാഷയിലെ tangent എന്ന ശബ്ദമെടുക്കുക. ഇതു tango എന്ന ക്രിയയുടെ ശതൃപ്രത്യയാന്തമാണ്; തൊടുന്നതു്, തൊട്ടു

കൊണ്ടിരിക്കുന്നതു്, എന്നാണു് ഇതുകൊണ്ടു വിവക്ഷിക്കപ്പെടുന്നതു്. Tangent line എന്നു പറയുമ്പോഴും ഈ അൎത്ഥമാണുള്ളതു്. ആകയാൽ തൎജ്ജമയിലും ഈ ശതൃപ്രത്യയാന്തൎത്ഥത്തെയാണു് കൊണ്ടുവരേണ്ടതു്. ഈ തത്വം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടാണു് ശ്രീമാൻ ഐ. സി. ചാക്കൊ Tangent line നു് സ്പൃശന്തിരേഖ എന്നു തൎജ്ജമ ചെയ്തിരിക്കുന്നതും. വേറൊരുദാഹരണമെടുക്കാം. Act (actus) എന്നതു നിഷ്ഠാന്തമാണു്. ഇതിനുള്ള അൎത്ഥവും നിഷ്ഠാൎത്ഥംതന്നെ: ചെയ്യപ്പെട്ടതു്. ഇതിനുള്ള തൎജ്ജമയും നിഷ്ഠാന്തമായിരിക്കണം. എന്തുകൊണ്ടെന്നാൽ act എന്നതുകൊണ്ടു് വിവക്ഷിക്കപ്പെടുന്നതു് ചെയ്യപ്പെട്ടതു് അഥവാ ആയിത്തീൎന്നതു് എന്നാകുന്നു. ഇതിനു കൃതശബ്ദം ശരിത്തൎജ്ജമയായിരിക്കും. ഒരു വസ്തു കൃതമാണു്, കൃതാത്മകമാണു്, എന്നു പറഞ്ഞാൽ അതു് അസ്തിത്വത്തെ, വസ്തുഗതമായ അസ്തിത്വത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ശക്യാവസ്ഥയിലല്ല, എന്നുള്ള അൎത്ഥമാണുണ്ടാകേണ്ടതു്. ഈ അൎത്ഥമാണു് നിഷ്ഠാന്തമായ കൃതശബ്ദം നല്കുന്നതും. ഇനിയും Possible എന്ന കൃത്യപ്രത്യയാന്തമെടുക്കാം. കൃത്യപ്രത്യയാന്തം ദ്യോതിപ്പിക്കുന്നതു് ചെയ്യത്തക്കതു്, ചെയ്യാൻ യോഗ്യം എന്നാകുന്നു. Possible എന്നു പറഞ്ഞാൽ ചെയ്യാൻ പാടുള്ളതു്, ചെയ്യാൻ യോഗ്യം, എന്നാണൎത്ഥം. ഇതിനുള്ള തൎജ്ജമയും ഈ അൎത്ഥത്തെ ദ്യോതിപ്പിക്കുന്ന ശബ്ദവിഭാഗമായിരിക്കണം സാദ്ധ്യം എന്നതു് സാധ് ധാതുവിന്റെ കൃത്യപ്രത്യയാന്തമാകയാൽ അൎത്ഥത്തിനൊത്തതും, വ്യാകരണനിയമപ്രകാരം തുല്യവുമായ തൎജ്ജമയായിരിക്കും. ആകയാൽ കൃത്യപ്രത്യയാന്തത്തിനു പകരം ശതൃപ്രത്യയാന്തത്തേയൊ, നിഷ്ഠാന്തത്തിനു പകരം കൃത്യപ്രത്യയാന്തത്തെയൊ പ്രയോഗിക്കുന്നതായാൽ, അൎത്ഥത്തിൽ വളരെ വ്യത്യാസം വരുന്നതും, അന്യാൎത്ഥപ്രതീതിയുണ്ടാകുന്നതും ആയിരിക്കും. ആകയാൽ തൎജ്ജമകളിൽ വ്യാകരണവിധികൾ വിട്ടുകളയത്തക്കവയല്ല.

*അൎത്ഥത്തിനൊത്ത ശബ്ദഭാഗം.*

എങ്കിലും ചിലപ്പോൾ മൂലഭാഷയിലെ പദം വ്യാകരണനിയമങ്ങളെ അതിക്രമിച്ചു മററു അൎത്ഥത്തെ ദ്യോതിപ്പിച്ചുവെന്നു വരാം. അപ്പോൾ മൂലഭാഷയിലെ ശബ്ദവിഭാഗത്തെ തൎജ്ജമയിലും അനുഷ്ഠിക്കണമെന്നു വരുന്നതല്ല. മൂലഭാഷയിലെ പ്രചാരത്തിലുള്ള അൎത്ഥം വേറൊരു ഭാഷാരൂപം നല്കുന്നതായാൽ ആ രൂപത്തെ സ്വീകരിച്ചാൽ മതിയാകും. ഉദാഹരണമായി Mystic എന്നതു് Myeo മൃഎഒ എന്ന യാനായ ക്രിയയിൽനിന്നും വന്നിട്ടുള്ള ഒരു വിശേഷരൂപമാണു്. ഇതിനു പല അൎത്ഥങ്ങളുണ്ടെങ്കിലും പ്രധാനമായ ഒന്നു്, ബന്ധിക്കപ്പെട്ടവൻ, അഗാധമായ ധ്യാനംനിമിത്തം ആത്മാവും ദൈവവുമായി ദൃഢവും വിശേഷവുമായ ബന്ധത്തിലേപ്പെട്ടിരിക്കുന്നവൻ, എ

നാകുന്നു. ഇവിടെ മൃ എ ഒ എന്നതിൻെറ ആദ്യധാതുവായ മൃ (My) എന്നതിനോട് അർത്ഥത്തിൽ ഏകദേശം യോജിപ്പുള്ളതും, ശബ്ദസാമ്യമുള്ളതുമായ മൃ എന്ന സംസ്കൃതധാതുവിൻെറ നിഷ്പന്നം ഈ അർത്ഥത്തെ നല്കുന്നുണ്ട്. ആകയാൽ മൂത, മൂതൻ എന്ന രൂപം മതിയാകുന്നതാണ്. എന്നാൽ മറെറാരർത്ഥത്തിൽ (Mystic Poetry) എന്നിടത്ത് (Mystic) വിശേഷണം തന്നെയാണ്. ഇത് (Mystical) എന്നതിനു തുല്യവുമാകുന്നു. ആകയാൽ മാതിക എന്ന വിശേഷണം തക്ക തർജ്ജമയായിരിക്കും. ഇതു ശബ്ദസാമ്യവും അർത്ഥസാമ്യവും, ഉച്ചാരണസൗകര്യവും, പദഹ്രസ്വതയുമുള്ള തർജ്ജമയാണ്. എല്ലാ പദങ്ങൾക്കും ഈ ഗുണങ്ങൾ ഉണ്ടായരുന്നാൽ തർജ്ജമ ഏററവും നന്നായിരിക്കും.

ഇതുപോലെതന്നെ Potential എന്ന ശബ്ദമെടുക്കുക. ഇതു വ്യാകരണ നിയമപ്രകാരം കർത്ത്യർത്ഥമുള്ളതാണ്. എങ്കിലും ദർശനശാസ്ത്രത്തിൽ ഈ വ്യാകരണനിയമത്തെ അതിക്രമിച്ചു കർമ്മണ്യർത്ഥമുള്ളതായിരിക്കുന്നു; അതായത് കൃത്യാന്താർത്ഥമുള്ളതായിരിക്കുന്നു. ആകയാൽ Potential എന്നതിനെ കൃത്യപ്രത്യയാന്തമായ ശക്യശബ്ദംകൊണ്ടു തർജ്ജമ ചെയ്യേണ്ടതാകുന്നു. ഇവിടെ തർജ്ജമക്കാരൻ ഒരു സംഗതി ഓർത്തിരിക്കേണ്ടതാണ്. അർത്ഥം വ്യാകരണനിയമത്തെ അതിക്രമിക്കുമ്പോൾ വ്യാകരണനിയമത്തേക്കാൾ അർത്ഥപുഷ്ടിയെ കൂടുതലായി ഗൌനിക്കേണ്ടതാകുന്നു.

അർത്ഥത്തിനൊത്ത തർജ്ജമ.

ഇനി, പലപ്പോഴും പ്രചാരത്തിലിരിക്കുന്ന അർത്ഥത്തിനു ധാത്വർത്ഥത്തോടു യാതൊരു ബന്ധവുമില്ലാതിരിക്കുന്നതായിട്ടാണ് കാണുന്നത്. ഇതിനു തക്ക ഉദാഹരണമാണ് ആംഗ്ലേയഭാഷയിലെ സെൽ ശബ്ദം. ഇതിനു ചെറിയ അറയെന്നാണ് ശബ്ദാർത്ഥം. ജീവശാസ്ത്രസംബന്ധമായി ആദ്യം ഗവേഷണം നടത്തിയവർ കണ്ടുമുട്ടിയ കണങ്ങൾ വാഴപ്പോളയിലെ അറകളെപ്പോലെ അറയ്ക്കു തുല്യമായിരുന്നതിനാൽ അവർ അവയ്ക്ക് അറയെന്നർത്ഥം വരുന്ന cell എന്നു പേർ നല്കി. എന്നാൽ പരിക്ഷണങ്ങൾ അഭിവൃദ്ധിപ്പെട്ടുവന്നതോടെ ലെയ്ഡിഗ്, മാക്ഷൂൾട്ട്സേ മുതലായ ശാസ്ത്രജ്ഞന്മാർ അനേക സജീവവസ്തുക്കളെ പരിശോധിച്ചശേഷം എല്ലാ 'സെല്ലും' പൊള്ളയായതല്ല, പ്രത്യുത മിക്കവയും ഘനവസ്തുക്കളാണ് എന്നഭിപ്രായപ്പെടുകയും, ഒരു നാഭി (Nucleus)യോടുകൂടിയ പ്രാഗ്രസക്കട്ടയാണ് 'സെൽ' എന്നു നിർവ്വചിക്കുകയും ചെയ്തു. ഇതു കൂടാതെ വലക്ഷകണം Leucocyte മുതലായി ചില കണങ്ങൾക്ക 'ഭിത്തികൾ' പോലുമില്ലാ എന്നു കാണപ്പെട്ടു. ഇതുമായപ്പോഴേയ്ക്കും സെൽ എന്ന പേർ തെററാണെന്നു ശാസ്ത്രകാരന്മാർ മ

നസ്സിലായി. എന്തുകൊണ്ടെന്നാൽ ഘനവസ്തുക്കളായ പ്രാഗസക്കട്ടകളെ അറകളെന്നു വിളിക്കുന്നതു് ഭാഷയോടു ബലാൽക്കാരം ചെയ്യുന്നതായി അവൎക്കു തോന്നി. ഭിത്തികളില്ലെങ്കിൽ പിന്നെ പറയാനുമില്ല. ഇങ്ങനെ ഭാഷയോടു ബലാൽക്കാരം ചെയ്യാതിരിക്കുന്നതിനായി സാക്സ് (Sachs) ഊൎജിദം (Energid) എന്നും, കുസ് (Kuss) ഗോളകം (Globule) എന്നും കേളിക്കർ (Kolliker) ഹെക്കൽ (Haeckel) മുതലായവർ പ്രാഗങ്കുരം (Protoblast) പ്രാഗസിതം (Protoblast) എന്നും പേരുകൾ നല്കി. എങ്കിലും ഇങ്ങനെ പല പേരുകളുണ്ടായാൽ വിഷമങ്ങൾ വൎദ്ധിക്കുമെന്നു കണ്ടതിനാലും, ആദ്യപ്രയോക്താവായ റോബർട്ടു ഹുക്കിനോടുള്ള ബഹുമാനംനിമിത്തവും സെൽശബ്ദംതന്നെ നടപ്പിലാക്കിത്തീൎത്തു. ഇവിടെ ധാത്വൎത്ഥവും പ്രചാരത്തിലുള്ള അൎത്ഥവും ഭിന്നമാണു്. ഇങ്ങനെയുള്ള അവസരങ്ങളിൽ ഇന്നു പ്രചാരത്തിലുള്ള അൎത്ഥത്തെ പ്രദാനംചെയ്യുന്ന ഒരു ശബ്ദം കണ്ടുപിടിച്ചു തൎജ്ജമ സാധിക്കുകയാണു് ചെയ്യേണ്ടതു്.

ഇനിയും വേറൊരുദാഹരണമെടുക്കാം. Oxygen എന്ന ശബ്ദം ഒരു മിഥ്യാനാമമായിട്ടാണിരിക്കുന്നതു്. Oxygen എന്നതിന്റെ ധാത്വൎത്ഥം അമ്ലജനകമെന്നാണല്ലോ. എങ്കിലും എല്ലാ അമ്ലത്തിലും ഈ വാതകം ഉണ്ടായിരിക്കയില്ല. ഉദാഹരണമായി അബ്ഝാരിതികാമ്ലത്തിന്റെ ഘടകധാതുക്കൾ അബ്ജനകവും, ഹരിതവുമാണു്; അമ്ലജനകമല്ല. എല്ലാ അമ്ലത്തിലുമില്ലാത്ത ഈ വാതകത്തിനു് Oxygen (അമ്ലജനകം) എന്ന പേർ യോജിച്ചതല്ലതന്നെ. എങ്കിലും ആഗ്ലേയഭാഷയിലെപ്പോലെ തന്നെ മലയാളത്തിലും വെള്ളത്തിന്റെ രണ്ടു ഘടകധാതുക്കളിലൊന്നായ അബ്ജനകത്തെക്കാൾ 16 മടങ്ങു ഭാരമുള്ള മറേറ ഘടകധാതുവിനു് ഈ അമ്ലജനമെന്ന പേർ ഏകദേശം നടപ്പിലായതിനാലും, ആശയസംഘട്ടനം ഉണ്ടാകാതിരിക്കുന്നിടത്തു് ആദ്യപ്രയോക്താവിനെ ആദരിക്കണമെന്നുള്ളതിനാലും ഞാൻ അമ്ലജനകമെന്ന ശബ്ദത്തെത്തന്നെ സ്വീകരിച്ചു. പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നപക്ഷം അബ്ജനകമെന്ന പേർ Oxygen നും അമ്ലജനകമെന്ന പേർ Hydrogen നും കൊടുക്കാവുന്നതാണു്. അപ്പോൾ തൎജ്ജമ ധാത്വൎത്ഥത്തിനല്ല, വസ്തുവിനു യോജിച്ചതായിരിക്കും.

(തുടരും.)

# ആംഗ്ലോ ഇൻഡ്ധ്യയെക്കുറിച്ചുള്ള ഒരു വീക്ഷണം

1608-മുതൽ 1937-വരെ.

(ചരിത്രബന്ധം.)

ഡനിഃസ്റ്റിൻകെയിഡ് ഐ. സി. എസ്സ്. എഴുതിയിട്ടുള്ള അവസാന ഗ്രന്ഥമാണിതു്. ഇൻഡോ യൂറോപ്യൻ ജീവിതത്തിൻേറയും ബന്ധത്തിൻേറയും ഒരു മുന്തുറുകൊല്ലത്തെ സജീവചിത്രം ഈ ഗ്രന്ഥംമൂലം ആലേഖനം ചെയ്തിരിക്കുന്നു. പരിതാപകരമായ നിൎയ്യാണത്തിനു സംഗതിവന്ന ഇദ്ദേഹം ഗ്രന്ഥസമാപ്തിക്കുശേഷമാണു് പ്രപഞ്ചത്തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞതു്. നിൎയ്യാതൻെറ പിതാവു് ആ ഗ്രന്ഥത്തിൽനിന്നു എടുത്തു പ്രസിദ്ധം ചെയ്തതാണീലേഖനം.

## ഇൻഡ്ധ്യയിൽ ഇംഗ്ലീഷു സമാരംഭം.

1579 ഏപ്രിൽ നാലാംതീയതി സ്റ്റീവൻസ് എന്ന ജസൂട് പാതിരി ലിസ്ബനിൽനിന്നു് ഈസ്റ്റ് ഇൻഡീസിലേയ്ക്കു കപ്പൽ കയറി. ആദ്യമായി ഇൻഡ്ധ്യയിൽ എത്തിയ ഇംഗ്ലീഷുകാരൻ ഇദ്ദേഹമാണു്. പല ഇൻഡ്ധ്യാക്കാരും ഇദ്ദേഹത്തിൻെറ നാമം നന്ദിയോടും പ്രേമത്തോടും ഇന്നും സ്മരിച്ചുപോരുന്നു. മറാത്തി ഭാഷയിലുള്ള എഴുത്തുകാരിൽ ഇദ്ദേഹം പുരാതനൻതന്നെയായിരുന്നു. അത്രതന്നെയല്ല, ഇദ്ദേഹം ആ ഭാഷയുടെ ഒരു മാൎഗ്ഗദൎശകനും കൂടിയാണു്. അദ്ദേഹത്തിനു പരിചയപ്പെടാൻ ഇടവന്നിട്ടുള്ള ഭാഷകളെ അപേക്ഷിച്ചു് ഇതിനു സൌകുമാൎയ്യമേറുമെന്നു സ്റ്റീവൻസു് വിശ്വസിച്ചിരുന്നു. പൌരസ്ത്യഭാഷയിൽ ഒരു മഹത്തായ കാവ്യം ഇദ്ദേഹത്തേപ്പോലെ മററൊരു യൂറോപ്യനും രചിച്ചിട്ടില്ല.

ലണ്ടനിലെ ധനവാനായ ഒരു വണിക്കിൻെറ പുത്രനായ ഇദ്ദേഹം ഒരു കാത്തലിക്കു് കൃസ്ത്യനാണു്. ലാററിൻ പഠിക്കുന്നതിനു് ന്യൂകാളേജിൽച്ചേൎന്നു. അനന്തരം ഡാവെയിൽ പൌരോഹിത്യപരിശീലനത്തിനുപോയി. കാംപിയൻെറ അനുയായിയായിത്തീൎന്നിട്ടു ജസൂട് സംഘത്തിൽച്ചേൎന്നു. പൌരസ്ത്യരാജ്യമാണു് തൻെറ സന്ദേശസങ്കേതമെന്നു് അദ്ദേഹത്തിനു തോന്നി. സെൻറു് ഫ്രാൻസിസ് സേവിയറുടെ വിജയകഥകളാലും ജസൂട്ട്കാൎക്കു് ചൈനാക്കടലിൽ സിദ്ധിച്ച ഫലങ്ങളുടെ കഥകളാലും വശീകൃതനായപ്പോൾ എലിസബത്തിൻെറ നാവികവീരന്മാരുടെ ന

വീനലോകചരിത്രങ്ങളാൽ സ്വദേശികളായ പ്രോട്ടസ്റ്റാൻറു യുവാക്കന്മാൎക്കു ണ്ടായ പ്രബുദ്ധതപോലെ ഇദ്ദേഹത്തിൻെറ സങ്കല്പശക്തിക്കും ഉദ്ദീപനം സിദ്ധിച്ചു.......................................

സുവൎണ്ണനഗരം:—

കപ്പൽയാത്ര ദീൎഘവും ക്ലേശകരവുമായിരുന്നു. എങ്കിലും നീളമേറിയതും പച്ചനിറത്തോടുകൂടിയതുമായ കൊങ്കാൻതീരം കാണാറായി. ക്രമേണ വൃക്ഷലതാദികളെ തിരിച്ചറിയത്തക്കവണ്ണം അത്ര അടുത്തു. കരയിൽ ഉള്ളിലേയ്ക്കു തള്ളി സ്ഥിതിചെയ്യുന്ന പശ്ചിമഘട്ടവും ദൃശ്യമായി. കപ്പൽ ഗോവ ക്രീക്കിലെ ശാന്തമായ ജലാശയവിഭാഗത്തിൽക്കൂടി പ്രയാണം ചെയ്തു. ഇടതൂൎന്നു വളൎന്നുനില്ക്കുന്ന വനത്തിൽനിന്നുയൎന്നുനില്ക്കുന്ന ഒരു കുന്നിന്മേൽ ഫാദർ സ്റ്റീവൻസ് സുവൎണ്ണനഗരം കണ്ടു. അതിനെ ചുററിയിരിക്കുന്ന മതിലും പടിവാതലും അദ്ദേഹത്തിനു ദൃശ്യമായി. ശുഭ്രവൎണ്ണം പിണ്ഡീഭവിച്ചപോലെ പള്ളിയും കാണപ്പെട്ടു. സെൻറ് ഫ്രാൻസിസ് കാൺവെൻറിൻെറ രണ്ടു ഗോപുരങ്ങളും സെൻറ് അഗസ്റ്റീൻ പള്ളിയുടെ മുൻഭാഗവും കണ്ടുതുടങ്ങി. ഇതിൻെറ പണി പൂൎത്തിയായിട്ടു് ഇക്കാലത്തു ഏഴുകൊല്ലമെ ആയിട്ടുള്ളു. പള്ളിയുടെ നേരേ താഴത്തുള്ള ഒരു ജലാശയത്തിലാണു് കപ്പൽ അടുക്കുന്നതു്. അതിൻെറ കരകളിൽ ധാരാളം കേരവൃക്ഷങ്ങൾ വളൎന്നുനില്പുണ്ടു്. വൈസ്രായിയുടെ പടിവാതൽ എന്നു പറയപ്പെടുന്ന ഒരു പ്രവേശനദ്വാരമാണു് പുത്തനായി അവിടെ ചെല്ലുന്നവൎക്കു കടന്നു പോകേണ്ടതു്. ആ ദേവാലയത്തിൽനിന്നു വിസ്തൃതമായ ഒരു റോഡു നഗരമദ്ധ്യത്തിലേയ്ക്കു പോകുന്നുണ്ടു്.

കാത്തലിക് ആഡംബരങ്ങളാൽ വശീകൃതനായ ജസൂട്പാതിരി ലൌകികവ്യവഹാരങ്ങളിൽ നിമഗ്നനായിപ്പോയി എന്നു ഒരുവൻ വിചാരിച്ചേയ്ക്കാം. പക്ഷെ അദ്ദേഹം ഇവിടെ എത്തിയ ഉടനെ സ്വപിതാവിനു് എഴുതിയ എഴുത്തിൽനിന്നു നമുക്കു് മറെറാരു കാൎയ്യമാണു വിശദമാകുന്നതു്. ഇൻഡ്യ ഇംഗ്ലീഷുകച്ചവടക്കാൎക്കു അത്യന്തം യോജിച്ച ഒരു വിപണിയാണെന്നാത്രെ സ്റ്റീവൻസിൻെറ ചിന്തയിൽ പ്രഥമസ്ഥാനം വഹിച്ചതു്.

ആ കാലത്തു് പ്രസിദ്ധന്മാരായ പല ഇംഗ്ലീഷുകാരുടേയും ചിത്തവൃത്തി ഭരണവിഷയത്തിൽ വിഭക്തമായിരുന്നു. ജീവാവസാനംവരെ ഇംഗ്ലണ്ടിനോടു് ഇടയ്ക്കിടെ പടവെട്ടിക്കൊണ്ടിരുന്ന ഒരു രാജാവിൻെറ രാജ്യത്താണു് സ്റ്റീവൻസു ജീവിച്ചിരുന്നതെങ്കിലും, സ്വസ്നേഹിതന്മാരേയും ഡൌവേയിൽ ഉള്ള പല സഹപാഠികളേയും ഇംഗ്ലണ്ടിലെ ക്രൂരശാസനം

വധിച്ചിട്ടുണ്ടെങ്കിലും ഇദ്ദേഹം ഇംഗ്ലണ്ടിൻെറ താല്പര്യങ്ങൾക്ക് ഹൃദയപൂർവ്വം സഹായിച്ചിരുന്നു.

ഇംഗ്ലീഷുകാരെ ആപത്തിൽ സഹായിക്കുന്ന വിഷയത്തിൽ സ്റ്റീവൻസ് ഒരിക്കലും ക്ഷീണചിത്തനായിട്ടില്ല. ഇപ്രകാരമുള്ള ക്ലേശം ഗോവായിൽവച്ചാണ് അധികമുണ്ടായിട്ടുള്ളത്. ചില അവസരങ്ങളിൽ മനഃക്ലേശംപോലും അനുഭവിച്ചിട്ടുണ്ട്. പിതാവിനയച്ച എഴുത്തുമൂലം പല കച്ചവടക്കാരുടെ മനസ്സിന് ഇളക്കമുണ്ടാക്കി. സിറിയാവഴി ഇൻഡ്യയിൽ കരമാർഗ്ഗമായി എത്തുവാൻ പലരും ഒരുങ്ങി.

1583-ൽ നാലു ഇംഗ്ലീഷുകാർ ഗോവയിലെത്തി. ലിഡ്, ന്യൂബറി ഫിച്ച്, സ്റ്റോറി എന്നാണ് ഇവരുടെ പേരു്. ഇവർ നാലുപേരും നല്ല ക്രിസ്ത്യാനികൾ ആണോ എന്ന്—കത്തോലിക്കരാണോ എന്ന്—പരിശോധിപ്പാൻ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. അവർ കത്തോലിക്കരാണെന്നു പറവാൻ സന്നദ്ധരുമായിരുന്നു. ഇവർ പ്രോട്ടസ്റ്റൻറുകാരെന്നു സ്റ്റീവൻസിന് അറിയാമായിരുന്നെങ്കിലും അവരുടെ രക്ഷയ്ക്കുവേണ്ടി കത്തോലിക്കരാണെന്നു സാക്ഷ്യം വഹിച്ചു.

അധികാരികൾ നല്ല ക്രിസ്ത്യാനികളെന്നു വിധികല്പിച്ചാൽ പിന്നെ സാധാരണ ജനങ്ങൾക്ക് ഒരന്വേഷണവുമില്ലെന്ന് ഇംഗ്ലീഷുകാർക്കു മനസ്സിലായി. ഗോവായിലെ കച്ചവടക്കാരും പട്ടാളക്കാരും മതാനുഷ്ഠാനത്തിൽ ഉദാസീനരും മതതത്വത്തിൽ അജ്ഞരും ആയിരുന്നു. അതിഥികൾ സ്വമതദ്വേഷികളുമായിരുന്നു.

പോർട്ടുഗീസുഭടന്മാർ ആദ്യകാലത്ത് ഒരു 'മാരി അമ്മൻ' ക്ഷേത്രത്തിലെ വിഗ്രഹംകണ്ടു കറുത്ത കന്യാമേരി എന്നു വിശ്വസിച്ചു പോയി.

ലീഡ്സ് എന്നയാൾ കത്തോലിക്കാമതം ആചരിക്കമാത്രമല്ല, ആ കാലത്തു പണിപൂർത്തിയാക്കുവാൻ പോകുന്ന ഒരു പള്ളിയുടെ ഭിത്തികളിൽ ചിത്രമെഴുതുവാൻ കൺട്രാക്ട് കിട്ടുന്നപക്ഷം ഒരു ജസ്സൂട്ടാകുവാനും സമ്മതിച്ചു. കൺട്രാക്ട് കഴിഞ്ഞപ്പോൾ മതപരമായ ജീവിതത്തിനു തൊഴിലൊന്നുമില്ലാതെ സാധിക്കയില്ലെന്ന് അയാൾ ശഠിച്ചു. ഇൻഡ്യാക്കാരിയായ ഒരു പെൺകുട്ടിയെ വിവാഹംചെയ്തു ലീഡ്സു ഗോവായിലെ ഒരു കച്ചവടക്കാരനായി. നാട്ടുകാരുടെ കുടയേയും ഉദ്യോഗസ്ഥന്മാരുടെ പല്ലക്കിനേയും പററി വിമർശിച്ചുകൊണ്ടു തെരുവുകളിൽ മററു സന്ദർശകന്മാർ അലഞ്ഞുനടന്നു.

ഗോവയിലെ പൊറുതിയെക്കുറിച്ച് ഇവക്കു വെറുപ്പുതോന്നി. ഉൾപ്രദേശങ്ങളിലേക്കു യാത്രതിരിച്ചു. സ്റ്റോറി മുഗൾചക്രവർത്തിയുടെ ആഭരണ

നിമ്മാണഡിപ്പാർട്ടുമെൻറിൽ ഒരു ജോലിയിൽ ഏർപ്പെട്ടു. ന്യൂബറി പർഷ്യയിലേക്കുപോയി. അയാളുടെ കഥ:പിന്നെ ഒന്നും കേട്ടിട്ടില്ല. ഫിച്ച് ബമ്മക്കു തിരിച്ചു. ഷാൻ സ്റ്റേററിലും സഞ്ചരിച്ചു. ഒടുവിൽ അയാറം ഇംഗ്ലണ്ടിൽ എത്തി. അക്കാലത്താണ് (സെപ്റ്റംബർ 24 1599) ഈസ്റ്റ് ഇൻഡ്യാക്കമ്പനി റജിസ്റ്റർ ചെയ്തതു്.

ആദ്യമായി കച്ചവടത്തിനുവന്ന ആളുകളെ അനുഗമിച്ച മററുപലരും ഇൻഡ്യയിലേയ്ക്കു പുറപ്പെട്ടു. ഇവരെല്ലാം വ്യത്യസ്തശീലമുള്ള വരായിരുന്നു. മിഡ്ലണ്ട് എന്നൊരാറം ഒരു പുതിയ ഈസ്റ്റ് ഇൻഡ്യാക്കമ്പെനി സ്ഥാപിപ്പാൻ ശ്രമിച്ചു.

ഇയ്യാറം മൂന്നുകൊല്ലം മുഗറംരാജധാനിയിൽ താമസിച്ചിരുന്നു. അതിനുശേഷം പേർഷ്യയിലേക്കു പോയി. അവിടെവച്ചു മൂന്നു ഇംഗ്ലീഷുകാരേ വിഷംകൊടുത്തു കൊന്നു. അയാളുടെ അന്ത്യവും അങ്ങനെതന്നെയായിരുന്നു. ലൻസ്ലാട്ടു് കാനിങ്ങ്, റാബർട്ട് ട്രള്ളി എന്നു രണ്ടു സംഗീതവിദ്വാന്മാർ മുഗറംരാജധാനിയിൽ കടന്നുകൂടി. പാശ്ചാത്യസംഗീതം ഇവിടെ നടപ്പാക്കി സമ്പാദ്യമുണ്ടാക്കാമെന്ന് ഇവർ ആശിച്ചിരുന്നു. ജിഹാംഗീർ റാബർട്ടുട്രള്ളിയുടെ കാർണററു് ഗീതത്തിൽ ഭ്രമിച്ചു. രാജധാനിയിൽ ആ രീതി അനുഗമിക്കണമെന്നാജ്ഞാപിച്ചു. അല്പനാറം കഴിഞ്ഞപ്പോറം ട്രള്ളി ദക്ഷിണ ഇൻഡ്യയിലേക്കു പോയി. ഗോൽക്കൊണ്ട രാജധാനിയിൽ ചെന്നുചേന്നു. അവിടെ ഇയ്യാളുടെ സംഗീതത്തിന്ന് അനുമോദനമുണ്ടായില്ല. ഇയ്യാറം മഹമ്മദുമതത്തിൽ ചേന്നു. രാജാവിൽനിന്നു് ഒരു സംഭാവന ലഭിച്ചു.

ഈ ദേശാടനക്കാരിൽനിന്ന് ഇംഗ്ലീഷുകച്ചവടത്തിന് ഒരു പ്രാധാന്യവും സിദ്ധിച്ചില്ല. പോർട്ടുഗീസുകാരുടെ സഹായികളായ മുസൽമാന്മാർ മിഡിൽട്ടന്ന് ഒരു ഭീഷണിക്കത്തയച്ചു: അയാറം അതിനെ അവഗണിച്ചതേ ഉള്ളു.

സൂററിൽ കച്ചവടം ആരംഭിക്കുന്നതിന് ആദ്യമായി മുഗറംക്കാരുടെ അനുവാദംഇംഗ്ലീഷുകാക്കു സിദ്ധിച്ചില്ല. മെക്കായ്ക്കുപോകുന്ന തീത്ഥാടനക്കാരുടെ കപ്പൽ കൊള്ളചെയ്കയും ഗുജറാററു തീരത്തെ നിരോധിക്കയും ചെയ്തു. മുഗറം ഗവർണ്ണർ കിഴടങ്ങി. പോർട്ടുഗീസുകാർ ഇംഗ്ലീഷുകാരുടെ പ്രവേശനം നിഷേധിക്കയും അവർ കള്ളന്മാരും കൊള്ളക്കാരുമെന്നു പ്രഖ്യാപനം ചെയ്കയും ചെയ്തു എങ്കിലും ഫലമൊന്നുമുണ്ടായില്ല.

പോർട്ടുഗീസുകാക്കും ഇംഗ്ലീഷുകാക്കും പല യുദ്ധവും ചെയ്യേണ്ടിവന്നു എങ്കിലും അവസാനം രാജിമൂലം ഒരു ഉടമ്പടി ഉണ്ടായി.

1608-ൽ കച്ചവടത്തിനു വേണ്ട അനുവാദം സിദ്ധിച്ചു. സൂററിൽ ഇംഗ്ലീഷുകാർ ഒരു പണ്ടകശാലയും പണിയിച്ചു. 1618-ൽ സൂററിന്റെ അവകാശം ഇംഗ്ലീഷുകാൎക്കു സിദ്ധിച്ചു. അന്നുമുതൽ അവിടത്തെ പ്രാമാണ്യവും ഇവൎക്കായി. കച്ചവടപ്രധാനിയെ പ്രസിഡൻറ് എന്ന പേരിൽ വാഴിച്ചു.

ഗുജറാത്തിലെ ഫലപ്രദവും ചൂടുള്ളതുമായ മൈതാനത്തിൽ സ്ഥിതിചെയ്യുന്ന സൂറത്തു തപതിനദിയുടെ മുഖത്തുനിന്നും പന്ത്രണ്ടുമൈൽ മുകളിൽ ആണ്. സൂറത്തിലേക്കു കയറിവരുന്ന ബോട്ടുകളുടെ എണ്ണം വളരെക്കുറവാണ്. അടിത്തട്ടുപരന്നതും തീരയാനത്തിനുതകിയതുമായ അപൂൎവ്വം ചിലവയെ വരുകയുള്ളു. സമുദ്രതരണം ചെയ്യേണ്ട യൂറോപ്യൻ കപ്പലുകൾ സ്വാലിയിൽ നങ്കൂരം ഇട്ടുകിടക്കുന്നു.

# രണ്ടു ശാകുന്തളങ്ങൾ

## മൂന്നാമങ്കം.

(തുടൎച്ച)

(പി. ആർ. നീലകണ്ഠൻനായർ.)

"സഖി, കസ്യ വാന്യസ്യ കഥയിഷ്യാമി. ആയാസയിത്രീദാനീം വാം ഭവിഷ്യാമി" എന്നു ശകുന്തള പറഞ്ഞപ്പോൾ സഖിമാർ ഇങ്ങനെ പറയുന്നു.

"അത ഏവ ഖലു നിർബന്ധഃ സ്നിഗ്ദ്ധജന സംവിഭക്തം ഹി ദുഃഖം സഹ്യവേദനം ഭവതി."

"അതുകൊണ്ടുതന്നെയാണു നിർബ്ബന്ധിക്കുന്നതു്. സുഹൃജ്ജനങ്ങളിൽ വീതിക്കപ്പെട്ടാൽ ദുഃഖപീഡയ്ക്കു് ഒട്ടു പൊറുതി കിട്ടുമല്ലോ."

അതുകൊണ്ടുതന്നൊണു് നിർബ്ബന്ധിക്കുന്നതു്. ദുഃഖം പങ്കിട്ടാൽ തിങ്ങലൊഴിയുമല്ലോ."

തോഴിമാരുടെ വാക്യത്തിനുള്ള രണ്ടു തൎജ്ജിമയാണിക്കൊടുത്തിട്ടുള്ളതു്. സ്നിഗ്ദ്ധജനത്തിനു് സുഹൃത്തുക്കൾ എന്ന തൎജ്ജിമ യോജിച്ചിട്ടുണ്ടോ? ലോകത്തിൽ സുഹൃത്തുക്കളുണ്ടു്. അവൎക്കു് നമ്മുടെ ദുഃഖം വീതി

ക്കപ്പെടുന്നതു മൎയ്യാദയാണോ? സ്നേഹമുള്ളവൎക്കു വീതിക്കപ്പെടാം. സുഹൃത്തുക്കൾ എന്നതിന്നു് സ്നേഹമുള്ളവർ എന്നൎത്ഥം പറയാമെങ്കിലും സുഹൃത്തുക്കൾ എല്ലാത്തരക്കാരുടേയും സ്നേഹിതന്മാരാകുന്നമെന്നില്ല. എന്നാൽ ഏതു തരക്കാരും പരസ്പരം സ്നേഹിച്ചു എന്നു വരാം.

സഹ്യവേദനം ഭവതി എന്നതിന്നു് തിങ്ങലൊഴിയുമല്ലോ എന്നു തൎജ്ജിമചെയ്തതിരിക്കട്ടെ. പങ്കിനുള്ള അവകാശികളാരെന്നു തൎജ്ജിമയിൽ വിട്ടതു് അശേഷം നന്നായില്ല. തിങ്ങല് ഒഴിയും എന്നു പറഞ്ഞാൽ ദുഃഖം കുറയുമെന്നു് എങ്ങനെയാണാവോ അൎത്ഥം കിട്ടുന്നതു്? ആകപ്പാടെ രണ്ടു തൎജ്ജിമയും നന്നായില്ല എന്നു പറയണം.

പൃഷ്ടാ ജനേന സമദുഃഖസുഖേന ബാലാ
നേയം നവക്ഷ്യതി മനോഗത മാധിഹേതും
ദൃഷ്ടോ വിവൃത്യബഹുശോപ്യനയാസതൃഷ്ണ-
മത്രാന്തരെ ശ്രവണകാതരതാം ഗതോസ്മി.

"സൗഖ്യാസൗഖ്യങ്ങളിൽ പങ്കുടയവരുപലാളിച്ചു ചോദിക്കയാലേ
നേക്കോതീടാതിരിക്കാ കരളിലെയഴലിൻഹേതു വീതെത്ത വധൂടി.
സോൽക്കണ്ഠം പിന്തിരിഞ്ഞന്നിവൾ പലവുരുവും നോക്കിയോനെങ്കിലും ഞാൻ
കേൾക്കാൻ പോകുന്നതെന്തെന്നൊരുതരളതയുൾകൊണ്ടിട്ടന്നേ നിദാനീം."

ഒപ്പം ദുഃഖസുഖങ്ങളുള്ള സഖിമാർ ചോദിക്കയാൽ പൈതലാ-
ളുൾപ്പൂവിൽ പട്ടമാധിമൂലമധുനാ ചൊല്ലാതിരിക്കാദൃഢം.
മുൽപാടാശയൊടും തിരിഞ്ഞു പലവട്ടം ദൃഷ്ടനെന്നാലുമി-
ന്നിപ്പോളെന്തിഹ കേൾക്കുമെന്നവശായ് ചിത്തം പിടക്കുന്നമേ.

"ഉപലാളിച്ചു്" ഇതിന്നു മൂലത്തിൽ സ്ഥാനം കാണുന്നില്ല. "ഇയം ബാലാമനോഗതം നവക്ഷ്യതി ഇതിന്ന" "ഈതൈ വധൂടി നേക്കോതീടാതിരിക്കാ" 'നേക്ക്' സ്വാഭിപ്രായമോ വ്യാഖ്യാതാവിന്റെ അഭിപ്രായമോ? മൂലത്തിൽ അതിന്നു് ഇടമില്ല. വ്യാഖ്യാതാവിന്റെ അഭിപ്രായപ്രകാരമാണെങ്കിൽ അതു് ഇങ്ങനെയാണു്. "ഇയം ബാലാമനോഗതം സത്യം നവക്ഷ്യതി ഇതിന." സത്യം എന്നതിനാണു് നേക്ക് എന്നു പ്രയോഗിച്ചിരിക്കുന്നതെങ്കിൽ അതു നന്നായില്ല. "നേക്കോതീടും" എന്നു പറഞ്ഞാൽ വളച്ചു പറകയില്ല എന്നല്ലെ അൎത്ഥം: വളച്ചു പറഞ്ഞാൽ അസത്യമാകുമോ? അതു പോകട്ടെ. വ്യാഖ്യാനമാണോ തൎജ്ജിമ ചെയ്യേണ്ടതു്. "സതൃഷ്ണം ദൃഷ്ടഃ" സോൽക്കണ്ഠം നോക്കിയോൻ തൃഷ്ണയ്ക്കു് ഉൽകണ്ഠയെന്നു പറയേണ്ടിവരും. അതു ശരിയാണോ? രണ്ടാമതായി കാണുന്ന ത

ജ്ജിമയിൽ ഉഛൃംഖലതപം കാണുന്നില്ല. അതിനാൽ മൂലത്തോട് അധികം യോജിക്കുന്നതു രണ്ടാമതുകാണുന്ന തർജ്ജിമയാണ്.

സഖി, യതഃപ്രഭൃതി മമ ദൎശനപഥമാഗതഃ സ തപോവന രക്ഷിതാ രാജൎഷിഃ; തത ആരഭ്യ തൽഗതേനാഭിലാഷേണൈതദവസ്ഥാസ്മിസംവൃത്താ.

"തോഴി, എന്നാണോ ഞാൻ ആ രാജൎഷിയെ കണ്ടെത്തിയതു്, അന്നുമുതൽക്ക് അദ്ദേഹത്തിൻെറ പേരിൽ അഭിലാഷം തോന്നിയതിനാലാണ് ഞാൻ ഈ നിലയിലായിത്തീൎന്നതു്."

സഖി, തപോവനത്തെ രക്ഷിപ്പാൻ വന്ന ആ രാജൎഷിയെ കണ്ടതുമുതൽ അദ്ദേഹത്തെപ്പററിക്കടന്നുകൂടിയ ആഗ്രഹം എന്നെ ഈ നിലയിലാക്കിത്തീൎത്തു.

"തപോവന രക്ഷിതാ രാജൎഷിഃ" രാജൎഷിക്കുള്ള വിശേഷണത്തെ ഉപേക്ഷിച്ചതു് ആ വാക്യജീവനെ ഹനിച്ചപോലെയാണിരിക്കുന്നതു്. ഏററവും ഉചിതവും ധൎമ്മതല്പരവുമായ കൎമ്മത്തിനുവന്ന ആളേയാണ് ഞാൻ സ്വാത്മതയോടെ സ്വീകരിച്ചതു്. അതിനാൽ എൻെറ മോഹം എത്രത്തോളം സാധുവെന്നതിൽ സംശയിക്കേണ്ടിയിരിക്കുന്നു എന്നുകൂടി ആ വിശേഷണംകൊണ്ടു സാധിക്കുന്നുണ്ടു്. ഇങ്ങനെയൊന്നാണ് തർജ്ജിമയിൽ പറവാനുള്ളതു്.

രണ്ടാമത്തെ തൎജ്ജിമയിൽ അതുപേക്ഷിച്ചിട്ടില്ലെങ്കിലും ആകെ ആ വാക്യത്തെ സജീവമല്ലാതാക്കി. "യതഃപ്രഭൃതി മമ ദൎശന പഥമാഗതഃ തത ആരഭ്യ" കണ്ടതുമുതൽ എന്നു മാത്രംകൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്നു. ആകെ വന്നുകൂടുന്ന അൎത്ഥം ഇതുതന്നെയാണെങ്കിലും ശകുന്തളയുടെ അഭിലാഷത്തിനുള്ള ശക്തിക്കും ഈ അവസ്ഥയ്ക്കും ബലക്കുറവു വന്നിട്ടുണ്ടു്.

സ്മര ഏവ താപഹേതു നിൎവ്വാപയിതാ സ ഏവമേ ജാതഃ
ദിവസ ഇവാഭ്രശ്യാമസ്താപാത്യയെ ജീവലോകസ്യ.

"എരിപൊരിയുളവാക്കി മന്മഥൻ താ-
നതിനുപശാന്തിയുമേകിനാനവൻ താൻ.
ശുചിയറുതിയിലംബുദക്കറുപ്പാ-
ന്നൊരു പകൽ ജന്തുഗണത്തിനെന്നപോലെ."

"സ്മരൻ താൻചേൎത്തു സന്താപമവൻ താനതു തീൎത്തുമെ
പരം കറുത്തഫലമ്മന്തദിനം ലോകത്തിനെന്നപോൽ."

മന്മഥൻ എരിപൊരിയുളവാക്കി, അതിനുപശാന്തിയുമുണ്ടാക്കി എന്നു രാജാവു പറയുന്നതാണ്. ഉപശാന്തിയുണ്ടായതു രാജാവിനാണ്.

മന്മഥൻ എരിപൊരി ശകുന്തളയിലും ഉണ്ടാക്കിയതാണ് ഇതിനു കാരണം. ഇവിടെ 'മേ' എന്ന സർവ്വനാമം വിട്ടുകളഞ്ഞതുകൊണ്ടുണ്ടായ ദോഷം കാണുന്നുണ്ട്.

"തദ്യ ദി വാമനുമതം തദാ തഥാവർത്തേഥാം യഥാ
തസ്യ രാജർഷേരനുകമ്പനീയാ ഭവതി.
അന്യഥാവശ്യം സിഞ്ചതം മേതിലോദകം."

അതിനാൽ നിങ്ങൾക്കു സമ്മതമാണെങ്കിൽ ആ രാജർഷിക്കെങ്കൽ കരുണതോന്നുവാൻ വേണ്ടതു ചെയ്യുവിൻ; മറിച്ചാണെങ്കിൽ എനിക്കുദകക്രിയ ചെയ്യേക്കുവിൻ."

"അതുകൊണ്ടു്, നിങ്ങൾക്കു സമ്മതമാണെങ്കിൽ ആ രാജർഷിക്കെന്റെ പേരിൽ ദയതോന്നാൻ വേണ്ടതു ചെയ്യണം. അല്ലാത്തപക്ഷം ഉടനെ എനിക്ക് ഉദകക്രിയ ചെയ്തുകൊള്ളുവിൻ."

'മറിച്ചാണെങ്കിൽ' എന്നൊരാളും 'അല്ലാത്തപക്ഷം' എന്നു മററ ആളും തർജ്ജിമ ചെയ്തിരിക്കുന്നു. "അന്യഥാ" എന്നു മൂലത്തിലും ഉണ്ട്. ഇവിടെ ഒരു വലിയ സംശയം വരുന്നു. രാജർഷിക്കെന്നിൽ ദയതോന്നിയില്ലെങ്കിൽ എന്നോ നിങ്ങൾ വേണ്ടതു ചെയ്തില്ലെങ്കിൽ എന്നോ അർത്ഥം പറയേണ്ടതു്. മറിച്ചാണെങ്കിൽ, അല്ലാത്തപക്ഷം, ഈ സന്ധായകഘടകംകൊണ്ട് രണ്ടു പ്രകാരത്തിലും വരാം. മാന്യന്മാരുടെ ഒരു മറുപടിക്ക് ഇവൻ സാദരം കാക്കുന്നുണ്ട്.

രാജാ—സംശയച്ഛേദി വദനം.
"അറുത്തുമുറിച്ച വാക്ക്."
"സംശയം അററ വാക്ക്."

"ശ്രവണകാതരതാംഗതോസ്മി" എന്നു പറഞ്ഞ രാജാവിന്ന് ഇതു കേട്ടപ്പോൾ സംശയനിവൃത്തി വന്നു എന്നല്ലെ അർത്ഥം. അതോ തോഴിമാർ ചോദിച്ചതിനു കക്കശമായി മറുപടി പറഞ്ഞു എന്നോ അർത്ഥം. അറുത്തുമുറിച്ചുപറഞ്ഞു എന്നു കേട്ടാൽ അങ്ങനെ തോന്നിപ്പോകും. ഇതു കേട്ടതുകൊണ്ടു് എന്റെ സംശയം തീൎന്നു. അവൾക്ക് എന്നിൽ അനുരാഗമുണ്ടെന്നതു നിശ്ചയം തന്നെ. എന്നിങ്ങനെയാണതിനർത്ഥമെന്നു തോന്നുന്നു.

(തുടരും)

# പൌരൻ എന്ന നിലയിൽ അന്തർഹിതമായ സന്മാർഗ്ഗചിന്ത

രാഷ്ട്രമീമാംസയുടെ കേന്ദ്രപ്രശ്നം ഒരു വ്യക്തിയും രാജ്യവും തമ്മിൽ സൗഹാർദ്ദബന്ധമുണ്ടായിരിക്കേണ്ടതെങ്ങനെ എന്നോ പൌരാവകാശസ്വഭാവമെങ്ങനെ ഇരിക്കണമെന്നോ ഉള്ളതുതന്നെയാണു്. ഈ പ്രശ്നത്തിൽനിന്നു മൂന്നു പ്രധാനശക്തിയുള്ള ഒരു രീതി (സമ്പ്രദായം) ഉത്ഭവിക്കേണ്ടിയിരിക്കുന്നു. വ്യക്തിയേയും രാഷ്ട്രത്തേയും പരസ്പരം അനുരഞ്ജിപ്പിക്കാത്ത അഭിപ്രായങ്ങളെ സമീകരിച്ചു രണ്ടിൻെറയും വീക്ഷണകോണം ഒരേ അളവുള്ളതാക്കിത്തീർക്കണം. ഇവയിൽ ഓരോന്നും മറേറതിൻെറ സംസ്കാരത്തെ ബലീയസിയാക്കുവാൻ സർവ്വംഗ്രാഹിയായ മാർഗ്ഗനിഗമനം സാധിക്കേണ്ടതാണു്. അന്ത്യമായി ഇവയിൽ ഓരോന്നും മറേറതിൻെറ അപൂർണ്ണതയെ പൂർണ്ണമാക്കുവാനുള്ള ഒരംശമായിരിക്കേണ്ടതാണു്. അദ്യാപി ഈ മാതൃകയുടെ സമസ്ഥിതീകരണം പൂർണ്ണമായി പ്രാപിച്ചിട്ടില്ല. ഇവിടയ്ക്കു എത്തുവാനുള്ള ഉത്തമമാർഗ്ഗത്തിൽനിന്നു മനുഷ്യസമുദായം കാപഥസഞ്ചാരമാണു് ഇതുവരെ ആചരിച്ചിട്ടുള്ളതു്. ഇപ്പോഴും അതിനേത്തന്നെ തുടരുന്നു. ആ വഴി സ്വേച്ഛാപ്രമത്തതയിലേക്കും അരാജകത്വത്തിലേക്കും ഓരോന്നിനേയും നയിക്കുന്നു. ഭരണീയമായ ഒരു ജനതയിൽനിന്നു സർവ്വാത്മനാ വ്യതിരിക്തമായ ഒരു വ്യക്തിയെ സങ്കല്പിക്കുന്നതു് അസാദ്ധ്യമത്രെ. ജീവിതത്തിൻെറ മൗലികതത്വംതന്നെ ഒരു തന്മാത്രരൂപമായിട്ടല്ല. പക്ഷെ അതു് ആപേക്ഷികമായിട്ടേ ഇരിക്കു. പരിതസ്ഥിതിയിൽനിന്നു മുക്തനായ ഒരു വ്യക്തി, ഭാവനാമാത്രമാണു്. യുക്തിക്കു് അതു സൂക്ഷ്മശരീരിയത്രെ. സത്താചിന്തയിൽ അതു സ്വപ്നവുമാണു്. ഒരു വ്യക്തിയെല്ലാം അറിയുന്നതു് ഒരു ജനതയുടെ അംഗമെന്ന നിലയിൽ മാത്രമാണു്. ഒരു വ്യക്തിക്കു സുസ്ഥിതിയുള്ള ഗുണാംശങ്ങൾ ഏതെല്ലാം പരിതസ്ഥിതികളാലാണോ, പ്രത്യേക ശീലസ്ഥാപനങ്ങൾ ഏതെല്ലാം ആനുകൂല്യങ്ങളാലാണോ, അവൻെറ വ്യക്തിമഹിമയ്ക്കു് ഏതെല്ലാം നിദാനങ്ങളാലാണോ അവയെല്ലാം അവൻെറ ജീവിതദശയിൽ ജനസമുദായത്തിനകത്തു രൂപീകരിച്ചിട്ടുള്ളതാണു്. ഒരു വ്യക്തി അറിഞ്ഞോ അറിയാതെതന്നെയോ തൻെറ സഹജീവികളെ സഹകരിച്ചു് ഒരു പൊതുകാർയ്യത്തിൽ ഭാഗഭാക്കായിത്തീരുന്നു. സമുദായത്തോടു് അവനുള്ള ബന്ധം അവൻെറ വ്യക്തിത്വത്തിൻെറ ഒരു അനുബന്ധം എന്ന നിലയിലല്ല, അവൻെറ പ്രധാന ഒരംശമായിട്ടാണു്, അല്ല, അവൻെറ ജീവിതനിദാനമായിട്ടുതന്നെയാണു് നിലകൊ

ള്ളുന്നതു്. സഹജിവികളാൽ സ്ഥാപിതശീലം, ബാധിതസ്വഭാവം, ചോദിതവൃത്തി എന്നിങ്ങനെ മാത്രമെ ഒരുവനെ കാണ്മാൻ സാധിക്കയുള്ളൂ. അനന്തമായി സർവ്വവ്യാപകമായി സ്ഥിതിചെയ്യുന്ന ആകാശമെന്നപോലെ ആത്മാവും ബ്രഹ്മാണ്ഡത്തെ മുഴുവൻ വ്യാപിച്ചിരിക്കുന്നു. ഓരോ ഉപാധികളെ മുൻനിറുത്തി ഘടാകാശം എന്നും മററും പറയുംപോലെ സർവ്വവ്യാപിയായ ആത്മാവു തന്നെയാണു് "ഞാൻ", "നീ", "അവൻ", "അതു" എന്ന ഉപാധികളോടു ചേർന്നിന്നു ഭിന്നാഭിന്നമെന്നു തോന്നിപ്പോകുന്നതു്. സർവ്വാന്തര്യാമിയായ ആത്മാവിനോടു് എതിക്കുന്നവൻ അവനോടുതന്നെയാണു് പോരാടുന്നതു്. അവൻ അതിനെ ദൂരതഃ പരിവർജ്ജിക്കുന്നു എങ്കിൽ അവൻ സ്വന്ത ജീവശക്തി പിളക്കുകയാണു് ചെയ്യുന്നതു്. അവൻ അതിനെ ആക്രമിക്കുന്നു എങ്കിൽ ആത്മഹത്യാപാപമാണു് അവൻ വരിക്കുന്നതു്.

വ്യക്തിയും സമുദായവും തമ്മിലുള്ള ഈ അഭേദ്യബന്ധത്തെ അടിസ്ഥാനമാക്കിയാണു് മനുഷ്യൻ ഒരു സമുദായജീവിയാണെന്നു നിർണ്ണയിച്ചിട്ടുള്ളതു്. ആ സമുദായം ഒരിക്കലും കൃത്രിമവുമല്ല. മനുഷ്യപ്രകൃതിയിൽനിന്നുളവായ അതിൻെറ ഫലം അവനിൽ കാണേണ്ട സന്മാർഗ്ഗനിഷ്ഠയുമത്രെ. ഹൃദയത്തിൽ നഗരത്തെ പ്രതിഷ്ഠിക്കാത്ത ഒരുവൻ ആത്മീയസമ്പത്തിൽ ദരിദ്ര്യനാണു്. പ്രകൃതിദത്തമായ വളച്ച ഒരുവനു സിദ്ധിക്കുന്നതു് സമുദായത്തിൽക്കൂടിയും സമുദായത്തിലുമത്രെ. സർവ്വോപരി മാനിക്കപ്പെട്ടിരുന്നതും സർവ്വഗുണഭൂയിഷ്ഠതയെ ലക്ഷ്യമാക്കിയിരുന്നതും ഒരു സന്മാർഗ്ഗികസംഘടനയേയാണെന്നു് പുരാതനഗ്രീക്കുകാർ അവരുടെ ചരിത്രത്തിൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു. അതിനാൽ ഒരു വ്യക്തിയുടെ നന്മ ആദർശരൂപത്തിൽ പറയുന്നപക്ഷം അതു് ഒരു രാജ്യത്തിൻെറതന്നെയാണു്. ഒരു സാന്മാർഗ്ഗികലക്ഷ്യത്തിൽ അതിൻെറ ഗുണാംശം സംഘടിതമായി കാണാം. ഒരു വ്യക്തി പരിശുദ്ധസന്മാർഗ്ഗിയാണെങ്കിൽ മാത്രമെ അവൻ ഒരു പൌരനാകയുള്ളൂ. എന്നാൽ അവൻെറ പൌരത്വത്തിൻെറ പരിപക്വത അവൻ അധിവസിക്കുന്ന രാജ്യപരിപാവനതയുടെ അളവിനെ ആശ്രയിച്ചുമിരിക്കും. വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള അസ്വരസം ഈവിധമുള്ള ഒരുൽകൃഷ്ടൈക്യത്തിൽ ഇല്ലാതാകയും ആ നിലയിൽ വ്യക്തിയ്ക്കു താനാരെന്നുള്ള അനുഭൂതി പൂർണ്ണമായി അനുഭവപ്പെടുകയും ചെയ്യും. പൂർണ്ണ മനുഷ്യത്വം സർവ്വതോഭിന്നമായ ഒരു ഫലം അല്ല. ആ നില സ്വശക്തിയാൽ നിർമ്മിതവുമല്ല. പൂർണ്ണത്വമുള്ള ഒരു രാഷ്ട്രത്തിൽ വളരുകയും അവനറിയാതെതന്നെ അവിടത്തെ നിയമം അവൻെറ സ്വഭാവത്തിൽ പകരുകയും ചെയ്യും. അവൻ പരിണതവും രമ്യവുമായ പദപ്രാപ്തിയിലേയ്ക്കു നിഷ്കളങ്കം ശ്രമിക്കു

ന്ന ഒരു തൃഷ്ണ സ്വഭാവേന സിദ്ധിക്കുന്നു. അതിൻെറ സ്വാനുഭൂതിയിൽ മററുള്ളവരേക്കൂടി ഭാഗഭാക്കുകളാക്കി സ്വജീവിതം കഴിക്കണമെന്നും ആ വ്യക്തിയ്ക്കു തോന്നും. സ്വാൎത്ഥവും പരാൎത്ഥവുമായ താല്പൎയ്യങ്ങൾക്ക് ഇവിടെ അശേഷവും ഭിന്നത വരുന്നില്ല. രാജ്യതാല്പൎയ്യം തന്നെ പൌരതാല്പൎയ്യമായിത്തീൎന്നിരിക്കുന്നു. പ്രത്യേകമായ ഒരു താല്പൎയ്യം ഉളവാകുന്ന ഒരു ഭാഗം ഇവിടെയില്ല. രാജ്യജീവിതത്തോട് ഒത്തുകഴിയുമ്പോൾ മാത്രമെ ഒരു വ്യക്തിയുടെ സുജനത്വം പൂൎണ്ണവികസിതമാകയുള്ളു. അപ്പോൾ അവൻെറ സാരവും സാർത്ഥകത്വവും വിശദമാകയും ചെയ്യും.

വ്യക്തിവാദികളുടെ സങ്കല്പസാമ്രാജ്യത്തിൽ ജീവിക്കുന്നവരല്ലാതെ ഈ ലോകത്തിൽ ഒരു വ്യക്തി ഒററതിരിഞ്ഞു ജീവിക്കുന്നില്ല. അവൻെറ ഏകാന്തനിലയിൽ അവൻ ബുദ്ധിശൂന്യനും സങ്കുചിതനുമായ ഒരു മൃഗമാണ്. സമുദായത്തിലും സമുദായത്തിൽക്കൂടിയും മാത്രമാണ് അവനൊരു വിശേഷജ്ഞാനമുള്ള മനുഷ്യനാകുന്നതു്. അവനുള്ള പ്രതിഭ, സന്മാർഗ്ഗചിന്ത, ആത്മാഭിമാനം എന്നല്ല അവൻെറ വ്യക്തിത്വത്തെ സൃഷ്ടിക്കുന്ന സൎവ്വസ്വവും സമുദായത്തോടു കടപ്പെട്ടിരിക്കുന്നു. മൃഗത്വത്തിൽ നിന്നുള്ള പരിവൎത്തനം പ്രകൃതിവിലാസമെന്നുള്ള മിഥ്യാകഥനത്തിന് അല്പമൊരു ന്യായമുണ്ട്. മൃഗനിൎവ്വിശേഷമായ ഒരു ജീവിതബന്ധത്തിൽ നിന്നു പ്രകൃതി അവനെ അല്പം ഉയൎത്തുന്നുണ്ട്. മററുള്ളവൎക്കുവേണ്ടി സുസമ്മതത്തോടെ കൈയേൽക്കുന്ന ഭാരം, ഒരു പരിപൂൎണ്ണതയ്ക്കുവേണ്ടിയുള്ള നിസ്വാൎത്ഥസേവനം എന്നിവയിൽ മാത്രമെ ഒരുവൻെറ സ്വത്വം, അല്ല അവൻെറ സാന്മാർഗ്ഗിക സ്വാതന്ത്ര്യം പ്രസ്പഷ്ടമാകയുള്ളു. ഒരു വ്യക്തിയ്ക്കു തൻെറ അവകാശമെന്നോ കൎത്തവ്യമെന്നൊ തോന്നുന്ന ഒന്നിൻെറ സമ്പാദനംതന്നെ ഒരു ഭരണകൂടത്തിൽനിന്നേ സാധിക്കുകയുള്ളു. ഒരു മനുഷ്യനാകുവാൻ എന്തെല്ലാം ഗുണങ്ങളാവശ്യമാണോ അവയെല്ലാം അവനു സിദ്ധിക്കുന്നു.

# ഇററലിയും അബ്സീനിയയും തമ്മിലുള്ള യുദ്ധം

സമരസംഘട്ടനത്തിന് ഏതാനും മാസങ്ങൾക്കു മുമ്പുതന്നെ ലോക മഹാശക്തികളുടെ നിന്നിമേഷശ്രദ്ധ ഈ കാൎയ്യത്തിൽ അവഗാഢം പതിഞ്ഞു. പക്ഷെ, ആഹവോദ്യമം പരിമാണത്തിൽ വിപുലവും, ഗൗരവത്തിൽ സംവൃദ്ധവും, വിഷമപ്രശ്നത്തിൽ ദുരവഗാഹവുമായി വളൎന്നു. ലീഗ് ആഫ് നേഷൻെറ സാരഗൎഭമായ പ്രസ്താവനയും കെല്ലോഗ്ബ്രിയാൻഡിലെ "ആഹവനാസ്തിത്വ"വും, എന്നല്ല, മററു പല പാകട്ട്കളും അലസിപ്പിരിഞ്ഞു. സമാഹിതദുരന്തനിവാരണത്തിന് അശക്തങ്ങളുമായി. സൗഹാൎദ്ദമായ സമാധാനചിന്തയോടെ പരസ്പരം ഉണ്ടായിട്ടുള്ള വ്യത്യസ്തമനോഭാവത്തെ ശാന്തമാക്കാതെ രണ്ടു രാജ്യങ്ങളും ഭയങ്കരസമരത്തിനു സന്നദ്ധരാകുന്നു. ഇതു ലീഗിൻെറ മൗലികതത്വങ്ങളെ ബലഹീനമാക്കുന്നു. പോരാ, അവയെ വികമ്പനം ചെയ്യിക്കുന്നു; ധൂസരമാക്കുന്നു. ലീഗിൻെറ ഭാവയെ പാടെ വിപാടനം ചെയ്യുക്കും. കലഹനിവാരണത്തിന് അന്ത്യമായി ചെയ്ത ശ്രമവും നിഷ്ഫലമായി. സമാധാനവ്യവസ്ഥയ്ക്കു സൃഷ്ടിപരമായ ചില ഉപായവും പരീക്ഷിച്ചു. പല കാരണങ്ങളുണ്ടെങ്കിലും അവയിൽ മുഖ്യമായി ഇററലിയുടെ സുരക്ഷയ്ക്ക് ഇതൊന്നും മതിയാകയില്ലെന്നും കിഴക്കേ ആഫ്രിക്കയിൽ ഇററലിക്കുള്ള പ്രാമാണ്യം മതിയാകുന്നില്ലെന്നും ഉള്ള കാരണത്തെ ആസ്പദമാക്കി പ്രീമിയർ മുസോളിനി സമാധാനാലോചനകളെ നിഷേധിച്ചു. സമാധാനാലോചനയേയും മാദ്ധ്യസ്ഥവ്യവസ്ഥയേയും അപേക്ഷിച്ചു കൂടുതൽ ഗൗരവമുള്ളതു സൈന്യസജ്ജീകരണം, മോട്ടാറിനു സഞ്ചാരക്ഷമമായ റോഡുനിൎമ്മാണം, വിമാനമാൎഗ്ഗമായി പൎയ്യവേക്ഷണം എന്നിവയെന്നും നിശ്ചയിച്ചു. രണ്ടു രാജ്യങ്ങളേയും ദൃഢമൈത്രിയിൽ ബന്ധിച്ചിരുന്ന തന്തുവിൻെറ ശൈഥില്യവും വാൽ വാലിൻെറ സ്വാമിത്വവും സ്വാധീനവും ധൂസരമാക്കിയതും ഒരു മദ്ധ്യസ്ഥചിന്തയ്ക്കു വിഷയമാക്കാവുന്നതല്ല.

ഇന്നത്തെ ഈ കലഹം എന്തു കാരണത്തിൻെറ അല്ലെങ്കിൽ കാരണങ്ങളുടെ ഫലമാണ്? അതിപുരാതനമായ അസ്വാസ്ഥത ഇപ്പോൾ പുനരാവൎത്തിക്കാൻ കാരണമെന്ത്? 1934 ഒക്ടോബർ 9-ാംതിയ്യതിവരെ രണ്ടു രാജ്യങ്ങളും തമ്മിൽ യാതൊരു ശത്രുഭാവനയും ഉള്ളതായി പ്രത്യക്ഷമായിരുന്നില്ല. ഇവർ തമ്മിൽ സൗഹാൎദ്ദസന്ദേശങ്ങൾ കൈമാറിക്കൊണ്ടി

രുന്നതായി നമുക്കറിയാം. നിലവിൽ ഇരിക്കുന്ന വ്യവസ്ഥയനുസരിച്ച് ഇററലിയോട്ട് അബ്സീനിയായ്ക്കു സൗഹാർദ്ദബന്ധമുണ്ടെന്നും അബ്സീനിയയെ കൈയേററം ചെയ്യാൻ ഇററലിയ്ക്ക് അശേഷവും മോഹമില്ലെന്ന് ഇററലി പ്രതിജ്ഞ ചെയ്യുന്നു എന്നും ആ സന്ദേശങ്ങളിൽ വിശദമാക്കീട്ടുണ്ട്. അടുത്തടുത്തുണ്ടായ രണ്ടു കലഹങ്ങളുടെ ഫലമായി മൈത്രീബന്ധവാഗ്ദാനങ്ങളുടെ മൂടുപടം മാററി നഗ്നവേഷം പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. ഉത്തര അബ്സീനിയയിൽ ഗാണ്ഡർ എന്ന സ്ഥലത്തുവച്ച് നവംബർ 19-ാംതിയ്യതി നടന്നതു് ഒന്നാമത്തേയും, അബ്സീനിയയുടെ അതിരിങ്കൽ ഇററാലിയൻ സോമാലിലാൻഡിൽ വച്ചു ഡിസംബർ 5-ാംതിയ്യതി നടന്നതു രണ്ടാമത്തേയും കലഹങ്ങളാണ്. ഒന്നാമത്തേതു് ഇററാലിയൻ കാൺസുലേററിന്റെ നേരെ ആയിരുന്നു. അതു നവംബർ 27-ാംതിയ്യതി സമാധാനമായി അവസാനിപ്പിച്ചു. 'ലാ സ്റ്റാമ്പാ' എന്ന ഇററാലിയൻ പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്ന ഒന്നാണ് രണ്ടാമത്തേതു്. ഇററാലിയൻ സോമാലിലാൻഡിൽ വാൽവാൽ എന്ന സ്ഥലത്തുവച്ച് ഇററലിക്കാരുടെ വക നാടൻ സൈന്യത്തോടു ചെയ്ത അപരാധമാണതു്. 1934 ഡിസംബർ 16-ാംതിയ്യതി ജിനീവായിൽനിന്നു പ്രസിദ്ധംചെയ്ത പ്രതിഷേധം അബ്സീനിയാക്കാർ ലീഗിൽ സമർപ്പിച്ച ഇററാലിയൻ കൈയേററ വിവരണമാണ്.

അബ്സീനിയൻ പ്രാവിൻസായ ഒഗാഡനിൽ ഒരു ആംഗ്ലോ ഇററാലിയ കമീഷൻ മേച്ചിസ്ഥലപരിശോധനയ്ക്കായി 1934 നവംബർ 23-ാംതിയ്യതി എത്തി. യുഅലൽ എന്ന സ്ഥലത്ത് ഈ കമ്മീഷൻ എത്തിയപ്പോഠം ഒരു ഇററാലിയൻസൈന്യം അവരുടെ ജോലിക്കു വിഘാതം വരുത്തി ഈ സ്ഥലം അതിരിൽനിന്നു 62 മൈൽ (100 കിലോമീററർ) അബ്സീനിയൻ രാജ്യത്തിനുള്ളിൽ സ്ഥിതിചെയ്യുന്നു.

വാൽവാൽ അതിപ്രധാനമായ ഒരു സ്റ്റേഷനാണ്. അതിനുസമീപം അനവധി കിണറുകളുള്ളതുകൊണ്ടാണ് ഈ നില അതിനു കിട്ടിയതു്. ഇരുവശങ്ങളും അതിനവകാശപ്പെട്ടതാണ്. ഈ കാലത്തിനടുത്ത് ഇററലി ഈ പ്രദേശത്തു് ഒരു സ്റ്റേഷൻ സ്ഥാപിച്ചു ബലപ്പെടുത്തി. വാൽവാൽ, ആറൻഡബ്, വാൽഡെയർ ഇവയെല്ലാം അഭിവൃദ്ധമാക്കി. ഇവ മൂന്നും അബ്സീനിയരാജ്യത്തിന്ന് അകത്താണ് സ്ഥിതിചെയ്യുന്നതു്. ഡിസംബർ 5-ാംതിയ്യതി ഇററാലിയൻ സൈന്യം ടാൻക്സ്, എയറൊപ്ലെയിൻ ഇവയോടുകൂടി അബ്സീനിയൻ കമീഷനെ ആക്രമിച്ചു.

അബ്സിനിയൻ ഗവണ്മെൻറ് ഈ കൃത്യത്തെ ഒരു നോട്ടുമൂലം പ്രതിഷേധിച്ചു. ഇതു ഡിസംബർ 26-ാംതിയ്യതിയാണ്. ഇതിനെ അവഗണിച്ചുകൊണ്ടു് ഇററാലിയർ അഡോവായിലും, ഗർലോഗ്ബിയിലും ബോംബെറിഞ്ഞു നാശംചെയ്തു. ഡിസംബർ 6-ാംതിയ്യതിയിലെ പ്രതിഷേധത്തിനും 1928 ആഗസ്ററു രണ്ടാംതിയ്യതിയിൽ ഉണ്ടായ ഇററാലോ അബ്സീനിയൻ സന്ധിയിലുള്ള അഞ്ചാംവകുപ്പനുസരിച്ച മദ്ധ്യസ്ഥതീരുമാനത്തിനും ഡിസംബർ 9-ാംതിയ്യതിയിലെ അപേക്ഷയ്ക്കും ഉത്തരമായി ഇററാലിയൻ ചാർജ്ഡി അഫേയഴ്സ് ഡിസംബർ 11-ാംതിയ്യതിയിലെ ഒരു നോട്ടിൽ പ്രതിഷേധത്തെ അവഗണിക്കയും, നഷ്ടപരിഹാരം ആവശ്യപ്പെടുകയും ചെയ്തു. ഡിസംബർ 14-ാംതിയ്യതിയിലെ ഒരു നോട്ടിൽ, ഈ വിധമുള്ള ഒരു സംഭവത്തെ മദ്ധ്യസ്ഥതീരുമാനത്തിനു വിടുന്നതെങ്ങനെയെന്നു് അദ്ദേഹത്തിൻെറ ഗവണ്മെൻറ് എത്ര ആലോചിച്ചിട്ടും ഉണ്ടാകുന്നില്ലെന്നു പ്രസ്താവിക്കുന്നു.

ഇററലിക്കാർ ഇതിന്ന് എതിരായിട്ടാണു പ്രസ്താവിച്ചിരിക്കുന്നതു്. വിരോധഭാവനയോടെ അബ്സീനിയായോടു് എതിക്കയും താഴെ പറയുന്ന സമാധാനം ചെയ്വാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

(എ) യുവാലൽ എന്ന സ്ഥലത്തുണ്ടായ അഹിതത്തിനു നഷ്ടപരിഹാരം ചെയ്യണം. (ബി) ഹരാർ എന്ന സ്ഥലത്തുള്ള അബ്സീനിയഗവർണർ ക്ഷമായാചനം ചെയ്യണം. (സി) ഇററലിക്കൊടിയെ ആദരപൂർവ്വം സ്വീകരിക്കണം. (ഡി) ഇതിനു കാരണക്കാരെ ശിക്ഷിക്കണം.

രണ്ടു രാജ്യങ്ങളും തമ്മിൽ ഇപ്പോഴുള്ള അസ്വരസത്തിനുള്ള രണ്ടു സംഭവമാണു് മുകളിൽ കാണിച്ചിരിക്കുന്നതു്. പിന്നെയും പല കാരണങ്ങൾ ഉണ്ടെന്നുള്ളതിനു സംശയമില്ല. ഇററാലിയൻ സോമാലിലാൻഡിൻേറയും എറിട്രീറിയായുടെയും അതിരിൽ ഇററലിക്കാർ ചെയ്യുന്ന അക്രമങ്ങളെ പ്രതിഷേധിച്ചുകൊണ്ടു് അബ്സീനിയക്കാർ ലീഗിനെ പലപ്രാവശ്യവും അറിയിച്ചുകൊണ്ടിരുന്നു. ഈ കാരണങ്ങളാൽ ഇങ്ങനെ ഒരു വഴക്കിനാവശ്യമുണ്ടോ? യുദ്ധം ചെയ്യണമെന്നു് ഇത്ര കക്കശമായി ഇററലിക്കാർ വിചാരിക്കത്തക്കവണ്ണം വാൽവാൽസംഭവത്തിന്നു് അത്ര ശക്തിയുണ്ടോ? ഈയിടെ ഉണ്ടായ അനിഷ്ടസംഭവങ്ങൾ കാരണത്തെ ബലീയസിയാക്കി എന്നേ ഉള്ളൂ. അതിനാൽ ഇന്നത്തെ നിലയെക്കുറിച്ചു പൂർണ്ണമായി അറിയണമെങ്കിൽ ഇററലിക്കാർ അബ്സീനിയയിൽ കാളനി സ്ഥാപിക്കുവാൻ വന്ന കാലംമുതൽക്കുള്ള സംഭവങ്ങളെ പരിശോധിക്കണം. ഒരു ജനതയെ കാളനി

വൎദ്ധിപ്പിക്കണമെന്ന മോഹം പിടികൂടിയാൽ അതിൽനിന്ന വിരമിക്കേണ്ട തെങ്ങനെയെന്നവൎക്ക് അറിഞ്ഞുകൂട. 1882 മുതൽ ഇന്നുവരെ ഇററലിക്കാരുടെ വിദേശസമ്പാദനതൃഷ്ണ അവരെ ബലമായി ബാധിച്ചിട്ടുണ്ട്. കിഴക്കേ ആഫ്രിക്കയിൽ വച്ച് ഇററലിക്കാർ ഈ മോഹപ്രേരിതരായിട്ടു പല പരാജയങ്ങളും അനുഭവിച്ചിട്ടുണ്ട്. ആഫ്രിക്കയിലേക്കു പുറപ്പെടുന്ന ഒരു സൈന്യവിഭാഗത്തോടു സിഗ്നോർ ഉൽബോധിപ്പിച്ചതിനു പുറമെ കറുത്ത വൎഗ്ഗക്കാരിൽനിന്നും അനുഭവിച്ച പരാജയങ്ങളെ ആ ഗവൺമെൻറിനു വിസ്മരിക്കാവുന്നതല്ല. എന്തെല്ലാം സാന്ത്വനങ്ങളും സമാധാനങ്ങളും പറഞ്ഞാൽതന്നെ അഡോവ അഹിതം വിസ്മരിക്കാവുന്നതല്ല. ഇന്നും ആ മാനഹാനി മറക്കാതെതന്നെയിരിക്കുന്നു. ഇന്നത്തെ സൈന്യസജ്ജീകരണവും, വിമാനസംഭരണവും മററു ആഹവോദ്യമങ്ങളും ആ കളങ്കത്തെ ക്ഷാളനം ചെയ്യാനുള്ളതാണ്. ഇററലിക്കാർക്ക് അബ്സീനിയ കൊള്ളചെയ്യാൻ ഇപ്പോൾ രണ്ടു കാരണങ്ങളുണ്ടായിരിക്കുന്നു. തുഷ്ടിയെന്നുള്ള ആ ഒന്നു കണികാണുവാൻ സംഗതിയില്ലാത്ത രാജ്യസമ്പാദനദുരാശ, മറേറതു് അഡോവയുദ്ധത്തിൽ നേരിട്ട പരാജയത്തിന് ഒരു പ്രതീകാരം ചെയ്യേണമെന്ന ആസുരസ്വഭാവം. ഇവയോടു് ഒരു പരമാർത്ഥവുംകൂടി ചേർത്താൽ ഇററാലിയരുടെ അക്രമപ്രവൃത്തിക്ക് ഉചിതസമാധാനമായി. എത്തിയോപ്യയിലെ ലോഹസമ്പത്തും പ്രകൃതിസമ്പത്തും കൈകാര്യംചെയ്തു കച്ചവടത്തിന് അഭിവൃദ്ധി വരുത്താം. എറിട്രീറിയായിൽ ഉള്ള ഇററലിക്കാരുടെ ഒരു തുറമുഖമായ മസാവായിൽനിന്ന് അബ്സീനിയായിൽകൂടി മൊഗാഡിസിയോ എന്ന തുറമുഖത്തേയ്ക്കു് ഒരു വഴിയുണ്ടാകാനും സാധിക്കുന്നതാണ്. മൊഗാഡിസിയോ ഇററാലിയൻ സോമാലിലാൻഡിൽ സ്ഥിതിചെയ്യുന്ന ഒരു തുറമുഖമാണ്.

യുദ്ധം താല്ക്കാലികമായ പല ഗുണങ്ങൾക്കും ഇററലിക്കാർക്കു സംഗതിയാകുന്നുണ്ട്. ആ രാജ്യത്തെ സംബന്ധിച്ച് ഈ പോരാട്ടം ലാഭകരം തന്നെ. അതിനാൽ ഇററലിക്ക് ആരുടെയും മദ്ധ്യസ്ഥതവേണ്ട. ആപൽകാലത്തു വല്ല സഖ്യവും ചെയ്തിട്ടുണ്ടെങ്കിൽ ഈ നല്ലകാലത്തു് അതിനെ പുലർത്താനും ഭാവമില്ല.

വ്യവസ്ഥിതവും അഭേദ്യവുമായ മുഹൂർത്തം ഇതാ സന്നിഹിതമായിരിക്കുന്നു എന്നു മുസ്സോളിനി പ്രസ്താവിച്ചു. ഇററാലിയരായ രാഷ്ട്രജനതയ്ക്കു അതിക്ലേശവും ശ്രമകാരണവുമായ ഒരു കർമ്മം ഇതാ അടുത്തു. ഇതിൽ അവർ വിജയികളായാൽ ലോകത്തിൽ അവൎക്ക് ഒരു ഉയന്ന സ്ഥാനമുണ്ട്.

"കാളണ്ണെസിംഗ് സന്ദേശത്തെ നിറവേററുവാൻതക്ക മനസ്ഥിതിയില്ലാത്ത ഒന്നാണു യൂറോപ്പ് എങ്കിൽ അതിൻെറ നാശത്തിനുള്ള മുഹൂത്തം അപരിഹാര്യമെന്നു മുഴങ്ങുന്നു."

ഈ നിശ്ചയംകൊണ്ട് ഇററലിയുടെ ഹൃദയം നമുക്കു കാണാം. ദുഃഖം ഒഴിക്കുവാൻ ഒരു മാൎഗ്ഗവുമില്ല. ജൂലായി 6-ാംതിയ്യതി മുസോളിനി ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നു.

"ഒരു ഗവണ്മെൻറു എന്നും ജനതയെന്നുമുള്ള നിലയിൽ ഞങ്ങൾ നിശ്ചയിച്ച ഒരു സംരംഭത്തിൽനിന്നു ഒരിക്കലും പിന്തിരിയുകയില്ല. ഞങ്ങൾ വേണ്ടതു് ആലോചിച്ചു. നിശ്ചയിക്കയും ചെയ്തു. അതു് അഭേദ്യവുമത്രെ."

ഇററലിയുടെ നയം വ്യക്തമാണ്. അബ്സീനിയയ്ക്കു് അഹിതമായ ഇററലിയുടെ ആവശ്യങ്ങളിൽനിന്നു വ്യതിചലിക്കുന്ന ഒരു നിശ്ചയവും ഇററലി സ്വീകരിക്കയില്ല. കൺസിലിയേഷൻ കമിഷനൊ, ലീഗൊ അബ്സീനിയയുടെ രാജത്വമൊ സ്വാതന്ത്ര്യമൊ ഹനിച്ചു ഒരു തീരുമാനം ചെയ്യുന്നതു് എത്തിയോപ്യചക്രവത്തി സമ്മതിക്കയില്ല. യുദ്ധസ്ഥാനത്തു മാദ്ധ്യസ്ഥം ജയിക്കുമെന്നു തോന്നുന്നില്ല. ഇററലിക്കാർ അശേഷവും ചാഞ്ഞോ ചരിഞ്ഞോ നില്ക്കാനും ഭാവമില്ല.

എത്തിയോപ്യക്കാരുടെ അകൈതവനിലയും എന്തെന്നല്പം നോക്കാം. ഈ അത്യാഹിതസംരഭത്തിനു വേണ്ടിവരുന്ന വ്യയത്തെക്കുറിച്ച് ഇരുകക്ഷികളുടെ നിലയിൽനിന്ന് ഒരു സമീകരണം ഉദാസീനർ ചെയ്തിട്ടില്ല. എത്തിയോപ്യക്കാരേ മനഃപൂൎവ്വം ഈ യുദ്ധത്തിൽ വലിച്ചിട്ടതാണെന്ന സംഗതി പൂൎണ്ണമായി വിശ്വസിപ്പാൻ പാടുള്ളതല്ലെങ്കിലും അവരുടെ നിലയെ സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ ന്യായവും മാനവും നശിപ്പിക്കാത്തവണ്ണം ഒരു തീമാനത്തിന് ഉദാസീനശക്തികളൊ ലീഗൊ ഒരുങ്ങുന്നതായാൽ എത്തിയോപ്പിയ അനുസരിക്കുന്നതു നിശ്ചയംതന്നെ. യുദ്ധം ചെയ്യുതിന് അവക്കുള്ള മടി സാധന ദൗർല്ലഭ്യമോ ശക്തിഹീനതയോകൊണ്ടല്ല. അവക്കു വിചാരിച്ചമാത്രയിൽ ഒരു മില്യൻ സൈന്യമുണ്ടാകും. 1930 ആഗസ്റ്റ് 21-ാംതിയ്യതിയിലെ ഉടമ്പടിയനുസരിച്ചു സംരക്ഷണത്തിനുവേണ്ട ആയുധസാമഗ്രികൾ കിട്ടാനുള്ള അവകാശം ചക്രവത്തിക്കുണ്ട്. അന്യരാജ്യങ്ങളിൽനിന്ന് അവയെ വിലയ്ക്കുവാങ്ങുവാൻ തടസ്സമില്ല. ഇററലിയും അബ്സീനിയയും യോജിച്ച് 1928 ആഗസ്റ്റ് രണ്ടാംതിയ്യതി ദൃഢവും ശാശ്വതവുമായ മൈത്രിയെ പുരസ്കരിച്ചുചെയ്ത ഉടമ്പടിനിബന്ധനയെ ലംഘിക്കുന്നതിലുള്ള വൈമനസ്യം ഒന്നാത്രെ ചക്രവത്തിയെ യുദ്ധത്തിൽനിന്നും പിൻവ

ലിപ്പിക്കുന്നതു്. അതിൽ ഏതുമാതിരി അസ്വാരസ്യവും ഇവർതമ്മിലുണ്ടായാൽ മദ്ധ്യസ്ഥതീരുമാനം ആവശ്യപ്പെടണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. യുദ്ധത്തിൽ കണ്ണുമടച്ചു ചെന്നുചാടുന്നതിനുമുമ്പു വലിയ നഷ്ടം സഹിച്ചും ഉടമ്പടിയെ പരിപാലിപ്പാൻ ശ്രമിക്കുന്ന ഏക നേതാവ് ഉള്ളൂ. വാൽവാലിലെ അനിഷ്ടസംഭവമുണ്ടായ ഉടനെ അബ്സീനിയമന്ത്രി ഇററലിക്കു് ഒരു നോട്ടയച്ചിരുന്നു. അതിൽ മദ്ധ്യസ്ഥതീരുമാനമനുസരിച്ചു് അതിർത്തിയും വഴക്കും വ്യവസ്ഥ ചെയ്യാമെന്നു പറഞ്ഞിരുന്നു. മറെറാരു റിപ്പോർട്ടു ലീഗിനുമയച്ചിരുന്നു. അതിൽ ഇററലിക്കാർ ചെയ്യുന്ന അക്രമങ്ങളെ വിശദീകരിച്ചിട്ടുണ്ടു്. കവനൻെറിലെ രണ്ടാംവകുപ്പനുസരിച്ചു ലീഗ് ഇതിൽ ഇടപെടണമെന്നും ആവശ്യപ്പെട്ടിരുന്നു. ആ വകുപ്പു് ഇങ്ങനെ പറയുന്നു:— ലീഗിലെ ഒരംഗമായോ അല്ലാതേയൊ ഉള്ള ഒരിടത്തു് അവിചാരിതമായി നേരിടുന്ന ഒരു യുദ്ധത്തേയൊ, യുദ്ധഭീഷിണിയേയൊ ലീഗിനെ മുഴുവൻ ബാധിക്കുന്ന ഒരു വിഷയമായി നിർണ്ണയിച്ചിരിക്കുന്നു. വിവേകപൂർവ്വകമെന്നു തോന്നുന്നപക്ഷം ലീഗിനു സർവ്വജന സംരക്ഷണത്തെ മുൻനിറുത്തി വേണ്ടതു ചെയ്വാനധികാരമുണ്ടു്. ഇങ്ങനെയുള്ള ഒരാവശ്യം നേരിടുന്നു എങ്കിൽ ലീഗിലെ ഏതെങ്കിലും ഒരംഗത്തിൻെറ അപേക്ഷയനുസരിച്ചു സെക്രട്ടറി ജനറലിനു കൗൺസിൽ വിളിച്ചുകൂട്ടാവുന്നതാണു്.

അടുത്തുതന്നെ—ജൂലായി നാലാംതിയ്യതി—യുണൈറഡ്സ്റേറററിനെ ഈ കാര്യം ഉൽബോധിപ്പിച്ചു. ഇററലി, അബ്സീനിയ, ഐക്യരാജ്യം ഇവ മൂന്നും ചേർന്നു് ഒപ്പിട്ടിട്ടുള്ള കെല്ലോഗ്ബ്രിയാൻഡിലെ 'ആഹവനാസ്തിത്വ'ത്തെ അനുസ്മരിപ്പിച്ചിരുന്നു.

ഈ അവസരത്തിൽ റാസ്ടഫാറി—എത്തിയോപ്പിയ നീഗസ്—പ്രസിദ്ധംചെയ്ത രണ്ടു പ്രസ്താവനകൾ ശ്രദ്ധാർഹമാണു്. എത്തിയോപ്യക്കാർക്കു സമാധാനരക്ഷയ്ക്കു് അത്യന്തമോഹമുണ്ടായിരുന്നു എന്നു് ഒരുവനു വ്യക്തമായി ഇവകൊണ്ടറിയാം.

സ്വരാജ്യവും ഇററലിയുമായുള്ള ബന്ധത്തെ ഈ ഘട്ടത്തിലും സംരക്ഷിപ്പാൻ ഉള്ള ഇച്ഛയോടെ ഫെബ്രുവരി 14-ാം തിയ്യതി ചക്രവർത്തി റാസ്ടഫാറി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"എന്നെ ആരും നിർബന്ധിക്കുന്നുമില്ല, ഭയപ്പെടുത്തുന്നുമില്ല. ഒരു മുൻകരുതലെന്നപോലെ ഇററലിയിൽ സൈന്യശേഖരം ചെയ്യുന്നതുകൊണ്ടു് എൻെറ മനസ്സിന്നു് അല്പം ക്ഷീണം തോന്നുന്നുണ്ടു്. അതുതന്നെയല്ല, അതു ജനങ്ങളുടെ സംശയത്തെ വർദ്ധിപ്പിക്കുന്നതേ ഉള്ളൂ." "മാദ്ധ്യ

സ്ഥതീരുമാനത്തെ അംഗീകരിക്കുന്ന വിഷയത്തിൽ എന്റെ നിശ്ചയം ദൃഢമായിത്തന്നെ ഇപ്പോഴും സ്ഥിതിചെയ്യുന്നു.”

“ഇയ്യിടെ ജിനീവായിൽ ഉണ്ടായ തീരുമാനത്തെ അതിശീഘ്രം അനുവർത്തിപ്പാൻ ഞാൻ സന്നദ്ധനായിരിക്കുന്നു. എത്തിയോപ്യയും ഇററലിയും നേരിട്ടു സമാധാനാലോചന തുടങ്ങണമെന്നാണ് ആ തീരുമാനമെന്നു ഞാൻ അർത്ഥമാക്കുന്നു. വഴക്കിൽ ഇരിക്കുന്നകാര്യങ്ങളെ അതിവേഗം മദ്ധ്യസ്ഥതയിൽ തീരുമാനിക്കാൻ ഇതു് ഒരു നല്ലമാർഗ്ഗമാണ്.”

“ആദ്യമായി ചെയ്യേണ്ട പ്രധാനകൃത്യം ശത്രുഭാവനയുള്ള രണ്ടു സൈന്യനിരയുടെ മദ്ധ്യത്തിൽ ആർക്കും അവകാശം പറവാൻ പാടില്ലാത്ത ഒരു സങ്കേതമുണ്ടായിരിക്കണമെന്നു ജിനീവ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഗർലോഗുബിക്കും വാൽവാലിനും മദ്ധ്യേ അങ്ങനെ ഒരു സങ്കേതം നിർമ്മിക്കാൻ ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. ഞങ്ങൾ എത്തിയോപ്പിയവകയെന്നാഭിമാനിക്കുന്ന വാൽവാലിന്റെ ഉടമസ്ഥാവകാശത്തെ അന്ത്യതീരുമാനമനുസരിച്ചു വ്യവസ്ഥ ചെയ്യുന്നതിൽ യാതൊരഭിപ്രായഭേദവും എനിക്കില്ല.”

“വാൽവാലിൽനിന്നു് എന്റെ സൈന്യത്തെ മുഴുവനും ഞാൻ പിൻവലിച്ചിരിക്കുന്നു. ഗർലോഗുബിയിൽ 300 പേരെ മാത്രം ഒരു സൂക്ഷിപ്പിനു നിയമിച്ചിട്ടുണ്ടു്. മൂന്നു കിലോമീററർ അകലെ പോകരുതെന്നു നിർബന്ധമായി കമാൻഡർ ഓർഡർ കൊടുത്തിരിക്കുന്നു.” “ഈ കല്പനകളെല്ലാം കൃത്യമായി അനുഷ്ഠിച്ചുപോരുന്നു. ആഫ്ഡബ്ബിനെ എന്റെ സൈന്യം ആക്രമിച്ചു എന്നു പറയുന്നതു വെറും വ്യാജനിർമ്മിതകഥയാണ്.” നേരിട്ടാലോചിച്ചു സമാധാനമുണ്ടായാൽ മദ്ധ്യസ്ഥതയ്ക്കു് എളുപ്പമെന്നു ലീഗിനു് അഭിപ്രായമുണ്ടു്.

(തുടരും)

# ജന്മാന്തരത്തിൽ

( ആയാംകുടി കെ. സി. പാർവ്വതിയമ്മ. )

ഓമനേ! മമ ജീവിതമിങ്ങനെ
പ്രേമഭംഗത്തിനാസ്പദമായല്ലൊ.
കാമിതങ്ങൾ പലതും നിരൂപിച്ചു
കാമിനീമണേ! നിഷ്ഫലമൊക്കെയും.

കോമളേ! തവ പൂമൃദുമേനിയെ
ഭീമമീമൃതി തീണ്ടിയതെങ്ങനെ?
കേമനെന്നു നടിച്ചു ഞെളിയുന്ന
വാമശീലനാം ദുർവ്വിധിയെന്തിനു

മാമകമഹാമൃണ്മയപഞ്ജരം
ഭൂമിയിലിനി വെച്ചുപുലത്തുന്നു
ആമയങ്ങളഖിലമകററുന്ന
തൂമകോലും മരണത്തിനങ്കത്തിൽ

വാമലോചനേ! ചെന്നിവൻ ചേരുന്ന
രാമണീയകവാസരമെന്നാവാം
ഭാമിനീ! നമ്മൾ മേലിൽ ജനിക്കുകിൽ
കാമനും മഹാദേവിരതിയുമാം

സോമനാണഹ മെങ്കിലെന്നോമലാൾ
ഹേമരൂപിണിയാതിരയാകണേ!
ധൂമയോനി ഞാനാവുകിലോമനേ!
നീ മമ ദിവ്യഹ്ലാദിനിയാകുമോ

ക്ഷൗമജന്മമിവനുലഭിയ്ക്കുകിൽ
സൗമലോല മൃദുല തൂലാകനീ
സൗമ്യശീലേ! സരോവരമെങ്കിൽ ഞാൻ
കൗമുദീകളിർക്കൊച്ചലച്ചാത്തുനീ.

സോമശീലയാം മാലതി നീയെങ്കിൽ
പ്രേമമോടുഞാൻ മാകന്ദമായിടും.
പൂമരന്ദം തുളുമ്പും വസന്തമായ്
തൂമയോടുഞാൻ മല്ലിയെ പുൽകിടും.
പൂമണമെഴും പല്ലടപ്പേഷഞാൻ
ഹൈമബിന്ദുവായ് മിന്നുക വേഗംനീ

താമരമലരാകുന്നു നീയെങ്കൽ
പ്രേമമൂർത്തിയാം ഭൃംഗമാണെന്നുഞാൻ.
വ്യോമദേശമായ് മാറുമിവനെങ്കിൽ
ശ്യാമലോചനവാർമഴവില്ലുതാൻ.
പ്രേമരാശിതന്നഗ്രപദവിയെ
കാമ്യകൈവല്യമെന്നുപറയുന്നു.
ജന്മമിങ്ങനെ മാറുമ്പൊഴൊക്കെയും
നമ്മളൊന്നിച്ചുതന്നെ ജനിക്കുവാൻ
കന്മഷാപഹൻ കാരുണ്യമൂർത്തിതൻ
ചിന്മയപദമനഘം കുപ്പുന്നൻ.

## പാഠശാലയിൽ

( വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ. )

[ പാന. ]

മാപ്പുനൽകുക മദ്ഗുരോ, ശിഷ്യനു
മാർഗ്ഗമല്പം പിഴയ്ക്കയാൽ വൈകിപ്പോയ്.
കാൽകുഴഞ്ഞാലും നിന്നുകൊള്ളാമിവൻ
കോൽകൊണ്ടൊന്നു കൊട്ടപ്പാൻ നിനയ്ക്കൊല്ലേ,
ഓങ്ങിയങ്ങന്നൊരു തല്ലു തല്ലിയാൽ
താങ്ങുവാൻ കരുത്തുള്ളവനല്ലിവൻ.
ഒക്കെയുള്ളിലറിയുമവിടുത്തോടു-
ടിക്കഥ പറയേണ്ടുന്നതില്ലല്ലൊ.
ആഞ്ഞടിപ്പതും പക്ഷെ പതിക്കുമ്പോൾ
പഞ്ഞിവീഴുംപോലാക്കുമല്ലൊഭവാൻ.
എങ്ങുറവെടുക്കുന്നു കൃപാമൃത-
മങ്ങുകാഠിന്യം കാണുന്നതെങ്ങനെ.
തല്ലിച്ചോരയൊലിച്ചുപോയെങ്കിലും
മെല്ലെയൊന്നു വിളിച്ചു തലോടിയാൽ
വാടിടാത്തൊരു ചെററിപ്പൂമാലയായ്
മോടിയോടതു ശോഭിപ്പുമേനിയിൽ.

പാറപോലവേ തോന്നും ചിലതെല്ലാം
പട്ടുപോലാമൊട്ടുക്കമെന്നഭവം;
പട്ടെന്നോത്തു ചിലതു മെയ്ചേക്കവേ
പാമ്പായ്ത്തീൻ കടിപ്പതും കാണുന്നു.
പഞ്ചാരയെന്നു വാരിയെടുപ്പതോ
പാഴ്മണലായ് കരത്തിലണയുമ്പോഠം,
പിച്ചകലതയെന്നോത്തടുക്കുമ്പോഠം
പച്ചിളിപ്പാമ്പുതൻ തലപൊക്കുന്നു.
ജാലവിദ്യകളിങ്ങനെയിപ്പാഠ-
ശാലതന്നിലും കാട്ടും ഭവാൻതന്നെ.
കണ്ടുനേരം കളയുവാനില്ലിനി-
യുണ്ടുപാഠം പലതും പഠിക്കുവാൻ.
നേരമല്പം കവിഞ്ഞതുകാരണം
സാരമാം വീഴ്ച പററിപ്പോയ്പാഠത്തിൽ.
അക്കറുപ്പുപലകമേലങ്ങുന്നു
വ്യക്തമായിക്കുറിച്ച കണക്കുകഠം
കാലേഭാസ്കരൻ വന്നൊത്തിമായ്ക്കയാൽ
കാണാതായാകെ വെൺപൊടി മാത്രമായ്.
ബുദ്ധിമാനവനൊററനോട്ടത്തിനാൽ
ഹൃത്തിലാക്കിക്കഴിഞ്ഞിട്ടുണ്ടാംപക്ഷേ.
സോമൻെറ ബുക്കുനോക്കി പകത്തിടാം
കേമനൊക്കെപ്പകത്തിയിട്ടുണ്ടാവും.
ചെററുംനേരം കളയാതിരുന്നാലേ
കേററം കൈവരു കൊല്ലപ്പരീക്ഷയിൽ.

## ഒരു പ്രാത്ഥന

(വിദ്വാൻ, പേരൂർ, എസ്. മാധവൻ.)

(മഞ്ജരി)

നീലവിഹായസ്സും, തീരംതകക്കുന്ന
പാരാവാരത്തിൻെറ വൻപരപ്പും,
ദൂരത്തു പീലികുടയും മയിലൊത്ത
പവ്വതപംക്തിയും കാണുന്നേരം

ഗർവ്വററു യാതൊന്നിൻ മാഹാത്മ്യമോർത്തു
ചാർവ്വാകഹൃത്തും തൊഴുതുവാഴ്ത്തും,
ആ പ്രേമരൂപനാം ദൈവമേ, നിൻകഴ-
ലെപ്പോഴും ഞങ്ങൾ വണങ്ങിടുന്നു.

വിണ്ണായ നീലമേക്കട്ടിപ്പലകതൻ-
പൊന്നാണിയൊക്കെത്തിളങ്ങുംപോലെ
സാന്ദ്രപ്രഭം വാനിലെന്നും നിശതോറും
സുന്ദരതാരം നിരത്തിക്കൊണ്ടും,

വാനത്തുപായും കരിമുകിൽക്കാട്ടാന-
ക്കൂട്ടത്തിൻ ദന്തപ്രഹരത്തിനാൽ,
തിട്ടമങ്ങെങ്ങോ പ്രകൃതിക്കെഴുന്ന സം-
പുഷ്ടവിഭവമാം നേപഥ്യത്തിൽ

കൂരിരുൾത്താർമഷിപ്പാനയുടഞ്ഞിട്ടു
പാരെങ്ങുമെങ്ങും കറുക്കുന്നേരം
രാവിൻ കരിമഷി കണ്ണിൽപ്പുരണ്ടയ്യോ!
പാവങ്ങൾ ഞങ്ങളുറങ്ങിവാഴ്കേ

രാവിലെ തങ്കക്കരത്താൽ തുടച്ചെന്നു-
മാവിഷ്ടമോദമുണർത്തിക്കൊണ്ടും
എന്നു മുൽഫുല്ലപ്രസൂനസുഗന്ധിയാം
മന്ദപവനനാൽ വീശിക്കൊണ്ടും

അന്തികൾതോറുമേ ചെമ്മുകിൽപ്പട്ടങ്ങൾ
ചെങ്കതിർ നൂലിൽ പറത്തിക്കൊണ്ടും
ചന്ദ്രദിവാകരകന്ദുക ദ്വന്ദ്വത്താ-
ലിന്ദ്രജാലക്കളി കാട്ടിക്കൊണ്ടും

ഞങ്ങളെ യാനന്ദതുന്ദിലരാക്കുന്നു
ഞങ്ങളെയങ്ങു പുലർത്തിടുന്നു.
ചിന്മയ, ദേവ, ഭഗവാനേ, നിന്മെയ്യാ-
മുണ്മ ഞങ്ങൾക്കൊരു താങ്ങാകുക.

എങ്ങുമേ വിസ്തൃത സൗഭ്രാത്രം ഞങ്ങളിൽ
തങ്ങിയുയർന്നു വരുമാറാക.
ഇങ്ങനെ മന്നിതു വിണ്ണായിമാറണേ
ചിന്മയ, നിത്യം നമോ നമസ്തേ.

# ഗുരുനാഥൻ

| പുസ്തകം 18 | 1114 തുലാം | ലക്കം 3 |
|---|---|---|


## രാജമോഹന്റെ ഭാര്യ

### അദ്ധ്യായം V.

ഒരെഴുത്ത്—അന്തഃപുരത്തിലേയ്ക്കു ഒരു സന്ദർശനം.

മാധവൻ മച്ചുനനുമായി യാത്രപറഞ്ഞുപിരിഞ്ഞ സ്വന്തം ഉദ്യാനത്തിൽനിന്നും വീട്ടിലേയ്ക്കു തിരിച്ചു. അവിടത്തെ പടിക്കൽ ഒരു എഴുത്തുംകൊണ്ടു് ഒരുവൻ കാത്തുനിൽക്കുന്നതു കണ്ടു. മാധവൻ എഴുത്തുപൊട്ടിച്ചു വായിച്ചു. അതു് ആ ഡിസ്ട്രിക്ടിലെ സദർസ്റ്റേഷനിൽ ഉള്ള തന്റെ വക്കീലിന്റേതായിരുന്നു. ആ എഴുത്തു് അങ്ങനെതന്നെ പകർത്താം. ഇതു വായിക്കുമ്പോൾ മാധവനു തോന്നിയ അഭിപ്രായങ്ങളേയും ചേർക്കാം.

"ഇവിടെയുള്ള അങ്ങയുടെ എല്ലാ കേസ്സുകളും വളരെ ശ്രദ്ധയോടെ നടത്തിപ്പോരുന്നു. അവയെല്ലാം വിജയപര്യവസായിയാകുമെന്നും ഇവനു നിശ്ചയമുണ്ടു്.—

മാധവൻ:— അവയെല്ലാം എന്നോ? ഇതു് വക്കീൽ ഭാഷയാണു്. ഞാൻ മനസ്സറിഞ്ഞു് ഒരു വഞ്ചനയും ചെയ്തിട്ടില്ല. ഇതെല്ലാം കൂടാതെ കഴിച്ചാൽ കൊള്ളാമെന്നുണ്ടു്. പക്ഷെ എന്നെ മററുള്ളവർ കേസ്സിന് നിർബ്ബന്ധിച്ചുയക്കയാണു്. ആകട്ടെ എഴുത്തു നോക്കുക തന്നെ."

"അങ്ങയുടെ അമ്മായി ഒരു പ്രാക്സിമൂലം ഇന്നു് സദർ അമീൻകോട്ടിൽ അങ്ങയുടെപേരിൽ ഒരു കേസ്സു കൊടുത്തിട്ടുണ്ടു്. ആ സ്ത്രീയുടെ ഭർത്താവു് അങ്ങയ്ക്കെഴുതിത്തന്നിരിക്കുന്ന വിൽപത്രം കളവാണെന്നും സ്വത്തു മുഴുവനും ആദായത്തോടെ തിരിച്ചുകിട്ടണമെന്നുമാണു് അന്യായസാരം." മാധവൻ അത്ഭുതപരവശനായി. എഴുത്തു കൈയിൽനിന്നു താഴെ വീണു: എന്റെ അമ്മായിയോ, ദൈവമെ, എന്റെ എല്ലാ സ്വത്തും! പുറമെ,

ഞാൻ ഒരു വ്യാജപ്പ്രമാണനിമ്മാതാവോ? അസത്ത്. വീട്ടിൽനിന്നു ആ അസത്തിനെ പുറത്തു കളയണം."

അല്പനേരം എന്തോ ആലോചിച്ചുനിന്നു. കോപംകൊണ്ടു മാധവൻ പൂർവ്വാപരങ്ങളെ മറന്നു. അല്പംകഴിഞ്ഞ് ശാന്തതയെ അവലംബിച്ച് എഴുത്തു എടുത്ത് വായിച്ചുതുടങ്ങി.

"ഈ സ്ത്രീക്ക് ഇങ്ങനെ ദുരുപദേശം കൊടുത്തതാരെന്നു ഞാനറിയുന്നില്ല. എങ്കിലും അങ്ങയുടെ ആശ്രിതൻ അതിനുവേണ്ട യത്നം ചെയ്യുന്നുണ്ട്. ആരുടേയൊ ഉപദേശം ഇതിലുണ്ടെന്നു തോന്നുന്നു. അതും ചില വലിയ ആളുകളെന്നു ഒരു കിംവദന്തിയുമുണ്ട്."

മാധവൻ:— "ആലോചനക്കാരൊ അതുംകൊള്ളാം. അതു ആരാവാം. സമീപസ്ഥനായ ഒരു സെമിന്ദാരാകാം എന്നൂഹിച്ചു. അതല്ല. വേറെ ഒരാളെ ശങ്കിച്ചു. ഇങ്ങനെ ചെയ്വാൻ ഇടയില്ലല്ലൊ. ആകട്ടെ എഴുത്തു മുഴുവനാക്കാം."

"ഇതിൽ ഭയപ്പെടാനൊന്നുമില്ല. വിൽപത്രം സത്യമെന്ന് എനിക്കറിയാം. സത്യം എവിടയോ അവിടെ വിജയവും നിശ്ചയം. വേണ്ട ശ്രദ്ധ കേസ്സിൽ ഉണ്ടായിരിക്കണം. ഉടനെ വക്കാലത്തുകൊടുത്ത് ഒരു വക്കീലിനെ ഏല്പ്പെടുത്തണം. വേണ്ടിവന്നാൽ ചില ബാരിസ്റ്റർമാരേയും വരുത്തണം. എന്നാൽ കഴിയുന്ന ശ്രമമെല്ലാം ചെയ്യാം."

എന്ന്, വിനീതൻ,

ഗോകുലചന്ദ്രദാസൻ.

P. S. ആയിരം രൂപയോളം തല്ക്കാലം കരുതേണ്ടതാണ്.

എഴുത്തു വായിച്ചതിനുശേഷം മാധവന്ന് ആദ്യമുണ്ടായ വിചാരം ഈ അസാധാരണസംഗതിക്ക് അമ്മായിക്കു പറവാനുള്ള ന്യായമറിയണമെന്നായിരുന്നു. അതിനാൽ മാധവൻ അതിവേഗത്തിൽ അകായിലേക്കു ചെന്നു. ഈ സമയത്ത് അടുക്കളവകുപ്പിൽ നടക്കുന്ന സംഭാഷണം മാധവന്നു കേട്ടു പരിചയമുള്ളതായിരുന്നില്ല. അതിനാൽ അത് അല്പം നീരസം ഉളവാക്കുകതന്നെ ചെയ്തു. കറുത്ത് ഇരുണ്ട് വായാടിയായ ഒരു വാലിയക്കാരി അവളുടെ കൈയിൽ ഇരിക്കുന്ന വീട്ടുസാമാനങ്ങളിൽ ചിലതു വാങ്ങി കൈ ഒഴിച്ചുതരണമെന്ന് ആവശ്യപ്പെട്ടു ചെയ്യുന്ന പ്രസംഗം അതു ചെയ്യേണ്ട ആൾക്ക് മനസ്സിലാകാത്ത ഭാഷയിൽ കലാശിക്കുന്നു. ആകാരമോടിയിൽ മേൽപ്പറഞ്ഞവളേക്കാൾ അശേഷവും പിന്നോക്കമെല്ലാത്ത മററൊരുത്തി അവളുടെ അംഗസൌഭാഗ്യം വസ്ത്രംകൊണ്ടു ആവരണംചെയ്യുന്നതു് ആക്ഷേപമെന്നു കരുതുന്നുണ്ടോ എന്നു തോന്നും. അവ

ളുടെ കൈയിൽ ഇരിക്കുന്ന മാർജ്ജനി തറയിൽകിടക്കുന്ന ചവറുതുത്തുവാരുന്നതിൽ ശ്രദ്ധയോടെ പതിക്കുന്നില്ലെങ്കിലും അവളുടെ ശരീരത്തിലങ്ങുമിങ്ങും ഉരച്ചു സുഖിക്കുവാൻ സന്നദ്ധമത്രെ. തറയിൽ കിടക്കുന്ന ചവറിനേയും അതിനു കാരണമാക്കിയവരേയും ശകാരവഷംകൊണ്ടു സമ്മാനിക്കുന്നുമുണ്ടു്.

മൂന്നാമത്തൊരുത്തി അവിടത്തെ പാത്രം തേച്ചുകൊണ്ടിരുന്നു. അവ വേണ്ടപോലെ ഉപയോഗിച്ച അടുക്കളക്കാരിയെ ശകാരിക്കുന്നതിൽ അമാന്തിക്കുന്നുമില്ല.

അല്പംനേരം മൗനിയായി നിന്ന മാധവൻ അക്ഷമനായി ഇങ്ങനെ ഉറക്കെ പറഞ്ഞു:— "മതിയാക്കുവിൻ ചെവികേൾക്കട്ടെ. ഇനിക്കല്പം പറവാനുണ്ടു്." ഇതു കേട്ടമാത്രയിൽ സൎവ്വത്ര നിശ്ശബ്ദം തന്നെ. ഇവരിൽ ഓരോരുത്തരും ഓടി ഒളിച്ചു. വീട്ടുഭരണക്കാരിമാത്രം അവിടെത്തന്നെ നിന്നു.

മാധവൻ:— "എന്താ മാശി ഈ വീടു് ഒരു ചന്തയായോ."

മാശി:— "പെണ്ണുങ്ങള്, പെണ്ണുങ്ങള്. അവരിങ്ങനെ പുലമ്പിക്കൊണ്ടിരിക്കും. സാരമില്ല."

മാധവൻ:— "ഖ്യറി എവിടെ."

മാശി:— "അതുതന്നെയാണു് ഞാനും ആലോചിച്ചുകൊണ്ടിരിക്കുന്നതു്. ഇന്നു കാലത്തുതന്നെ കാണാതായി."

മാധവൻ:— "ഇന്നു പ്രഭാതത്തിൽത്തന്നെ കാണാതായോ. എന്നാൽ സംഗതി എല്ലാം വാസ്തവംതന്നെ."

മാശി:— "മകനെ എന്താണു് വാസ്തവം എന്നു പറഞ്ഞതു്."

മാധവൻ:— "ഒന്നുമില്ല. ഞാൻ പിന്നെപ്പറയാം: അവർ എവിടെപ്പോയിരിക്കുന്നു. ആരെങ്കിലും എവിടെ വച്ചെങ്കിലും അവരെ കണ്ടോ?"

"ഇല്ല" എന്നൊരു ഉത്തരം, പലരിൽനിന്നും മന്ത്രിച്ചു.

അനന്തരം മാശി ചുവരുകളോടെന്നപോലെ ഇങ്ങനെ പതുക്കെ പറഞ്ഞു:— "അത്ഭുതംതന്നെ, ആരും കണ്ടില്ലെ, കൊള്ളാം. പിന്നെ എങ്ങോട്ടുപോയി."

ചുവരുകളുടെ മറുവശത്തുനിന്നു് ഇങ്ങനെ ഒരു പ്രസ്താവം ഉണ്ടായി. "കുളിക്കുന്ന സമയത്തു് ചേട്ടൻെറ വീട്ടിൽവച്ചു ഞാൻ കണ്ടു."

മാശി:— 'ശരി' എന്നു അത്ഭുതരസത്തിൽ പറഞ്ഞു.

മാധവൻ:— "മാത്തൂർ ചേട്ടൻെറ വീട്ടിൽ." അനന്തരം അസ്ഫുടമായിട്ട് "മാത്തൂർ ചേട്ടനോ?" അദ്ദേഹം ഇങ്ങനെ ദുഷ്പ്പേരണ ചെയ്യോ? ഏയ് അതാവില്ല. എൻെറ വിചാരം തെററാണ്." ഒച്ച അല്പം ഉയർത്തി അവിടെയുള്ള ഒരു സ്ത്രീയോട്ട് മാധവൻ ഇങ്ങനെ പറഞ്ഞു:— "ചേട്ടൻെറ വീട്ടിൽപോയി അമ്മാവി അവിടെ ഉണ്ടോ എന്നു അറിയൂ. അവിടെയുണ്ടെങ്കിൽ ഇങ്ങോട്ടു വരുവാൻ പറയണം. അവർ നിരസിക്കുന്നു എങ്കിൽ കാരണം അറിഞ്ഞു പോരണം."

## അദ്ധ്യായം VI.

കണ്ണടച്ചുകിടക്കുന്നവരെല്ലാം ഉറങ്ങുകയാണെന്നു വിചാരിക്കരുത്. കന്മതിലുകൾക്കുള്ളപോലെ പനമ്പുകൊണ്ടുള്ള മറകൾക്കും ചെവിയുണ്ട്.

നമുക്കു മാതംഗിനിയുടെ സമീപത്തേയ്ക്കു പോകതന്നെ. സ്വഭർത്താവിൽനിന്ന് അനുഭവിച്ച ക്രൂരകർമ്മത്തിനുശേഷം അയാളുടെ അമ്മാവിയായ ആ വൃദ്ധയാൽ നീതയായിട്ടു സ്വശയ്യാഗൃഹത്തിൽ മാതംഗിനി പ്രവേശിച്ചു. ഉചിതസമയത്തുതന്നെ അത്താഴത്തിനു വേണ്ട സജ്ജീകരണമെല്ലാം ആ വൃദ്ധ സാധിച്ചു. പക്ഷെ ആ സ്ത്രീയുടെ അപേക്ഷകൾക്കൊ അനുനയത്തിനൊ ഒരു ഫലവുമുണ്ടായില്ല. ഭർത്തൃസഹോദരിയായ കിശോരിയുടെ ശ്രമവും മാതംഗിനിയെ ഭക്ഷണം കഴിപ്പിക്കാൻ ശക്തമായില്ല. അതിനാൽ ഈ ശ്രമത്തിൽനിന്ന് അവർ വിരമിച്ചു. ദുരന്തചിന്തയിൽത്തന്നെ അവൾ ഉപജീവിച്ചുകൊള്ളട്ടെ എന്നുറക്കുന്നതിനും അവർ നിർബ്ബന്ധിതരായി.

ജീവിതാവധി താൻ അനുഭവിപ്പാൻ വിധിച്ച ദുരിതങ്ങളെ പുനരവലോകനം ചെയ്യാൻ മാതംഗിനി സ്വശയ്യയിൽ കിടന്നു. ആ രാത്രി സ്വഭർത്താവു തന്നെ കാണുകയില്ലെന്ന് അവൾക്കറിയാം. എന്തെങ്കിലും ഒരപരാധം അവളോടു ചെയ്യുന്ന അന്ന് ഈ രീതി സാധാരണ അനുഷ്ഠിച്ചിരുന്നു. ഇങ്ങനെ ഉണ്ടാകുന്ന വിയോഗം സുഖപ്രദമെന്ന് അവൾക്കു തോന്നാതേയും ഇരുന്നിട്ടില്ല. സ്വവിധിദുർവിപാകതയെ ആവർത്തിച്ചാവർത്തിച്ചാലോചിക്കുന്നതു സന്തോഷകരമായും അവൾക്കു തോന്നിത്തുടങ്ങി. രാത്രി കുറെ അധികമായി. അവിടെയുള്ള ഓരോരുത്തരായി വിശ്രമത്തിന് അധീനരുമായി. ആ ഗൃഹമെന്നുതന്നെയല്ല, പ്രകൃതിതന്നെ

തന്ദ്രിക്കധീനമായി നിദ്രാദേവതയെ അഭയംപ്രാപിച്ചു. മാതംഗിനിയുടെ ശയനമുറി ഒരു വിളക്കുപോലുമില്ലാത്തതത്രെ. പരിപൂൎണ്ണാന്ധകാരം അതിനെ മൂടിയിരുന്നു. പക്ഷെ കിളിവാതൽ എന്ന സാൎത്ഥകനാമമുള്ള ജാലകത്തിൽ ഉള്ള ഒരു ചെറിയ ദ്വാരത്തിൽക്കൂടി ചന്ദ്രരശ്മി അകത്തുകടന്നു് ചെളിവിരിച്ചിട്ടുള്ള ആ നനഞ്ഞ തറയിൽ പ്രകാശിച്ചിരുന്നു. ഉപധാനത്തിൽനിന്നു് ഉത്തമാംഗം ഉയൎത്തി, അതിനെ ഒരു കൈകൊണ്ടു താങ്ങിക്കൊണ്ടു് അത്യധികമായ ഉഷ്ണംനിമിത്തം മാൎവിൽ ധരിച്ചിരുന്ന വസ്ത്രം കീഴോട്ടുതള്ളി ആനന്ദപ്രദവും അകൈതവവുമായ ബാല്യദശയിലെ ഹൃദയത്തെ സ്മൃതിപഥത്തിൽ വരുത്തിയ ചന്ദ്രകിരണത്തെത്തന്നെ നോക്കിക്കൊണ്ടു കിടന്നു. ബാല്യദശയൊ, ഹാ, പ്രിയസോദരിയായ ഹേമാംഗിനിയോടൊന്നിച്ചു പൂനിലാവിൽ കളിച്ചുകൊണ്ടിരുന്ന ആ കാലം ശൈശവോചിതമായ പല കഥകളും പരസ്പരം പറഞ്ഞോ, അമ്മൂമ്മമാർ പറയുന്ന കഥകൾ കേട്ടോ പരമാനന്ദം അനുഭവിച്ചിരുന്ന ആ കാലം മാതംഗിനിയുടെ വിചാരപഥത്തിൽപ്പെട്ടു. എട്ടുസംവത്സരങ്ങൾ എന്തെല്ലാം മാററങ്ങൾ ഉളവാക്കിയിരിക്കുന്നു. നിൎവ്യാജമായി ഉറക്കെച്ചിരിക്കാൻ ശീലിച്ചിരുന്നതു മറന്നു. അവൾ പ്രേമപൂൎവ്വകമായി വരിച്ചിരുന്ന മുഖം എന്തിന്, ആ രൂപംതന്നെ അവളുടെ ഹൃദയഗഹ്വരത്തിൽ മറഞ്ഞിരിക്കുന്നു. ഇനി അതിനെ അവൾ കാണുകയില്ല. ആ മന്ദഹാസമോ പ്രണയമസൃണമായ ആ വാക്കുകളോ ഇനി അനുഭവിക്കയില്ല. ഹാ! കഷ്ടം! ഒന്നുകൂടി ആ മന്ദസ്മിതത്തെ കാണുന്നതിനൊ, ആ മഞ്ജുഭാഷണത്തെ ശ്രവിക്കുന്നതിനൊ സംഗതി വന്നാൽ, ഇന്നു ലോകത്തിൽ സ്വന്തമെന്നു തോന്നുന്ന സൎവ്വത്തേയും ത്യജിപ്പാനവൾ സന്നദ്ധയാണ്. അനശ്വരപ്രേമനിൎഝരി അവളുടെ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്നു. പക്ഷെ അതിനു് ഒരു നിൎഗ്ഗമനമാൎഗ്ഗം ശൂന്യമായിരിക്കുന്നു. അവളിൽനിന്നു പ്രവഹിപ്പാൻ ഭാവിക്കുന്ന ആ സ്വൎഗ്ഗംഗയെ അതിൻെറ ഉത്ഭവസ്ഥാനത്തുവച്ചുതന്നെ നിൎദ്ദയമായ ശീതശീതളനിശ്വാസം പ്രതിരോധിച്ചിരിക്കുന്നു. ഭൂതകാലസുഖത്തോടു് ഇപ്പോഴത്തെ വിധിവാമതയെ ഘടിപ്പിക്കുന്ന ഒരു ദാരുണചിന്ത അവളെ സദാ പീഡിപ്പിക്കുന്നുണ്ടു്. അവൾ ഇവയെല്ലാം മറക്കുവാൻ ശ്രമിക്കുന്നുമുണ്ടു്. പക്ഷെ അതു സാധിക്കുന്നില്ല. സമീപവാസിയായ ഒരു ആളുമാത്രമെ അവൾക്കു ബന്ധുവായിട്ടുള്ളു. അതു് സൗമനസ്യവും നിൎവ്യാജതയുമുള്ള കനകം മാത്രമാണ്. മാതംഗിനിയുടെ രഹസ്യം മുഴുവനും അവൾക്കറിയാം. ഇവയെല്ലാം പുറമെ മാതംഗിനിയുടെ ജീവിതം അതിദൂനമെന്നേ പറവാനുള്ളു. ഇതു് അവളുടെ ഓൎമ്മയിൽപ്പെടുമ്പോൾ എല്ലാം അവൾ കരയുകപതിവാണ്.

കാലത്തോട്ട അനുയോജ്യമായ ചൂട് അസഹ്യമായിത്തോന്നി. ശയ്യയിൽ നിന്നെഴുന്നേററു ജനൽ തുറക്കുവാൻ മാതംഗിനി ഒരുങ്ങി. ജനൽ തുറക്കുവാൻ ഭാവിച്ചമാത്രയിൽ മൃദുവായും അവധാനതയോടും ആരോ നടക്കുന്ന ശബ്ദം അവളുടെ ചെവിക്കു വിഷയമായി. ശബ്ദം ഗൃഹത്തിൻെറ പുറത്തുനിന്നാണെന്നും അറിഞ്ഞു. അതു് അവശ നില്ക്കുന്ന ജനലിൽ അധികം അകന്നിട്ടുമല്ലായിരുന്നു. പനമ്പുകൊണ്ടു മറച്ചിരിക്കുന്ന ഗൃഹങ്ങളുടെ ജനൽ വളരെ ചെറുതായിരിക്കും. അതു് തറയിൽനിന്നധികം ഉയർത്തിവയ്ക്കുകയുമില്ല. മാതംഗിനി അല്പനേരം അനങ്ങാതെ നിന്നതിനുശേഷം പനമ്പിനിടയിൽക്കൂടി പുറത്തേയ്ക്കു നോക്കി. ഒരുകൂട്ടം മരങ്ങളല്ലാതെ ഒന്നും തന്നെ കാണ്മാനുണ്ടായിരുന്നില്ല. കാൽപെരുമാററശബ്ദം ഉണ്ടായ ദിക്കിൽ വഴിയൊന്നുമില്ലെന്നറിഞ്ഞിരുന്ന മാതംഗിനിയുടെ മനസ്സ് പരിഭ്രാന്തമായി. നിശ്ചലയായി അവിടെത്തന്നെനിന്നുകൊണ്ടു് അതിശ്രദ്ധയോടെ ചെവിയോർത്തുനിന്നു. കാൽപെരുമാററം അവളുടെ അടുത്തെത്തി. പിന്നെ നിശ്ശബ്ദവുമായി. പരസ്പരം ആരോ മന്ദമായി സംസാരിക്കുന്നതു കേശക്കാൻ ഇടവന്നു. സംസാരിക്കുന്നതിൽ ഒരാശ തൻെറ ഭർത്താവെന്നറിഞ്ഞപ്പോശ അവളുടെ ജിജ്ഞാസ ബലീയസിയായി വർദ്ധിച്ചു. അയാശ അല്പം ഉറക്കെയാണു സംസാരിച്ചതു്. പനമ്പുതട്ടികകൊണ്ടു മാത്രം മറഞ്ഞിരുന്ന അവശ മുഴുവനുമായിട്ടല്ലെങ്കിലും ഏതാണ്ടെല്ലാം സംഭാഷണവിഷയം ധരിക്കാനിടയായി.

അല്പസംഭാഷണാനന്തരം അതിലൊരാശ:— "നിങ്ങളിങ്ങനെ ഉറക്കെ സംസാരിക്കുന്നതെന്താണ്. വീട്ടിലുള്ളവർ കേശക്കയില്ലേ."

രാജമോഹൻ:— "ഇപ്പോശ ആരുംതന്നെ ഉണൎന്നിരിപ്പില്ല."

മറെറാരുവൻ:— "നമുക്കു് ഇവിടെനിന്നു അല്പം മാറിനിന്നാൽ എന്തു്? അതല്ലെ നല്ലതു്."

രാജമോഹൻ:— അല്ല, നിങ്ങശ സംശയിക്കുന്നപോലെ ആരെങ്കിലും ഉണൎന്നിരിപ്പുണ്ടെങ്കിൽതന്നെ ഇവിടെ നില്ക്കുന്നതാണു നല്ലതു്. ചുവരിൻെറ മറവും ഇറയുടെ മറവുംകൊണ്ടു് ആരുംതന്നെ അകത്തുനിന്നും പുറത്തുനിന്നും നമ്മെ കാണുകയില്ല.

മററവൻ:— ശരിയാണതു്. ഈ മുറിയിൽ ആരാണു കിടക്കുന്നതു്.

രാജമോഹൻ:— അതു് എന്തിനാണറിയുന്നതു്. എന്നാലും ഞാൻ പറയാം. എൻെറ ഭാര്യയല്ലാതെ ഇവിടെ ആരുമില്ല.

മററവൻ:— ആ സ്ത്രീ ഉറക്കംതന്നെയാണെന്നു നിശ്ചയമുണ്ടോ? ഞാൻ അങ്ങനെയാണു വിശ്വസിക്കുന്നതു്. പക്ഷെ ഞാനൊന്നു പരീക്ഷിച്ചുകളയാം. നിങ്ങശ ഇവിടെത്തന്നെ നില്ക്കു.

കാൽപെരുമാററം പിന്നോട്ടു മാറുന്നതായി മാതംഗിനിക്കു തോന്നി. നിശ്ശബ്ദമായും മന്ദമായും അവൾ ശയ്യാതലത്തിലേക്കു തിരിച്ചു. വസ്ത്രചലനംപോലും നിയന്ത്രിച്ചുകൊണ്ടു അവൾ ശയ്യയിൽ ഉറക്കമെന്ന ഭാവത്തിൽ കണ്ണുമടച്ചു കിടന്നു.

രാജമോഹൻ പുരയ്ക്കൊന്നുചുററി സ്വശയ്യാമുറിയുടെ വാതുക്കൽ എത്തി. മന്ദമായി കതകിന്മേൽ മുട്ടി. ആരുംതന്നെ അതു തുറന്നില്ല. ഭാര്യയെ മന്ദസ്വരത്തിൽ വിളിച്ച് കതകു തുറക്കാൻ പറഞ്ഞു. ഫലമുണ്ടായില്ല. ഭാര്യ ഉറക്കംതന്നെയെന്നു രാജമോഹൻ ഉറച്ചു. പക്ഷെ അവൾ മൗനംദീക്ഷിച്ചു കിടക്കയാണൊ എന്ന് അയാൾ ശങ്കിക്കാതിരുന്നില്ല. അതിനുവേണ്ട കാരണം അയാൾ ഉണ്ടാക്കീട്ടുണ്ടല്ലോ. മുറിയ്ക്കകത്തു കടക്കുകതന്നെയെന്നുറച്ചു. രാജമോഹൻ അടുക്കളയിലേക്കു പോയി. അവിടത്തെ വിളക്കു കൊളുത്തി അതുംകൊണ്ട് ഈ മുറിയിലേക്കു പുറപ്പെട്ടു. വിളക്കു താഴെവച്ച് ഒരുകാൽകൊണ്ടു കതകിൻെറ ഒരു പാളിയിൽ തള്ളി. ഒരുകൈകൊണ്ടു മറേറപ്പാളി അമർത്തിപ്പിടിക്കുകയും ചെയ്തു. അയവുള്ള ചുഴകുററിയിൽ കതക് അല്പം അകന്നു. അകത്തുള്ള എല്ലാ സാക്ഷകളും ഇട്ടിട്ടുണ്ടോ എന്നു രാജമോഹൻ പരിശോധിച്ചു. മരസ്സാക്ഷ മാത്രമെ ഇട്ടിട്ടൊള്ളു എന്ന പൂർണ്ണബോധം അയാൾക്കുണ്ടായി. താൻ തിരിച്ചുവരുന്നു എങ്കിൽ നിഷ്പ്രയാസം അകത്തുകടന്നുകൊള്ളട്ടെ എന്നുള്ള ഔചിത്യബുദ്ധികൊണ്ടാണ് ഇങ്ങനെ മാതംഗിനി പ്രവർത്തിച്ചിരിക്കുന്നതെന്നും രാജമോഹൻ ഉറച്ചു. രണ്ടു വിരൽ അകത്തേക്കിട്ട് ആ തഴുതു നിഷ്പ്രയാസം മാററി വിളക്കോടുകൂടി അയാൾ അകത്തേക്കു കടന്നു.

അവൾ ഉറക്കത്തിൽ ആണ്ടു കിടക്കുന്നു എന്നു പരിശോധനാനന്തരം അയാൾ നിശ്ചയിച്ചു. അവളെ ഉണർത്തരുതെന്ന കരുതലോടെ മന്ദമന്ദം അവളുടെ പേർപറഞ്ഞു വിളിച്ചു. വെറുപ്പോ കോപമോ പ്രേരിപ്പിച്ചു അവൾ മൌനമവലംബിച്ചിരിക്കയാണെങ്കിലോ എന്നു ശങ്കിച്ചു രാജമോഹൻ സാന്ത്വനങ്ങളുപയോഗിച്ചും വിളിച്ചുനോക്കി. അപ്പോഴും അവൾ ഉത്തരം പറയായ്കയാൽ ഉറങ്ങുകതന്നെയെന്ന് അയാൾ ഉറച്ചു. വ്യാജം നടിക്കേണ്ട ആവശ്യം അവൾക്ക് ഇല്ലെന്നാണ് അയാൾ വിശ്വസിച്ചുപോയതു്. അകത്തുകടന്ന കൗശലം പ്രയോഗിച്ചുതന്നെ പുറത്തുകടന്നു രാജമോഹൻ കതകു തഴുതിട്ടു. വിളക്കുകെടുത്തി. വീടിനുചുററും നടന്ന് എല്ലാ വാതുക്കലും പതുക്കെ മുട്ടി. എല്ലാവരും ഉറങ്ങുകതന്നെയാണെന്നു പൂർണ്ണമായി വിശ്വസിച്ചു സഹപ്രവർത്തകരോടു കൂടിച്ചേർന്നു.

ഭർത്തൃപദപാതം കേൾക്കാതായതോടുകൂടി മാതംഗിനി സ്വശയ്യയിൽനിന്നെഴുന്നേററ് പൂർവ്വാധികത്വരയോടെ കിളിവാതുക്കൽ എത്തി. താഴെകാണുന്ന സംഭാഷണം അവൾ വ്യക്തമായി കേട്ടു.

എല്ലാം സുരക്ഷിതമെന്നു രാജമോഹനിൽനിന്നു കേട്ട കൂട്ടുകാരൻ ഇങ്ങനെ സംഭാഷണം ആരംഭിച്ചു.

"ഈ കാര്യത്തിൽ ഞങ്ങളെ സഹായിപ്പാൻ നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

രാജമോഹൻ:— "അധികസഹായം ചെയ്കയില്ല. ഈ ഒട്ടവിലത്തെ മുഹൂർത്തത്തിൽ ഞാൻ സത്യവാനെന്നു ഭാവിക്കയില്ല. ആ ആളെ ഞാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലും എനിക്കയാൾ ചില നന്മകൾ ചെയ്തിട്ടുണ്ട്."

കൂട്ടുകാരൻ:— "പിന്നെ നിങ്ങൾ എന്താണയാളെ ഇഷ്ടപ്പെടാത്തതു്."

രാജമോഹൻ:— "അയാൾ ഉപകാരം ചെയ്തിട്ടുണ്ടെങ്കിൽ ഉപദ്രവിച്ചിട്ടുമുണ്ടു്. അധികമുപദ്രവമാണു ചെയ്തിട്ടുള്ളതു്."

"കൊള്ളാം, എന്നാൽ എന്തുകൊണ്ടു ഞങ്ങളെ സഹായിച്ചുകൂടാ."

"ഞാൻ ആവശ്യപ്പെടുന്നതു നിങ്ങൾ തരാമെങ്കിൽ ഞാൻ സഹായിക്കാം. അയാളുടെ സമീപത്തുനിന്നും ദൂരെ വല്ലയിടത്തും പോകുന്നതാണു് എനിക്കിഷ്ടം. പക്ഷെ അങ്ങനെ ചെയ്താൽ എനിക്കു പല കഷ്ടപ്പാടിനും സംഗതിയുണ്ടു്. പട്ടിണിതന്നെ വന്നേക്കും. അതിനാൽ ആരേയും ആശ്രയിക്കാതെ കഴിവാനുള്ള സംഖ്യ എനിക്കു കിട്ടണം. അങ്ങനെ ഒരു സംഖ്യ ഉണ്ടാക്കിത്തരുമെങ്കിൽ നിങ്ങളുടെ കാര്യത്തിൽ വേണ്ട സഹായം ഞാൻ ചെയ്യാം."

കൂട്ടുകാരൻ:— "നിങ്ങളുടെ തുക എന്തെന്നു പറയൂ."

"ഞാൻ ചെയ്യേണ്ടതെന്തെന്നു് എന്നെ മനസ്സിലാക്കൂ"

"ഏതാനുംകാലത്തിനു മുമ്പു നിങ്ങൾ ചെയ്ത സഹായം തന്നെ ഇപ്പോഴും ചെയ്യണം. കുറെ മുതലു ഒതുക്കിത്തരണം. ഇന്നുരാത്രിതന്നെ കുറെ സാമാനം നിങ്ങളെ ഏല്പിക്കും. പണമായിട്ടു കിട്ടുന്നതു ഞങ്ങൾ കൊണ്ടുപോകും."

രാജമോഹൻ:— "മനസ്സിലായി. എൻെറ സഹായം എത്രയധികം നിങ്ങൾക്കാവശ്യമുണ്ടെന്നുള്ളതു് എന്നിൽനിന്നും നിങ്ങൾ മറയ്ക്കേണ്ട. ഞാൻ വേണ്ടതു ചെയ്യാം. ഇതുവലിയ ഒരു പണക്കാരൻെറ വീട്ടിൽ കയറി മോഷ്ടിച്ചാൽ അന്വേഷണം ശക്തിയായിട്ടുണ്ടാകാം. അതിനാൽ അതു ഒരാൾ സൂക്ഷിക്കട്ടെ. കൈയിൽകിട്ടിയ പണം നിങ്ങൾക്കു് കുറേക്കാലത്തേക്കു കഴിയാൻ മതിയല്ലൊ. വിശ്വാസം ഉള്ള ഒരാളെ മററുസാധനങ്ങൾ ഏല്പിക്കണം. അതിനുപററിയ ആൾ ഞാനാണെന്നു നിങ്ങൾ ഉറച്ചു. എന്നെ ആരും സംശയിപ്പാനും

ഇടയില്ലല്ലൊ. കൊള്ളാം. ഞാനങ്ങനെ ചെയ്യാം. പക്ഷെ ഞാനാവശ്യപ്പെടുന്ന തുക കുറച്ചു വലുതായിരിക്കും.

കള്ളൻ:— "നിങ്ങൾക്കു കാര്യമെല്ലാം മനസ്സിലായല്ലൊ. അല്പം മിതമായ തുക ആവശ്യപ്പെടു."

രാജമോഹൻ:— "നാം തമ്മിൽ അകലണമെന്നില്ല. സാധനങ്ങളുടെ വിലയിൽ നാലിൽ ഒന്നു എനിക്കുതരണം."

കള്ളൻ അല്പനേരം മൗനമവലംബിച്ചു.

അനന്തരം—"ഞാൻ സമ്മതിച്ചു. പക്ഷെ ഇതു കൂട്ടുകാരോടുകൂടി ആലോചിച്ചുവേണം നിശ്ചയിക്കാൻ."

രാജമോഹൻ:— "അങ്ങനെയാണു ചെയ്യേണ്ടതു്. സംശയമില്ല. ഒരു വാക്കുകൂടി പറയട്ടെ. ആ സാധനങ്ങൾ എൻെറ കയ്യിൽനിന്നു് എടുക്കുന്നതിനുമുമ്പു് ഒരു മതിപ്പുവില നിശ്ചയിക്കണം. അതിൻെറ നാലിലൊന്നു് അപ്പോൾ തരണം. നാം നിശ്ചയിച്ച വിലയിൽ കുറയുന്നപക്ഷം ഞാൻ അധികം പററിയതു തിരിച്ചുതരാം. കൂടുതലായാൽ നിങ്ങളും അതുപോലെ ചെയ്യണം."

കള്ളൻ:— "അങ്ങനെയാണല്ലൊ ന്യായം. ഒരു വാക്കുകൂടി പറവാനുണ്ടു്. ഒരു കാര്യവുംകൂടി നിങ്ങൾ സാധിച്ചുതരണം."

"അതിനുള്ള പ്രതിഫലം പറഞ്ഞാൽ അതും ചെയ്യാം."

"ശരി, അതു വേണ്ടതല്ലെ. മാധവഘോഷൻെറ മുതൽ മുഴുവനും ഞങ്ങൾക്കു്. വേറെ ഒരു സാധനം ഉണ്ടു്. അതു മററൊരാൾക്കു്."

രാജമോഹൻ അല്പം ജിജ്ഞാസയോടെ "അതു് എന്തു്?"

"ഇളയപ്പൻെറ വിൽപത്രം."

രാജമോഹൻ ഒന്നു നടുങ്ങി.

കള്ളൻ:— "കൊള്ളാം. അതിനൊരു തുക തരാം. ആ വിൽപത്രം എവിടെയാണു സൂക്ഷിച്ചിരിക്കുന്നതെന്നു നിങ്ങൾ പറഞ്ഞാൽ പിന്നെ തെററില്ലല്ലോ."

രാജമോഹൻ:— എനിക്കതു സൂക്ഷ്മമായി അറിഞ്ഞുകൂട. ഒരു പെട്ടിയിൽനിന്നു് ആ പ്രമാണം എടുക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ആ പെട്ടി എവിടെ സൂക്ഷിക്കുന്നു എന്നു പറവാൻ സാദ്ധ്യമല്ല. ഇതിനു പ്രതിഫലം തരാമെന്നു് ആരാണു് പറഞ്ഞിരിക്കുന്നതു്."

"എനിക്കതു പറഞ്ഞുകൂട."

"എന്നോടും പറയരുതെ?"

"ആരോടും പറഞ്ഞുകൂട."

"മാത്തൂർഘോഷനാണോ"

"ആങ്ങനെ ആവാം. അല്ലാതേയും വരാം. ആ പെട്ടിയുടെ മാതിരി എന്താണു്?"

"എന്തു തരം."

"വേണ്ടതു പറയു."

"ഇരുന്നൂറു രൊക്കം."

"രണ്ടോ മൂന്നോ വാക്കിനു ഈ സംഖ്യ അധികമല്ലെ. ഞങ്ങൾക്കധികം പണിയില്ലെ."

അനന്തരം കള്ളൻ ആത്മഗതമെന്നപോലെ ഇങ്ങനെ പറഞ്ഞു. "ഒരു ചീന്തു കടലാസിനു രാത്രിമുഴുവൻ ക്ലേശിക്കണം. അതു് അയാളുടെ ശയനമുറിയിലുള്ള ഇരുമ്പുപെട്ടിയിൽ ആണു്. എങ്കിലും ഇതു വച്ചിരിക്കുന്ന പെട്ടിയുടെ സ്വഭാവമറിഞ്ഞാൽ എളുപ്പമുണ്ടു്. ആട്ടെ അങ്ങനെ തന്നെ."

രാജമോഹൻ:— അതു് ദന്തംകൊണ്ടുണ്ടാക്കിയ ഒരു പെട്ടിയാണു്. അതിന്റെ പുറത്തു സുവർണ്ണരേഖയിൽ മൂന്നു ലിപികളുണ്ടു്. അവ അയാളുടെ പേരിന്റെ ആദ്യക്ഷരങ്ങളാണു്.

കള്ളൻ:— "കാര്യമെല്ലാം ശരിയായി. നമുക്കു ഒന്നിച്ചുപോയി കൂട്ടുകാരെ കാണാം. നമ്മുടെ കൂടിക്കാഴ്ചയ്ക്കുള്ള ഒരു സ്ഥലമുണ്ടു്. അതു നിങ്ങളെ പരിചയപ്പെടുത്താം. അവിടെ ഞങ്ങൾ വരുന്നതുവരെ നിങ്ങൾ കാത്തുനില്ക്കണം. വരു, വെറുതെ കളവാൻ ഒരു നിമിഷംപോലുമില്ല. ചന്ദ്രൻ അസ്തമിച്ചാൽ ഉടനെ ജോലി തുടങ്ങണം. ഇക്കാലത്തു രാവു കുറവാണു്."

ഇത്രയും പറഞ്ഞുകഴിഞ്ഞു കള്ളനും ഒററുകാരനുംകൂടി നിന്നിരുന്ന സ്ഥലത്തുനിന്നും പുറപ്പെട്ടു. അകലമുള്ള രണ്ടു കാട്ടുകളിൽവച്ചു് ഉടനെ തമ്മിൽ കണ്ടുകൊള്ളാമെന്ന നിശ്ചയത്തോടെ അവർ പിരിഞ്ഞു. അത്ഭുതപാരവശ്യങ്ങളോടെ മാതംഗിനി തറയിൽ വീണു.

# അനന്തപുരമാഹാത്മ്യം കുമ്മി *

(അജ്ഞാതനാമാ)

ആനന്ദമന്ദിരം തന്നിൽവാഴും പര-
മാനന്ദമൂർത്തേ! ജഗന്നിവാസാ!
സാനന്ദം താവകപാദസരോരുഹം
സാദരം ഞാനിതാ കൈതൊഴുന്നേൻ.

* വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ കണ്ട ഒരു കൈയെഴുത്തു പ്രതിയിൽനിന്നു പകർത്തിയതാണിതു്. കർത്താവാരാണെന്നു നിശ്ചയമില്ല. സ്വാതിതിരുനാൾമഹാരാജാവോ ഇരയിമ്മൻതമ്പിയോ ആയിരിക്കണമെന്നു വിചാരിക്കപ്പെടുന്നു. (ഉള്ളൂർ)

ശ്രീരാമകൃഷ്ണാഖ്യഭൂമിദേവൻ
ശ്രീമാനമിതഗുണനിലയൻ
കാമിതമൊക്കെയും കൈവരുവാനെന്നിൽ
സാമോദമൊന്നു കടാക്ഷിക്കേണം.

ശ്രീവഞ്ചിഭൂമിതിലകമാകും കുല-
ശേഖരരാമവർമ്മേന്ദ്രൻതൻെറ
മാനസേ നിത്യവുമാവാസംചെയ്തീടും
ശ്രീപത്മനാഭാ! നമോ നമസ്തേ.

മൽക്കുലമൊക്കെപ്പരിപാലിപ്പാൻ
കല്പിതമായൊരുരഗതല്പേ
ശില്പമായുള്ളികൊണ്ടനപഹം വാഴുന്നോ-
രുല്പലനേത്ര! മാം പാഹി ശൌരേ!

മിന്നുന്ന പൊന്നിന്മകുടമതിൻ-
മീതേയണിഞ്ഞ തുളസിമാലാ
എന്നാളുമെന്നുള്ളിൽ നന്നായ്വിളങ്ങേണ-
മെന്നാതിനൊന്നിതാ വന്ദിക്കുന്നോൻ.

ചാടിക്കളിക്കുമളകങ്ങളാൽ നല്ല
മോടിയേറീടും ലലാടമതിൽ
ചാടുവായുള്ള തൊടുകുറിഭംഗിയു-
മീടുള്ള കുണ്ഡലഗണ്ഡശ്രീയും
മന്മഥചാപത്തെ വെന്നീടുന്നാ
നിർമ്മലൻതന്നുടെ ചില്ലികളും
എന്മനോദുഃഖമശേഷം കളയുന്നാ
കൺമുനകളും കപോലങ്ങളും
കമ്പമശേഷമൊഴിച്ചിടുന്നാ സ്വർണ്ണ-
ചമ്പകനാസയുമാസ്യശ്രീയും
ചെമ്പരുത്തിസുമംപോലുള്ള ധരവും
ദന്തപംക്തികളും ഭാവങ്ങളും
സങ്കടമൊക്കെയൊഴിച്ചീടുന്നാ വര-
കണ്ഠവും മൌക്തികമാലകളും
ശംഖരഥാംഗഗദാപത്മങ്ങൾകൊണ്ടു
ഭംഗ്യാ വിലസുന്നാ ബാഹുക്കളും
പങ്കജബന്ധുതൻ കാന്തിപോലെ മിന്നും
കൌസ്തുഭരത്നവും ശ്രീവത്സവും

പാൽക്കടൽനന്ദിനിക്കാവാസമായേററം
പാവനമായൊരു മാർവിടവും.
നീക്കമില്ലാതുള്ള ബ്രഹ്മാണ്ഡമണ്ഡല-
പൂരിതകുക്ഷിനാഭിച്ചുഴിയും
പങ്കജസംഭവൻ വാണു പ്രപഞ്ചത്തെ
തൻകൃപാലേശത്താൽ സൃഷ്ടിക്കയും
രോമാളിയും ത്രിവലിരുചിയും കടി-
ശോഭയും പീതാംബരപ്രഭയും
ഊരുക്കൾ ജാനുക്കൾ ജംഘകൾ പാദങ്ങൾ
കാലിൽച്ചിലമ്പു നഖമണിയും
ആനന്ദമൂർത്തിതന്നാപാദചൂഡാംഗ-
മാകവേ ലോകർക്കു വന്ദിപ്പാനായ്
ആദിനാഥൻ വന്നു പള്ളികൊണ്ടീടുവാ-
നായതിനുണ്ടൊരു കാരണവും.
പണ്ടൊരുനാൾ വില്വമംഗലേശൻ
കൊണ്ടൽനേർവർണ്ണനെസ്സേവചെയ്തു
പണ്ടുതാൻചെയ്തുള്ള പുണ്യവിശേഷത്താൽ
കണ്ടുതുടങ്ങി മുകുന്ദനേയും.
നീലക്കാർക്കുന്തലും കെട്ടിയതിൽനല്ല-
പീലികൾ ചാർത്തി മനോജ്ഞമതായ്
ഓരോരോ ലീല നടിച്ചു വിളയാട്ടം
ബാലനെപ്പോലേയവനരികിൽ
നിസ്തുലമായുള്ള ഫാലതലേനല്ല
കസ്തൂരിപ്പൊട്ടുമണിഞ്ഞുംകൊണ്ടു്
വസ്തുതയായുള്ള കണ്ഠേ ധരിച്ചോരു
മാലകളാടവേ മോടിയോടെ.
പുഞ്ചിരികൊണ്ടു മയക്കിജ്ജഗത്ത്രയം
ചഞ്ചലലോചനകാന്തിയോട്ടും
കിഞ്ചന ദന്തരുചി വിലസീടവേ
പാടിയും താളമോടാടുകയും
ഓരോ വചനം വചിക്കമിടയിടെ-
പ്പാരമാകും ഭക്തവാത്സല്യത്താൽ
വാരിജലോചനൻ ഭിക്ഷുവരനുടെ
മാനസമോദമിളക്കുവാനായ്

കാലിൽച്ചിലമ്പു പൂലമ്പുമാറും പൊന്നിൻ-
കൈവള തോൾവള മിന്നുമാറും
കാരുണ്യമൂർത്തി വസിച്ചവനന്തികേ
കാവലായ് നില്ക്കുന്നവനെപ്പോലെ.

പാത്രങ്ങളൊക്കെയെടുത്തെറിഞ്ഞുമവൻ
ശ്രോത്രത്തിൽ ചെന്നാഭിമന്ത്രിക്കയും
നേത്രം പിടിച്ചു തിറന്നുതാൻതന്നുടെ
ഗാത്രത്തിൽചേർത്തു പുണരുകയും

പൂജിച്ചിരിക്കുന്ന ബിംബങ്ങളെയതി-
വ്യാജേന കൈക്കലെങ്ങാക്കുകയും
രാജീവലോചനൻ രാഗവേഗാജ്ജല-
മാകവേ കൊട്ടിക്കമുത്തുകയും

യോഗികൾക്കും തിരിയാതബാലൻ
യോഗിവരനുടെ യോഗവേഷ്ടി
വേഗമായ് കൈയിലെടുത്തു ജലത്തിൽ ന-
നച്ചുടൻ കീറിയെറിഞ്ഞുപിന്നെ.

തോളും കുലുങ്ങച്ചിരിച്ചുടനേയവൻ
തോളിൽക്കരയേറി മേളമോടെ—ജഗ-
ദാലംബനം കരംകൊട്ടിച്ചിരിക്കയും
മാനസമോദമിളക്കുകയും

ഇങ്ങനെയുള്ളൊരു ലീലയോടും
മംഗലമൂർത്തി വസിക്കുന്നേരം
തിങ്ങിനമോദവും കിഞ്ചിൽഭവിച്ചിതു
കോപവും ഭിക്ഷുവരനുചിത്തേ.

അപ്രമേയനെന്നതോർത്തിടാതെയപ്പോ-
ളപ്രിയഭാവലവലേശത്താൽ
സൽപ്രിയനെക്കരംകൊണ്ടങ്ങു നീക്കിനാൻ
സജ്ജനചൂഡാമണി യതിയും.

പൊട്ടുമധരം വിറച്ചു കൃഷ്ണൻ മമ
ഇഷ്ടനെന്നാലുമിവണ്ണം ചെയ്കാൽ
ഗോഷ്ടികൾ കാട്ടി നടക്കണം ഭൂമിയിൽ
ശ്രേഷ്ഠനഹമ്മതി ചെയ്കതിന്ന്
എന്നുകരുതി ഹൃദയംതന്നിൽ
നന്നായ് തലയും കുലുക്കിക്കൊണ്ട്

ഒന്നരുൾചെ'യ്യന്നൊക്കാണണമെന്നാകിൽ
വന്നിടേണമിന്നാനന്തൻകാട്ടിൽ.'

കണ്ണുകൾക്കാനന്ദം നൽകിടുന്ന
പുണ്യരൂപമാനാകുമുണ്ണിക്കൃഷ്ണൻ
കണ്ടുകണ്ടില്ലെന്നൊതിവരൻ നില്ക്കുമ്പോൾ
മിന്നൊളിപോലെ മറഞ്ഞിതപ്പോൾ.

എന്നോ ഹാ കഷ്ടമെന്നേവം ചൊല്ലി-
ത്തന്നൊത്താൻപോലും മറന്നിതപ്പോൾ.
ഒന്നും തിരിയാതെ പിന്നാലെ പിന്നാലെ
പന്നഗശായിയവനു മുൻപിൽ.

ചാരത്തുകണ്ടെന്നു തോന്നുകയുമതി--
ദൂരത്തുകാണാമുടനുടനേ.
പാരം പരവശപ്പെട്ടു താനോടിത്താൻ
ദേഹംതളൎന്നു വിവശനായി.

എന്തുതന്നെ പിഴ ചെയ്യുന്നാലും തിരു-
മാനസം തന്നിൽക്കരുതിടാതെ
സന്തതം മുന്നേപ്പോലെന്നരുകിൽവന്നു
സന്താനമൂൎത്തേ! കളിച്ചിടേണം.

മായകളെന്നോടു കാട്ടുന്നതും ചെററും
ഞായമതല്ല ദയാപരനേ!
കായാവിൻപൂനിറമുള്ള തിരുമേനി
കാണാഞ്ഞു ഖേദം വളൎന്നിടുന്നു.

ഇന്ദ്രാദിദേവകളും ഭ്രമിക്കും തവ
ഇന്ദ്രജാലമെന്നോടാചരിച്ചാൽ
ഒന്നുമെനിക്കു ഗതിയുമില്ലന്യമായ്
സുന്ദരരൂപ! കാരുണ്യരാശേ!

ചേതോഹരതരമാനനവും
പീതാംബരമുണ്ണിക്കുടവയറും
വീതവിശങ്കം വിരലും നിൻപാദവും
കാണാഞ്ഞു പാരം തളൎന്നിടുന്നു.

പിച്ചക മുല്ല ജവന്തിമാലയതി-
സ്വച്ഛമായ് ചാൎത്തി വിളങ്ങിടുന്ന
അച്യുത! വിശ്വസിക്കേണം മമ വാചം
നിശ്ചലമെന്യേയെനിക്കാരുമുള്ളു?

പാലയ പാലയ പാലയമാം കൃഷ്ണ!
ബാലഗോപാലക! പാലയമാം
കാലിണതന്നിൽഞാൻ വീണിരന്നീടുന്നേൻ
ആലോകയാലോകയാശു ഭവാൻ!
ഉത്തമപൂരുഷനെക്കാണാഞ്ഞുള്ളൊരു
ചിത്തവിഷാദം മുഴക്കയാലേ
ഭക്തശിരോമണി പത്മനാഭപാദ-
ചിഹ്നം പിടിച്ചനന്താടവിയിൽ
ചെന്നു തരുവല്ലി പുഷ്പമൃഗജാല-
മാകവേ കണ്ടൊരുനേരത്തിങ്കൽ
ഒന്നുംതിരിയാതവരോടു ചോദിച്ചു
ധന്യനെന്നാകിലും കർമ്മവശാൽ.
'കണ്ടിതോ? കണ്ടിതോ കോകിലമേ! മമ
കൊണ്ടൽനേർവർണ്ണനെയിസ്ഥലത്തിൽ?
ഇണ്ടലൊഴിക്കണമാരെന്നാലുമതു
പണ്ടുപണ്ടേയുള്ള ചൊല്ലിതല്ലോ.
കേതകി! ചമ്പകം! പിച്ചകമേ! ചൊല്ക
ക്ലേശവിനാശനനാകുമെന്റെ
കേശവൻ മെല്ലെ വരുന്നതു കണ്ടിതോ?
ചൊല്ലണമെന്നോടശോകമേ! നീ.
ഇത്തരമോരോന്നു ചോദ്യംചെയ്തു
ഉത്തമനാം യതി പോകുന്നേരം
ചിത്തകുതൂഹലമോടൊരുവാക്യം കേ-
ട്ടെത്രയും പ്രീതനായ് സന്യാസിയും.
'പുല്കസനാരിതൻ ബാലകനെ
അക്രമമോരോന്നു ചെയ്കയാലെ
ഇക്കണക്കു ചെയ്തു നിന്നെയെടുത്തു ഞാ-
നിട്ടുകളവനനന്തൻകാട്ടിൽ'.
കർണ്ണാമൃതമായവാക്യമേവംകേട്ടു
പൂർണ്ണേന്ദുവെക്കണ്ടൊരർണ്ണവംപോൽ
തിണ്ണമായ്വർദ്ധിച്ചു മോദവും ശ്രീപതി-
പാദയുഗളത്തിൽ വിശ്വാസവും
മംഗലമൂർത്തിയണഞ്ഞിടുന്നാ പൊന്നിൻ-
കിങ്ങിണിനാദം മെയ്യാസനയും

പാദച്ചിലംപൊലിയോടക്കുഴൽവിളി
താളത്തിൽപ്പാടുന്ന ശബ്ദങ്ങളും
കേട്ടു സുഖിച്ചു ഹൃദയംതന്നിൽനിജ-
ചേഷ്ടയുംവിട്ടതിധന്യനപ്പോൾ
കാട്ടിലുഴന്നു നടന്നു വിവശനായ്
മൂർച്ഛിച്ചു വീണുമുടനുടനേ.

വ്യഗ്രതയൊട്ടും സഹിക്കാഞ്ഞയാലതി-
ശീഘ്രമെഴുന്നേററങ്ങോട്ടുനേരം
തിരുവമ്പാടിതന്നിൽ വിളയാടിവാഴുംതൻ
സ്വാമിയെക്കണ്ടതികാന്തിയോടെ

പൈതലെക്കണ്ടൊരുനേരം മോദാൽതിരു-
മെയ്ത്തലോടീടുവാനാശപൂണ്ടു
കൈതവഹീനൻ യതിവരൻ ചെല്ലുമ്പോൾ
കൈടഭാരിയവിടന്നോടിനാൻ.

ഈരേഴുലകിനു സാരമായുള്ളൊരു
വേരായുമുരുവുന്നൊരുണ്ണിക്കൃഷ്ണൻ
പാരാതിലപ്പമരത്തിൽ കരയേറി
വേരോടെ വീണിതു വൃക്ഷമപ്പോൾ.

വിശ്വംഭരനന്നു പള്ളികൊള്ളും സീമ
വിശ്വത്തിലാരുള്ളു വാഴ്ത്തിടുവാൻ?
നിശ്ചലാകാരൻെറ വിസ്തൃതി കണ്ടിട്ടു
വിസ്മയപ്പെട്ടിതു ഭിക്ഷുവരൻ.

ദേവവധൂജനമാടുകയും ദേവ-
ദാരു സുമങ്ങളെ വർഷിക്കയും
കേവലനെക്കണ്ടു മോദിച്ചു ദേവകൾ
ദുന്ദുഭിവാദ്യം മുഴക്കുകയും

സർപ്പവരൻെറ ഫണങ്ങളെല്ലാം
ചിൽപുരുഷൻെറ തിരുമുടിമേൽ
ശില്പമായ് വെവ്വേറെ ഛത്രംപിടിച്ചപോൽ
കാണാമതുമതി കൗതുഹലാൽ.

ഭക്തിമുഴുത്തു ഹൃദയംതന്നിൽ നിജ-
പക്ഷിവരൻ നിന്നു സേവിക്കയും
കുക്ഷികമലേ വസിക്കും വിധാതാവും
വേദങ്ങളെച്ചൊല്ലി ഘോഷിക്കയും

ചാരുസ്മിതത്തോടു കൂടെ വിളങ്ങുന്ന
സാരസനാഭൻ തിരുമുഖത്തെ
സാദരംനോക്കിരസിച്ചു തൻ വീണയും
വായിച്ചു നാരദമാമുനീന്ദ്രൻ
പ്രഹ്ളാദൻ മുമ്പായ ഭക്തരെല്ലാം
ആഹ്ളാദമുള്ളിൽ മുഴുക്കയാലേ
വിഹ്വലന്മാരായി നിന്നിതു തുനേര-
മക്ഷിതുറന്നൊരു പാവകൾപോൽ.
പൂമകളും ഭൂമിദേവിതാനും പര-
പൂരുഷപാദകമലം തന്നിൽ
പുഞ്ചിരി തൂകിന ചാരുമുഖാംബുജം
ചഞ്ചലാപാംഗവിലാസത്തോടും
ഹസ്തയുഗങ്ങളിൽ നിത്യമായ് ലാളിച്ചു
പൂജിച്ചു വാഴ്ത്തിസ്തുതിക്കുന്നതും
മസ്തരിവർണ്ണനതേവമെല്ലാംകണ്ടു
മുക്തിസുഖത്തിലധികമായി.
ആനന്ദബാഷ്പമൊലിച്ചു നേത്രത്തിന്നു
രോമാഞ്ചസഞ്ചയദേഹത്തോടും
അഞ്ജലികൂപ്പിയറിയിച്ചാനന്നേര-
മെത്രയും ഭക്തിവിനയത്തോടും.
'ഇങ്ങനെ പൂർണ്ണമായ് പ്പള്ളികൊണ്ടാലഹ-
മെങ്ങനെ നിത്യം വലം വെയ്ക്കേണ്ടു ?
മംഗലമൂർത്തേ! ഭവാനുടെ മായകൾ-
ക്കെണ്ണമില്ലേതും ഗതിവിരോധം
ബാലന്മുലകടിച്ചെന്നാകിലും പെററ-
മാതാവിനുണ്ടാമോ കോപമുള്ളിൽ?
കാലസ്വരൂപ! കലിമലമോചന!
പാലയ പാലയ പാലയ മാം
സത്യമായുള്ളോരു വാക്യമേവംകേട്ടു
സത്യസ്വരൂപൻ ചിരിച്ചു മന്ദം
യുക്തമായോന്നരുൾ ചെയ്തു യതിയോടു
ഭക്തപരായണനായ ദേവൻ
'ഇപ്രകാരം ഞാൻ ശയിക്കയാലേ ചെററു-
മപ്രിയഭാവം നിനക്കുവേണ്ടാ.
ത്വൽപ്രിയമത്രെ ഞാൻ ചെയ്തതെന്നുള്ളതു
മൽപ്രിയ! ബോധിക്കേണം ഹൃദയേ.

ആരെന്നാലുമഹംകാരലവലേശ-
മാശയംതന്നിൽ ഞാൻ കണ്ടുവെന്നാൽ-അതിൻ-
നാശംവരുത്തേണമെന്നതു മാത്രമേ
ആശയംതന്നിൽ നമുക്കുമുള്ളൂ.
ഇന്നിമേലൊന്നിനും ഖേദിയാതെ ഭവാ-
നെന്നെ ഭജിച്ചു സദാകാലവും
മന്നിൽ വസിക്ക നീ പ്രാരാബ്ദഭോഗങ്ങ-
ളൊന്നൊഴിയാതെ ഭുജിപ്പളവും.
കണ്ഠതാഭാവം കളഞ്ഞു ഭവാൻ തവ
ദണ്ഡുകൊണ്ടെന്നെയളന്നുകൊണ്ടാൽ
മൂന്നുദണ്ഡായി ശയിപ്പതിനിന്നൊരു
ദണ്ഡമെനിക്കില്ല ബോധിച്ചാലും.
ചിത്തത്തിൽ തോന്നിയ പോലെ തന്നെ
നിത്യമാം പൂജാദി ചെയ്തുകൊൾക.
വിത്തത്തിനാശ നമുക്കില്ല മാനസേ
ഭക്തജനങ്ങടെ വാഞ്ഛപോലെ
കായവും കർമ്മവും മാനസവുമൊത്തു
മായം കരുതാതെയാരെന്നാലും
തോയമെന്നാലും നമുക്കു തന്നാലതു
മോദമോടാസ്വദിച്ചീടും ഞാനും.
എട്ടര യോഗവും ശട്ടങ്ങളും മമ
പൂജകളുത്സവഘോഷങ്ങളും
തുഷ്ടി നമുക്കു വരുവാനായ് കല്പിക്ക
തന്ത്രിയേയും മന്ത്രനിർണ്ണയമായ്
പുണ്ഡരികാക്ഷനിതേവരമരുൾചെയ്തു
പോലവേയന്നു തൊട്ടിന്നാവോളം
പന്നഗശായി പരൻ പൂമാൻ വാഴുന്നു
നന്നിതു നമ്മുടെ ഭാഗ്യവശാൽ.
ആകയാലായവപോലെല്ലാപേരും
ആശയോരോന്നിൽ കരുതിടാതെ
ആവതും സേവിച്ചുകൊള്ളണം സർവ്വദാ
ആദ്യനാഥപദപത്മങ്ങളെ
ആദ്യന്തഹീനനനാമയനവ്യയ-
നച്യുതൻ ഭക്തപരിപാലകൻ
ശാശ്വതൻ പാലിക്കേണമടിയത്തിനൊ-
രാശ്രയം മററൊന്നു കാണുന്നില്ല.
ചിത്തത്തിലുള്ളൊരു മോഹാതിരേകത്താ-
ലിത്രമാത്രം ഞാൻ ചുരുക്കിച്ചൊന്നേൻ.

(സമസ്തകേരളസാഹിത്യപരിഷത്ത്രൈമാസികം)

# പൗരൻ എന്ന നിലയിൽ അന്തർഹിതമായ സന്മാർഗ്ഗചിന്ത

## II.

ആത്മസാക്ഷാൽക്കാരത്തിന് അവശ്യോപകരണമെന്ന നിലയ്ക്ക് ആ വക പരിതസ്ഥിതികളെ വ്യഷ്ടിപരമായും സമഷ്ടിപരമായിട്ടും സംരക്ഷിച്ചു കാക്കേണ്ട കടമ രാഷ്ട്രത്തിന് (State) ഉണ്ട്. ആ സമ്പ്രദായം ഒരു വ്യക്തിയിൽ സംക്രമിക്കുന്നതു രണ്ടു വിധത്തിലാണ്. ഒന്ന് സാധകവും മറേറതു ബാധകവുമത്രെ. സ്വാത്മവികസനത്തിനുള്ള ഒരു നിദാനം അവകാശമത്രെ. അതിനാൽ അവകാശം ഒരു വ്യക്തിക്കുണ്ടായിരിക്കുന്നതു തന്നെ സാധകനില. അന്യാപഹരണം ഒരു വ്യക്തിയുടെ അഭിവൃദ്ധിക്കു തടസ്സമായി വരാം. എന്നാൽ അതിനെ പ്രതിഷേധിപ്പാൻ ഉള്ള അധികാരം ഒരുവനുണ്ടായിരിക്കണം. അതത്രെ ബാധകശക്തി എന്നു പറയേണ്ടതു്. ഒരു വ്യക്തിക്ക് ആത്മസമ്പന്നനും സന്മാർഗ്ഗജീവിയുമാകുന്നതിന് ഏതാനും അവകാശസിദ്ധിയുണ്ടായിരിക്കണമെന്നതു നിർബ്ബന്ധംതന്നെ. ഈ അവസരത്തിൽ 'ജന്മാവകാശസിദ്ധാന്തത്തിനു'ള്ള സ്ഖലിതങ്ങളെ അകററിനിറുത്തേണ്ടതത്രെ. അതനുസരിച്ച് അധൃഷ്യാവകാശകവചവും ധരിച്ചു രാഷ്ട്രത്തോടു് എതിരിടാൻ ഈ അവകാശികൾ സന്നദ്ധരാകുന്നു. ഇങ്ങനെ ഒരവകാശം ചരിത്രലിഖിതമേ അല്ല. വിഗളിതപാരമ്പര്യത്തെ വീണ്ടുകൊള്ളുവാനാണ് ജന്മാവകാശസിദ്ധാന്തങ്ങളെ കൈക്കൊള്ളുന്നതു് എന്ന ബോധത്തേക്കാൾ തത്വശാസ്ത്രത്തോടു ചെയ്യുന്ന അപരാധത്തെയോ വസ്തുസ്ഥിതികളുടെ പരമാർത്ഥതയോടു ചെയ്യുന്ന കൈയ്യേററത്തെയൊ അധികരിച്ചിട്ടുള്ള ഒരു സിദ്ധാന്തവും ഇന്നില്ലെന്നുതന്നെ പറയാം. പിൻതിരിഞ്ഞു നടന്നുചെല്ലുന്നതിനുള്ള ഒരു സുവർണ്ണകാലം ഭൂതദശയിൽ ഇല്ല. ഒരു സമുദായത്തിൽനിന്നു വിഭിന്നമായ ഒരവകാശം ഒരു വ്യക്തിക്കുണ്ടായിരിക്കയില്ല. ഒരു സമുദായജീവിയെന്ന നിലയിൽ ഈ അവകാശങ്ങൾ അവനിൽ നിക്ഷിപ്തവുമാണ്. അവകാശം ആനുഷംഗികസമ്പത്താണ്. സമുദായത്തിനു വിരോധമായ അവകാശം ആ പേരിന് അർഹമല്ല.

ഒരു സമുദായാംഗമെന്ന നിലയിൽ ഒരു വ്യക്തിക്ക് ചില അവകാശങ്ങളുണ്ട്. പക്ഷെ അതിനു നിയതവിലയല്ലാതെ സ്ഥാനംപ്രമാണിച്ചു വില കല്പിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ മനുഷ്യൻ ഒരു സമുദായജീവിയാണ്.

ഒരു വ്യക്തി ഏതു സമുദായത്തിൽ, അല്ല, ഏതു സമുദായത്താൽ വിവേകജീവിതം നയിക്കുന്നു അഥവാ നയിക്കപ്പെടുന്നു, ആ സമുദായത്താൽ അംഗീകൃതമായ പൊതുനന്മയുടെ പ്രാഭവം നിമിത്തം അവകാശങ്ങൾ ഒരുവനിൽ നിക്ഷിപ്തമായേക്കാം. പൊതുനന്മയ്ക്കുള്ള പൂർണ്ണതയും വിസ്തൃതിയും അധികപ്പെടുന്നതനുസരിച്ച് അവകാശങ്ങൾ അവനിൽ സുസ്ഥിതങ്ങളാകും. ഒരു വ്യക്തിയുടേയും രാഷ്ട്രത്തിന്റേയും ലക്ഷ്യം അപ്പോൾ ഐകൃതയെ പ്രാപിക്കയും ചെയ്യും. രാഷ്ട്രം അവസരങ്ങളെ സൃഷ്ടിക്കുന്നു. പൗരൻ അവയെ ഉപയോഗിക്കുന്നു. അവസരസൃഷ്ടി രാഷ്ട്രത്തിന്റെ കർത്തവ്യവും പൗരന്റെ അവകാശവുമാണ്. ഔപയോഗികകർമ്മം പൗരന്റെ ധർമ്മവും രാഷ്ട്രത്തിന്റെ അവകാശവുമത്രെ.

അവകാശങ്ങളും ധർമ്മങ്ങളും പരസ്പരം ബന്ധമുള്ളവയെന്നു മാത്രമല്ല അവയെ ഒരു വീക്ഷണഗതിയുടെ ഇരുവശങ്ങളിൽനിന്നു നോക്കിയാൽ ഒന്നുതന്നെയെന്നും വ്യക്തമാകും. അവകാശങ്ങൾ സദാ കർത്തവ്യത്തോടനുബന്ധിച്ചിരിക്കുന്നു. അതിനാൽ അംഗങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ട ചില ബന്ധങ്ങളെ ഒരു സംഘം വിവരിച്ചിട്ടുണ്ട്. ഈ ബന്ധത്തോടനുരണനമുള്ള ധർമ്മവ്യവസ്ഥകളെ അംഗങ്ങളിൽ നിക്ഷേപിക്കുന്നതോടുകൂടി അനുയോജ്യമായ അവകാശങ്ങളും സിദ്ധിക്കുന്നു. അവകാശമെന്നത് അധികാരവാദമല്ല. അതു് ഭീഷണികൊണ്ടു ലഭിക്കേണ്ടതുമല്ല. അതു് ബലത്തിൽ സ്ഥിതിചെയ്യുന്നില്ല. ഒരു നിയതസമുദായത്തിന്റെ സ്വഭാവവും ലക്ഷ്യവും അനുസരിച്ച് അതു നിലകൊള്ളുന്നു.

അവകാശത്തിന്റെ അന്ത്യമായ അഭയസ്ഥാനം സാന്മാർഗ്ഗികമെന്നു പറയണം. ഒരു സമുദായം നിലനില്ക്കുന്നതുവരെ അവകാശം ബലീയസ്സായിരിക്കുവാനുള്ളതു് സന്മാർഗ്ഗനിരസനം നിമിത്തം അല്പായുസ്സായിത്തീരുമെന്നു നിശ്ചയമായിപ്പറയാം.

സാന്മാർഗ്ഗികമായ ഈ അവകാശവീക്ഷണം സ്വാതന്ത്ര്യത്തിൽ സ്ഥിതിചെയ്യുന്നു. ഒരുവന് അവന്റെ സ്വത്വാഭിമാനത്തെ അനുഭൂതിയിൽ വരുത്തുവാൻ ഉചിതാവസരങ്ങളേയും മാർഗ്ഗങ്ങളേയും സംരക്ഷിക്കാനിടവരണമെന്നു സാരം. അവകാശങ്ങളുടെ ഫലമാണ് സ്വാതന്ത്ര്യം. അവകാശങ്ങളില്ലാത്തവന്ന് ഒരിക്കലും സ്വാതന്ത്ര്യമുണ്ടായിരിക്കയില്ല. സ്വാതന്ത്ര്യം ആസ്തിക്യമാണ്. അതു് ബാഹ്യനിരോധനാഭാവമല്ല. സ്വാധികാരത്തേയോ സ്വശക്തിയേയൊ ഉപയോഗിച്ച് ഒരു വ്യക്തി ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നതും സ്വാതന്ത്ര്യമല്ല. പ്രകൃതിയുടെ മൌലികതത്വമെന്നു

സരിച്ച് സാന്മാർഗ്ഗികം, മാനസികം എന്നിത്യാദികളായ മനുഷ്യശക്തിയുടെ അനിരോദ്ധ്യവളർച്ചയ്ക്ക് എന്താവശ്യമോ അതത്രെ സ്വാതന്ത്ര്യം. മററുള്ളവരോടു സഹകരിച്ച് കർമ്മം ചെയ്യുന്നതിനും ഫലമനുഭവിക്കുന്നതിനുമുള്ള ഒരധികാരമാണ് സ്വാതന്ത്ര്യം. സാമാന്യജീവിതത്തെ സമ്പന്നമാക്കണമെന്നർത്ഥം. സമുദായനന്മയെ ലക്ഷ്യമാക്കീട്ടുള്ള ഒരു മനുഷ്യൻെറ സകലശക്തികൾക്കും മോചനം ഉണ്ടായിരിക്കണം. ഒരു രാഷ്ട്രത്തിൻെറ അധികാരസീമ ജീവിതത്തിൻെറ സീമയോളം അത്ര വിപുലമാണ്. ഒരു വ്യക്തി അവൻെറ കർത്തവ്യത്തെ പൂർണ്ണമായി അനുഷ്ഠിക്കുന്നതു രാഷ്ട്രത്തിനു ബലമാണ്. ഒരു രാഷ്ട്രം അതിൻെറ പരമോദ്ദേശത്തെ സാധിക്കുമ്പോൾ പൗരാവലിയുടെ ബഹിരന്തഃകരണങ്ങൾക്ക് ഉന്നതശക്തിയെ നൽകാതേയും കഴികയില്ല.

ഈവിധ സ്വാതന്ത്ര്യചിന്തയിൽ സമഭാവന അവിഭാജ്യമത്രെ. സാർവ്വത്രികമായ സമഭാവനയെന്നിവിടെ വിവക്ഷിച്ചിട്ടില്ല. സംഗ്രാഹ്യമൊ സംപ്രാപ്യമൊ ആയ പദത്തിനു സമഭാവന വേണമെന്നല്ല പറയുന്നതു്. ജീവിതരീതി, സമുദായ ന്ധം, പരിതസ്ഥിതികൾ എന്നിവയിൽ സമത്വം വേണമെന്നോ പറയുന്നുള്ളു. അനുപേക്ഷണീയമായ പാരമ്പര്യത്തെപ്പററിയല്ല ഇവിടെ പറയുന്നതു്. സാന്മാർഗ്ഗികബന്ധംകൊണ്ടുണ്ടാകേണ്ട സമത്വത്തെക്കുറിച്ചു പറയുന്നുള്ളു. ത്രാണിയിലും സ്വഭാവത്തിലും ഓരോ വ്യക്തിയും ഈഷദീഷദ്വിഭിന്നനായിരിക്കുമെങ്കിലും എല്ലാവരും മനുഷ്യജീവികളാണെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. അതിനാൽ അന്തർഹിതമായി മാത്രം കിടക്കുന്ന ശക്തിവിശേഷങ്ങളെ പുറത്തുകൊണ്ടുവരുന്നതിനും അവരിൽ പ്രസ്പഷ്ടമായി കാണുന്ന ശക്തികളെ വികസിപ്പിക്കുന്നതിനും ഉചിതാവസരം അവർക്കുണ്ടായിരിക്കണം. സമുദായഘടനയെ രൂപീകരിക്കുന്നതിൽ ഒരു കാര്യം നിഷ്കൃഷ്ടമായി കരുതേണ്ടതാണ്. വ്യത്യാസംകൊണ്ടു വിഭജിക്കേണ്ടതിലല്ല മനുഷ്യത്വംകൊണ്ടു സംയോജിപ്പിക്കുന്നതിനു വേണ്ട നിയമങ്ങളെ ശക്തിപൂർവ്വം ബലപ്പെടുത്തിയിരിക്കണം. ചുരുക്കത്തിൽ, ഈ പറഞ്ഞതു രണ്ടു സംഗതികളാണ്. പ്രത്യേകാവകാശങ്ങളുടെ അഭാവം ഒന്നാമത്തേതു്. പൗരത്വത്തിന് ആവശ്യമായ വികസനത്തിൽ പൂർണ്ണാവസരം നൽകുന്ന വ്യവസ്ഥകളുണ്ടായിരിക്കയെന്നതു രണ്ടാമത്തേതുമത്രെ.

# രണ്ടു ശാകുന്തളങ്ങൾ

## മൂന്നാമങ്കം.

(തുടൎച്ച)

(പി. ആർ. നീലകണ്ഠൻനായർ)

"ഇദമശിശിരൈ രന്തസ്താപാദ്വിവൎണ്ണമണീകൃതം
നിശി നിശി ഭുജന്യസ്താപാംഗപ്രസാരിഭിരശ്രുഭിഃ
അനഭിലുളിതജ്യാഘാതാങ്കം മുഹുൎമ്മണി ബന്ധനാൽ
കനകവലയം സ്രസ്തം സ്രസ്തം മയാ പ്രതിസാൎയ്യതേ."

"രാതോറും ഭുജലഗ്നവാൽമിഴിയിൽനിന്നോലും വ്യഥാ തപ്തമാം
കണ്ണീരാലൊളികെട്ട കല്ലുകളൊടൊത്തിപ്പൊന്നണിക്കങ്കണം
വിൽഞാൺപാടിലുരുമ്മിടാതിടയിടയ്ക്കൂൎന്നൂൎന്നുപോരുന്നത-
പ്പപ്പോൾക്കൈക്കുഴയിങ്കൽനിന്നുതിരിയേകേററീടുവോനായിഞാൻ"

അന്തസ്താപം നിമിത്തം നിശിനിശി ചുടുകണ്ണീർ നിറഞ്ഞീഭുജത്തി
നന്തേപക്കം കടക്കൺവഴിയൊഴുകിനിറംകെട്ട രത്നങ്ങളാന്നും
സന്ധിക്കും ഞാൻ തഴമ്പിൽ തടവതുകുറവായ്ത്തീൎന്നമിഞ്ഞൂരിയൂരി
ബന്ധസ്ഥാനം വിട്ടും പൊൻവളയിതുടനുടൻ കേററിടുന്നുണ്ടു ഞാനും

അന്തസ്താപം നിമിത്തം അശിശിരമായിരിക്കുന്ന എന്നതിനു വ്യഥാ തപ്തമാം എന്നാണു തൎജ്ജിമ. ആം എന്ന മലയാളമുണ്ടല്ലോ. അന്തസ്താപത്തിനു് വ്യഥയെന്ന പൎയ്യായം മതിയായോ? അശ്രുക്കളെക്കൊണ്ടു വിവൎണ്ണമണിയാക്കിച്ചെയ്തിട്ടുള്ള — കണ്ണീരാലൊളികെട്ട കല്ലുകളൊടൊത്തു്. ഒത്തു് ഒരു വിനയേച്ചമാണു്. ഇപ്പൊന്നണിക്കങ്കണം എന്ന പദം കിട്ടേണ്ടിവരുമ്പോൾ ഒത്ത എന്നു കിട്ടുകയില്ല. ഒത്ത എന്ന പേരേച്ചമല്ലെങ്കിൽ അതു് പൊന്നണിക്കങ്കണത്തോടു ചേരുകയില്ല. അപ്പോൾ ഒളികെട്ട കല്ലും പൊന്നണിക്കങ്കണവും വേറേ വേറെ ആയി രണ്ടും ഊൎന്നൂൎന്നു പോരുന്നു എന്നു തോന്നും. അനഭിലുളിതം, ഉരുമ്മിടാത്ത എന്നായാൽ പോര എന്നു തോന്നുന്നു.

അനഭിലുളിതജ്യാഘാതാങ്കം—സന്ധിക്കും ഞാൻ—തഴമ്പിൽ തടവതു കുറവായ്ത്തീൎന്നും. ഞാൻ പാടിലുരുമ്മിടാതെ എന്നതിനേക്കാൾ അല്പം ഭേദമെന്നേ പറവാനുള്ളു. മണിബന്ധത്തിനു ബന്ധസ്ഥാനം എന്നു തൎജ്ജിമചെയ്തിരിക്കുന്നോ അതോ കനകവലയത്തിനുചിതബന്ധസ്ഥാനമെന്നോ ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. രണ്ടുവിധമായാലും തൎജ്ജിമ നന്നായില്ല എന്നുപറയണം. അപാംഗത്തിനു ഒരാൾ വാൽമിഴിയെന്നും മറേറ ആൾ കടക്കൺ എന്നും തൎജ്ജിമ ചെയ്തിരിക്കുന്നു. കണ്ണുനീർ വാൽമിഴി

യിൽക്കൂടി ഒഴുകാനാണു് 'ഭുജന്യസ്താപാംഗമായാൽ' അധികസൗകര്യം. കട ക്കൺവഴിയാണു കണ്ണുനീർ പുറപ്പെടുന്നതു്.

അപാംഗം—വാൽകണ്ണു, കടക്കണ്ണു എന്നു രണ്ടുവിധ അൎത്ഥം പ റയുന്നു. ഇവിടെ ഏതാണു സ്വീകാൎയ്യം. അതോ രണ്ടും പൎയ്യായപദങ്ങ ളാണോ?

അയം സ തേ തിഷ്ഠതി സംഗമോത്സുകോ
വിശംകസേ ഭീരുയതോ വധീരണാം
ലഭേതവാ പ്രാൎത്ഥയിതാനവാ ശ്രിയം
ശ്രിയാദുരാപഃകഥ മീപ്സിതോ ഭവേൽ.

"ശങ്കിപ്പു നീയവഗണനമേതാളിൽനിന്നിങ്ങു ധീരേ
നിങ്കൽച്ചേരാൻ കൊതിയൊടുമിതാ കാത്തുനില്ക്കുന്നിതായാൾ.
ശ്രീയെക്കാമിച്ചവനവൾവശത്താസ്സുരാമില്ലെന്നാം
ശ്രീയാലുണ്ടോ തദഭിലഷിതൻ ലബ്ധനാകാതിരിപ്പൂ."

ഇതാ നില്പൂ നിന്നോടണയുവതിനുൾക്കണ്ഠ സഹിയാ-
തധീരേ നീയേവം നികൃതിയിഹ ശങ്കിപ്പൊരു പുമാൻ
മുദാ ശ്രീയൎത്ഥിക്കുന്നവനു വശയാകാ മവശയാ
മതെന്ന്യേ ശ്രീക്കൎത്ഥിപ്പവനെ ലഭിയാതായി വരുമോ?

വിധേയപ്രാധാന്യത്തെ കാണിപ്പാൻ മി. വള്ളത്തോൾ ഉത്തമദൃ ഷ്ടാന്തമെന്നു് ഉൽഘോഷിച്ചവർ ഈ പദ്യത്തിനു് എന്തു സമാധാനം പ റയും. ഉത്സുകശബ്ദത്തിനു കൊതിയെന്നായതു മോശമായിപ്പോയി. സം ഗമോത്സുകഃ എന്നതിനു അണയുവതിനുൾക്കണ്ഠ സഹിയാത്തവൻ. ഈ തൎജ്ജിമ കുറച്ചധികവുമാണു്. ഉൽക്കണ്ഠയ്ക്കു ഇവിടെ സ്ഥാനമുണ്ടോ? അ ഥവാ അങ്ങനെയാണെങ്കിൽ ഇത്ര നീട്ടിവളയ്ക്കണമെന്നില്ല.

തവ ന ജാനേ ഹൃദയം മമ പുനഃ കാമോ ദിവാപി രാത്രാവപി
നിർഘൃണസ്തപതി ബലീയസ്ത്വയിവൃത്തമനോരഥാന്യംഗാനി

നിന്നുള്ള റിയുന്നില്ലിവ
ളെന്നാൽ കാമൻ നികാമമിരവു പകൽ
നിൎദ്ദയ ചുട്ടുവിക്കുന്നു
നിന്നൊത്തേടും മദംഗമോരോന്നും.

നിന്മനമറിയുന്നീലിങ്ങെന്മനമോ മന്മഥൻ ദിവാരാത്രം
നിന്മേലഭിരുചിമൂലം നന്നെ വരട്ടുന്നു നിൎദ്ദയ നിരന്തം.

ചുട്ടുവിക്കുന്നു എന്ന കൃതി പ്രയോജകപ്രകൃതിയാണു്. തപതി എ ന്നതിൻെറ ഭാഷയുമാണു്. ചൂടു പിടിപ്പിക്കുന്നു എന്നല്ലാതെ ചുട്ടുവിക്കുന്നു

എന്നു പറയാറില്ല. ദേശഭേദംകൊണ്ടു് ഇങ്ങനെയും പറയുമായിരിക്കാം. ചുട്ടുക എന്ന കൃതി കേവലരൂപത്തിൽ ദാഹകക്രിയ നടത്തുന്നതായിട്ടാണു തോന്നുന്നതു്. ശവദാഹം കഴിഞ്ഞു. ശവം ചുട്ടു. വർത്തമാനമായാൽ ചുടുന്നു എന്നും പറയും. ഏതുസാധനങ്ങളും കത്തിച്ചുകളയുന്നതിനു ചുടുന്നു എന്നു പറയും. അതിൽ പരപ്രേരണ വരുമ്പോഴാണു ചുടുവിക്കുന്നതു്. കാമൻ അംഗമോരോന്നും ചുടുവിക്കുന്നു എങ്കിൽ കാമന്റെ പ്രേരണ കേൾക്കാൻ ഒരുവൻ വേണം. അവനായിരിക്കും ചുടുന്നതു്. ഇവിടെ അതാണോ അർത്ഥം. 'കാമഃ അംഗാനിതപതി' കാമൻ അംഗങ്ങളെ ചൂടുപിടിപ്പിക്കുന്നു, എന്നല്ലേ അർത്ഥം. വേണമെങ്കിൽ കാമൻ അംഗങ്ങളെ ചൂടാക്കുന്നു എന്നും പറയാം. "ചുടുവിക്ക" ഏതായാലും നന്നായില്ല.

അടുത്ത തർജ്ജിമ കേരളശാകുന്തളത്തിലേതാണു്. അതിലെ നാലാംപാദം പാഠഭേദമുള്ളതുമത്രെ.: "തുഇ ജുത്തമണോരഹം. ഹിഅഅം" (ത്വയിയുക്തമനോരഥം ഹൃദയം) "സ്വാരസമായി അധികം യോജിക്കുന്നു" എന്നു വ്യാഖ്യാതാവു അഭിപ്രായപ്പെടുന്നുമുണ്ടു്. രണ്ടു പാഠത്തിനും സ്വാരസമില്ലായ്കയൊന്നുമില്ല. "ത്വയിവൃത്തമനോരഥാന്യംഗാനി." ഹൃദയവ്യാപാരംതന്നെയാണ് അംഗസ്ഫുരണത്തിനും കാരണമെങ്കിലും കാണുക, കേൾക്കുക, സ്പർശിക്ക, സ്വദിക്ക മുതലായവ ഇന്ദ്രിയവ്യാപാരമായി മാത്രം നാം പറഞ്ഞുപോകാറുണ്ടു്. അവിടെ സ്വാരസക്കുറവുമില്ല. "മന്മഥൻ ദിവാരാത്രം നന്ന നിരന്തം വരട്ടുന്നു." കുറച്ചധികപ്പെട്ടില്ലേ.

തപതി തനുഗാത്രി മദനസ്ത്വാമനിശം മാം പുനർദ്ദഹത്യേവ
ഗ്ലപയതി യഥാ ശശാങ്കം ന തഥാഹി കുമുദ്വതീം ദിവസഃ
നിന്നെ കൃശാംഗി ചുടുവിക്കുകയാണു കാമ-
നെന്നെ സദായ്പ്പൊഴുമെരിക്കുകതന്നെ ചെയ്യൂ.
ചന്ദ്രന്നു പററുവതുപോലെ കുമുദ്വതിക്കു
വന്നെത്തിടാ പകലിനാലൊരു വാട്ടമല്ലോ.
വരളുന്നു നീ വരതനൊ
സ്മരനാൽ ഞാനൊ ദഹിക്കുതാനനിശം
പരമവശത ശശിയാളം
വരാ ദൃഢം കുമുദിനിക്കിഹ ദിനത്താൽ

"ചെയ്യൂ." എന്ന രൂപം വല്ല വിശേഷാർത്ഥത്തേയും സാധിക്കുവാനാണോ? വ്യാകരണപ്രകാരം "ഊ"എന്ന പ്രത്യയം ഭാവികാലത്തെ കാണിക്കുന്നതാണു്. അങ്ങനെ വന്നാൽ "എരിക്കുകതന്നെ ചെയ്യൂ." എന്ന ദിക്കിൽ അർത്ഥം അല്പം മാററമുണ്ടാവും. അതുപോലെതന്നെ "വാട്ടമല്ലോ"

എന്നിടത്തു് 'അല്ലോ' എന്നതിന്നു എന്താണർത്ഥം. "ചന്ദ്രനു വാട്ടംപറവവ്വതുപോലെ കുമുദപതിക്കു് വാട്ടംവന്നൊത്തിടാ." ഇത്രയും ആയാൽ അർത്ഥത്തിന്ന് ഒരു ദോഷവുമില്ല.

'തനുഗാത്രി' എന്നതിന്നു് 'വരതനു' എന്ന തർജ്ജിമ പിഴച്ചു എന്നു പറവാൻ പാടില്ല. എങ്കിലും ആ സംബോധനയ്ക്കു ഏതാണ്ടു ചില ശക്തിയുണ്ടെന്നു വ്യാഖ്യാതാക്കൾ ഘോഷിക്കുന്നുണ്ടു്. 'പരം അവശത' "ഗ്ലപയതി"യുടെ അർത്ഥം വരുത്തുവാൻവേണ്ടി ചെയ്ത ശ്രമമാണു്. പൂർണ്ണസാഫല്യം വന്നോ എന്നു സംശയിക്കുന്നു.

"സന്ദഷ്ടകുസുമശയനാന്യാശ്രുക്ലാന്തബിസഭംഗസുരഭീണി
ഗുരുപരിതാപാനി നതേ ഗാത്രാണ്യുപചാരമർഹന്തി."

"കനത്തചൂടാൻ ജവേന വാടിടും
മൃണാളികത്തുണ്ടുകളാൽ സുഗന്ധിയായ്
വിരിച്ചപൂവൊട്ടിയതായ നിന്റെ യീ
വപുസ്സിനില്ലിന്നുപചാര പാടവം."

"മലർമെത്തപതിഞ്ഞുമാശു ചെന്താർ
വളയം വാടിയ സൗരഭം കലന്നും
പുരുതാപമിവണ്ണമാണ്ടൊരീ നിൻ
മൃദുമെയ്യിന്നുപചാരശേഷിയില്ല."

നിന്റെ ശരീരാവയവങ്ങൾക്കു ഉപചാരം ചെയ്വാൻ അർഹതയില്ല എന്നു സാധിക്കുവാൻ അവയവവിശേഷണം സഹായിക്കുന്നു. ആശ്രുക്ലാന്തബിസഭംഗ സുരഭീണി— കനത്തചൂടാൻ ജവേന വാടിടും മൃണാളികത്തുണ്ടുകളാൽ സുഗന്ധിയായ്. രാജാവു് ഇതു പറയുമ്പോൾ വാടീട്ടില്ലെ.

"കനത്ത ചൂടാൻ" എന്നതു ജവേന വാടാനുള്ള ഒരു നിമിത്തമായിട്ടാണു തർജ്ജിമകൊണ്ടു കാണുന്നതു്. അങ്ങനെ ഒന്നു മൂലത്തിൽ കാണുന്നില്ല. 'ഗുരുപരിതാപാനി' എന്നു കാണുന്നതു് "ഗാത്രാണി" എന്നതിനോടല്ലെ ചേരേണ്ടതു്.

ചെന്താർവളയം വാടിയ സൗരഭം—വാടിയ സൗരഭം എന്ന പ്രയോഗം ഭംഗിയാണോ? ചുക്കുവെള്ളത്തിനു വാടിയ സ്വാദുണ്ടു് എന്നു പറഞ്ഞാൽ നല്ല ചുക്കുവെള്ളമല്ലെന്നാണർത്ഥം. അതുപോലെ ഇവിടെ സൗരഭം വാടിയതുകൊണ്ടു ദുർഗ്ഗന്ധമായെക്കുമോ? അതിവേഗം വാടിയ ചെന്താർവളയം നാം മുമ്പു് കണ്ടിട്ടുണ്ടു്. അപ്പോൾ സൗരഭം അദൃഷ്ടവും ആകും. പാടവം എന്നു ആദ്യം കൊടുത്തിട്ടുള്ള തർജ്ജിമയിലും ശേഷിയെന്നു രണ്ടാമ

ത്തേതിലും കാണുന്നതു് അർഹിക്കുന്ന എന്നതിനുള്ളതാണു്. ഉപചാരത്തിനർഹിക്കുന്നില്ല. പിന്നയോ? എന്നുദ്ദേശമുണ്ടോ ആവോ?

രാജാവിന്നു വിപ്രലംഭം അയോഗമൊ വിയോഗമൊ എന്നറിവാൻ വേണ്ടിപ്പറയുന്ന വാക്യത്തിനു രാജാവു പറയുന്ന മറുപടി 'അപ്രൗഢ'മെന്നു മാരാരു വിധിക്കുന്നു. അങ്ങനെയുള്ളതു തർജ്ജിമ ചെയ്യാൻ വ്യാഖ്യാതാവിനു അവകാശമുണ്ടായല്ലോ. മി: പിഷാരടി അതു സ്വീകരിച്ചിട്ടുണ്ടു്. മാരാരും തർജ്ജിമ ചെയ്തിട്ടുള്ള ആ ശ്ലോകം ഇവിടെയും സ്വീകരിക്കുന്നില്ല.

"പരിഗ്രഹബഹുത്വേപിദ്വേപ്രതിഷ്ഠേകുലസ്യമേ
സമുദ്രവസനാചോർവ്വീ സഖീചയുവയോരിയം"
"വളരെയുണ്ടു പരിഗ്രഹമെങ്കിലും
മമകുലത്തിനു താങ്ങിരുപേർകൾ താൻ
ഉദധിയാമരഞാണെഴമൂഴിയും
ഭവതിമാരുടെയിപ്രിയതോഴിയും."
"പല പരിഗ്രഹമുണ്ടിവനെങ്കിലും
കുലമതിൻ നിലനില്പിനുരണ്ടുതാൻ
സലിലരാശികൾ ചുററിട്ട മൂഴിയും
സലിലജേക്ഷണ നിങ്ങടെ തോഴിയും."

"പേർകൾ" ഈ ബഹുവചനം സുഖമുള്ളതല്ല. "ഇരു" എന്ന വിശേഷണം ഉള്ളതുകൊണ്ടു ബഹുവചനപ്രത്യയം തന്നെ ആവശ്യമില്ല. "അരഞാൺ" "സമുദ്രവസനാഉർവ്വീ" എന്നതിലെ 'വസന'ശബ്ദത്തിനാണു അരഞാൺ പ്രയോഗമെന്നു തോന്നുന്നു. ഉർവ്വിയേക്കൂടി ഒരു സ്ത്രീയാക്കി കല്പിക്കാനാണു വസനവും കൊണ്ടു കാളിദാസൻ പുറപ്പെട്ടതു്. അരഞാണായാലും അതു സിദ്ധിക്കുമല്ലോ.

"ചുററിട്ടും" എന്ന പദം 'വസന'ത്തിനു പ്രയോഗിച്ചതു ഭംഗിയായി. ഉർവ്വിയെ സ്ത്രീയാക്കുന്ന ദിക്കിലേയ്ക്കു് "മുണ്ടു ചുററിട്ടും" എന്നും ഭൂമിയാണെങ്കിൽ നാലുവശവും സമുദ്രം സ്ഥിതി ചെയ്യുന്നു എന്നും കിട്ടും. 'സലിലജേക്ഷണ' എന്ന വിശേഷണം തോഴിക്കു് ഉണ്ടായിരുന്നില്ലെങ്കിലും ഒരു സ്ത്രീ സലിലരാശി ചുററിയവളാണു്. മററവൾ സലിലജേക്ഷണയുമായി. ശബ്ദമോടിക്കു ഇതു പററീട്ടുണ്ടു്.

ഉൽസൃജ്യകുസുമശയനം നളിനീദളകല്പിതസ്തനാവരണം
കഥമാതപേഗമിഷ്യസി പരിബാധാപേലവൈരംഗൈഃ.

പൂമെത്ത കൈവെടിഞ്ഞി
ത്താമരയിലയാൽ മറച്ച കൊങ്കയുമായ്
വെയിലത്തെങ്ങനെ പോകും
തുയിരാലുടലാകെ വാടിയ നീ
മലർമെത്തവിട്ടു ചെന്താ
രിലയിങ്ങടനൊന്നെടുത്തു മുല മൂടി
വെയിലത്തു പോവതെങ്ങനെ
വലുതാം താപേനമെയ്യുളന്നൊരു നീ

കുസുമശയനത്തേയും നളിനീദളകല്പിതസ്തനാവരണഃത്തെയും ഉൽസൃജ്യ എന്നായാലല്ലേ അധികം നല്ലതു്. രണ്ടുപേരും കുസുമശയ്യയെ മാത്രം ഉപേക്ഷിച്ചു്, താമരയില മുല മൂടാനുള്ള ഒന്നാക്കിയിരിക്കുന്നു.

'കൊങ്കയുമായി എങ്ങനെ പോകും' എന്നു തജ്ജിമ ചെയ്തിരിക്കുന്നതു് അല്പം വഷളായിട്ടില്ലേ.

കുസുമശയ്യ, നളിനീദളം, മൃണാളവലയം എന്നിവയെല്ലാം രാജാവിൻെറ പ്രാതിനിധ്യം വഹിച്ചിരുന്നവയാണ്. അവയെ ഉപേക്ഷിക്കുന്നതു തന്നെ ഉപേക്ഷിക്കുന്നതിനോടൊപ്പമാണ്. നീ എന്താണ് എന്നെ ഉപേക്ഷിച്ചു പോകുന്നതു്. എന്നുകൂടി ഈ പദ്യത്തിനഭിപ്രായമില്ലേ?

"പരിബാധാപേലവൈരംഗൈഃ" എന്നതിനു "തുയിരാൽ ഉടലാകെ വാടിയ നീ" എന്നൊരാളും വലുതാം താപേന മെയ്തളന്നൊരു നീ എന്നു മറെറ ആളും തജ്ജിമ ചെയ്തിരിക്കുന്നു. രണ്ടും മൂലത്തോടു ശരിയായോ എന്നു സംശയമാണ്.

ഗാന്ധർവ്വേണ വിവാഹേന ബഹ്വ്യോ രാജർഷി കന്യകാഃ
ശ്രൂയന്തെ പരിണീതാസ്താഃ പിതൃഭിശ്ചാഭിനന്ദിതാഃ
കേൾക്കപ്പെട്ടുന്നുണ്ടുലകത്തിലന്നാ
നാനേകരാജർഷികുമാരിമാരെ
ഗാന്ധർവ്വമായ് വേളി കഴിച്ചതായും
പിതാക്കൾ കൊണ്ടാടിയിരുന്നതായും
ശ്രേഷ്ഠഗാന്ധർവ്വ വിധിയാൽ വേട്ടരാജർഷി കന്യമാർ
ഏററമുണ്ടവരെ ശ്ലാഘിച്ചിട്ടേയുള്ളു പിതാക്കളും.

ഒന്നാമത്തെ തജ്ജിമയിൽ "കുമാരിമാരെ വേളി കഴിച്ചതായും കൊണ്ടാടിയിരുന്നതായും കേൾക്കപ്പെട്ടുന്നുണ്ടു" ഇവ രണ്ടും ഒന്നിച്ചു സമുച്ചയിച്ചതു ഭംഗിക്കും ശക്തിക്കും കുറവാണ്. "കേൾക്കപ്പെട്ടുന്നുണ്ടു" കേൾവിയുണ്ടു്

എന്നു മാത്രം അൎത്ഥമുള്ള ഇതിനെ അനപായിപ്പാനുള്ള അകലം അധികമായി. കുറച്ചുനേരം രാജൎഷി കുമാരിമാരുടെ പിന്നാലെ പോയേക്കും.

ഈ ദുൎഘടമൊന്നും രണ്ടാമത്തെത്തൎജ്ജിമയിൽ ഇല്ല. "ശ്രൂയന്തെ" എന്ന പദം വിട്ടുകളഞ്ഞു. ശ്രേഷ്ഠമെന്ന വിശേഷണം കൂട്ടിച്ചേൎത്തു എന്നെല്ലാം വല്ലവരും പറയുമോ ആവോ."

അപരിക്ഷത കോമളസ്യയാവൽ
കുസുമമന്യേവനവസ്യഷട്പദേന
അധരസ്യപിപാസതാമയാതേ
സദയം സുന്ദരി ഗൃഹ്യതേ രസോസ്യ
അപരിക്ഷതമായ് മയംപെടുന്നീ
ത്തവചുണ്ടിൻ നവൂതേൻ പിപാസുവാം ഞാൻ
പുതു പൂവ്വിനുടേതു വണ്ടുപോലെ
കനിവോടൊന്നുനുകൎന്നിടട്ടെ കാന്തെ
അപരിക്ഷതരമ്യമായൊരീ നി
നാധരത്തിൻ രസമേററമാൎത്തിയോടും
പുതുപുഷ്പരസത്തെ വണ്ടുപോലെ
സദയം സുന്ദരിയൊന്നു ഞാൻ നുകൎന്നാൽ

"മയം പെടുന്നീത്തവചുണ്ട്" ആ 'മയത്തിനു' എന്താണൎത്ഥം? 'കോമള' ശബ്ദത്തിൻെറ ഭാഷയാണോ? "പുതുപൂവ്വിനുടേതു്" ആ "അതു്" ചുണ്ടിൻെറ ആകൃതിയോ രണ്ടുടിക്കിലും സാമാന്യനാമംതന്നെ പ്രയോഗിക്കുക ചെയ്യേണ്ടതായിരുന്നു. 'കാന്തെ, എന്ന സംബുദ്ധിയേക്കാൾ മൂലത്തിലെ 'സുന്ദരി' എന്നായാൽ മതിയായിരുന്നു.

'ഏററമാൎത്തിയോടും' എന്നതു നുകരുക എന്നതിൻെറ വിശേഷണമാണല്ലൊ. പിപാസുവായ ഞാൻ എന്നുതന്നെ വേണമെന്നു നിശ്ചയിച്ചതിനേക്കാൾ ഭംഗിയധികം ഈ പ്രയോഗത്തിനാണു്. പക്ഷെ ഏററ മാൎത്തിയോടെ നുകരുന്നവൻ സദയനാകുമോ ആവോ? ആഹാരം കഴിക്കാൻ പഠിക്കേണ്ടതു് ആനയോടാണു് എന്നുള്ള ഉപദേശം സ്മരിച്ചാൽ ഏററമാൎത്തിയോടെ സദയം നുകരാം.

ചക്രവാകവധു:, ആമന്ത്രയസ്വ സഹചരം ഉപസ്ഥിതാ രജനീ.

ചക്രവാകി, കൂട്ടുകാരനോടു വിടചോദിച്ചുകൊള്ളുക. രാത്രി സമീപിച്ചു കഴിഞ്ഞു.

ഇതാ ചക്രവാകപ്പിട ഇണയോടു യാത്ര പറയുന്നു. രാത്രി എത്തിപ്പോയി.

മൂലത്തോടു യോജിച്ച തൎജ്ജിമ ഒന്നാമത്തേതാണ്. അത്ര തന്നെയല്ല, ശകുന്തളെ, പ്രിയനോടു യാത്ര പറയൂ. ഈ കഥയൊന്നുമറിയാത്ത ഗൗതമി അടുത്തു വരുന്നു എന്നറിയിക്കലല്ലെ ഇവിടെ ആവശ്യം. രണ്ടാമത്തെ തൎജ്ജിമ കേട്ടാൽ തോന്നുന്നതു് രാത്രി സമീപിച്ചു, എനിക്കു പോകണം എന്നതാണ്. യാത്ര പറയുന്നു എന്ന നിൎദ്ദേശകക്രിയ തീരെ അനുചിതമായിപ്പോയി. നിയോജകം തന്നെയാണു വേണ്ടിയിരുന്നതു്.

"പൗരവ, അസംശയം മമശരീരവൃത്താന്തോപലംഭായാൎയ്യ ഗൗതമീതഏവാഗച്ഛതി. യാവദ്വിടപാന്തരിതോ ഭവ."

"പൗരവ, തീൎച്ചയായും എന്റെ ദേഹസ്ഥിതിയറിയാൻ ഗൗതമിമുത്തശ്ശി ഇങ്ങോട്ടു വരുന്നുണ്ടു്. അതിനാൽ ഭവാൻ മരക്കൊമ്പുകൾകൊണ്ടു മറഞ്ഞുനിന്നാലും." "പൗരവ സംശയമില്ല. എന്റെ ശരീരസ്ഥിതിയറിവാനായി ആൎയ്യഗൗതമി ഇങ്ങോട്ടു വരുന്നുണ്ടു്. വള്ളിക്കൊമ്പുകൾക്കിടയിലേക്കു മറഞ്ഞുകൊള്ളു." വിടപാന്തരിതോഭവ—'മരക്കൊമ്പുകൾകൊണ്ടു മറഞ്ഞുനിന്നാലും' കൊണ്ടു് എന്ന ഗതിനിമിത്തത്തെ കാണിക്കുന്നതാണ്. പ്രയോജികാവിഭക്തിക്കു കരണകാരണങ്ങൾ കാരണമെങ്കിലും കാരണം കാണിപ്പാൻ ഈ ഗതിയാണു പ്രയോഗിക്കേണ്ടതു്. അതിനാൽ മരക്കൊമ്പുകൾകൊണ്ടു മറഞ്ഞതു് അശേഷം നന്നായില്ല. അത്രതന്നെയല്ല പിഴയുമല്ലെ എന്നു സംശയിക്കുന്നു.

മൂന്നാം അങ്കം കഴിഞ്ഞു.

# വിദ്യാലയവിനോദങ്ങൾ.

(സി. ജി.)

ഇതിന്റെ തലക്കെട്ടു കണ്ടാൽ പണ്ടു മി: കൃഷ്ണവാരിയർ എഴുതിയിരുന്നപോലെ ഒരുതരം "പിള്ളേരുകളിയെന്നു്" വായനക്കാർ വിചാരിച്ചേക്കും. എന്നാൽ ഇതു കേവലം അങ്ങിനെയുള്ളതല്ല. വിദ്യാലയലോകം, വിദ്യാലയം, മേലധികാരികളുടെ കച്ചേരി, വിദ്യാലയവും ഗൃഹവും ഇങ്ങനെ ഈ ലേഖനത്തിന്റെ പരിധി കുറെ വിപുലമാണ്. എന്നാൽ കേവലം വെടിപറയണമെന്നാണുദ്ദേശം. അതു് പ്രൗഢലേഖനചാതുരിയില്ലായ്കകൊണ്ടുമാണ്. അതുകൊണ്ടു് ആരും പരിഭവിച്ചിട്ടൊ, പരിതപിച്ചിട്ടൊ കാൎയ്യവുമില്ല. ഈ ലേഖനത്തിന്റെ തുടസ്സമൊ, അന്തമൊ, ക്ലിപ്തമല്ലാത്തതുകൊണ്ടു് ഇതു കേവലം അനാദിയാണ്.

ഞാൻ ഒരിക്കൽ ഒരു നാലുക്ലാസ്സുള്ള പള്ളിക്കൂടത്തിൽ പോയി. കുട്ടികൾ മുട്ടി മുട്ടി, ക്ലാസുകൾ അടുത്തു് അടുത്തു് ഇട്ടിരിക്കയാണു്. എല്ലാ സാറന്മാരുടേയും ഒച്ച ഇടവിടാതെ കേൾക്കാം. സ്ഥലം കുറവാണെങ്കിലും പ്രഥമാദ്ധ്യാപകനു വിശാലമായ ഒരു പ്രൈവററുമുറിയുണ്ടു്. ഈ പ്രഥമാദ്ധ്യാപകനെ പററി പുറത്തു വലിയ കേൾവിയാണു്. ഇദ്ദേഹത്തിനു് ഒരു കണ്ണടയും സ്ഥൂലമല്ലാത്ത ശരീരവുമാണുള്ളതു്. സംസാരം വളരെ സ്ഫുടവും, ചട്ടവട്ടങ്ങൾ വളരെ ക്ലിഷ്ടവുമാണു്. കണ്ണടയുടെ അധോഭാഗത്തു കൂടി ദൃഷ്ടി പായിച്ചാൽ ശിഷ്യന്മാർ ക്ലാസ്സിൽതന്നെ രണ്ടും പുറത്തുചാടിക്കും. എന്നുതന്നെയല്ല, വീട്ടിൽ ചെന്നാൽ രാത്രികാലങ്ങളിൽ പൈതങ്ങൾ ഉറക്കത്തിൽ ഇദ്ദേഹത്തെ സ്വപ്നം കാണുകയും, നിലവിളിക്കയും, ഞെട്ടിത്തെറിക്കയും പതിവാണത്രെ. പുതിയതായി ഇദ്ദേഹത്തിൻെറ "കാളേജിൽ" ചേന്നിട്ടുള്ള കുട്ടികൾക്കു് ആദ്യകാലങ്ങളിൽ പനി, തലവേദന, വിറയൽ മുതലായ സുഖക്കേടുകളും കൂടക്കൂടെ ഉണ്ടാകാറുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും താരതമ്യേന ഇദ്ദേഹത്തിൻെറ വിദ്യാലയം പഠിത്തത്തിൽ മോശമല്ലെന്നാണു വത്തമാനം. അതുകൊണ്ടു് പൊതുജനങ്ങളുടെ പ്രശംസക്കു് ഇദ്ദേഹം പലപ്പോഴും തെററായൊ ശരിയായൊ പാത്രമാണു്. പ്രായം പെൻഷനോടു് അടുക്കും. എന്നാലും ചട്ടവട്ടങ്ങൾക്കു് വലിയ കുറവില്ല. പരാരാധനയിൽ ഈശ്വരതുല്യനാണു്. വാദ്ധ്യാന്മാരിൽ പലരും മിടുക്കന്മാരാണു്. എന്നാലും എല്ലാവക്കും ഹെഡ്മാസ്റ്ററോടുള്ള മനോഭാവം ഒന്നുതന്നെ. ഇദ്ദേഹം 30-ഓ 35-ഓ കൊല്ലം വിദ്യാലയമാകുന്ന ആരാമത്തിൽ വിഹരിച്ചു. അഹോ ഭാവിസന്താനങ്ങൾക്കു് എന്തു ദാനം ചെയ്തു? ആക്കറിയാം! അഭ്യസനരീതി പഴഞ്ചൻതന്നെ. പണ്ടു് 25 കൊല്ലത്തിനുമുമ്പു് ട്രെയിനിംഗിനു പഠിച്ചപ്പോൾ പഠിച്ച നോട്ടൊ, വായിച്ച പുസ്തകമൊ അല്ലാതെ മറെറാന്നും ഇന്നേ തീയതിവരെ തുറന്നുനോക്കാതെ ഇദ്ദേഹത്തിനെക്കൊണ്ടു മറെറന്തുകഴിയും? എന്നാലും മേലധികാരികളുടെയൊ, പൗരമുഖ്യന്മാരുടേയൊ മുമ്പാകെ ഇദ്ദേഹം 'ഒരു മുഖ'മുള്ള ആളാണു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ പരമാധികാരിക്കുപോലും ഇദ്ദേഹത്തിനെ സമ്മതമായിരിക്കും. ഇതെല്ലാം ഒരുതരം പൊടിയിടലാണു്. അല്ലെങ്കിൽ അവരുടെ മുമ്പിൽ സേവക്കു മിടുക്കനെന്നത്ഥം.

ഇദ്ദേഹത്തിൻെറ സംഭാഷണം അത്യധികം സ്ഫുടവും, വിരാമം, കാമ, ഇവയോടുകൂടിയതും ആകയാൽ പലപ്പോഴും വഴിതെററിക്കുന്നതാണു്. ആത്മാത്ഥതയും സംഭാഷണവും തമ്മിൽ പൊരുത്തമില്ലാത്തതാണു് സംസാരം. പ്രശംസയിലുള്ള ഭ്രമംമൂലം സംസാരം ലാക്കില്ലാതെ പലപ്പോഴും അബദ്ധത്തിലാകാറുണ്ടു്. ഇക്കൂട്ടക്കു് പരപരിഹാസത്തിൻെറ

തത്വം മനസ്സിലാകാൻ പ്രയാസമാണ്. വാസ്തവത്തിൽ യാതൊരു കുറവു മില്ലാതെ, അഞ്ചും മൂന്നുമായി പറയുന്നതുകേട്ടാൽ പരിചയക്കാർക്കു സാധാരണ പുച്ഛംതന്നെയാണുണ്ടാകുക. എന്തൊക്കെയാണെങ്കിലും ഇദ്ദേഹത്തിൻെറ പള്ളിക്കൂടം നന്നായിരിക്കണമെന്നുള്ള അത്യാഗ്രഹക്കാരനാണ് ഇദ്ദേഹം. ഇദ്ദേഹം ഈ കാര്യത്തിൽ പ്രശംസാർഹൻതന്നെ.

ഇനി മററൊരു പള്ളിക്കൂടം നോക്കാം. സ്റ്റേററുകാൺഗ്രസ്സിൻെറ ബഹളത്തിലാണു സന്ദർഭം. ഹെഡ്മാസ്റ്റർ വന്നുകൂടിയ അക്കാലത്താണ് കുട്ടികൾ പല ബഹളങ്ങളും കൂട്ടിയത്. വാദ്ധ്യാന്മാരുടെ നൂതനതകൊണ്ടു കൂടിയാണെന്നു ഇദ്ദേഹം മററുള്ളവരെ കുററപ്പെടുത്തിയിരുന്നു. തനിക്കു് അനുഭവം വന്നപ്പോൾ അദ്ദേഹത്തിനും സ്വബോധം ഉണ്ടായിരിക്കണം. ഇദ്ദേഹം പഴയകാലത്തു് ഒരു നല്ല അദ്ധ്യാപകനാണെന്നു് സമ്മതിവന്നിട്ടുള്ളതു കൊണ്ടു് പ്രഥമാദ്ധ്യാപകപദവി ലഭിച്ചപ്പോൾ ജോലി എളുപ്പം എന്നു തോന്നിയിരിക്കും. കുട്ടികളേയും രക്ഷാകർത്താക്കളേയും പ്രത്യേകം സ്വാധീനപ്പെടുത്തണമെന്നും. അതിനു വാദ്ധ്യാന്മാർ കുട്ടികളുടെ വീടുതോറും നടക്കണമെന്നും മററും ഇദ്ദേഹം പറയാതിരുന്നില്ല. ഇവിടത്തെ വാദ്ധ്യാന്മാരെ തന്നെ ഈ വിധാനു ഇതേവരെ പരിചയമുണ്ടോ എന്നാണ് എനിക്കു സംശയം. ഒരു കാൽ നൂററാണ്ടായി പരദേശത്തേക്കു പദം ഊന്നിനില്ക്കുന്ന അദ്ധ്യാപകന്മാരാണ് ഇവിടെ ഏറെക്കാലമായി ഏതാനുംപേർ. അവർക്കു് 10-മണി, 4-മണി, 1-ാംനു- ഇത്രയെ ചിന്തയുള്ളു. നാലുമണികഴിഞ്ഞാൽ കടത്തിറങ്ങി പോരുന്ന ഒരുത്തനു കടത്തുവള്ളക്കാരനോടുള്ള മനോഭാവമെ വിദ്യാലയത്തോടുള്ളൂ. ഒരുകുട്ടിയേയും വേണ്ടവണ്ണം ഇവർ അറിയില്ല. പിന്നെവേണമല്ലൊ അവരുടെസ്വഭാവമറിവാൻ. എന്നിട്ടുവേണ്ടേ അവരോടു സ്നേഹമുണ്ടാകാൻ. പക്ഷെഎന്തുചെയ്യാം! ഇവർ ഡിപ്പാർട്ടുമെൻറിൽ ഏലാൻ കേറിയവരാണ്. ഇക്കൂട്ടത്തിൽ ഒരുത്തൻ പഠിപ്പിക്കുമ്പോൾ, ഒരു കുട്ടിക്കു മനസ്സിലാകാത്തതുകൊണ്ടു് ഒന്നുകൂടി പറയണമെന്നപേക്ഷിച്ചു. ഉടനെആ അദ്ധ്യാപകവര്യൻ"ഒരു പ്രാവശ്യം പറയാനെ ശമ്പളമുള്ളു. വേണമെങ്കിൽ പഠിച്ചുകൊള്ളണം"എന്നു തമിഴിൽ പറഞ്ഞുവത്രെ. ഇതു് ഒരുദാഹരണംമാത്രം. പ്രഥമാദ്ധ്യാപകൻ ശുദ്ധനാണ്. അദ്ദേഹത്തിനുതന്നെ മിടുക്കന്മാരായ അദ്ധ്യാപകന്മാരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. പഠിപ്പിക്കാനറിയാവുന്നവരും, കഴിവുള്ളവരും, കുട്ടികളെ സ്നേഹിക്കുന്നവരും അവിടെ ചിലരുണ്ടു്. പക്ഷേ, അവർ 'സേവാബലം സർവ്വബലാൽ പ്രധാന'ക്കാരല്ല. മുൻപറഞ്ഞവർ തിരുമുമ്പിൽ സേവക്കു മുമ്പന്മാരാണുതാനും. ഇനി ഒരുകൂട്ടം അദ്ധ്യാപകവേഷക്കാരുണ്ടു്. ജാലവിദ്യക്കാരാണ്. അതിനുവേണ്ട ചില ചെപ്പും, പന്തും, ചില വ്യവസായവും അ

വക്കുണ്ട്. അവക്ക് പഠിപ്പിക്കാനൊ, പഠിപ്പിക്കാൻ പഠിക്കാനൊ സമയമില്ല. വ്യാപാരങ്ങൾ വേറേയുണ്ട്. അവരുടേയും ലക്ഷ്യം രൂപ, അണ, പൈസതന്നെ.

ഈ പള്ളിക്കൂടം ഏറെക്കാലമായി കുഴഞ്ഞുമറിഞ്ഞാണു കിടന്നിരുന്നതു്. നിയമപരിപാലനം കുറെക്കാലം ഞാൻ ആദ്യംപറഞ്ഞ 'ഒരു പാദം ഇവിടെ ഊന്നിയവരുടെ' കയ്യിലായിരുന്നു. അതിൻെറ ഫലം സ്റ്റേററു കാൺഗ്രസ്സിൻെറ ബഹളസമയത്തു കണ്ടു. അന്നു പഠിപ്പിക്കുന്ന അദ്ധ്യാപകനു തൻെറ ശിഷ്യനെ വിളിക്കാൻ ധൈര്യമില്ല. അദ്ധ്യാപകന്മാക്കുതന്നെ ആത്മരക്ഷയിൽ ഭീതി ഉണ്ടായിരുന്നില്ലെ എന്നു സംശയം. താന്നു ണ്ണാതേവരുണ്ടൊ വരംകൊടുക്കാൻ. എന്നാൽ ഇപ്പോഴത്തെ ഹെഡ് മാസ്റ്റർ വന്നതിൽപ്പിന്നെ വിദ്യാലയത്തിനു നന്മ വരാനുള്ള ലക്ഷണം കാണുന്നുണ്ട്. പക്ഷെ നന്മ ചൂരലുംകൊണ്ടു ക്ലാസ്സ് ചുററിയാലൊ, മണിക്കൂർതോറും ഓരോ ക്ലാസ്സിലും കേറി സഞ്ചരിച്ചാലൊ, കുററമെല്ലാം വാദ്ധ്യാന്മാരിൽ ചുമത്തിയാലൊ, അഥവാ കുട്ടികൾകേൾക്കെത്തന്നെ വാദ്ധ്യാന്മാരെ കുററപ്പെടുത്തിയാലൊ ഉണ്ടാകുന്നില്ല. വലിയ പാളത്താറും, വീതിയുള്ള കസവോട്ടക്കൂടിയ മധുരയും, 'ചാളപറങ്കി'യുടെ വേഷവും, ഒന്നും അതിനെ സഹായിക്കുന്നില്ല. എല്ലാ അദ്ധ്യാപകനും—ഹെഡ്മാസ്റ്ററുംകൂടെ—ഗുരുകുലത്തിനകത്തു ഹൃദയപൂർവ്വം വേലചെയ്യണം. ഒന്നാമതു് ഏതു വിഷയവും അതിചതുരമായി പഠിപ്പിക്കണം. കുട്ടികൾ ചോദിക്കുന്ന ഏതു ചോദ്യത്തിനും സ്നേഹപൂർവ്വം ഉത്തരം പറയാൻ വാദ്ധ്യാർ സന്നദ്ധനായിരിക്കണം. വിദ്യാത്ഥികൾക്ക് ഹിതോപദേശം ചെയ്യുന്ന ഒരു മൂത്ത സഹോദരനായിരിക്കണം അയാൾ. ഒരു ചരിത്രാദ്ധ്യാപകനോടു് ഒരു കണക്കു ചോദിച്ചാൽ ഉത്തരം പറയാൻ വിഷമിക്കരുതു്.

ഇക്കൊല്ലം സക്കാരിൽനിന്നു ഒരു ചുമടു പുസ്തകം—പല കക്ഷിക്കാരുടെ—വച്ചിട്ടുണ്ട്. അതിനും പുറമെ കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം, രസതന്ത്രം, രാജ്യതന്ത്രം, ക്ഷേത്രഗണിതം, ബീജഗണിതം, ജീവശാസ്ത്രം, ഇവയും പുറമെ ഒരു ഡിക്ഷ്ണറിയും; ക്ഷാമം, സാമ്പത്തികാധഃപതനം, ഇതെല്ലാം ആരറിയുന്നു?

——):0:(——

# ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ

(P. R.)

ഒരു യുവാവെന്നതിരിക്കട്ടെ അബ്രാഹ്മണനായ ഒരാളെ—കേശവചന്ദ്രസേനനെ—സമാജസ്ഥാപനത്തിൻെറ പൌരോഹിത്യം 1862-ൽ ഏ

ല്പിച്ചതും ബ്രഹ്മാനന്ദൻ എന്ന പാവനനാമം നൽകിയതും മഹർഷിക്ക് ഈ യുവാവിലുണ്ടായിരുന്ന മതിപ്പിനും അനുമോദനത്തിനുമുള്ള സാക്ഷ്യങ്ങളാണ്.

മഹർഷിയുടെ ഈ ബന്ധം കേശവചന്ദ്രസേനന്റെ ഉത്സാഹത്തേയും സ്ഫുരണശക്തിയേയും വർദ്ധിപ്പിച്ചു. 1859-ൽ ഇവർ രണ്ടുപേരുടേയും ഉത്സാഹത്തിൽ ഒരു ബ്രഹ്മവിദ്യാലയം സ്ഥാപിച്ചു. ഈശ്വരസത്തയെക്കുറിച്ച് ഇംഗ്ലീഷിൽ കേശവചന്ദ്രസേനനും ബ്രഹ്മസമാജതത്വങ്ങളെക്കുറിച്ച് ബങ്കാളിഭാഷയിൽ മഹർഷി ദേവേന്ദ്രനാഥനും പല പ്രസംഗങ്ങളും ചെയ്തു. ഈ വിധത്തിൽ സമാജത്തിനുണ്ടായിരിക്കേണ്ട മതബോധം ക്രമീകൃതമായി. കേശവചന്ദ്രസേനന്റെ നേതൃത്വത്തിൽ ഈ പുതിയ മതബോധത്തെ പ്രചരിപ്പിക്കുന്നതിന് ഉത്സുകരായ ഒരു സംഘം യുവാക്കന്മാർ സുശിക്ഷിതരായി.

ഈ കൊല്ലത്തിൽ 1859-ൽ ഒരു ചെറിയ ശമ്പളത്തോടുകൂടി ഒരു ക്ലാക്കായി ബങ്കാളം ബാങ്കിൽ കേശവൻ നിയമിക്കപ്പെട്ടു. സ്വന്തമായി സമ്പാദ്യം ഉണ്ടാക്കേണ്ട ഒരു ഭാരം ആസന്നമായി കേശവനുണ്ടായിരുന്നില്ലെങ്കിലും കുടുംബസാധാരണമായ ഒരു തൊഴിലിൽ പ്രവേശിക്കയെന്നതു് അന്നത്തെ ബങ്കാളിലെ യുവാക്കന്മാരുടെ സാധാരണ സമ്പ്രദായമായിരുന്നു. ഈ ജോലി ഇദ്ദേഹത്തിന്റെ മനസ്സിനിണങ്ങിയതായിരുന്നില്ല. എങ്കിലും ആ കൊല്ലത്തിൽതന്നെ ചന്ദ്രസേനന്റെ ശമ്പളം ഇരട്ടിക്കുന്നതിനും സുപ്രതീക്ഷിതമായ ഒരു ഭാവിയെ ആശിക്കുന്നതിനും സംഗതിയാകത്തക്കവണ്ണം ഇദ്ദേഹം ബാങ്കിന് ഒരു നല്ല അഭിപ്രായമുണ്ടാക്കിത്തീത്തു. കേശവചന്ദ്രസേനന്റെ അനൃജ്ജുവും സ്വതന്ത്രവുമായ അന്നത്തെ ചിത്തവൃത്തിയെക്കുറിച്ച് ഒരു കഥ പറഞ്ഞുകേട്ടിട്ടുണ്ട്. എല്ലാക്ലാക്കന്മാരും ബാങ്കുകാൎയ്യങ്ങളൊന്നുംതന്നെ മററുള്ളവരോടു പറകയില്ലെന്ന് പ്രതിജ്ഞ ചെയ്യണമെന്നുകാണിച്ച് അന്നത്തെ ബാങ്കു സെക്രട്ടറി ഒരു ഉത്തരവു പുറപ്പെടുവിച്ചു. ബാങ്കിൽ ജോലിചെയ്യുന്നതു് അസാദ്ധ്യമാണെന്നും ആരോടും ബാങ്കുകാൎയ്യം പറയരുതെന്നുള്ളതു് അപ്രായോഗികമെന്നും കേശവനു തോന്നി. ഇദ്ദേഹം ഇതിനോടു് യോജിക്കാതെ സെക്രട്ടറിയുമായി എതിർവാദം ചെയ്തു. ചന്ദ്രസേനന്റെ കാൎയ്യശേഷിയും സത്യസന്ധതയും സെക്രട്ടറിയുടെ കോപശാന്തി വരുത്തി. ചന്ദ്രസേനനെ ഈ കല്പനയിൽ നിന്നൊഴിവാക്കി. കേശവന്റെ മനസ്സ് ഒരിക്കലും ബാങ്കിൽ ലീനമായില്ല. ലൗകികസമ്പത്തിന്റെ ത്യാഗം മനസ്സിലുറച്ച ചന്ദ്രസേനൻ 1861 ജൂലായി മാസത്തിൽ ബാങ്കുജോലി രാജിവച്ചു.

പൊതുജനങ്ങളുടെ ഇടയിൽ വിപുലപ്രചരണോദ്ദേശത്തോടെ മത പ്രതിപാദിതമായ ലഘുലേഖകൾ പ്രസിദ്ധീകരിക്കണമെന്ന് ചന്ദ്രസേനൻ ഉറച്ചു. ആദ്യത്തെ ലേഖനം "യുവബങ്കാളമേ, ഇതു നിനക്കുള്ളതത്രെ" എന്ന പേരുള്ളതായിരുന്നു. രണ്ടാമത്തേത് "പ്രാർത്ഥനാസമ്മിളിതമായ ജീവിതം നയിക്ക" എന്നായിരുന്നു. ഇങ്ങനെ പതിമ്മൂന്നു ലേഖനം പ്രസിദ്ധം ചെയ്തു. ഇവ ഒരു നവ്യസാഹിത്യത്തിൻെറ സമുദയമത്രെ.

മദ്രാസ്, ബോംബെ, കൃഷ്ണനഗരം എന്നീദിക്കുകളിൽ പ്രസംഗത്തിനായി കേശവചന്ദ്രസേനൻ യാത്രചെയ്തു. വാഗ്മിതത്തോടുകൂടി സ്വസിദ്ധാന്തപ്രചരണത്തിലുള്ള ആവേശവും ചേൎന്നപ്പോൾ ചന്ദ്രസേനൻെറ പ്രസംഗം ശ്രോതാക്കളിൽ സവിശേഷം ഫലിച്ചു. ഈ കാലത്തു് ക്രിസ്ത്യൻ മിഷണറിമാരായി എതിർക്കുന്നതിനു സംഗതിയായി. അവരുമായി ചില വാദപ്രതിവാദങ്ങളുമുണ്ടായി. കേശവചന്ദ്രസേനൻെറ പേർ പൂൎവ്വാധികം പ്രസിദ്ധമാകാനിടയായി.

കൽക്കട്ട ബ്രഹ്മസമാജത്തിൻെറ ജീവനായി ഇദ്ദേഹം വൎത്തിച്ചു. അതിൻെറ സുയശസ്സ് സൎവ്വത്ര വ്യാപിച്ചു. മഹൎഷിയുടെ ഹൃദയത്തോട് ഏററവും അടുത്തും ഇണങ്ങിയും കഴിഞ്ഞുകൂടി. പക്ഷെ സമാജപരിധിക്കകത്തു കേശവചന്ദ്രസേനൻ കൂട്ടിലടച്ച ഒരു സിംഹത്തെപ്പോലെ കഴിഞ്ഞുകൂടി. ഈ സംഘത്തിലുള്ള പൂൎവ്വഅംഗങ്ങൾ മതോപദേഷ്ടാവായി ബ്രാഹ്മണനെത്തന്നെ നിയമിക്കണമെന്ന പക്ഷക്കാരാണ്. നടപ്പിൽ വരുത്തണമെന്നു കേശവചന്ദ്രസേനൻ ഇച്ഛിക്കുന്ന ഒരു പരിഷ്കാരവും മററുള്ളവൎക്ക് സമ്മതമായിരുന്നില്ല. വിധവാവിവാഹം ആവശ്യമെന്നു ചന്ദ്രസേനൻ വാദിച്ചു. എല്ലാ ജാതികളുടെ ഇടയിലും ഉൽകൃഷ്ടാപകൃഷ്ടത നോക്കാതെ പരസ്പരവിവാഹം നടത്തണമെന്നും അദ്ദേഹം വാദിച്ചു. 1862-ൽ ആദ്യമായി ഇങ്ങനെ ഒരു വിവാഹം നടന്നു. അതിന്ന് ചന്ദ്രസേനൻെറ ശ്രമവുമുണ്ടായിരുന്നു. കേശവനോടുള്ള സ്നേഹബഹുമാനങ്ങൾ നിമിത്തം മഹൎഷി ഇതിന് വിസമ്മതം നടിച്ചില്ലെങ്കിലും സഹകരിച്ചില്ല. പ്രായമേറിയ അംഗങ്ങളെല്ലാം ഇവയോടെതിരായിരുന്നു. കേശവൻെറ നേതൃത്വത്തിൽ ഒരു യുവപ്രസ്ഥാനം സമാജത്തിൽ ഉണ്ടായി.

ഒടുവിൽ ചന്ദ്രസേനനും യുവമിത്രങ്ങളും പഴയ സമാജത്തിൽ നിന്നു പിരിഞ്ഞു. 1866-ൽ അവർ 'ഇൻഡ്യയിലെ ബ്രഹ്മസമാജം' എന്ന പേരിൽ ഒരു സ്ഥാപനമുണ്ടാക്കി. ആദ്യകാലത്തു് ആരാധനക്ക് ഈ സമാജത്തിന് ഒരു സ്ഥലമുണ്ടായിരുന്നില്ല. 1869വരെ ഒരു സമാജമന്ദിരമുണ്ടാ

യിരുന്നില്ല. കേശവൻെറ മതപ്രയാണത്തിൽ ഇതു രണ്ടാമത്തെ സ്ഥാനമാണ്. ഈ ബ്രഹ്മസമാജത്തിന് അത്ഭുതകരമായ ഒരു ചരിത്രവശമുണ്ട്. കേശവനും യുവമിത്രങ്ങളും കൽക്കട്ടാസമാജം വിട്ടതു് ഒരു മാതൃകാസമാജത്തോടുള്ള മോഹംകൊണ്ടുമാത്രമാണ്. അവർ വീടില്ലാത്ത കാന്ദിശികരേപ്പോലെ നടന്നു. സർവ്വജനീനമായ ഒരു ആരാധനസ്ഥലവും സാഹോദര്യവും അവരുടെ ലക്ഷ്യമായിരുന്നു.

ലോകത്തിലുള്ള സകല മതങ്ങളേയും പരിശോധിച്ചു് അവയിൽനിന്നു സാരമായ ഭാഗങ്ങളെ സ്വരൂപിച്ചു് ഒരു ഗ്രന്ഥമുണ്ടാക്കി. ഇങ്ങനെ ഒരുഗ്രന്ഥത്തിൻെറ ആവിർഭാവം ഇക്കാലത്താണ് ആദ്യമായുണ്ടായതു്.

കേശവചന്ദ്രസേനനോടൊന്നിച്ചു കൽക്കട്ടാസമാജം വിട്ടവരും അധികതാമസം കൂടാതെ വന്നുചേർന്നവരുമാണ് ഇതിലെ ആദ്യത്തെ മിഷണറിമാരായിരുന്നതു്. യുവനേതാവിനോടുള്ള ഭക്തിബഹുമാനവും സത്യപ്രചരണൗൽസുക്യവും കൊണ്ടു് യുവാക്കന്മാർ അവരുടെ സകല നിലയും അഭിവൃദ്ധിമാർഗ്ഗവുമുപേക്ഷിച്ചു് സകല ക്ലേശങ്ങളും അനുഭവിപ്പാനൊരുങ്ങി. ഇതു് ഒരു നവയുഗത്തിൻെറ ഉദയമായിരുന്നു. ആശ അവരുടെ ഹൃദയത്തെ പ്രകാശിപ്പിച്ചു; പണമവർക്കില്ല; വിശ്വാസസമ്പത്തു് സമൃദ്ധമായിരുന്നു; ഒരു നവീനമനുഷ്യത്വത്തേയാണ് അവർ ലക്ഷ്യമാക്കി വരിച്ചിരുന്നതു്.

ഇടയ്ക്കിടെ കേശവൻ വലിയ ജനമദ്ധ്യേ പ്രസംഗം നടത്തിക്കൊണ്ടിരുന്നു. ഇദ്ദേഹത്തെ ഒരു അനുഗ്രഹീത ഗുരുവായി എല്ലാവരും ഗണിച്ചുപോന്നു. "യേശുക്രിസ്തു" "യൂറോപ്പും ഏഷ്യയും" എന്ന വിഷയങ്ങളെക്കുറിച്ചു് 1866മാർച്ച് മാസത്തിൽ കൽക്കട്ടാ മെഡിക്കൽകളേജിൽ വച്ചു് പ്രസംഗം നടത്തി. കെട്ടിടം നിറയെ, പോര, പുറത്തും ആളുകൾ തിങ്ങിക്കൂടി. ഈ പ്രസംഗങ്ങളെക്കുറിച്ചു് പല പക്ഷാന്തരങ്ങളുമുണ്ടായി. കൽക്കട്ടാ ടൗൺഹാളിൽ വച്ചു് ആക്ഷേപപരിഹാരത്തിന് വീണ്ടും ഒരു പ്രസംഗം നടത്തി. അന്നത്തെ വിഷയം "വലിയവർ" എന്നായിരുന്നു. "നമ്മുടെ മാതൃഭൂമിയെ നിരന്തരദുരിതം അനുഭവിപ്പിക്കുന്ന ദുർവിധിയുടെ പരിഹാരത്തിന് വിവേകമെന്നുപറയുന്നതും നിശ്ചേഷ്ടസങ്കല്പത്തോടുകൂടിയതുമായ നയം ഫലപ്രദമല്ല. പരിഷ്കൃതമെന്നു പേരിട്ടു് ഉച്ചത്തിൽ ഘോഷിക്കുന്ന വ്യാജവാഗ്ധോരണിയും അതിനെ പരിഹരിക്കയില്ല. സഹോദരങ്ങളെ! ആത്മപരിത്യാഗമൊന്നുകൊണ്ടല്ലാതെ ഇൻഡ്യയെ പുനർജ്ജീവിപ്പിപ്പാൻ സാധിക്കയില്ല. നാം സത്യത്തിനുവേണ്ടി ജീവിക്കണം. അതിനുവേണ്ടിത്തന്നെ മരിക്കയും വേണം. ഏകൈകലക്ഷ്യത്തിന്മേലും അവി

ചലിതഭക്തിയോടും നാം നമ്മുടെ കർത്തവ്യം നിറവേററണം. യാതൊരു കാരണവശാലും നമ്മുടെ മനസ്സാക്ഷിയെ പ്രതിരോധിക്കരുത്. ഇൻഡ്യയുടെ അധഃപതനം അതിൻെറ പരമസീമയിൽ എത്തിക്കഴിഞ്ഞു. അതിൻെറ ദുർഭകാനുഭവങ്ങൾ തീരം കവിഞ്ഞൊഴുകുന്നു. ദൈവാനുഗ്രഹം കൊണ്ടു് ഒരു പരിവർത്തനം സമാരംഭിച്ചിട്ടുണ്ടു്. നാനാദിക്കുകളിലും നവീനകരണാരുണകിരണം വീശിത്തുടങ്ങി. പക്ഷെ ഇങ്ങനെയുള്ള ഒരു പരിവർത്തനം ഇൻഡ്യ അനുഭവിക്കേണ്ട ഒരു ഭയങ്കരവിപ്ലവത്തിൻെറ പൂർവ്വഗാമിയത്രെ. കാലത്തിൻെറ പരിപക്വതയോടു കൂടി പല പരീക്ഷണങ്ങൾക്കും ഇൻഡ്യ വശഗയാകും. അന്നുഇൻഡ്യ പരിഷ്കൃതവും നവചൈതന്യത്തോടുകൂടിയതുമാകും." അനന്തരകാലസംഭവങ്ങളെ അറിഞ്ഞവർക്കു് ഇതു ഒരു ദീർഘദർശനമെന്നേ പറവാനുള്ളു.

ഇൻഡ്യയുടെ നാനാഭാഗത്തും പാശ്ചാത്യരാജ്യങ്ങളിലും ഈ നവീനമനോഭാവം പ്രസരിപ്പിക്കാനുള്ള മോഹം കേശവചന്ദ്രസേനനിലും അനുചരന്മാരിലും ക്രമാതീതമായ്വളൎന്നു. 1866-മുതൽ ഒരുകൊല്ലക്കാലം വടക്കപടിഞ്ഞാറെ പ്രവിശ്യകളിലും പഞ്ചാബിലും നടന്നു് ഇവർ പ്രസംഗം നടത്തി. അവർ അശേഷവും ആഡംബരം കൂടാതെയാണു് യാത്രചെയ്തതു്. ഭഗൽപുരം, പാട്ന, അലഹബാദ്, കാൺപൂർ, ലാഹൂർ, അമൃതസരസ്സ്, ഡൽഹി ഈ ദിക്കുകളിലെല്ലാം സഞ്ചരിച്ചു പ്രസംഗിച്ചു. തിരിച്ചുവരവിൽ മാംഗീറിലുമെത്തി. അവർ ഇംഗ്ലീഷിലും ബങ്കാളിയിലും പ്രസംഗം നടത്തി. ഇടക്കിടെ വാദപ്രതിവാദം നടത്തുന്നതിനും സംഗതിവന്നു. ആരാധനങ്ങൾ നടത്തി, സങ്കീർത്തനങ്ങൾ ഉണ്ടാക്കി സ്തുതിച്ചിരുന്നു. എല്ലാദിക്കിലും ഇവൎക്കു സന്തോഷപ്രദമായ സ്വീകരണം സിദ്ധിച്ചു. ആരാധനത്തിനു പുതിയ സ്ഥലങ്ങളുണ്ടാക്കി. സമാജത്തിൽ പലരും ചേൎന്നു; ആകെ ഒന്നുണൎന്നു; ഭായ പ്രതാപചന്ദ്രമുസുംദാർ ഒരു ഉത്തമസഹായസ്ഥാനം കൈയേററു.

1870-ൽ കേശവചന്ദ്രസേനൻ ഇംഗ്ലണ്ടിലേയ്ക്കു പോയി. നവീനസ്ഥാപനത്തിൻെറ സന്ദേശം ഒരു വിസ്തൃതപരിധിയിൽ എത്തിക്കണമെന്നാത്രെ പ്രധാന ഉദ്ദേശം. ആറുമാസക്കാലം ഉദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ചു. അന്നു് അവിടെ ഉചിതസ്വീകരണവും സിദ്ധിച്ചു. ഡീൻസ്റ്റാൻലി, മാക്സ്മുള്ളർ, ഗ്ലാഡ്സ്റ്റൺ, ജാൺസ്ററുവർട്ട്മിൽ എന്നിവരെ പരിചയപ്പെടുവാനും സംഗതിയായി. വിക്ടോറിയ മഹാരാജ്ഞിയെ ഔദ്യോഗികമല്ലാതെ കാണ്മാനും സംഗതിവന്നു. പല പ്രസംഗപീഠത്തേയും അലങ്കരിച്ചു പ്രസംഗം നടത്തി. ഇംഗ്ലണ്ടിലും സ്കോട്ട്ലണ്ടിലുമുള്ള പല പ്രധാനസ്ഥലങ്ങളും അദ്ദേഹം സന്ദർശിച്ചു. ദൈവസാന്നിദ്ധ്യത്തോടെ ബ്രഹ്മസ

മാജം ചെയ്യുന്നതെന്തെന്ന് കേശവൻ പറഞ്ഞു. ഇംഗ്ലീഷുപരിഷ്കാരം കൊണ്ട് ഇൻഡ്യയ്ക്കു വന്ന അധഃപതനത്തെ പറയുവാൻ കേശവൻ ഒട്ടും മടിച്ചില്ല. ഇംഗ്ലീഷുകാരോട് ഇദ്ദേഹത്തിനുള്ള മനസ്ഥിതി 'മൈത്രി' ഒന്നുമാത്രമാണ്. ഇംഗ്ലണ്ട് ഇദ്ദേഹത്തിന്റെ പിതൃഗൃഹമാണെന്നു പറയാറുണ്ട്.

ഇംഗ്ലണ്ടിൽനിന്നും സിദ്ധിച്ച ബഹുമതികളൊന്നുംതന്നെ കേശവന്റെ മതിമറക്കലിനു കാരണമായില്ല. തന്റെ അനാഡംബരവേഷം ഒന്നുകൂടി ഉറപ്പിച്ച് ഒരു ഹിന്ദുവിന്റെ അഭിമാനത്തോടെ തിരിച്ചെത്തി തിരിച്ചുവരുമ്പോൾ ബോംബെയിൽവച്ച് അല്പം നേരംപോക്കിനായി ഇങ്ങനെ സംസാരിച്ചു.

"സസ്യഭോജിയായ ഒരുവൻ മാംസഭുക്കായ ഇംഗ്ലണ്ടിന്റെ ഇടയിൽ:— ഇംഗ്ലണ്ടിലെ മാംസവിക്രയവിപണികളെ ഇൻഡ്യാക്കാർ സൂക്ഷ്മാവലോകനം ചെയ്താൽ അവരുടെ യുവാക്കന്മാരെ ഒരിക്കലും ഇംഗ്ലണ്ടിലേയ്ക്കു യയ്ക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. പല വിരുന്നിനും എന്നെ ക്ഷണിച്ചിരുന്നു. എല്ലായിടത്തും പ്രായേണ ഞാൻ കണ്ടതെന്താണ്? ഭക്ഷണശാല മൃഗങ്ങളെ വളർത്തുന്ന ഉദ്യാനമെന്നപോലെ എനിക്കു തോന്നി. വിഹായസ്സിൽ ജീവിക്കുന്ന വിഹഗങ്ങളും, വനങ്ങളിലുള്ള മൃഗങ്ങളും, സമുദ്രത്തിലുള്ള മത്സ്യങ്ങളും മററു പല ജീവികളും മേശപ്പുറത്തു സ്ഥാനം പിടിച്ചിട്ടുണ്ട്. അവ ഒരു പുതിയ ജീവിതം നയിപ്പാൻ ശ്രമിക്കയാണൊ എന്നു തോന്നും. ഇവയാണ് നമ്മുടെ സ്നേഹിതന്മാരുടെ ആഹാരം. ഞാൻ അവിടെ നിന്നുംകടന്നതിൽ സന്തോഷിക്കുന്നു."

ഇൻഡ്യയിൽ തിരിച്ചെത്തിയ കേശവചന്ദ്രസേനൻ സമുദായസേവനത്തെ സാമാന്യരീതിയിൽ തുടങ്ങുവാനുറച്ചു. 1870 നവംബറിൽ ഈ ഉദ്ദേശസിദ്ധിക്കായി 'ഇൻഡ്യാ സംസ്കരണസംഘം' എന്ന പേരിൽ ഒരു സ്ഥാപനമുണ്ടാക്കി. അഞ്ചുഭാഗമായി ജോലിയെ വിഭജിച്ചു— 'ഉൽബോധജനകമായ വായന, വ്യവസ്ഥിതമാർഗ്ഗത്തിൽക്കൂടിയുള്ള സാധുത്രാണനം, അബലാവർഗ്ഗസ്ഥിത്യുന്നമനം, വിദ്യാഭ്യാസപ്രചരണം, മദ്യനിരോധനം. ഈ സമാജത്തിന്റെ കർമ്മപദ്ധതിക്കു ക്രമോൽക്കർഷം സിദ്ധിച്ചു. 'സുസമാചാരം' എന്ന പേരിൽ ഒരു വർത്തമാനപ്പത്രം പുറപ്പെടുവിച്ചു. അതിൽ വാർത്തയും ഉപദേശങ്ങളും അടങ്ങിയിരുന്നു. ഈ വാർത്താവിതരണപത്രത്തിന് ഒരു ആപ്പീസോ വരിക്കാരുടെ ലിസ്റ്റോ ഉണ്ടായിരുന്നില്ല. തെരുവിൽകൊണ്ടുനടന്ന് നിസ്സാരമായ ഒരു വിലവച്ചു വിററുവന്നിരുന്നു. ആഴ്ചയി

ൽ മൂവ്വായിരം നാലായിരം പ്രതികൾ വിററിരുന്നു. അതുര സംരക്ഷണത്തിന് ഏററിരുന്നവർ ധനശേഖരം ചെയ്തു. പണമായിട്ടും ഔഷധമായിട്ടും അവയുടെ ആവശ്യാനുസരണം വിതരണം ചെയ്തു. 1871-ൽ പെൺകുട്ടികൾക്ക് ഒരു പാഠശാല ഏൎപ്പെടുത്തി. അവൎക്ക് ഒരു സംഘവും സ്ഥാപിച്ചു. ഒരു വ്യവസായപാഠശാലയും ജോലിക്കാൎക്കുള്ള അഭ്യസനസൗകൎയ്യവും ഉണ്ടാക്കി. മദ്യനിരോധനത്തിനുവേണ്ട സംരംഭവും തുടങ്ങി. ഗവണ്മെൻറിൻെറ മദ്യനയം പല എതിരഭിപ്രായങ്ങൾക്കും സംഗതിയാക്കി. 1872-ൽ ബ്രഹ്മസമാജവിവാഹം നിയമസാധുതപമുള്ളതെന്ന് ഒരു ആക്ട് പാസ്സായതു് കേശവചന്ദ്രസേനൻ സാമുദായികമായി ചെയ്ത കൎമ്മഫലങ്ങളിൽ പ്രഥമഗണനീയമാണ്.

സമുദായപരിഷ്കാരം മതകൎമ്മങ്ങളുടെ ചടങ്ങുകളിൽ ഒരു ഭാഗമെന്ന് ഇദ്ദേഹം വിശ്വസിച്ചിരുന്നു. ശുദ്ധമനസ്സും ആസ്തിക്യബുദ്ധിയുമുള്ള സ്ത്രീപുരുഷന്മാരുടെ സാഹോദൎയ്യബന്ധം ഇവയുടെ സമഗ്രശിക്ഷണംകൊണ്ടേ ഉണ്ടാവുകയുള്ളൂ എന്ന് അദ്ദേഹം പൂൎണ്ണമായി വിശ്വസിച്ചിരുന്നു. അപക്വജീവികളിൽ യൂറോപ്യൻ പരിഷ്കാരപ്രസരണം നിമിത്തം ഉളവായ ക്ഷീണബുദ്ധിയുടെ സംസ്കാരമല്ല ഇവിടെ ആവശ്യം. ആസ്സുരകാരിയൊ പ്രക്ഷുബ്ധപരമോ ആയ സംസ്കരണവും ചന്ദ്രസേനൻ ഇച്ഛിച്ചിരുന്നില്ല.

കേശവചന്ദ്രസേനൻ സ്ഥൈൎയ്യവും വീൎയ്യവുമുള്ള ഒരു കൎമ്മയോഗിയാണ്. കൊല്ലംതോറും ടൗൺഹാളിൽ ഇദ്ദേഹത്തിൻെറ പ്രസംഗം പതിവായിത്തീൎന്നു. ഈ പ്രസംഗങ്ങൾ ജനങ്ങളുടെ ഇടയിൽ ആവേശത്തെ ഉളവാക്കി. അവർ അതിനെ പ്രതീക്ഷിക്കയെന്നും വന്നു. പ്രസംഗത്തിന് വിഷയം തയാറാവുക എന്നൊരു സമ്പ്രദായം തന്നെ പതിവില്ല. മുൻകൂട്ടി ആലോചിക്കാതെ തന്നെ വ്യക്തവും ശുദ്ധവും ആയ ഭാഷയിൽ ശ്രോതാക്കളെ ഹഠാൽ ആകൎഷിക്കുന്ന ഇദ്ദേഹത്തിൻെറ പ്രസംഗധോരണി അനന്യസാധാരണമെന്നേ പറവാനുള്ളൂ. പ്രസംഗങ്ങൾ എല്ലാംതന്നെ വികാരചോദിതങ്ങളുമാണ്.

ബ്രഹ്മസമാജമന്ദിരത്തിൽവച്ച് ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ ചെയ്യുന്ന മതോൽബോധനങ്ങളും പ്രാൎത്ഥനകളുമെല്ലാം ബങ്കാളിഭാഷയിലാണ്. അതിമനോഹരങ്ങളും മാതൃകായോഗ്യങ്ങളുമായ ആ പ്രാൎത്ഥനകളും ഉൽബോധനങ്ങളും ബങ്കാളിസാഹിത്യത്തിനു ഭൂഷണങ്ങളാണ്. മാതൃഭാഷ ജന്മസിദ്ധമായ വാസനയോടെ ഇദ്ദേഹത്തിൽ വികസിച്ചു. ശ്രുതിമധുര

നാദത്തോടെ പ്രവഹിക്കുന്ന ഒരു കുല്യയോട്ട് ഇദ്ദേഹത്തിൻെറ വൈഖരീപ്രസരത്തെ സാദൃശ്യപ്പെടുത്താം. അതിലെ അച്ഛസ്ഫടികജലത്തിൽ പരലോകം പ്രതിബിംബിച്ചിരുന്നു. ഇദ്ദേഹത്തിൻെറ പ്രസംഗത്തിന്ന് ആഡംബരമോടി കാണുകയില്ല. പ്രസംഗവേദിയിൽ കയറിയാൽ ആശയത്തിനൊ ശബ്ദത്തിനൊ കാത്തുനില്ക്കുന്ന ശീലം ഇദ്ദേഹത്തിനില്ല.

ചന്ദ്രസേനൻ ശ്രോതാക്കളിൽ ഉളവാക്കുന്ന ബോധം, അല്ല, വികാരം അദ്ദേഹത്തിൻെറ ഭാഷയിൽ സ്ഥിതിചെയ്യുന്ന ഒരു ശക്തിയല്ല. ആത്മസാക്ഷാൽക്കാരം സിദ്ധിച്ചിട്ടുള്ള എല്ലാ ഗുരുക്കന്മാരും കാര്യം ഉൽബോധിപ്പിക്കയെന്നല്ലാതെ ഭാഷയ്ക്കു വേണ്ട ചമൽക്കാരം അവർ അന്വേഷിക്കാറില്ല. ബ്രഹ്മാനന്ദൻേറയും രീതി ഇതുതന്നെയാണ്. ഇദ്ദേഹം ഒരിക്കലും യുക്തിവാദം ചെയ്തു പ്രസംഗിക്കാറില്ല. യുക്തിയേക്കാൾ ആഴത്തിൽ സ്ഥിതിചെയ്യുന്ന ഒന്നാണ് ഇദ്ദേഹത്തിൻെറ ലക്ഷ്യം. യുക്തിക്കു അസാദ്ധ്യമായ ഒന്നിൻെറ വിശദീകരണം അത്യന്തശക്തിയോടെ പ്രസംഗത്തിൽ സദാ അന്തർഭവിച്ചുകാണാം. ശുഷ്കരീതിയിൽ തത്വോപദേശം ചെയ്യുന്ന രീതിയല്ല മതോപദേശത്തിൽ സ്വീകരിച്ചിരിക്കുന്നതു്. ബുദ്ധിയല്ല ഹൃദയമാണ് ചന്ദ്രസേനനു അവലംബം. ഇദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"ആത്മാവിൻെറ ഒരു നിലയിൽ ഈശ്വരദർശനം എളുപ്പവും സ്വാഭാവികവുമാകും. യുക്തിവാദംകൊണ്ടു് ഈശ്വരസത്താഭാവം തെളിയിക്കയല്ല; ഒരു ജഡവസ്തുവിനെ ജ്ഞാനേന്ദ്രിയദ്വാരാഗ്രഹിക്കയല്ല; സർവ്വജനങ്ങളിലും അന്തർഹിതമായി രൂഢമൂലമയിരിക്കുന്ന വിശ്വാസം എന്നൊന്നുണ്ടു്. അതു് വികസിച്ചാൽ ആന്തരമായ ഒരു ദർശനം നമുക്കു സിദ്ധിക്കും. ഇതു് ആത്മീയമായ ഒരു പരിശീലനഫലമാണ്. ദൈവജ്ഞാനം കേൾക്കുന്നതു് ബാഹ്യമായ ശ്രവണേന്ദ്രിയംകൊണ്ടല്ല. ദൈവത്തെ വിശ്വാസപൂർണ്ണതയോടും പ്രാർത്ഥനയോടും പ്രതീക്ഷിക്കുക. അപ്പോൾ നമുക്ക് ആന്തരമായ ഒരു കല്പന സിദ്ധിക്കും. ഹൃദയത്തെ സ്വാതന്ത്ര്യമുക്തമാക്കുക. ദൈവത്തെ മാത്രം അതു അവലംബിച്ചിരിക്കട്ടെ. അപ്പോൾ ദൈവികമായ ചില ചോദനങ്ങൾ ഉണ്ടാകും. ലോകം ഒരുപക്ഷെ ഇവനോടു ശത്രുത ഭാവിച്ചേക്കാം. എങ്കിലും ഒരു ഭക്തൻ ഇവ അനുഷ്ഠിച്ചേ മതിയാകൂ." ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ ഉപദേശിച്ച മതതത്വങ്ങൾ അകൃത്രിമമത്രെ. ബാഹ്യചടങ്ങുകളും ക്രിയാവിശേഷങ്ങളും മാത്രം അവശേഷിച്ച മതം അധഃപതിച്ച ഒരു കാലം—വർഗ്ഗീയവിദ്വേഷംമൂഴുത്തു് ഈശ്വരസാക്ഷാല്ക്കാര

ത്തിനുപോലും ആച്ചുവവരുത്തിയ ഒരു കാലം—അന്നു് ബ്രഹ്മാനന്ദൻ വാസ്തവമതം എന്തെന്നു വിശദപ്പെടുത്തി.

മനുഷ്യസാഹോദര്യത്തെ വിശദപ്പെടുത്താൻ അദ്ദേഹം ഒരിക്കൽ ഇങ്ങനെ പറകയുണ്ടായി:— നിങ്ങൾക്കു് മതബോധമുണ്ടെങ്കിൽ നിങ്ങളുടെ സഹജീവികളെ സഹോദരബുദ്ധിയോടെ വരിക്കാതെ കഴികയില്ല. അവർ ഒരുപക്ഷെ നിങ്ങളിൽനിന്നു വിഭിന്നചിത്തവൃത്തിയുള്ളവരായേക്കാം. അവ നിങ്ങൾക്കു അഹിതമായോ അപകാരകാരിയായോ വന്നേക്കാം. ഇങ്ങനെയെല്ലാമാണെങ്കിലും ഒരു സംഗതി നാം മറക്കരുതു്. ഒരേപിതാവിൻെറ സന്തതികളാണു് നാം. ആ ബന്ധം അനുപേക്ഷണീയവുമത്രെ. ഈ സാഹോദര്യം ആത്മസംബന്ധിയാണു്. സാമുദായികമായൊ മററു തരത്തിലൊ ഉള്ള അസ്വാരസ്യം ഇവിടെ നശിക്കും.

ഇന്നു് ഇൻഡ്യയിൽ പ്രബലമായി നടക്കുന്ന രാഷ്ട്രീയപ്രക്ഷോഭണം ബ്രഹ്മാനന്ദൻ ദീർഘദർശനം ചെയ്തിരുന്നു. സ്വാതന്ത്ര്യമായ ഭരണം അഥവാ സാമ്രാജ്യമുക്തി ഉളവാകുവാനുള്ള ഉത്തമമാർഗ്ഗം സ്വസഹോദരങ്ങളെ ഉൽബോധിപ്പിച്ചു. സ്വാത്മത്യാഗം, സന്മാർഗ്ഗികവും ആത്മീയവുമായിട്ടുള്ള സത്വാഭിവൃദ്ധി എന്നിവയത്രെ ഈ മോക്ഷമാർഗ്ഗം. ഇന്നു് മഹാത്മാവു നമ്മെ ഉൽബോധിപ്പിക്കുന്ന തത്വവുമിതുതന്നെയാണു്.

ബ്രഹ്മാനന്ദൻ മൂന്നാമത്തെ അതായതു് അന്ത്യമായ കാലഘട്ടത്തിൽ എത്തി. 1878-മുതൽ 1883-വരെയാണീകാലമെന്നു വ്യവച്ഛേദിക്കാം. മതവിഭാഗങ്ങളെക്കൊണ്ടു് മലീമസമായ ലോകത്തെ സർവ്വമതൈക്യംകൊണ്ടു് ക്ഷാളനം ചെയ്യണമെന്നുതന്നെയാണു് ബ്രഹ്മാനന്ദൻെറ ആദ്യകാലംമുതൽക്കുള്ള ശ്രമം. ഈ ജീവിതഘട്ടത്തിൽ അദ്ദേഹത്തിൻെറ ഒരു പുതിയ സന്ദേശമുണ്ടു്. അതു് പൂർവ്വസന്ദേശത്തോടു സംയോജിച്ചതുമത്രെ. ഈ സന്ദേശത്തിനു 'നവവിധാനം' എന്ന പേർ ബ്രഹ്മാനന്ദൻ കല്പിച്ചിരിക്കുന്നു. "സകല മതഗ്രന്ഥങ്ങളും ഒന്നിച്ചുചേൎന്നു് ഒരു മഹാഗ്രന്ഥമായിത്തീൎന്നിരിക്കുന്നു. ദീർഘദർശികളും മതോപദേഷ്ടാക്കളും സ്വതന്ത്രമായി അവരവരുടെ ഇച്ഛയ്ക്കൊത്തു് ഒരു മതപരിവർത്തനത്തിനുവേണ്ടതു ചെയ്തിരിക്കുന്നു. അതിനാൽ മതപിപാസുവായ ഒരുവൻ അവയിൽ ഒന്നിനേയും ഉപേക്ഷിക്കരുതു്. ആത്മസംസ്കരണത്തിനു വിവിധരൂപത്തിൽ മാർഗ്ഗദർശനം ചെയ്തിട്ടുള്ളതു് അവയിൽ ചിലതിനെ ത്യജിപ്പാനല്ല. അവയുടെ സമഞ്ജസമായ ഐക്യത്തേയാണു് ഗുരുക്കന്മാർ നിർദ്ദേശിച്ചിരിക്കുന്നതു്.

ഈ ഐക്യത്തെ ബ്രഹ്മാനന്ദൻ ഇങ്ങനെ വിവരിച്ചിരിക്കുന്നു. "ഐക്യം എന്നു ഞാൻ പറഞ്ഞിരിക്കുന്നതു് ഐകരൂപ്യം എന്നർത്ഥത്തിലല്ല. ഐകരൂപ്യമെന്നതു പ്രകൃതിയുടെ മൃതിയത്രെ. ആത്മനാശമെന്നും പറയാം. എവിടെ ജീവചൈതന്യമുണ്ടോ അവിടെ വിവിധത്വവുമുണ്ട്. ഞാൻ നിർദ്ദേശിക്കുന്ന ഐക്യം സംഗീതത്തിലുണ്ട്. വിവിധയന്ത്രങ്ങളിൽ നിന്നു പുറപ്പെടുന്ന സ്വരത്തിനും വിവിധത്വമുണ്ട്. എങ്കിലും അവ ഓരോന്നും വ്യവസ്ഥിതമായ ഒരു സ്വരത്തേയാണ് പുറപ്പെടുവിക്കുന്നതു്. അതിനാൽ അനുഭൂതിക്കു മാററവുമില്ല. ഓരോ മതവിഭാഗവും പ്രത്യേകബോധത്തെ ഉളവാക്കുന്നുണ്ടെങ്കിലും അവയെല്ലാം ഒന്നിൻെറ നിർവ്വഹണത്തിനത്രെ. ഒന്നും ഉപേക്ഷിക്കരുതു്. എല്ലാം സ്വീകരിച്ചു സംഗ്രഹിക്കണം.

1879-ൽ ഒരു മതപ്രചരണസംഘം വ്യവസ്ഥാപിച്ചു. ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസനുമായി കേശവചന്ദ്രസേനൻ അത്യന്തമായ മൈത്രീബന്ധമുള്ളവനായിരുന്നു.

1882-ൽ ചന്ദ്രസേനൻ ഒരു ഉദരവ്യാധിബാധിതനായി. 1883-ൽ അദ്ദേഹം സിംലായ്ക്കു ദേഹസുഖാർത്ഥം മാറിത്താമസിച്ചു. അനാരോഗ്യം കായികമായി മാത്രമുള്ള ഒരു പീഡയായിട്ടു ഇദ്ദേഹം ഗണിച്ചിരുന്നുള്ളു. മററുള്ളവരുടെ നിർബ്ബന്ധമാണ് തൽശാന്തിയ്ക്കു വേണ്ടതു ചെയ്യാനൊരുങ്ങിയതു്. സിംലയിൽ ചെന്നതിനുശേഷം ശരീരസ്വാസ്ഥ്യമുണ്ടെങ്കിലും രണ്ടു കാര്യങ്ങളിൽ തീവ്രയത്നം ചെയ്തു. ഒന്ന് നവവിധാനപ്രചരണം, മറേറതു യോഗസാധന. ലോകജീവിതം ഏതാണ്ടവസാനിക്കാറായി എന്നു ചന്ദ്രസേനനു തോന്നിത്തുടങ്ങി. അക്കൊല്ലംതന്നെ കൽക്കട്ടയ്ക്കു മടങ്ങി. ജീവിതത്തിൽ ഒരു മോഹം അവശേഷിച്ചിരുന്നു. അതു് സ്വഗൃഹത്തോടു ചേർത്തു് ഒരു ആരാധനാമന്ദിരം പണിയിക്കണമെന്നായിരുന്നു. 1884 ജാനുവരി 1-ാംതീയതി പ്രതിഷ്ഠകർമ്മം വേണമെന്നു നിശ്ചയിച്ചു. പക്ഷെ ദേഹസ്വാസ്ഥ്യം രണ്ടാമതുണ്ടായി. അത്യധികമായ വേദന അദ്ദേഹത്തെ അല്പമുപദ്രവിച്ചു. യോഗശീലനംകൊണ്ടു് അതിനു ശാന്തിചെയ്തു. ദേവാലയത്തിൽ പ്രതിഷ്ഠദിവസം കേശവൻ നിർബ്ബന്ധപൂർവ്വം എത്തി ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലെ, മാതാവെ, ഞാൻ നിൻെറ സന്നിധിയിൽ എത്തി. ആളുകൾ എന്നെത്തടഞ്ഞു. ഞാൻ അതിനെ അവഗണിച്ചു. ഈ സ്ഥലം അവിടത്തെ വകയാണ്. ഞാൻ എൻെറ അമ്മയെ ആരാധിക്കുന്ന സ്ഥലം വൃന്ദാവനമാണ്. കാശിയാണ്, മെക്കയാണ്, ജറുസലം ആണ്. അമ്മെ, എന്നെ അനുഗ്രഹിക്കു. അവിടത്തെ ഭക്തന്മാർ ഭവതിയെ ഇവിടെ വന്നു ആരാധിക്കും. സഹോദരരെ, നിങ്ങൾ എൻെറ മാതാവിനെ ഭക്തിപുഷ്പംകൊണ്ടു് ആരാധിക്കയില്ലെ. സ്നേഹിതരായ സഹോദരരെ ഈ

മാതാവിനെ നിങ്ങളെ ഏല്പിക്കുന്നു. രോഗപീഡിതനെങ്കിലും എന്റെ അമ്മയുടെ സന്നിധിയിൽ എനിക്ക് അങ്ങനെ തോന്നുന്നില്ല. എന്റെ ഈ സുഖം നിങ്ങൾക്കുമുണ്ടാകട്ടെ. ഇനി ഞാൻ ഒന്നും പറകയില്ല. ഞാൻ സംസാരിച്ചാൽ മററുള്ളവർ എന്നെ പഴിക്കും.”

പ്രതിഷ്ഠാമുഹൂൎത്തം കഴിഞ്ഞു് ഒരാഴ്ച കഴിഞ്ഞപ്പോൾ, 1884 ജാനുവരി 8-ാംതീയതി കാലത്തു പത്തുമണിക്ക് ബ്രഹ്മാനന്ദകേശവചന്ദ്രസേനൻ പരലോകപ്രാപ്തനായി.

നമുക്കെല്ലാവൎക്കും ബ്രഹ്മാനന്ദന്റെ ജീവിതവും ഉപദേശവും മാൎഗ്ഗദൎശകമായി ഭവിക്കട്ടെ.

## അബ്സീനിയൻ യുദ്ധം.

(എൻ. എൻ.)

തുടൎച്ച്.

ആഡിസ്അബാബയിൽവച്ച് അബ്സീനിയൻ ചക്രവൎത്തി ഹെയിലിസെലാസി ചെയ്ത ഒരു പ്രസംഗത്തിൽ യുദ്ധം കൂടാതെ കഴിപ്പാൻ ലീഗിനെയാണു താൻ പൂൎണ്ണമായി വിശ്വസിച്ചിരിക്കുന്നതു് എന്നു പ്രസ്താവിക്കുകയുണ്ടായി.

ശാന്തമായ ഒരു പോംവഴിയുണ്ടാക്കുവാൻ ചെയ്ത സകല ശ്രമങ്ങളേയും അവഗണിച്ച് ഇററലി നിരന്തരമായി സൈന്യങ്ങളേയും യുദ്ധോപകരണങ്ങളേയും ഇവിടെയുള്ള കാളണികളിലേക്ക് അയക്കുന്നു. യുദ്ധം യുദ്ധമെന്ന ഭീതി ഗൗരവതരവുമാകുന്നുണ്ട്. പക്ഷെ ഞങ്ങൾ സകലവിധ ആശയും ലീഗിലും വിശേഷിച്ചു ബ്രിട്ടൻ ഫ്രാൻസ് ഈ രാജ്യങ്ങളിലും സമൎപ്പിച്ചിരിക്കുന്നു.

സമാധാനശ്രമങ്ങളെല്ലാം വിഫലീഭവിക്കയും പൈശാചികനൃത്തം തുടങ്ങുകയും ചെയ്താൽ ചക്രവൎത്തിയാൽ നീതരായി എത്തിയോപ്പിയക്കാർ

അവരുടെ സിരകളിൽ ഒരു തുള്ളി രക്തം ഉള്ളപ്പോഠം സ്വദേശരക്ഷക്ക വേണ്ടതു ചെയ്യും.

അന്ത്യമുഹൂത്തത്തിൽ അത്ഭുതകരമായ സംഭവമുണ്ടാകാത്ത പക്ഷം യുദ്ധം നടക്കുമെന്നുതന്നെയാണു തോന്നുന്നതു്. ആഗസ്റ്റ് പതിനാറാം തിയ്യതി പാരീസ്സിൽവച്ചു കൂടുന്ന കൺസിലിയേഷൻ കമ്മററിയുടെ നിശ്ചയം ഇററലി സമ്മതിച്ചു എങ്കിൽ ലോകം മഹാത്ഭുതങ്ങളിൽ ഒന്നായി അതിനെ ഗണിക്കുമായിരുന്നു. അതിത്തിദേശസംബന്ധമായി മുമ്പൊരിക്കൽ ഈ കമ്മററിയുടെ ശ്രമം നിഷ്ഫലമായിട്ടുണ്ടു്. ആ പാറമേലടിച്ചു് ഈ കപ്പലും പൊളിഞ്ഞു.

ഇററലിക്കാർ നിരപരാധികളായ അബ്സീനിയക്കാരെ ബോംബുകൊണ്ടും വിഷവാതകപ്രയോഗംകൊണ്ടും അന്യായമായി വധിച്ച വൃത്താന്തം ദൃക്സാക്ഷി എന്നല്ല, ഭാഗഭാക്കായി അനുഭവിച്ച ഡാക്ടർ സത്യനാരായണസിൻഹ സ്വഹസ്തകൃതലേഖനത്തിൽ ഇങ്ങനെ വിശദപ്പെടുത്തിയിരിക്കുന്നു.

ഈ ലേഖനകത്താവു് അബ്സീനിയൻ രംഗത്തിൽ നിന്നു മടങ്ങിവന്നിട്ടും സംഭാഷണവിഷയത്തിൽ സദാ മാന്യസ്ഥാനം അർഹിച്ചിരുന്നതു ഇററലി അബ്സീനിയായുദ്ധം തന്നെ. ബാഹ്യലോകം അതിൻെറ ഭയാനകസ്വഭാവത്തെ പൂർണ്ണമായി അറിഞ്ഞിട്ടില്ല. ആഫ്രിക്കയിൽ എവിടെയോ ഒരു സ്ഥലത്തു്—തങ്ങഠംക്കു് അനുഭവമുണ്ടായിരിക്കണമെന്നില്ലാത്ത ഒരിടത്തു്—നടന്ന യുദ്ധമെന്നത്രെ പലരും ധരിച്ചുവച്ചിരുന്നതു്. പക്ഷെ ദൃക്സാക്ഷിയായ ഒരുവനു് ഇങ്ങനെയൊരനവധാനതയോടെ ഇതിനെ വീക്ഷിപ്പാൻ സാധിക്കയില്ല. ഈ യുദ്ധത്തിൽ നടന്നപോലെ ഇത്ര മൃഗീയവും ദുരിതപൂർണ്ണവുമായ ഒരു ആഹവം അപൂർവ്വം തന്നെയെന്നു വ്യക്തമായി അനുഭോക്താക്കഠംക്കറിയാം. ഇതിനെ അല്പംകൂടി വിശദമാക്കുന്നതിനു്, അബ്സീനിയൻ രംഗത്തിൽ കഴിഞ്ഞുകൂടിയ ലേഖകൻേറയും അദ്ദേഹത്തിൻെറ മിത്രത്തിൻേറയും അനുഭവങ്ങളിൽപെട്ട ചില പ്രത്യേകസംഭവങ്ങളെ വിശദമാക്കാം.

മുറിവേററ നാട്ടുകാരെ ശുശ്രൂഷിക്കുന്നതിനു് അബ്സീനിയക്കാൎക്കു് സ്വന്തം ഡാക്ടർ ഇല്ലായിരുന്നു എന്ന പരമാൎത്ഥമാണു നമ്മേ ഭയചകിതരാക്കുന്നതു്. അല്പം ചിലരെമാത്രം രക്ഷിക്കയെന്നതിൽ കൂടുതലായി ഒന്നും ചെയ്യാൻ അവകാശമില്ലെന്നറിഞ്ഞ വിദേശികഠം നിരാശരാകേണ്ടി വന്നു. ആയിരക്കണക്കിനു മരിക്കുന്നവരെ നിഷ്പ്രയാസം രക്ഷിപ്പാൻ സാധിക്കുമെന്നു തോന്നുന്ന അവസരത്തിൽ അതിനുള്ള അവകാശലംഘനമാണു അത്യന്തം പരിതാപകരമായിത്തീൎന്നിട്ടുള്ളതു്. അബ്സീനിയക്കാർ അത്യന്തം നന്ദി

ഹീനരാകകൊണ്ടാണ് ഇത്രയധികം ജീവനാശം വന്നതെന്ന് ആഡിസ്അബാബയിൽ താമസിക്കുന്ന ചില വൈദേശികരായ പത്രപ്രവത്തകന്മാരും ലേഖകന്മാരും പറഞ്ഞതായി ഇവനറിയാം. അബ്സീനിയരെ സഹായിക്കണമെന്ന ഉദ്ദേശത്തോടെ അവിടെ എത്തിയ പല ഡാക്ടർമാരേയും അവർ വധിച്ചുവത്രെ. അത്രതന്നെയല്ല, ഈ കഥയോടുകൂടി അബ്സീനിയക്കാർ വിദേശഡാക്ടറന്മാരുടെ ചികിത്സയേക്കാൾ അവരുടെ അശാസ്ത്രീയചികിത്സാക്രമത്തെയാണു അഭിനന്ദിച്ചിരുന്നതു് എന്നും ചേർത്തു. പത്രലേഖകന്മാരുടെ ഈ പ്രസ്താവനകൾ ശുദ്ധമേ ഭോഷ്കായിരുന്നു.

അബ്സീനിയക്കാരേക്കാൾ വിദേശഡാക്ടറന്മാരെ ഇത്രയധികം നന്ദിയോടുകൂടിപ്പെരുമാറുന്ന ഒരു രാജ്യക്കാരുമില്ലെന്ന് എൻെറ ഇതുപര്യന്തമുള്ള പരിചയംകൊണ്ടു് പൂർണ്ണമായി തെളിഞ്ഞിട്ടുണ്ടെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. അബ്സീനിയക്കാരെ സ്നേഹപൂർവ്വം സഹായിക്കുന്ന വിദേശഡാക്ടറന്മാരുടെ സംഖ്യ അല്പീയസ്സായിരുന്നു എന്ന് സങ്കടത്തോടെ പറഞ്ഞുകൊള്ളട്ടെ. കാനഡക്കാരനായ ഒരു മിഷനറിസ്നേഹിതൻ ഡാക്ടർ ഹൂപ്പർ അനുഭവിച്ച അവസ്ഥകളെ ചുരുക്കത്തിൽ വിവരിക്കുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. റഡ്ക്രാസ്ഡിററാച്മെൻറിൻെറ ചാർജ്ജിൽ ഒരു ഡാക്ടർ എന്ന നിലവച്ചുകൊണ്ടു് ദക്ഷിണരംഗത്തിൽ മൂന്നുമാസക്കാലം ജോലിചെയ്തു. യുദ്ധരംഗത്തിൽനിന്നു അധികമകലെയല്ലാത്ത ഒരു സ്ഥലത്താണ് അദ്ദേഹം ജോലിചെയ്തിരുന്നതു്. യുദ്ധവേളയിൽ അഹിതവും അപകടവും ആയ ചില വശങ്ങളെ ഇദ്ദേഹം തരണം ചെയ്യേണ്ടിവന്നിട്ടുണ്ടു്. ഈ യുദ്ധത്തിൻെറ പരമാത്ഥരൂപത്തിലൊരംശമെങ്കിലും ഇതു തെളിയിക്കുന്നുണ്ടു്.

ഡാക്ടർ ഹൂപ്പർ യുദ്ധരംഗത്തു എത്തി ജോലി തുടങ്ങിയതു ഡോളോ എന്ന സ്ഥലത്തോടടുത്തായിരുന്നു. ആ കാലത്തു് അദ്ദേഹം യുദ്ധരംഗത്തുനിന്നും അല്പമകന്നാണ് താമസിച്ചിരുന്നതു്. ഇതു തീരെ സുഖമായില്ല. ഇതരപോലെ സ്വകത്തവ്യനിർവ്വഹണത്തിനു സാധിക്കുന്നില്ലല്ലോ എന്നുള്ളതാണ് പ്രധാന കാരണം. ലോകമഹായുദ്ധകാലത്തും റെഡ് ക്രാസ് സംഘാംഗങ്ങൾക്കു യുദ്ധരംഗത്തോടടുത്തു ചെല്ലുന്നതിനും മുറിവേററവരെ സ്വന്തസ്റ്റേഷനിലേക്കു കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരുന്നു. അബ്സീനിയൻ യുദ്ധാവസരത്തിൽ ഇവരെ വളരെ അകററിനിത്തിയിരുന്നു. മുറിവേററവരുടെ പ്രാരംഭശുശ്രൂഷണം സാദ്ധ്യമല്ലാതെവന്നു. സ്റ്റേഷനിൽ എത്തുന്നതിനു മുമ്പുതന്നെ വളരെപേർ മരിച്ചു.

മുറിവേററവരെ എടുത്തുകൊണ്ടുവരുവാനുള്ള ആളുകളുടെ ക്ഷാമം മററൊരു വിഷമമായിരുന്നു. മുറിവേററവനെ സ്റ്റ്റെച്ചറിന്മേൽ കൊണ്ടുവരുന്നതിന് എട്ടാളുകൾ വേണം. അബ്സീനിയൻ പാൎശ്വത്തിൽപെട്ട മുറിവുകാരുടെ എണ്ണം സ്റ്റേഷനിൽ ഒതുങ്ങാത്തവണ്ണം അത്ര വിപുലമായിരുന്നു.

1936 ജാനുവരിയിൽ റാസദസ്റ്റായുടെ സൈന്യം ദക്ഷിണപാൎശ്വത്തിൽനിന്നു പശ്ചിമപാൎശ്വത്തിലേക്കു തിരിച്ചപ്പോൾ ഡാക്ടർ ഹ്ലപ്പറോട്ട് അദ്ദേഹത്തിന്റെ പ്രധാന സങ്കേതം നാഗലിയിൽ ആക്കണമെന്നു പറഞ്ഞു. ആ സ്ഥലം സിഡാമോ പ്രവിശയിൽ സ്ഥിതിചെയ്യുന്നതാണ്. ഔഷധങ്ങളേയും മുറിവേററവരേയും കൂടാരത്തിനകത്തു ആക്കിയോ എന്നു സംശയം. അപ്പോൾ ഇററാലിയൻ ഭടന്മാർ കൊള്ളചെയ്യുന്നതിനവിടെ എത്തി. സ്വന്ത കൂടാരത്തെ ഉപേക്ഷിച്ച് പോകുന്നതിനു ഡാക്ടർ നിർബ്ബന്ധിതനായി. ഒരു കിടങ്ങിനുസമീപം അഭയം പ്രാപിച്ചു. റെഡ്ക്രാസ് ടെൻറ് കൊള്ളചെയ്യാനും ഇററാലിയർ സന്നദ്ധരായിരുന്നു. ഇററാലിയൻ വിമാനങ്ങൾ അവയുടെ സംഹാരക്രിയക്കു ശേഷം സ്ഥലം വിട്ടു. ഡാക്ടർ തിരികെ കൂടാരത്തിൽ വന്നു. അതിഭയങ്കരമായ ഒരു അഗ്നിപർവ്വതം പ്രക്ഷുബ്ധമായി ചെയ്യുന്ന ധൂസരകൎമ്മത്തേക്കാൾ പരിതാപകരമായ ഒരു സ്ഥിതിയാണ് ഡാക്ടർ കണ്ടതു്. ഔഷധങ്ങളൊ രോഗികളൊ വ്യവസ്ഥിതസ്ഥാനങ്ങളിൽ കാണ്മാനില്ല. ഞങ്ങളുടെ കൂടാരത്തിനു 287 വെടിയുണ്ടപ്പഴുതുകളുണ്ടായിരുന്നു. ഇററലിക്കാരുടെ വിമാനങ്ങൾ മെഷീൻ തോക്കുപയോഗിച്ചു എന്നതു സ്പഷ്ടം തന്നെ. അപൂൎവ്വം ചില രോഗികൾ ഇഴഞ്ഞു പുറത്തിറങ്ങി. അവർ കൂടാരത്തിനു അല്പം അകലെ മൃതിയടഞ്ഞു കിടക്കുന്നു. കട്ടിലിന്മേൽതന്നെ കിടന്നിരുന്ന ആതുരസംഘത്തെ മുഴുവനും വെടിവച്ചു കൊന്നു.

സ്വനഷ്ടത്തെ ഓൎത്ത് പരിതപിപ്പാൻ ഹ്ലപ്പക്കു നേരമില്ല. അനേകജനങ്ങൾ ശ്വാസരഹിതരായി ജീവരക്ഷയെ മുൻനിൎത്തി മുറവിളിയോടെ പലായനം ചെയ്യുന്നു. അനവധി നശീകരണ യന്ത്രങ്ങളും ആളുകളും അവരെ പിന്തുടരുന്നു. ഡാക്ടൎക്കു യാതൊരു സാധനവുമില്ല. ബ്ളാങ്കററില്ല, വസ്ത്രമില്ല, ഭക്ഷണസാധനമില്ല. ഈ നിലയിൽ നാഗലിയെവിട്ട് ഉത്തരാഭിമുഖമായി ഒരു കുന്നിനെത്തേടി ഓടിത്തുടങ്ങി. നാശിനിയന്ത്രങ്ങളുടെ ബാധയില്ലെന്നുറപ്പുള്ള ഒരു സ്ഥലത്തു വിശ്രമിച്ചു. അവിടെ ഉപ

യോഗയോഗ്യമായ ഒരു സാധനവുമില്ല. നിരാഹാരനായി ആകാശമേക്കട്ടിയുടെ കീഴിൽ അന്നത്തെ രാത്രി കഴിച്ചു. യാതൊരു പോംവഴിയും കാണുന്നില്ല. അല്പം ആഹാരവും വെള്ളവും സമ്പാദിക്കാൻ വടക്കോട്ടുതന്നെ നടകൊണ്ടു. ഈ വിധഭരന്തനിലയിൽ ഡാക്ടർ ഹൂപ്പർ നാല്പതുമൈൽ നടന്നു. അപ്പോൾമാത്രം ഒരു അബ്സീനിയൻ അധികൃതനെ കണ്ടെത്തി: ആഡിസ്അബാബയിൽവച്ച് ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ എന്നോടു പറഞ്ഞ കഥയാണിതു്.

"അത്യന്തക്ഷീണത്തിന്ന് അടിപ്പെട്ടവനായ ഞാൻ എങ്ങിനെയാണീനാല്പതു മൈൽ നടന്നതു് എന്നു ഇന്നും ആലോചിച്ചിട്ടു വ്യക്തമാകുന്നില്ല. യാതൊരു ദീനവും എന്നെ ബാധിക്കാതിരുന്നതുമെന്തുകൊണ്ടെന്നറിയുന്നില്ല. ഞാനെങ്ങനെയാണവശേഷിച്ചതു് എന്നു ദൈവത്തിനേ അറിഞ്ഞുകൂടു."

യുദ്ധരംഗത്തു് ഒരിക്കൽ പോകുവാൻ അവസരം ലഭിച്ചപ്പോൾ യുദ്ധരംഗത്തുള്ള സംഗതികൾ പൂണ്ണപരമാത്ഥതയോടെ സ്നേഹിതൻ എന്നെ ധരിപ്പിച്ചില്ലെന്നു തോന്നി. പരമാത്ഥം അദ്ദേഹം പറഞ്ഞതിൽ വളരെ അധികമാണു്. പെണ്ണുങ്ങൾ, കുട്ടികൾ, ദീനക്കാർ, മുറിവേററവർ എന്നീവിധത്തിലുള്ള പൊതുജനങ്ങളെ നിഷ്ഠ്യം പോരാ, മൃഗീയം എന്നമട്ടിൽ വധിക്കുന്നതിന്നു ഇററലിക്കാക്ക് അശേഷവും മടിയില്ലെന്നു് എനിക്കു പ്രത്യക്ഷമാണു്. അബ്സീനിയയിൽ പട്ടാളക്കാരേക്കാളധികം മരിച്ചിട്ടുള്ളതു് പൊതുജനങ്ങളാണു്. യുദ്ധാങ്കണത്തിൽ അനുഷ്ഠിച്ചുപോരുന്ന മൃഗീയ കമ്മങ്ങളുടെ ചിത്രം എല്ലാ അവസരത്തിലും ഒരുപോലെതന്നെയായിരുന്നു. വിമാനാക്രമണത്തിന്നുവരുമ്പോൾ യാതൊരു മുന്നറിവും ജനതയ്ക്കു് കൊടുക്കാറില്ല.- ആകാശവിമാനം ആക്രമിക്കാൻ വരുന്നതു കണ്ടുമാത്രമാണു് ജനങ്ങളറിയുന്നതു്. തലയ്ക്കുമീതെവന്ന വിമാനത്തിൻെറ ഭയങ്കരശബ്ദം കേൾക്കുമ്പോൾ സാധുക്കളും നിരപരാധികളും ആയ ജനങ്ങൾ പരിഭ്രാന്തരായി നാലുപാടും പലായനം ചെയ്യുന്നു. എവിടെയ്ക്കാണു് പോകേണ്ടതു് എന്താണു ചെയ്യേണ്ടതു് എന്നു് ഈ സാധുക്കൾക്കറിഞ്ഞുകൂടാ. ശത്രുക്കളുടെ വിമാനം ഒരിക്കൽ കണ്ടുകഴിഞ്ഞാൽ പിന്നെ അങ്ങോട്ടുമിങ്ങോട്ടും ഓടിയതുകൊണ്ടു ഫലമൊന്നുമില്ലെന്നു പറഞ്ഞുകൊടുക്കാൻപോലും അവിടെ

ആളില്ല. പൊതുജനങ്ങളിൽ പലരും പരിചയക്കുറവുകൊണ്ടും മരിച്ചിട്ടുണ്ട്. ഭൂമിയിൽ വല്ല ജീവിയും അനങ്ങുന്നതു കണ്ടാൽ ഇററലിക്കാരുടെ വിമാനം ഉടനെ യന്ത്രത്തോക്കുപയോഗിക്കയായി. എൻെറ അനുഭവത്തിലുള്ള ഒരു കഥതന്നെ ഞാൻ പറയാം. അതു് അത്യന്തം രസാവഹമാണു്. ഒരു കോവർകഴുതയുടെ പുറത്തിട്ടിരുന്ന വെള്ളവസ്ത്രം എടുത്തുമാററുന്നതിൽ ഞങ്ങൾ അത്ര ശ്രദ്ധിച്ചില്ല. ഇററലിക്കാരുടെ വിമാനത്തിനു ഞങ്ങളെക്കണ്ടറിവാൻ മാർഗ്ഗമില്ലായിരുന്നു. ഞങ്ങളെല്ലാം കാക്കിയാണു ധരിച്ചിരുന്നതു്. വെള്ളവസ്ത്രം ധരിച്ചിരുന്ന കഴുത അവൎക്കു സംശയമുളവാക്കി. ആ സാധുജീവിയെ കൊല്ലാൻ ഏഴു ബോംബെറിഞ്ഞുവത്രെ. ഉചിതലക്ഷ്യം കണ്ടു് അവിടെ ബോംബു പ്രയോഗിക്കുന്ന ശീലം ഇററാലിയൻ വിമാനങ്ങൾ സ്വീകരിച്ചിരുന്നില്ലെന്നു തെളിയിക്കാൻ ഇതൊരു ഉദാഹരണമാണല്ലോ. ഗവണ്മെൻറിൻെറ സൎവ്വാധികാരങ്ങളും വ്യാവസായിക നഗരങ്ങളിൽ കേന്ദ്രീഭവിച്ചിരിക്കുന്ന യൂറോപ്യൻ സമ്പ്രദായം അബ്സീനിയയിൽ ഉണ്ടായിരുന്നില്ല. വലിയ നഗരങ്ങളെ രോധിച്ചു കൊള്ളചെയ്താൽ വിമതപക്ഷക്കാൎക്കു യൂറോപ്പിലാണെങ്കിൽ വലിയ ഗുണമുണ്ടു്. തലസ്ഥാനനഗരിയെതന്നെ ഉപരോധിച്ചാലും അബ്സീനിയയിൽ ഇററലിക്കാൎക്കു വലിയ ഗുണമൊന്നുമില്ല. അബ്സീനിയൻ ഗവണ്മെൻറിൻെറ ശക്തിമുഴുവനും ഗ്രാമങ്ങളിലാണു സ്ഥിതിചെയ്യുന്നതു്. അവ അങ്ങുമിങ്ങുമായി സ്ഥിതിചെയ്യുന്നവയുമാണു്. ഇററാലിയരുടെ വിലയേറിയ ബോംബിനു വേണ്ട ലക്ഷ്യം വളരെ കുറവായിട്ടാണു് ഇരിക്കുന്നതു്. ഉചിതലക്ഷ്യാന്വേഷണം അസാദ്ധ്യമെന്നു തോന്നുമ്പോൾ വല്ല കുടിലിന്മേലോ, ഒരു ആളിൻെറ മേലോ, വല്ല മൃഗങ്ങളുടെ മേലോ, കോഴിക്കുഞ്ഞുകളുടെ മേലോ ബോംബെറിയുന്നു. 20 മുതൽ 50 വരെ സേർ തൂക്കമുള്ള ഒരു ബോംബു് ഒരു മനുഷ്യനേയോ, ഒരു കഴുതയേയോ കൊല്ലാൻ മാത്രമുപയോഗിക്കുന്നു. ആധുനികശാസ്ത്രകൌടില്യം ധരിച്ചിട്ടില്ലാത്ത അബ്സീനിയൻ ഗ്രാമീണരെ വിഷവായുപ്രയോഗംകൊണ്ടു് വധിച്ചിട്ടുണ്ടു്. ഒരു ബോംബു് വിഷവായു നിറച്ചതു ഒരുദിക്കിൽ പ്രയോഗിച്ചാൽ അതിൻെറ അഹിതഫലം ചുരുങ്ങിയതു് ഒരാഴ്ചയോളം അവിടെ നിലനില്ക്കും. ഈ വിഷവായുവിൽനിന്നു രക്ഷക്കുള്ള ഒരു മാൎഗ്ഗവും അബ്സീനിയയിലില്ല. ഈ വാതകത്തിൽ ദഹിച്ചു പോകാതിരിപ്പാൻ പല സാധനങ്ങളും ആവശ്യമുണ്ടു്. വാതകരോധമുഖാവരണം ഒന്നു്. വസ്ത്രവും വാതരോധകശക്തിയുള്ളതാകണം. തറയിൽ വ്യാപിച്ച വാതകത്തെ പ്രവൃത്തിശൂന്യമാക്കുവാൻ പല ഔഷധങ്ങളുടേയും ആവശ്യമുണ്ടു്. ഇവയൊന്നും അബ്സീനിയയിൽ കിട്ടുകയില്ല.

അബ്സീനിയയിൽ ഉള്ള സാമാന്യജനങ്ങൾക്കു ജീവിക്കാൻതന്നെ പ്രയാസമായി. അനവധി പൊതുജനങ്ങൾ ചത്തൊടുങ്ങി. വിഷവാതക വ്യാപ്തികൊണ്ടു രോഗാതുരരായിട്ടനവധി ജനങ്ങൾ കഷ്ടപ്പെട്ടു.

മനുഷ്യസഹജമായ ഒരു പ്രമാണവും ഇററാലിയരെ സമീപിച്ചിട്ടില്ല. സംസ്കരിക്ക എന്ന ശബ്ദം മുൻനിറുത്തി അനേകായിരം നിരപരാധികളായ അബ്സീനിയരെ വധിച്ചു ഇററാലിയരത്രെ അബ്സീനിയൻ ജനതയുടെ അഭിവൃദ്ധിക്കും സംസ്കാരത്തിനും വേണ്ടി മാത്രം അബ്സീനിയയെ കൊള്ളയ്ക്കും കൊലയ്ക്കും പാത്രമാക്കുന്നതു്. ശാന്തം.